JEEVAN BOOKS

# കർത്താവിന്റെ ദാസി

## മാതാവും മാതൃകയും

3–ാം പതിപ്പ്



ഡോ. മൈക്കിൾ കാരിമറ്റം

# കർത്താവിന്റെ ദാസി

## മാതാവും മാതൃകയും



ഡോ. മൈക്കിൾ കാരിമറ്റം

ദൈവവചനം ശ്രവിക്കുക, വിശ്വസിക്കുക, ധ്യാനിക്കുക, ജീവിക്കുക - ഇതാണ് യേശുവിന്റെ അമ്മയുടെ പ്രത്യേകത. അങ്ങനെ അമ്മ മധ്യസ്ഥയും മാതൃകയുമാകുന്നു. എന്നാൽ അമ്മയ്ക്കു തന്നെക്കുറിച്ചു തന്നെ പറയാൻ ഒന്നേ ഉള്ളൂ: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" ഇതാണ് അനുകരണാർഹമായ ഏറ്റം വലിയ മാതൃക.

യേശു തന്നെ നമുക്ക് അമ്മയായി നല്കിയ പരിശുദ്ധ കന്യകാമറിയത്തെ അല്പമൊന്നടുത്തറിയാനും അമ്മയോടുള്ള ആദരവും സ്നേഹവും അർത്ഥവത്താണെന്നു മനസ്സിലാക്കാനും അമ്മയുടെ മാധ്യസ്ഥ്യം തേടാനും സർവ്വോപരി മറിയത്തിന്റെ മാതൃകയും ആഹ്വാനവും സ്വീകരിച്ച് 'അവൻ പറയുന്നതു ചെയ്യാനും' (യോഹ 2, 5) സഹായകമാകണം എന്ന ആഗ്രഹത്തോടെയാണ് ഈ ഗ്രന്ഥം അനുവാചക സമക്ഷം സമർപ്പിക്കുന്നത്.

ബൈബിൾ വരച്ചു കാട്ടുന്ന മറിയത്തിന്റെ ചിത്രം വളരെ വ്യക്തമാണെങ്കിലും കത്തോലിക്കരല്ലാത്ത പല ക്രിസ്തീയ വിഭാഗങ്ങളിലും പെട്ടവർക്ക് മറിയം ഒരധികപ്പറ്റും മരിയ ഭക്തി വിഗ്രഹാരാധനയുമാണ്. ഈ സാഹചര്യത്തിൽ ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വിശദമായൊരു പഠനം ആവശ്യമായി വരുന്നു. അപ്രകാരം ഒരു പഠനത്തിനുള്ള ശ്രമമാണ് ഈ പുസ്തകത്തിൽ നടത്തുന്നത്.

JEEVAN BOOKS
CHAPTERS OF LIFE

Bharananganam P.O.
Kottayam Dt., Kerala-686 578
Tel: 04822-236487, 237474
Web: www.assisijeevan.com

Price : ₹ 180.00

# കർത്താവിന്റെ ദാസി

## മാതാവും മാതൃകയും

ഡോ. മൈക്കിൾ കാരിമറ്റം

**ഡോ. മൈക്കിൾ കാരിമറ്റം**

1942-ൽ ജനനം. 1968-ൽ പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഉർബാനിയൻ യൂണിവേഴ്സിറ്റിയിൽനിന്നും ദൈവ ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബൈബിൾ വിജ്ഞാനീയ ത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.

രണ്ടു വർഷം പി. ഒ. സി. ബൈബിളിന്റെ എഡിറ്റർ (one of the three chief editors) ആയി പ്രവർത്തിച്ചു. 15 വർഷം തലശ്ശേരി ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. 4 വർഷം ഡിവൈൻ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പാളായി രുന്നു. 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ ബൈബിൾ അദ്ധ്യാപകൻ. കുട്ടികൾക്കായി സമ്പൂർണബൈബിൾ ചിത്രകഥ പ്രസിദ്ധീകരിച്ചു. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കൂടാതെ അസ്സീസി, അജപാലകൻ, വചനോത്സവം, സൺഡേ ശാലോം തുടങ്ങിയ മാസികകളിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതാറുണ്ട്. അതോടൊപ്പം ഗുഡ്നെസ് ടി.വി. യിൽ ബൈബിൾ പ്രഭാഷണങ്ങൾ നൽകിവരുന്നു. പ്രണാമം, വീടുവിഴുങ്ങുന്നവരും ചില്ലിക്കാശും, ബൈബിൾ കുടുംബപ്രാർത്ഥനയിൽ, പരാജിതരുടെ സുവിശേഷം, വെളിപാടിലെ ജീവനും മരണസംസ്കാരവും, സാമൂഹ്യനീതി ബൈബിളിൽ, കർത്താവിന്റെ ദാസി; മാതാവും മാതൃകയും തുടങ്ങിയവയാണ് പുതിയ പുസ്തകങ്ങൾ.

# കർത്താവിന്റെ ദാസി

## മാതാവും മാതൃകയും

**ഡോ. മൈക്കിൾ കാരിമറ്റം**

ജീവൻ ബുക്സ്
ഭരണങ്ങാനം, കോട്ടയം, 686 578
ഫോൺ: 04822 - 236487, 237474
E-mail: jb@assisijeevan.com
web: www.assisijeevan.com

(Malayalam)
Karthavinte Dasy, Mathavum Mathrukayum
By : Michael Karimattam
© Author
First Edition : May 2018
Second Edition : June 2018

Published & Distributed by
Jeevan Books,
Bharananganam - 686 578,
Ph: 04822 - 237474

Jeevan Books is a pastoral service of the
Capuchins of St Joseph Province, Kerala, India.
It aims at the promotion of the
Word of God through the media.

Printed at
Seraphic Press
Bharananganam - 686 578,
Ph: 04822 - 236487

Cover Design : Vinish Varghese

Price: ₹ 180.00/-

All rights reserved. No part of this book may be printed or duplicated in any manner without the written permission of the publisher.

# ഉള്ളടക്കം

ആമുഖം 7

**ഭാഗം I മറിയം ബൈബിളിൽ 11**

1. മറിയം പഴയ നിയമത്തിൽ 13
2. മറിയം പുതിയ നിയമത്തിൽ 23

**ഭാഗം II മരിയൻ ആധ്യാത്മികത 42**

1. വിശ്വാസജീവിതം 47
2. അനുസരണം 54
3. കന്യാവ്രതം - ബ്രഹ്മചര്യം 63
4. ദാരിദ്ര്യം 73
5. വിനയം 83
6. വചനോപാസന 96
7. പ്രാർത്ഥന 104
8. മാതൃഭാവം 113
9. മരിയഭക്തി 125

**ഭാഗം III ചോദ്യം ചെയ്യപ്പെടുന്ന മരിയഭക്തി 143**

1. കത്തോലിക്കർ വിഗ്രഹാരാധകരോ? 143
2. ക്രിസ്തുവിനു പുറമേ വേറെ മധ്യസ്ഥരോ? 149
3. മറിയം അമലോത്ഭവയോ? 152
4. ദൈവത്തിനു മാതാവോ? 158
5. മറിയം നിത്യകന്യകയോ? 162

6. ആരാണ് എന്റെ അമ്മ? 170

7. സ്ത്രീയേ, എനിക്കും നിനക്കും എന്ത്? 177

8. മറിയം സ്വർഗ്ഗാരോപിത? 185

**ഭാഗം IV അനുബന്ധം** **193**

മാതാവിനെക്കുറിച്ചുള്ള വത്തിക്കാൻ II പ്രമാണരേഖ

1. പ്രാരംഭം 194

2. പരിത്രാണപദ്ധതിയിൽ മറിയത്തിന്റെ സ്ഥാനം 195

3. പരിശുദ്ധ കന്യകയും സഭയും 199

4. സഭയിൽ പ. കന്യകയോടുള്ള ഭക്തി 203

5. മറിയം തീർത്ഥാടകരായ ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റേയും അടയാളമാണ് 204

# ആമുഖം

*"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ, അനന്തരം അവൻ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19, 26 – 27).*

ക്രൂശിതനായ യേശുവിന്റെ അന്ത്യമൊഴിയും അന്തിമദാനവുമാണ് സുവിശേഷകൻ കുറിച്ചുവച്ചിരിക്കുന്നത് – ചാവരുൾ പോലെ. മരിക്കുന്നതിനുമുമ്പേ യേശു നല്കിയ അവസാനത്തെ സമ്മാനമാണ് തന്റെ അമ്മ. "യേശു സ്നേഹിച്ച ശിഷ്യൻ" എന്ന പ്രതീകത്തിനു പിന്നിൽ യേശു സ്നേഹിക്കുകയും യേശുവിനെ സ്നേഹിക്കുകയും ചെയ്യുന്ന സകല ശിഷ്യരുമുണ്ട് – സഭ മുഴുവനും. അവർക്കെല്ലാം, നമുക്കെല്ലാം അമ്മയായി യേശു തന്റെ അമ്മയെ നല്കിയിരിക്കുന്നു; നമ്മെ അമ്മയ്ക്കു മക്കളായും. കത്തോലിക്കാ സഭയിൽ മരിയ ഭക്തിയുടെ അടിസ്ഥാനമായി നില്ക്കുന്ന ഒരു സത്യമാണിത്.

കുരിശിന്റെ ചുവട്ടിൽ നിന്ന ശിഷ്യൻ ചെയ്തതു പോലെ ഓരോ ശിഷ്യനും ചെയ്യണം: അമ്മയെ സ്വന്തം ഭവനത്തിൽ സ്വീകരിക്കണം. ഭവനം എന്നതും ഒരു പ്രതീകമാണ്, ഹൃദയത്തിന്റെ പ്രതീകം. സ്വന്തം അമ്മയായി സ്വീകരിക്കുക എന്നുതന്നെ അർത്ഥം, അതാണ് ദൈവപുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തോട് സഭ എന്നും കാത്തുപാലിക്കുന്നതും അമ്മയെക്കുറിച്ച് പഠിപ്പിക്കുന്നതുമായ നിലപാട്. മറിയത്തെ സ്വന്തം അമ്മയായി സ്വീകരിക്കുക. വിശ്വാസപ്രഖ്യാപനങ്ങളിലൂടെയും നിരവധി പ്രാർത്ഥനകളും തിരുനാളാഘോഷങ്ങളും തീർത്ഥാടനങ്ങളും വഴിയും അമ്മയോടുള്ള സ്നേഹവും ആദരവും അമ്മയിലുള്ള വിശ്വാസവും പ്രകടിപ്പിക്കുന്നു.

യേശു തന്റെ അമ്മയെ നമുക്ക് അമ്മയായി നല്കുമ്പോൾ ശക്തയായ ഒരു മധ്യസ്ഥയും വിശ്വസനീയമായ ഒരു വഴികാട്ടിയുമാണ് നമുക്കു ലഭിക്കുന്നത്. ആരാണ് എന്റെ അമ്മ എന്ന യേശുവിന്റെ ഒരു ചോദ്യം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 3, 33). അമ്മയാരെന്നറിയാഞ്ഞിട്ടല്ല, എന്താണ് അമ്മയുടെ യഥാർത്ഥ മഹത്വം എന്ന് കേൾവിക്കാരെ പഠിപ്പിക്കാൻ വേണ്ടിയാണ് യേശു ഈ ചോദ്യം ചോദിച്ചത്. യേശുതന്നെ നല്കുന്ന ഉത്തരത്തിൽ ഇതു വ്യക്തമാകുന്നു: "ദൈവഹിതം നിർവ്വഹിക്കുന്നവനാരോ അവനാണെന്റെ സഹോദരനും സഹോദരിയും അമ്മയും" (ലൂക്കാ 8, 21) എന്ന് ലൂക്കാ വിശദീകരിക്കുന്നു. ദൈവവചനം ശ്രവിക്കുക, വിശ്വസിക്കുക, ധ്യാനിക്കുക, ജീവിക്കുക – ഇതാണ് യേശുവിന്റെ അമ്മയുടെ പ്രത്യേകത. അങ്ങനെ അമ്മ മധ്യസ്ഥയും മാതൃകയുമാകുന്നു. എന്നാൽ അമ്മയ്ക്കു തന്നെക്കുറിച്ചു തന്നെ പറയാൻ ഒന്നേ ഉള്ളൂ: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" ഇതാണ് അനുകരണാർഹമായ ഏറ്റം വലിയ മാതൃക.

ബൈബിൾ വരച്ചു കാട്ടുന്ന മറിയത്തിന്റെ ചിത്രം വളരെ വ്യക്തമാണെങ്കിലും കത്തോലിക്കരല്ലാത്ത പല ക്രിസ്തീയ വിഭാഗങ്ങളിലും പെട്ടവർക്ക് മറിയം ഒരധികപ്പറ്റും മരിയ ഭക്തി വിഗ്രഹാരാധനയുമാണ്. ഈ സാഹചര്യത്തിൽ ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വിശദമായൊരു പഠനം ആവശ്യമായി വരുന്നു. അപ്രകാരം ഒരു പഠനത്തിനുള്ള ശ്രമമാണ് ഈ പുസ്തകത്തിൽ നടത്തുന്നത്.

പുസ്തകം നാലു ഭാഗമായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്ത് പഴയനിയമത്തിലും പുതിയ നിയമത്തിലും മറിയത്തെക്കുറിച്ച് വ്യക്തമായും വ്യംഗ്യമായും പറയുന്ന കാര്യങ്ങൾ അപഗ്രഥിക്കാൻ ശ്രമിക്കുന്നു. രണ്ടാം ഭാഗം മറിയത്തെ മാതൃകയായി കണ്ട്, മറിയത്തിൽ പ്രകടമാകുന്ന സവിശേഷതകൾ വിശകലനം ചെയ്യുന്നു. ഈ വിശകലനം മറിയത്തിന്റെ ജീവിതത്തിലൂടെ പ്രകടമാകുന്ന ആധ്യാത്മികതയുടെ വിവിധ വശങ്ങൾ അനാവരണം ചെയ്യുന്നു. ചോദ്യം ചെയ്യപ്പെടുന്ന മരിയഭക്തിയാണ് മൂന്നാം ഭാഗത്തു പഠന വിഷയമാക്കുന്നത്. കത്തോലിക്കാ സഭ മറിയത്തെ സംബന്ധിച്ചു പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്കു മറുപടി കണ്ടെത്തുന്നു. നാലാം ഭാഗം അനുബന്ധമെന്നോണം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'ജനതകൾക്കു പ്രകാശം' എന്ന സഭയെ സംബന്ധിച്ചുള്ള പ്രമാണരേഖയുടെ അവസാനത്തെ അദ്ധ്യായം

അവതരിപ്പിക്കുന്നു. മാതാവിനെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളുടെ ഒരു സംക്ഷിപ്തരൂപം ഈ അദ്ധ്യായത്തിൽ കാണാം.

യേശു തന്നെ നമുക്ക് അമ്മയായി നല്കിയ പരിശുദ്ധ കന്യകാമറിയത്തെ അല്പമൊന്നടുത്തറിയാനും അമ്മയോടുള്ള ആദരവും സ്നേഹവും അർത്ഥവത്താണെന്നു മനസ്സിലാക്കാനും അമ്മയുടെ മാധ്യസ്ഥ്യം തേടാനും സർവ്വോപരി മറിയത്തിന്റെ മാതൃകയും ആഹ്വാനവും സ്വീകരിച്ച് 'അവൻ പറയുന്നതു ചെയ്യാനും' (യോഹ 2, 5) സഹായകമാകണം എന്ന ആഗ്രഹത്തോടെയാണ് ഈ ഗ്രന്ഥം അനുവാചക സമക്ഷം സമർപ്പിക്കുന്നത്.

അവസാനമായി നന്ദിയുടെ ഒരു വാക്ക്. നമ്മെ അനാഥരായി വിടാതെ സ്വന്തം അമ്മയെ നമുക്ക് അമ്മയായി തന്ന ഗുരുനാഥനും നമ്മെ മക്കളായി സ്വീകരിക്കുന്ന അമ്മയ്ക്കും ആദ്യമേ നന്ദി!

പലരുടെയും സഹായവും പ്രോത്സാഹനവും ഈ പുസ്തകത്തിന്റെ പിന്നിലുണ്ട്. ഇങ്ങനെ ഒരു പുസ്തകം തയ്യാറാക്കാൻ പ്രേരിപ്പിച്ചതും നിരന്തരമായ പ്രാർത്ഥനയാൽ സഹായിച്ചതും 'വിമലാലയം' എന്നറിയപ്പെടുന്ന MSMI സഹോദരിമാരും പ്രത്യേകിച്ച് ആ സന്യാസിനി സമൂഹത്തിന്റെ ഇപ്പോഴത്തെ മദർ ജനറൽ ആയ സി. ഡോ. ലിറ്റിൽ ഫ്ളവറുമാണ്. പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി പകർത്തി എഴുതിത്തന്ന ശ്രീമതി ലീലാ ഫ്രാൻസീസ് പ്രത്യേകം നന്ദി അർഹിക്കുന്നു. പുസ്തകത്തിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച ഭരണങ്ങാനം സെറാഫിക് പ്രസ്സിലെ ജോലിക്കാരും പ്രസിദ്ധീകരണം ഏറ്റെടുത്തു നിർവ്വഹിച്ച ഫാ.അലക്സ് കിഴക്കേകടവിൽ OFM Cap. അച്ചനും ചെയ്തു തന്ന വലിയ സേവനം നന്ദിയോടെ സ്മരിക്കുന്നു. ഏവർക്കും ഹൃദയംഗമമായ കൃതജ്ഞത!

# ഭാഗം I

# മറിയം ബൈബിളിൽ

ദൈവപുത്രനും മാനവരക്ഷകനുമായ യേശുക്രിസ്തുവിന്റെ അമ്മയെന്ന രീതിയിലാണ് പരിശുദ്ധകന്യകാമറിയത്തെ കത്തോലിക്കാ സഭ വണങ്ങുന്നതും മാതൃകയും മദ്ധ്യസ്ഥയുമായി അവതരിപ്പിക്കുന്നതും. സഭയുടെ ഈ വിശ്വാസവും പ്രബോധനവും ബൈബിളിൽ അധിഷ്ഠിതമാണ്. വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ ലിഖിതരൂപമായ ബൈബിളിൽ മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളും ബൈബിൾ അവതരിപ്പിക്കുന്ന മരിയൻ ആധ്യാത്മികതയെക്കുറിച്ചുള്ള സൂചനകളും അടുത്തു പരിശോധിക്കാനാണ് ഈ ആദ്യഭാഗത്ത് ശ്രമിക്കുന്നത്.

# 1
# മറിയം പഴയനിയമത്തിൽ

## A. പ്രവചനങ്ങൾ

പഴയ നിയമം പരിശോധിക്കുമ്പോൾ ആദ്യം ശ്രദ്ധയിൽ പെടുന്നത് മറിയത്തെക്കുറിച്ച് നേരിട്ട് ഒരു പരാമർശവുമില്ല എന്നതാണ്. അത് തികച്ചും പ്രതീക്ഷിക്കാവുന്നതുമാണ്. കാരണം പഴയനിയമം അവതരിപ്പിക്കുന്ന ചരിത്രത്തിനു ശേഷമാണല്ലോ മറിയം രംഗപ്രവേശം ചെയ്യുന്നത്. എന്നാൽ വരാനിരിക്കുന്ന രക്ഷകന്റെ അമ്മ എന്ന രീതിയിൽ ചില പരാമർശങ്ങൾ പഴയ നിയമത്തിലുണ്ട്. അതോടൊപ്പം മറിയത്തെ സൂചിപ്പിക്കുന്ന ചില പ്രതീകങ്ങളും പഴയനിയമത്തിൽ കാണാം. യേശുവിലൂടെ സംഭവിച്ച പൂർത്തീകരണത്തിന്റെ വെളിച്ചത്തിൽ ഇവ ഏറെ ശ്രദ്ധേയമാകുന്നു.

### 1. രക്ഷകന്റെ അമ്മ – പുതിയ ഹവ്വ – ഉൽപ 3, 15

ബൈബിളിന്റെ വിവരണത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കളാണ് ആദാമും ഹവ്വായും. സർപ്പത്തിന്റെ രൂപത്തിൽ കടന്നുവന്ന സാത്താന്റെ പ്രലോഭനത്തിൽ പെട്ട്, വിലക്കപ്പെട്ട കനി ഭക്ഷിച്ചതിലൂടെ മനുഷ്യവർഗത്തെ മുഴുവൻ പാപത്തിലാഴ്ത്തി, ദൈവവുമായുള്ള ബന്ധം വിച്ഛേദിച്ച്, മരണത്തിനിരയാക്കിയ ഹതഭാഗ്യയാണ് ആദിമാതാവായ ഹവ്വാ. ദൈവം പിടിച്ചുനിർത്തി ചോദ്യം ചെയ്തപ്പോൾ അവൾ തന്റെ തെറ്റ് ഏറ്റുപറയുകയും ചെയ്തു: “സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം

തിന്നു" (ഉൽപ 3,13). ചെയ്ത തെറ്റിന്റെ ഗൗരവത്തെക്കുറിച്ച് അവൾക്കു ബോധ്യമുണ്ട്; അതേസമയം താൻ വഞ്ചിതയായി എന്ന അവബോധ വും. ഈ പശ്ചാത്തലത്തിലാണ് രക്ഷകനെക്കുറിച്ചുള്ള ആദ്യത്തെ വാഗ്ദാനം ദൈവം നല്കുന്നത്. അത് തിന്മയുടെ ശക്തിയും പ്രലോഭക നുമായ സാത്താനെതിരെയുള്ള ഒരു ശിക്ഷയായിട്ടാണ് ബൈബിൾ അവ തരിപ്പിക്കുന്നത്.

"കർത്താവ് സർപ്പത്തോട് പറഞ്ഞു... നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കും" (ഉൽപ 3, 15) ആദ്യസുവിശേഷം എന്നറിയപ്പെടുന്ന ഈ പ്രവചനമാണ് രക്ഷകന്റെ അമ്മയെക്കുറിച്ചുള്ള ബൈബിളിലെ ആദ്യ സൂചന. പ്രലോഭനത്തിൽപെട്ട് പഴം തിന്നതും ഭർത്താവിനു കൊടു ത്തതും ആദ്യസ്ത്രീയായ ഹവ്വായാണ്. ഇവിടെ സ്ത്രീകളുടെ മുഴുവൻ പ്രതീകവും മനുഷ്യവർഗത്തിന്റെ മാതാവുമായി നിലകൊള്ളുന്ന ഹവ്വായെ ഒരു ചരിത്രവ്യക്തിയായി മാത്രം കണ്ടാൽ പോരാ. സർപ്പം മനുഷ്യനെ പ്രലോഭനത്തിലൂടെ നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ, അഥവാ സാത്താന്റെ പ്രതീകമായതുപോലെ ഹവ്വായെ സ്ത്രീവർഗ ത്തിന്റെ മുഴുവൻ പ്രതീകമായി കാണണം. സർപ്പവും സ്ത്രീയും തമ്മിലും ഇരുവരുടെയും സന്തതികളും തമ്മിലുമുള്ള ശത്രുത രക്ഷാച രിത്രത്തിലേക്കു വിരൽ ചൂണ്ടുന്നു. ആത്യന്തികമായി തിന്മയല്ല, മനുഷ്യ നായിരിക്കും വിജയിക്കുക. അതാണല്ലോ "തല തകർക്കും" എന്ന പ്രതീ കത്തിലൂടെ സൂചിപ്പിക്കുന്നത്.

ഇവിടെ സർപ്പത്തിന്റെ തല തകർക്കുന്നത് സ്ത്രീയല്ല, സ്ത്രീയുടെ സന്തതിയാണെന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കണം. 'വുൾഗാത്താ' എന്ന ലത്തീൻ വിവർത്തനത്തിന്റെ കർത്താവായ വി. ജെറോമിന്റെ തർജ്ജമ യിൽ നിന്നാണ് സ്ത്രീ സർപ്പത്തിന്റെ തല തകർക്കും എന്ന ആശയം ബൈബിളിലേക്കു കടന്നുവന്നത്. മറിയത്തിന്റെ അമലോത്ഭവത്തെക്കു റിച്ച് സഭയിൽ നിലവിലിരുന്ന വിശ്വാസം ഇപ്രകാരം ഒരു വിവർത്തന ത്തിന് ജെറോമിനെ പ്രേരിപ്പിച്ചിട്ടുണ്ടാകും. സർപ്പത്തിന്റെ തലയിൽ ചവുട്ടി നില്ക്കുന്ന മറിയത്തിന്റെ ചിത്രത്തിനു പിന്നിൽ നില്ക്കുന്നത് ഈ കാഴ്ച പ്പാടാണ്. എന്നാൽ അതു മുഴുവൻ തെറ്റാണെന്നും പറയാനാവില്ല.

സർപ്പത്തിന്റെ തല തകർക്കും എന്നു പറയുമ്പോൾ പാപത്തിന്റെയും പ്രലോഭകനായ സാത്താന്റെയും മേൽ പൂർണ്ണമായ വിജയം വരിക്കും, തിന്മയെ ഉന്മൂലനം ചെയ്യും എന്നാണർത്ഥമാക്കുക. ഉത്ഭവപാപത്തിൽ

നിന്ന് ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ കാത്തുസൂക്ഷിക്കപ്പെട്ട മറിയം തിന്മയുടെ മേൽ വിജയം വരിച്ചു എന്നു സൂചിപ്പിക്കാൻ ഈ ചിത്രം സഹായിക്കും. എന്നാൽ മറിയത്തെ സംബന്ധിക്കുന്ന വിശ്വാസസത്യങ്ങളെല്ലാം രക്ഷകനായ യേശുക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുത മറക്കാനാവില്ല. സാത്താന്റെ മേൽ യേശു വരിച്ച വിജയത്തിൽ ആദ്യമേ പങ്കുചേർന്നത് രക്ഷകന്റെ അമ്മയായ മറിയമാണെന്ന് ഈ ചിത്രം സൂചിപ്പിക്കുന്നു.

"തല തകർക്കും" എന്ന പ്രവചനത്തോടൊപ്പം മറ്റൊരു പ്രവചനവുമുണ്ട്, പൊതുവേ അവഗണിക്കപ്പെടുന്ന ഒരു പ്രവചനം. "നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കും." ഇവിടെ പി. ഒ. സി. വിവർത്തനത്തിൽ വേണ്ടത്ര വ്യക്തതയില്ല. 'തകർക്കും' എന്നും 'പരിക്കേല്പിക്കും' എന്നും വിവർത്തനം ചെയ്യുന്നത് 'ഷൂഫ്' എന്ന ഹീബ്രൂ വാക്കാണ്. ഒരേ വാക്യത്തിൽ, ഒരേ അർത്ഥത്തിൽ തന്നെയാവണം ഈ വാക്ക് പ്രയോഗിച്ചിരിക്കുന്നത്. ഒന്നുകിൽ തലയിൽ – കുതികാലിൽ – പരിക്കേല്പിക്കും എന്നാകണം; അല്ലെങ്കിൽ തല – കുതികാൽ – തകർക്കും എന്നു വിവർത്തനം ചെയ്യണം.

ഏതു വിവർത്തനം സ്വീകരിച്ചാലും അർത്ഥം ഒന്നുതന്നെ. തല തകർക്കുന്നതു മാരകമാണ്; അതുതന്നെയാണ് തലയിൽ പരിക്കേല്പിക്കുന്നതും. അതുപോലെ സർപ്പം സ്ത്രീയുടെ സന്തതിയുടെ കുതികാലിൽ ഏല്പിക്കുന്ന പരിക്കും മാരകമായിരിക്കും. പാപത്തിന്റെയും സാത്താന്റെയും ദാസ്യത്തിൽനിന്ന് മനുഷ്യന് ആത്യന്തികമായി മോചനം ലഭിക്കുന്നത് സാത്താന്റെ മേൽ സ്ത്രീയുടെ പുത്രൻ വരിക്കുന്ന വിജയത്തിലൂടെയാവും; ആ വിജയമാകട്ടെ വിജയിക്കുന്നവന്റെ മരണത്തിലൂടെയും.

തിന്മയുടെ ശക്തിയെ സ്വന്തം മരണത്തിലൂടെ പരാജയപ്പെടുത്തുന്ന രക്ഷകൻ പിറക്കാനായി തിരഞ്ഞെടുക്കപ്പെട്ട സ്ത്രീയാണ് മറിയം. അതിനാൽ രക്ഷകനെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനത്തിൽത്തന്നെ രക്ഷകന്റെ മാതാവും ഉൾച്ചേർന്നിരിക്കുന്നു. മനുഷ്യരക്ഷ നേടിയ പുതിയ ആദാമിനു ജന്മം നല്കിയ പുതിയ ഹവ്വായാണ് മറിയം; അതോടൊപ്പം രക്ഷയുടെ ആദ്യഫലവും. ദൈവത്തിന്റെ കല്പന ധിക്കരിച്ചതായിരുന്നു ആദ്യഹവ്വായുടെ പാപം. മറിയം തന്റെ സമ്പൂർണ്ണമായ അനുസരണത്തിലൂടെ അതു പരിഹരിക്കുന്നു. അങ്ങനെ ഒരു വിധത്തിൽ മറിയത്തെ 'സഹരക്ഷക' എന്നും വിശേഷിപ്പിക്കാം.

എന്നാൽ രക്ഷകനായ യേശുവിനോടു ചേർന്നും അവിടുത്തെ രക്ഷാകരപ്രവൃത്തിയുടെ ഫലം അനുഭവിച്ചും കൊണ്ടാണ് അവൾ രക്ഷാകർമ്മത്തിൽ പങ്കുചേർന്നത് എന്ന കാര്യം വിസ്മരിക്കാൻ ഈ പദപ്രയോഗം ഇടയാക്കരുത്. അങ്ങനെ ഒരു തെറ്റിധാരണയ്ക്കു സാധ്യതയുള്ളതുകൊണ്ടാവാം കത്തോലിക്കാ സഭ മറിയത്തെ 'സഹരക്ഷക' എന്ന് ഇനിയും ഔദ്യോഗികമായി പ്രഖ്യാപിക്കാത്തത്. ആദിമനുഷ്യനായ ആദാമിനെ പാപത്തിലേക്കു നയിച്ചത് പ്രലോഭനത്തിനു വഴങ്ങിയ ഹവ്വാ ആയിരുന്നു. അവളുടെ സ്ഥാനത്ത് ദൈവത്തോടു പൂർണ്ണവിധേയത്വം പുലർത്തുകയും പുതിയ ആദാമായ യേശുവിനോടു പൂർണ്ണമായും സഹകരിക്കുകയും ചെയ്ത മറിയം പുതിയ ഹവ്വായായി പ്രത്യക്ഷപ്പെടുന്നു. ദൈവവചനത്തോടുള്ള പൂർണമായ അനുസരണവും സഹകരണവുമാണ് പുതിയ ഹവ്വാ നമുക്കു തരുന്ന പാഠം.

**2. കന്യകാമാതാവ് – ഏശ 7, 14**

രക്ഷകനെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളിൽ ഏറ്റം കൂടുതൽ അറിയപ്പെടുന്ന ഒന്നാണ് ഏശയ്യായുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കന്യാജനനത്തെക്കുറിച്ചുള്ള പ്രവചനം: "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും" (ഏശ 7, 14). വിവാഹനിശ്ചയത്തിനുശേഷം, വിവാഹത്തിനുമുമ്പ്, ഗർഭിണിയായ മറിയത്തെ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കണമെന്ന് ആലോചിച്ച്, ഉൽക്കണ്ഠാകുലനായ ജോസഫിന് ദൈവദൂതൻ നല്കുന്ന ഉത്തരത്തിൽ ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് മറിയത്തിൽ സംഭവിച്ചതെന്ന് സുവിശേഷകൻ എടുത്തുപറയുന്നുണ്ട്(മത്താ 21, 23).

മറ്റു പല പ്രവചനങ്ങളുടെ കാര്യത്തിലുമെന്നതുപോലെ ഈ പ്രവചനത്തിന്റെയും അർത്ഥതലങ്ങളെക്കുറിച്ച് ക്രമേണയാണ് വ്യക്തത കൈവന്നത്. പ്രവചനം നടന്ന ചരിത്ര സാഹചര്യത്തിൽ ഇതിന്റെ ലക്ഷ്യവും വ്യാഖ്യാനവും മറ്റൊന്നായിരുന്നു. സിറിയാ–ഇസ്രായേൽ സൈന്യങ്ങൾ സംയുക്തമായി യൂദായ്ക്കെതിരേ യുദ്ധത്തിനു നീങ്ങിയപ്പോൾ അസീറിയായുടെ സഹായം തേടാൻ ശ്രമിച്ച ആഹാസ് രാജാവിനാണ് ഏശയ്യാ പ്രവാചകൻ വഴി ഈ അടയാളം നല്കപ്പെട്ടത്. രാഷ്ട്രീയ കൂട്ടുകെട്ടുകൾക്കു പോകേണ്ടതില്ല. ദൈവം തന്നെ സംരക്ഷണം നല്കും. സംശയമുണ്ടെങ്കിൽ അടയാളം ചോദിക്കാം എന്നു നിർദ്ദേശിച്ച പ്രവാചകനോട് ആഹാസ് രാജാവു പറഞ്ഞു, അടയാളം ചോദിച്ച് ഞാൻ ദൈവത്തെ പരീക്ഷിക്കുകയില്ല. (ഏശ 7, 1–7).

ഇതു വിശ്വാസരാഹിത്യമായി തിരിച്ചറിഞ്ഞ പ്രവാചകൻ ദൈവം നല്കാൻ പോകുന്ന അടയാളത്തെക്കുറിച്ചു പറഞ്ഞു. പ്രവാചകൻ വാഗ്ദാനം ചെയ്യുന്ന അടയാളം രാജാവിനു പ്രസക്തമാണെങ്കിൽ ഉടനെ തന്നെ പൂർത്തിയാകുന്നതാവണം. കാരണം ശത്രു സൈന്യം അതിർത്തിയിൽ ആക്രമണം തുടങ്ങിക്കഴിഞ്ഞു. ഏഴു നൂറ്റാണ്ടുകൾക്കുശേഷം ജനിക്കാൻ പോകുന്ന ഒരു ശിശു അയാൾക്ക് പ്രസക്തമായ ഒരടയാളമാവില്ല.

ഏശയ്യായുടെ വാക്കുകൾ ഹെസെക്കിയായ്ക്കു മനസിലാവുന്നതും ഉടനെ സംഭവിക്കാൻ പോകുന്ന ഒരു കാര്യമായിട്ടാണ്. മൂലഭാഷയായ ഹീബ്രൂവിൽ 'അൽമാ' എന്ന പദമാണ് ഗർഭം ധരിച്ചു പ്രസവിക്കാൻ പോകുന്ന സ്ത്രീക്കു വിശേഷണമായി നല്കിയിരിക്കുന്നത്. ഈ പദത്തിന് കന്യക എന്നല്ല അർത്ഥം. മറിച്ച് വിവാഹപ്രായമായ, ഗർഭധാരണശേഷിയുള്ള സ്ത്രീ എന്നത്രെ. അവൾ കന്യകയാണോ, വിവാഹിതയാണോ എന്നൊന്നും പ്രവാചകൻ പറയുന്നില്ല. അതിനാൽത്തന്നെ ആഹാസിനു നല്കുന്ന അടയാളം ഒരു ശിശുവിന്റെ കന്യകാജനനമല്ല, മറിച്ച് ഉടനെ, രണ്ടുവർഷങ്ങൾക്കുള്ളിൽ, അയാൾ ഭയപ്പെടുന്ന ഈ ശത്രു സൈന്യം നിശ്ശേഷം നശിപ്പിക്കപ്പെടും എന്നതത്രെ. ഈ ശിശുവിന് നന്മതിന്മ തിരിച്ചറിയാൻ പ്രായമാകുമ്പോഴേക്കും "നിങ്ങൾ ഭയപ്പെടുന്ന രണ്ടു രാജാക്കന്മാരുടെയും രാജ്യങ്ങൾ നിർജ്ജനമാകും" (ഏശ 7, 15–16). അതു സംഭവിക്കുകയും ചെയ്തു. ബി. സി. 736ൽ യൂദായെ ആക്രമിച്ച ഇസ്രായേൽ –സിറിയ സൈന്യം 734ൽ അസീറിയായുടെ ആക്രമണത്തിൽ പരാജയപ്പെട്ടു; ഇരു രാജ്യങ്ങളും അസീറിയായുടെ ആധിപത്യത്തിൻ കീഴിലായി.

ആഹാസ് രാജാവ് ഏശയ്യായുടെ വാക്കുകൾ സ്വീകരിച്ചില്ല. അസീറിയായുടെ സഖ്യം തേടി. അത് പിന്നീട് യൂദായുടെ നാശത്തിനും കാരണമായി എന്നതു ചരിത്രം. നമ്മുടെ പഠനവിഷയം എമ്മാനുവൽ പ്രവചനമാണ്. ആ പ്രവചനത്തിന് കാലക്രമത്തിൽ വ്യത്യസ്തമായൊരു വ്യാഖ്യാനം നല്കപ്പെട്ടു. ബി. സി. 587ൽ യൂദായിലെ രാജഭരണം അവസാനിച്ചു. ബി. സി. നാലാം നൂറ്റാണ്ടയപ്പോഴേയ്ക്കും പ്രവാചകന്മാരും ഇല്ലാതായി. ബി സി അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ, അതുവരെ ലഭ്യമായിരുന്ന പ്രവചനങ്ങൾ ശേഖരിച്ച് പുസ്തകങ്ങളായി രൂപപ്പെടുത്താൻ തുടങ്ങി. അതോടൊപ്പം മുൻകാലങ്ങളിൽ നല്കപ്പെട്ടിരുന്ന പ്രവചനങ്ങൾ കൂടുതൽ ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു എന്ന ബോധ്യവും ശക്തിപ്പെട്ടു. അതോടെ പല പ്രവചനങ്ങൾക്കും പുതുതായ വ്യാഖ്യാനം നല്കപ്പെട്ടു.

ജനത്തെ നയിക്കാൻ ദൈവം നിരന്തരമായി ഒരു പ്രവാചകനെ അയച്ചുകൊണ്ടിരിക്കും എന്ന വാഗ്ദാനം (നിയ 18, 15–18) വരാനിരിക്കുന്ന മോശയെപ്പോലുള്ള ഒരു പ്രവാചകനെക്കുറിച്ചുള്ള പ്രവചനമായി വ്യാഖ്യാനിക്കപ്പെട്ടു. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങൾ എല്ലാം തന്നെ ഇപ്രകാരം സാവകാശമാണ് ശരിയായ, ആഴമേറിയ അർത്ഥത്തിൽ മനസ്സിലാക്കാൻ തുടങ്ങിയത്. പഠനവിഷയമായ എമ്മാനുവേൽ പ്രവചനത്തിലും ഇതു തന്നെ സംഭവിച്ചു. ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് തർജ്ജമ ചെയ്തപ്പോൾ 'അൽമാ' എന്ന പദത്തിന് *പർത്തിനോസ്* എന്ന പദമാണ് സപ്തതി എന്നറിയപ്പെടുന്ന ഗ്രീക്കു വിവർത്തനത്തിന്റെ കർത്താക്കൾ ഉപയോഗിച്ചത്. 'കന്യക' എന്നാണ് ഈ ഗ്രീക്കു വാക്കിനർത്ഥം.

ഇങ്ങനെ ഒരു വ്യാഖ്യാന സാധ്യത മൂലപദത്തിനുണ്ട്. എന്നാൽ പ്രവാചകന്റെ സമകാലികർ അതു മനസ്സിലാക്കിയില്ല. തന്നെയുമല്ല, അന്നത്തെ സാഹചര്യത്തിൽ ആ വ്യാഖ്യാനത്തിനു വലിയ പ്രസക്തിയുമില്ല. പ്രവചനങ്ങൾ പൊതുവേ രണ്ടു തലത്തിലുള്ള അർത്ഥം ഉൾക്കൊള്ളുന്നു എന്ന കാര്യവും ഇവിടെ ശ്രദ്ധേയമാകുന്നു. സമകാലികരായ കേൾവിക്കാർക്കു മനസിലാകുന്നതും പ്രസക്തമായതുമാണ് ഏറ്റം വ്യക്തമായ ആദ്യതലം. സങ്കീ 2, 7; 110, 1 മുതലായവ വ്യക്തമായ ഉദാഹരണങ്ങളാണ്. രാജാവിന്റെ അഭിഷേകവും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട ഈ വചനങ്ങൾ കാലക്രമത്തിൽ വരാനിരിക്കുന്ന മിശിഹാ രാജാവിനെക്കുറിച്ചുള്ള പ്രവചനങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. *ആഴമേറിയ അർത്ഥം* എന്നാണ് ഈ വ്യാഖ്യാനം അറിയപ്പെടുക. ഈ അർത്ഥത്തിലാണ് എമ്മാനുവേൽ പ്രവചനം പുതിയനിയമകാലത്ത് വ്യാഖ്യാനിക്കപ്പെട്ടിരുന്നത്. ഇത് വചനത്തിന്റെ തെറ്റായ വ്യാഖ്യാനമല്ല, ദൈവികവെളിപാടിന്റെ ആഴങ്ങളിലേക്ക് ദൈവാത്മാവു നല്കുന്ന ഉൾക്കാഴ്ചയാണ്.

അതിനാൽ ആഹാസിന് ഏശയ്യാ പ്രവാചകനിലൂടെ നല്കപ്പെട്ട അടയാളം അക്ഷരാർത്ഥത്തിൽ പൂർത്തിയാകുന്നത് നസ്രത്തിലെ ജോസഫ് എന്ന മരപ്പണിക്കാരനു വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന മറിയം എന്ന കന്യകയിലാണ്. ജനിക്കാൻ പോകുന്ന ശിശു ദൈവപുത്രനായിരിക്കും; അവന് ശാരീരികമായ ഒരു പിതാവുണ്ടായിരിക്കുകയില്ല എന്നതാണ് ഈ വിവരണം വഴി പഠിപ്പിക്കുന്നത്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും. ഇതാണ് പ്രവചനത്തിന്റെ കേന്ദ്രം. മറിയത്തിൽ നിന്നു ജനിക്കുന്നത് നമ്മോടുകൂടെ വസിക്കുന്ന ദൈവമായിരിക്കും. അതിനാൽ മറിയം ഒരേ സമയം കന്യകയും ദൈവമാതാവുമാകുന്നു.

## B. പ്രതീകങ്ങൾ

പഴയ നിയമത്തിലെ പല വ്യക്തികളും സംഭവങ്ങളും വസ്തുക്കളും മറിയത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി വ്യാഖ്യാനിക്കാറുണ്ട്. ഇതിൽ മൂന്നു പ്രതീകങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. സീയോൻ പുത്രി, ഉടമ്പടിയുടെ പേടകം, മണവാട്ടി.

### 1. സീയോൻ പുത്രി

ഇസ്രായേൽ ജനത്തെ പൊതുവേ സൂചിപ്പിക്കാൻ അനേകം തവണ, പ്രത്യേകിച്ചും പ്രവചനഗ്രന്ഥങ്ങളിൽ, ഉപയോഗിക്കുന്ന ഒരു പ്രതീകമാണിത്. ഇസ്രായേൽ ജനത്തിന്റെ രാഷ്ട്രീയവും മതാത്മകവുമായ തലസ്ഥാനമായിരുന്നു ജബൂസ്യരിൽ നിന്ന് ദാവീദ് പിടിച്ചെടുത്ത ജറുസലെം. ഈ നഗരത്തെ ജനത്തിന്റെ മാതാവായും പ്രതീകമായും പ്രവാചകന്മാർ വിശേഷിപ്പിച്ചു. ജറുസലെം പുത്രി, സീയോൻ പുത്രി, സീയോൻ കന്യക എന്നൊക്കെയുള്ള വിശേഷണങ്ങളുണ്ടായി.

ഇസ്രായേൽ ജനവും ദൈവവുമായുള്ള ബന്ധത്തെ വിവാഹബന്ധമായി ചിത്രീകരിച്ച ഹോസിയാ പ്രവാചകന്റെ കാലം മുതൽ ഇസ്രായേൽ ദൈവത്തിന്റെ മണവാട്ടി എന്ന രീതിയിൽ കന്യകയും അതേസമയം ദൈവജനത്തിന്റെ അമ്മയുമായി പരിഗണിക്കപ്പെടാൻ തുടങ്ങി. ദൈവം തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ജനം അന്യദൈവങ്ങളെ ആരാധിക്കുന്നത് വിഗ്രഹാരാധനയും ഒപ്പം വ്യഭിചാരവുമായി പരിഗണിക്കപ്പെട്ടു. സീനായ് ഉടമ്പടിയെ വിവാഹഉടമ്പടിയായി കാണുമ്പോൾ ആ ഉടമ്പടിയുടെ ലംഘനത്തെ വ്യഭിചാരം എന്ന് വിശേഷിപ്പിക്കുക സ്വാഭാവികമാണല്ലോ. ഈ വിധത്തിലാണ് പ്രവാചകന്മാർ ജനത്തിന്റെ പാപത്തെ വ്യാഖ്യാനിച്ചത്. “വിശ്വസ്ത നഗരം വേശ്യയായിത്തീർന്നതെങ്ങനെ?” (ഏശ 1, 21) എന്ന ഏശയ്യായുടെ കുറ്റാരോപണം ഒറ്റപ്പെട്ടതല്ല. എസെ. 16 ഈ വിധത്തിലുള്ള ഏറ്റം വ്യക്തവും നിശിതവുമായ വിമർശനമായി കാണാം.

പുതിയ ഹവ്വ എന്ന ആശയത്തിലെന്നപോലെ ഇവിടെയും മറിയം പഴയതിൽ നിന്നു വ്യത്യസ്തമായി നില്ക്കുന്നു. ആദ്യ ഹവ്വാ പരാജയപ്പെട്ടിടത്ത് പുതിയ ഹവ്വാ വിജയിച്ചു. അങ്ങനെ അവൾ പുതിയ ജറൂസലെമിന്റെ പ്രതീകമായി. വിശ്വസ്തയും കന്യകയുമായ വധുവും അതേസമയം ദൈവജനത്തിന്റെ അമ്മയും ആണ് മറിയം. പഴയ സീയോനിൽ നിന്ന് ദൈവം എന്തു പ്രതീക്ഷിച്ചുവോ അത് മറിയത്തിൽ പൂർത്തിയായി. അതിനാൽ സീയോൻ കന്യക- ജറുസലെം പുത്രി എന്ന വിശേ

ഷണം മറിയത്തിന് പ്രതീകാത്മകമായി ഉപയോഗിക്കുന്നു.

**2. ഉടമ്പടിയുടെ പേടകം**

ജനമധ്യേയുള്ള ദൈവികസാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമായിരുന്നു ഉടമ്പടിയുടെ പേടകം. സീനായ് മലയിൽ വച്ച് ദൈവം നല്കിയ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പേടകം നിർമ്മിച്ചത്. ഉടമ്പടിയുടെ പ്രമാണപ്പലകകൾ ഉള്ളിൽ സൂക്ഷിച്ചിരുന്നതിനാൽ, "ഉടമ്പടിയുടെ പേടകം" എന്നും, ദൈവം ഉടമ്പടിയിലൂടെ തങ്ങളെ സ്വന്തം ജനമായി സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളമായതിനാൽ "സാക്ഷ്യപേടകം" എന്നും, ദൈവം നല്കിയ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നതിനാൽ "വാഗ്ദാനപേടകം" എന്നും ഇത് വിളിക്കപ്പെട്ടിരുന്നു.

"ദൈവം അരുളിച്ചെയ്ത വചനങ്ങൾ" എന്നാണ് പ്രമാണങ്ങളെ ബൈബിൾ വിശേഷിപ്പിക്കുന്നത്(പുറ20,1). ജനത്തെ സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ് പത്തുപ്രമാണങ്ങളായി രണ്ടു പലകകളിൽ എഴുതിയിരുന്നത്. വചനത്തിലൂടെ തന്റെ ഹിതം അറിയിച്ചുകൊണ്ട് ദൈവം ജനമധ്യത്തിൽ സന്നിഹിതനാകുന്നു എന്ന് പേടകം സൂചിപ്പിക്കുന്നു. മരുഭൂമിയിൽ വച്ച് ദൈവം നല്കിയ സംരക്ഷണത്തെ അനുസ്മരിപ്പിക്കുന്ന "മന്ന"യും അഹറോനിലൂടെ ജനമധ്യേ പ്രകടമാകുന്ന ദൈവികാധികാരത്തെ സൂചിപ്പിക്കുന്ന അഹറോന്റെ തളിർത്ത വടിയും (പുറ 16, 32-34; സംഖ്യ 17, 8-11) പേടകത്തോടൊന്നിച്ചുണ്ടായിരുന്നു. രണ്ടും ദൈവിക സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളങ്ങൾ തന്നെ.

ദൈവവചനം മാംസം ധരിച്ചതും ആദ്യമായി വസിച്ചതും മറിയത്തിന്റെ ഉദരത്തിലാണ്. അതിനാൽ വചനം സൂക്ഷിച്ചിരുന്ന പേടകം മറിയത്തിന്റെ ഒരു പ്രതീകമായി മാറുന്നു. ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ദൈവവചനത്തെ ഗർഭം ധരിച്ച് പ്രസവിക്കുക മാത്രമല്ല, ദൈവവചനത്തെ ഹൃദയത്തിൽ സൂക്ഷിക്കുകയും നിരന്തരം ധ്യാനവിഷയമാക്കുകയും ചെയ്തിരുന്നതിനാലും മറിയത്തെ വാഗ്ദാനത്തിന്റെ പേടകം എന്നു വിളിക്കുന്നു. ഈ അർത്ഥത്തിൽ മറിയം നമുക്ക് ഒരു മാതൃകയുമാണ് - വചനം ഹൃദയത്തിൽ സൂക്ഷിക്കാനും ധ്യാനവിഷയമാക്കാനും ജീവിതത്തിൽ പകർത്താനും പ്രചോദനം നല്കുന്ന മാതൃക.

**3. ഉത്തമഗീതത്തിലെ മണവാട്ടി**

ദൈവത്തിന്റെ ഛായയിൽ, സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ദൈവം തന്നെ നിക്ഷേപിച്ചതാണ് സ്നേഹം. ഈ സ്നേഹത്തിന്റെ അത്യുദാത്തമായ ഭാവമാണ് സ്ത്രീപുരുഷന്മാർ തമ്മിലുള്ള

സ്നേഹം. വിവാഹത്താൽ പരസ്പരം ബന്ധിതരായി, സ്നേഹത്തിൽ ഒന്നാകുന്നതിനു പ്രേരിപ്പിക്കുന്ന പ്രേമത്തിന്റെ മനോഹരവും കാവ്യാത്മകവുമായ അവതരണം 'ഉത്തമഗീതം' എന്ന ബൈബിൾ ഗ്രന്ഥത്തിൽ കാണാം. ഗാഢമായി പരസ്പരം പ്രേമിക്കുന്ന ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള സംഭാഷണമായിട്ടാണ് ഈ പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. ശാരീരിക ലൈംഗികതയ്ക്കപ്പുറം അനേകം മിസ്റ്റിക് മാനങ്ങൾ ഉൾക്കൊള്ളുന്ന ഈ കാവ്യത്തെ പല തലങ്ങളിൽ വ്യാഖ്യാനിക്കാനാവും.

പരസ്പരം സ്നേഹിക്കുന്ന മണവാളന്റെയും മണവാട്ടിയുടെയും ചിത്രങ്ങൾക്കു പിന്നിൽ ദൈവത്തിന്റെയും മനുഷ്യാത്മാവിന്റെയും ചിത്രങ്ങൾ കാണാം. മാത്രമല്ല, ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തിന്റെ കാവ്യാത്മക ചിത്രീകരണമായും ഇതിനെ കാണാൻ കഴിയും. പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിനു സ്വയം സമർപ്പിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന മനുഷ്യാത്മാവും ദൈവജനവും മറിയത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു. അങ്ങനെ ഉത്തമഗീതത്തിലെ മണവാട്ടിയിലും മറിയത്തിന്റെ ഒരു പ്രതീകം കാണാൻ കഴിയും. സ്നേഹം, വിശ്വസ്തത, ആത്മസമർപ്പണം, എന്നേക്കും ഒന്നാകാനുള്ള തീവ്രമായ ആഗ്രഹം എന്നിവയെല്ലാം ഈ പ്രതീകാത്മകതയുടെ സവിശേഷതകളും അനുകരണാർഹമായ മാതൃകകളും ആയി പരിഗണിക്കാം.

**ജ്ഞാനം**

പഴയനിയമത്തിൽ, പ്രത്യേകിച്ചും ജ്ഞാനഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന പുസ്തകങ്ങളിൽ (ജോബ്, സങ്കീ; സുഭാ; ഉത്തമ; സഭാ; ജ്ഞാനം; പ്രഭാ) അനേകം തവണ പ്രത്യക്ഷപ്പെടുന്ന ഒന്നാണ് 'ജ്ഞാനം.' ദൈവത്തിന്റെ ഒരു ശക്തിയോ ഗുണമോ ആയിട്ടാണ് ജ്ഞാനം പൊതുവേ കാണപ്പെടുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ ജ്ഞാനത്തെ ഒരു വ്യക്തിയായും ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടിയായും അവതരിപ്പിക്കുന്നതായും കാണാം. "കർത്താവ് തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ സൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു... യുഗങ്ങൾക്കു മുമ്പ് ഞാനുണ്ടായി... അനുദിനം ആഹ്ലാദിച്ചുകൊണ്ടും അവിടുത്തെ മുമ്പിൽ സദാ സന്തോഷിച്ചുകൊണ്ടും ഞാൻ കഴിഞ്ഞു" (സുഭാ 8, 22-31).

ജ്ഞാനം ദൈവം നല്കുന്ന ദാനമാണ്. പ്രമാണമനുസരിച്ച് ജീവിക്കാനും പ്രമാണദാതാവായ ദൈവത്തെയും അവിടുത്തെ പദ്ധതികളെയും അറിയാനും ജ്ഞാനം മനുഷ്യനെ ശക്തിപ്പെടുത്തുന്നു. ഇവിടെയൊന്നും ജ്ഞാനത്തെ ദൈവമായി അവതരിപ്പിക്കുന്നില്ല. ദൈവികശക്തിയുടെ

ആലങ്കാരിക പ്രയോഗമായേ ജ്ഞാനത്തെ കാണാൻ കഴിയൂ. "ഹോക്മാ" എന്ന് ഹീബ്രൂവിലും "സോഫിയാ" എന്ന് ഗ്രീക്കിലും വിളിക്കപ്പെടുന്നത് ഈ ദൈവിക ദാനത്തെയാണ്.

ചില സഭാപിതാക്കന്മാർ മറിയത്തെ ജ്ഞാനത്തിന്റെ അവതാരമായി ചിത്രീകരിക്കുകയുണ്ടായി. ദൈവത്തിന്റെ വചനമായ 'ലോഗോസ്' യേശുക്രിസ്തുവിൽ മനുഷ്യനായി അവതരിച്ചതുപോലെ ദൈവത്തിന്റെ ജ്ഞാനമായ 'സോഫിയാ' ദൈവപുത്രനു പിറക്കാൻ ഇടമൊരുക്കുന്നതിനു വേണ്ടി മറിയത്തിൽ മനുഷ്യാവതാരം ചെയ്തു എന്ന പ്രബോധനം ഇന്നു ചില സെക്ടുകളുടെ ഇടയിൽ പ്രചരിക്കുന്നുണ്ട്. എന്നാൽ ഈ പ്രബോധനം ബൈബിളിന്റെയോ കത്തോലിക്കാസഭയുടെയോ ആധികാരികപഠനത്തിനു യോജിച്ചതല്ല. മറിയം ദൈവമല്ല, പരിശുദ്ധ ത്രിത്വത്തിന്റെ കൂടെ അനാദി മുതലേ നിത്യം നിലനില്ക്കുന്ന സ്ത്രീത്വ ഭാവവുമല്ല. മറിയം ഒരു മനുഷ്യവ്യക്തിയാണ്. മറ്റേതു മനുഷ്യവ്യക്തിയെയും പോലെ മാനുഷിക മാതാപിതാക്കളിൽനിന്ന് സ്വാഭാവികമായി ജനിച്ച ഒരു മനുഷ്യസ്ത്രീ. മറിയത്തെ ദൈവമാക്കാനുള്ള ശ്രമം പാഷണ്ഡതയായേ പരിഗണിക്കാനാവൂ.

അതേസമയം, മറിയത്തെ "ബോധജ്ഞാനത്തിന്റെ സിംഹാസനമേ" എന്നു സഭയിൽ അഭിസംബോധന ചെയ്യാറുണ്ട്. ദൈവിക ജ്ഞാനത്തിന്റെ സവിശേഷമായ പ്രവർത്തനം മറിയത്തിൽ കാണാം. യഥാർത്ഥ ജ്ഞാനത്താൽ നയിക്കപ്പെട്ട അവൾ വിശ്വാസികൾക്ക് ജ്ഞാനസമ്പാദനത്തിന് മാതൃകയും മധ്യസ്ഥയുമായി നിലകൊള്ളുന്നു. പക്ഷേ ദൈവജ്ഞാനത്തിന്റെ മനുഷ്യാവതാരമാണ് മറിയം എന്ന പ്രബോധനം സ്വീകരിക്കാനാവില്ല.

# 2.
# മറിയം പുതിയ നിയമത്തിൽ

മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളുടെ കാര്യത്തിൽ പുതിയനിയമഗ്രന്ഥങ്ങളിൽ ക്രമേണയുള്ള ഒരു വളർച്ച കാണാം. 21 ലേഖനങ്ങളിൽ ആകെ ഒരു തവണ മാത്രമേ മറിയം പരാമർശവിഷയമാകുന്നുള്ളൂ, അതും നേരിട്ടല്ല താനും: "സ്ത്രീയിൽ നിന്നു ജാതനായി" (ഗലാ 4, 4) എന്ന പ്രസ്താവന ദൈവപുത്രന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പ്രബോധനമാണ്; മറിയത്തെക്കുറിച്ച് നേരിട്ട് ഒന്നും പറയുന്നില്ല. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഒരിക്കൽ മറിയം പരാമർശവിഷയമാകുന്നുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്ന ശിഷ്യഗണത്തിലാണ് മറിയം പ്രത്യക്ഷപ്പെടുന്നത്(അപ്പ1, 14).

**മർക്കോസിന്റെ സുവിശേഷത്തിൽ**

സുവിശേഷങ്ങളിൽ ആദ്യം രചിക്കപ്പെട്ടതായി കരുതപ്പെടുന്ന മർക്കോസിന്റെ സുവിശേഷത്തിൽ മറിയം രണ്ടുതവണ പരാമർശിക്കപ്പെടുന്നുണ്ട്. യേശുവിനു സുബോധം നഷ്ടപ്പെട്ടു എന്ന വാർത്ത കേട്ട് അവനെ പിടിച്ചുകൊണ്ടുപോകാൻ (മർക്കോ 3, 21) പുറപ്പെട്ട സ്വന്തക്കാരുടെ കൂടെയാണ് മറിയം നില്ക്കുന്നത് (മർക്കോ 3, 32). അമ്മയും സഹോദരങ്ങളും പുറത്ത് കാത്തുനില്ക്കുന്നു എന്നറിഞ്ഞപ്പോൾ യേശുവിന്റെ ചോദ്യം തികച്ചും ആശ്ചര്യകരമായി തോന്നാം. "ആരാണ് എന്റെ അമ്മയും സഹോദരങ്ങളും? ദൈവത്തിന്റെ ഹിതം നിറവേറ്റുന്നവരാണ്

എന്റെ സഹോദരനും സഹോദരിയും അമ്മയും(മർക്കോ 3, 34–35). അമ്മയെ തള്ളിപ്പറയുന്നതായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും മറിയത്തിന്റെ യഥാർത്ഥ മഹത്വത്തിലേക്കു ശ്രദ്ധ ക്ഷണിക്കുകയാണ് ചെയ്യുന്നതെന്നു യേശു തന്നെ നല്കുന്ന വിശദീകരണത്തിൽ നിന്നു വ്യക്തമാകും. ശാരീരികമായ മാതൃത്വത്തിനുപരി ദൈവഹിതം അനുസരിക്കുന്നതിനാണ് പ്രാധാന്യം നല്കുന്നത്.

നസ്രത്തിലെ തിരസ്കരണത്തിന്റെ ഭാഗമായാണ് രണ്ടാം തവണ മർക്കോസിന്റെ സുവിശേഷത്തിൽ മറിയം പ്രത്യക്ഷപ്പെടുന്നത്. "ഇവൻ മറിയത്തിന്റെ മകനും ....... അല്ലേ?" (6,3). സ്വന്തം നാട്ടുകാർ യേശുവിലോ അവന്റെ അമ്മയിലോ അസാധാരണമായി ഒന്നും കണ്ടില്ല എന്ന സൂചനയാണ് ഈ പ്രസ്താവനയിലൂടെ പ്രകടമാകുന്നത്. അസാധാരണത്വത്തിന്റെ അഭാവം തന്നെ അവർക്ക് ഇടർച്ചയ്ക്കു കാരണമായി. ഇവിടെയും മറിയത്തിന് എന്തെങ്കിലും പ്രാധാന്യം കല്പിക്കുന്നതായി പ്രത്യക്ഷത്തിൽ കാണാനാവില്ല. പിന്നീട് മറിയത്തെക്കുറിച്ച് മർക്കോസിന്റെ സുവിശേഷത്തിൽ ഒന്നും പറയുന്നില്ല. കുരിശിൻ ചുവട്ടിൽ നില്ക്കുന്ന സ്ത്രീകളുടെ കൂടെ മറിയത്തിന്റെ പേരു കാണാത്തത് തികച്ചും ആശ്ചര്യകരമാകുന്നു.

**മത്തായിയുടെ സുവിശേഷത്തിൽ**

മത്തായിയുടെ സുവിശേഷത്തിൽ മറിയത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നുണ്ട്. പരസ്യജീവിതത്തിന്റെ വിവരണത്തിൽ മത്തായി മർക്കോസിന്റെ പരാമർശങ്ങൾ മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. എന്നാൽ യേശുവിന്റെ ജനനവും ബാല്യകാലവും അവതരിപ്പിക്കുന്ന ആദ്യത്തെ രണ്ടധ്യായങ്ങളിൽ മറിയത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നതായി കാണാം. യേശുവിനെ അബ്രാഹത്തിന്റെ പുത്രനായ രക്ഷകനും ദാവീദിന്റെ പുത്രനായ മിശിഹാരാജാവും ആയി അവതരിപ്പിക്കുന്ന വംശാവലി ജോസഫിലാണ് അവസാനിക്കുന്നതെങ്കിലും ആ ജോസഫിന്റെ ഭാര്യയായ മറിയത്തിൽ നിന്നാണ് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചത് എന്ന് എടുത്തു പറയുമ്പോൾ (മത്താ 1, 16) മറിയത്തിനും മാതൃത്വത്തിനും പ്രാധാന്യം നല്കുന്നതായി കാണാം.

യേശുവിന്റെ കന്യാജനനത്തിനു പ്രാധാന്യം നല്കുന്നതാണ് അടുത്ത വിവരണം. കന്യകയായിരിക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മറിയം ഗർഭിണിയായി എന്ന സത്യം ദൈവത്തിന്റെ ദൂതൻ ജോസഫിന് സ്വപ്നത്തിൽ വെളിപ്പെടുത്തുന്നു. ഇത് പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നും ദൂതൻ അറിയിക്കുന്നു(മത്താ 1, 20–23). ദൈവ

ത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പും കൃപാകടാക്ഷവും വഴി മറിയം കന്യകയും അതേസമയം ദൈവപുത്രന്റെ മാതാവുമായി എന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു.

ജ്ഞാനികളുടെ സന്ദർശനം വിവരിക്കുമ്പോഴും മത്തായി മറിയത്തിന് പ്രത്യേക പ്രാധാന്യം നല്കുന്നുണ്ട്. "അവർ ഭവനത്തിൽ പ്രവേശിച്ച്, ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു"(2,11). യഹൂദരുടെ രാജാവായി ജനിച്ച രക്ഷകനെ തേടിയിറങ്ങിയ വിജാതീയർ മാതാവായ മറിയത്തോടുകൂടെയാണ് ശിശുവിനെ കണ്ടെത്തിയത് എന്ന വിശദാംശത്തിലൂടെ മത്തായി മറിയത്തിനു വീണ്ടും പ്രാധാന്യം നല്കുന്നു. യേശുവിനെ തേടുന്നവർ അവനെ തന്റെ അമ്മയോടൊപ്പമായിരിക്കും കാണുക എന്ന സൂചനയിൽ ആഴമേറിയ ധ്വനികളുണ്ട്. എന്നാൽ ആരാധന യേശുവിനു മാത്രമേ നല്കാവൂ, മറിയം ആരാധനയ്ക്കു വിഷയമല്ല എന്ന സൂചനയും ഈ പ്രസ്താവനയിലുണ്ട്. ഈജിപ്തിലേക്കുള്ള പലായനത്തിലും നസ്രത്തിലേക്കുള്ള മടക്കയാത്രയിലും യേശുവിന്റെ അമ്മ പരാമർശ വിഷയമാകുന്നുണ്ട്. എന്നാൽ മറിയത്തിനു പ്രത്യേകമായ ഒരു ദൗത്യമോ പ്രാധാന്യമോ കല്പിച്ചു കാണുന്നില്ല. ഇവിടെയെല്ലാം ശ്രദ്ധാകേന്ദ്രം ലോകരക്ഷകനായ യേശുക്രിസ്തുവാണ്, മറിയമല്ല. മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളെല്ലാം യേശുവിനോടു ബന്ധപ്പെട്ടതത്രെ. ആ ബന്ധമാണ് മറിയത്തിന്റെ പ്രാധാന്യത്തിന് അടിസ്ഥാനം.

**ലൂക്കായുടെ സുവിശേഷത്തിൽ**

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് ഏറ്റം ദീർഘവും വിശദവുമായ വിവരണങ്ങൾ ലൂക്കായുടെ സുവിശേഷത്തിലാണ് ഉള്ളത്. ബാല്യകാല സുവിശേഷം എന്നറിയപ്പെടുന്ന ആദ്യത്തെ രണ്ടധ്യായങ്ങളിൽ ഏതാണ്ട് പകുതിയോളം മറിയത്തെക്കുറിച്ചുള്ള വിവരണങ്ങളാണെന്നു പറയാം. ദൈവപുത്രന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് മത്തായിയുടെ സുവിശേഷത്തിൽ ജോസഫിനാണു നല്കുന്നത്. ബാല്യകാല സുവിശേഷത്തിൽ മത്തായി മറിയത്തേക്കാൾ ജോസഫിനു പ്രാധാന്യം നല്കുന്നതായും കാണാം. എന്നാൽ ലൂക്കാ മറിയത്തെ കേന്ദ്രീകരിച്ചാണ് വിവരണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

പരസ്യജീവിതകാലത്ത് മറ്റ് രണ്ടു സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്നതും മറിയത്തെക്കുറിച്ച് തെറ്റിദ്ധാരണയ്ക്ക് ഇട നല്കാവുന്നതുമായ നസ്രത്തുകാരുടെ പ്രതികരണം(മർക്കോ 6, 3-4; മത്താ 13, 55-56) ലൂക്കാ ഒഴിവാക്കിയിരിക്കുന്നു. "ഇവൻ ജോസഫിന്റെ മക

നല്ലേ?"(ലൂക്കാ 4, 22) എന്നാണ് നസ്രത്തുകാരുടെ ചോദ്യം. തന്നെ കാണാൻ വന്ന അമ്മയേയും ബന്ധുക്കളെയും കുറിച്ചുള്ള പരാമർശ ത്തിൽ "ആരാണ് എന്റെ അമ്മ?" എന്ന ചോദ്യം ഒഴിവാക്കി; പകരം അമ്മ യുടെ പ്രത്യേകതയ്ക്ക് ഊന്നൽ നല്കുന്നതായും കാണാം. "ദൈവവ ചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവ രാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8, 21).

ഇതിനു പുറമേ യേശുവിന്റെ അമ്മയെ ഒരു സ്ത്രീ പുകഴ്ത്തി പറ യുന്നതും അതിന് യേശു നല്കുന്ന മറുപടിയും ലൂക്കായിൽ മാത്രമേ കാണൂ. "ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാ ന്മാർ" (ലൂക്കാ 11, 28). ശാരീരികമായ മാതൃത്വത്തിനുപരി തന്റെ അമ്മ യുടെ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ജീവിതത്തിനാണ് യേശു പ്രാധാന്യം നല്കുന്നത്. ദൈവവചനം ശ്രവിക്കുക, നിരന്തരം ധ്യാനവിഷയമാക്കുക, അതനുസരിച്ച് ജീവിക്കുക – ഇതാണ് മറിയത്തിന്റെ പ്രത്യേകതയായി ഈ സംഭവത്തിലൂടെ സുവിശേഷകൻ ഊന്നിപ്പറയു ന്നത്.

ബാല്യകാല സുവിശേഷത്തിൽ മറിയത്തിന്റെ പ്രത്യേകതകളായി ലൂക്കാ സുവിശേഷകൻ ഊന്നൽ നല്കുന്ന കാര്യങ്ങൾ അല്പം ഒന്ന് അടുത്തു പരിശോധിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. ഇവിടെ എടുത്തു കാട്ടുന്ന കാര്യങ്ങൾ അടുത്തഭാഗത്ത്, മറിയത്തിന്റെ ആധ്യാ ത്മികതയുടെ സവിശേഷതകൾ ചർച്ച ചെയ്യുമ്പോൾ വിശദമായി അപ ഗ്രഥിക്കുന്നതാണ്.

**1. മറിയം എന്ന കന്യക**

വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന മറിയം കന്യകയായിരുന്നു എന്ന തിന് ലൂക്കാ ഊന്നൽ നല്കുന്നതായി കാണാം. തുടർന്നും മറിയത്തിന്റെ കന്യാകാത്വത്തിനു പ്രത്യേക പ്രാധാന്യം നല്കുന്നു. കന്യകയായിരി ക്കുന്ന താൻ എങ്ങനെ ഗർഭം ധരിച്ചു പ്രസവിക്കും എന്ന ചോദ്യത്തിന് ദൂതൻ വിശദമായ മറുപടി നല്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനമായിരിക്കും ദൈവപുത്രന്റെ മനുഷ്യാവതാരത്തിലേക്ക് നയി ക്കുന്നത്.

"ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന മറിയത്തിന്റെ ചോദ്യത്തിനു പിന്നിൽ അവൾ നിത്യകന്യകാത്വം വ്രതം ചെയ്തിരുന്നു എന്ന സൂചന ചില വ്യാഖ്യാതാക്കൾ കാണാറു ണ്ട്. പല അപ്രമാണിക ഗ്രന്ഥങ്ങളിലും ഇപ്രകാരം ഒരു വ്യാഖ്യാനം

കാണാം. എന്നാൽ ഇങ്ങനെ ഒരു  സൂചന സുവിശേഷകൻ നല്കാൻ ആഗ്രഹിക്കുന്നു എന്നു കരുതാനാവില്ല.

വൃദ്ധരും വന്ധ്യരുമായ യൊവാക്കിം – ഹന്ന ദമ്പതികൾക്ക് പ്രത്യേക പ്രാർത്ഥനകളുടെയും നേർച്ചകളുടെയും ഫലമായി ജനിച്ച അത്ഭുത ശിശുവായിരുന്നു മറിയം. തങ്ങൾക്കു ജനിക്കുന്ന കുഞ്ഞിനെ നാസീർ വ്രതപ്രകാരം ജീവിക്കാനും പുരോഹിത ശുശ്രൂഷയ്ക്കുമായി ദേവാലയത്തിൽ സമർപ്പിക്കും എന്ന് മാതാപിതാക്കൾ ദൈവത്തോട് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ജനിച്ചത് പെൺകുഞ്ഞായതിനാൽ എന്തുചെയ്യണം എന്നറിയാതെ വിഷമിച്ച അവർ അരുളപ്പാടനുസരിച്ച് കുഞ്ഞിനെ ദേവാലയത്തിൽ കാഴ്ചവച്ചു, നിത്യകന്യകയായി കഴിയണം എന്ന നിബന്ധനയോടെ.

ആർത്തവത്തിനുള്ള പ്രായമായപ്പോൾ ഇനിയും ഈ പെൺകുട്ടിയെ ദേവാലയത്തിൽ ജീവിക്കാൻ അനുവദിക്കരുത് എന്ന് മേലധികാരികൾ കരുതി. കാരണം ആർത്തവകാലത്ത് സ്ത്രീ അശുദ്ധയായിരിക്കും, ദേവാലയത്തിൽ പ്രവേശിക്കാൻ പാടില്ല എന്നായിരുന്നു നിയമം. അതിനാൽ വിവാഹം ചെയ്ത് ദൈവാലയത്തിൽ നിന്ന് പറഞ്ഞയയ്ക്കണം. അതേ സമയം അവൾ വ്രതമനുസരിച്ച് കന്യകയായി തുടരുകയും വേണം. ഇപ്രകാരം മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ താത്പര്യമുള്ളവരെ കണ്ടെത്താൻ അധികാരികൾ ശ്രമിച്ചു. അനേകം ആളുകൾ തയ്യാറായി വന്നതിനാൽ തിരഞ്ഞെടുപ്പ് പ്രയാസമായി.

ഈ സാഹചര്യത്തിൽ ദൈവഹിതം ആരായാൻ അവർ തീരുമാനിച്ചു. വിവാഹാഭ്യർത്ഥനയുമായി വന്ന പുരുഷന്മാരെല്ലാം ഓരോ വടി കൊണ്ടുവരാൻ അധികാരികൾ ആവശ്യപ്പെട്ടു. നസ്രത്തിൽ നിന്നുള്ള മരപ്പണിക്കാരനായ ജോസഫും വിവാഹാഭ്യർത്ഥനയുമായി വന്നു. എല്ലാവരുടെയും വടികൾ ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത് ഒരു രാത്രി സൂക്ഷിച്ചു. പിറ്റേന്ന് പരിശോധിച്ചപ്പോൾ ജോസഫിന്റെ വടി മാത്രം തളിർത്ത്, പൂചൂടി നില്ക്കുന്നു. അങ്ങനെ ദൈവം തന്നെ ദൃശ്യമായ അടയാളം നല്കിയതനുസരിച്ചാണ് ജോസഫ് മറിയത്തെ വിവാഹം ചെയ്തത്; അവളെ എന്നും കന്യകയായിത്തന്നെ സൂക്ഷിച്ചു കൊള്ളാം എന്ന വാഗ്ദാനവും നല്കി.

ഇതാണ് അപ്പോക്രിഫാ എന്നറിയപ്പെടുന്ന അപ്രാമാണിക ഗ്രന്ഥങ്ങൾ നല്കുന്ന മറിയത്തിന്റെ ജനനം, ബാല്യം, വിവാഹം, കന്യാകാത്വം എന്നിവയെക്കുറിച്ചുള്ള  വിശദീകരണങ്ങൾ. എന്നാൽ ഇതിൽ എന്തെ

ങ്കിലും സത്യമുണ്ടെന്ന് സഭ കരുതുന്നില്ല. പുഷ്പിച്ച വടി പഴയനിയമത്തിൽ നിന്ന് എടുത്തതാണ്. പൗരോഹിത്യത്തെക്കുറിച്ചു തർക്കമുണ്ടായപ്പോൾ അഹറോന്റെ പൗരോഹിത്യം ദൈവം തന്നെ സ്ഥിരീകരിച്ച ഒരു സംഭവം സംഖ്യ പതിനേഴാം അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വ്യക്തികളെക്കുറിച്ച് അറിയണം എന്ന് ആഗ്രഹിക്കുന്നതും എന്നാൽ സുവിശേഷങ്ങളിൽ ഇല്ലാത്തതുമായ വിവരങ്ങൾ സ്വന്തം ഭാവനയും പഴയനിയമ സംഭവങ്ങളും ചേർത്ത് അവതരിപ്പിക്കുക അപ്രാമാണികഗ്രന്ഥങ്ങളുടെ ഒരു സവിശേഷതയാണ്. യേശുവിനെ കാണാൻ വന്ന ജ്ഞാനികൾ മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്ന മൂന്നു രാജാക്കന്മാരായിരുന്നു എന്നത് ഇപ്രകാരമുള്ള അപ്പോക്രിഫൽ വിവരണമാണ്. യേശുവിന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തിയത് ലൊങ്കീനൂസ് എന്ന ഒരു ഒറ്റക്കണ്ണൻ പടയാളി ആയിരുന്നെന്നും യേശുവിന്റെ പാർശ്വത്തിൽ നിന്നൊഴുകിയ രക്തവും വെള്ളവും വീണ് അവന്റെ മറ്റേക്കണ്ണിനും കാഴ്ച കിട്ടി എന്നും പറയുന്നത് അപ്രാമാണിക ഗ്രന്ഥങ്ങളാണ്. 'ലുങ്കെ' എന്നാണ് 'കുന്തം' എന്ന വാക്കിന്റെ ഗ്രീക്കുമൂലം. അതിനാൽ കുന്തം ധരിച്ചവൻ, കുന്തക്കാരൻ എന്ന അർത്ഥത്തിൽ ലൊങ്കീനുസ് എന്ന പേരുണ്ടായി.

ഇപ്രകാരം ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻ വേണ്ടി മെനഞ്ഞെടുത്ത കെട്ടുകഥകളിലല്ല, സുവിശേഷകന്മാർ നല്കുന്ന വസ്തുനിഷ്ഠമായ വിവരണങ്ങളിലാവണം നാം വിശ്വാസം ഉറപ്പിക്കുന്നത്. ആഗ്രഹിക്കുന്നത്ര വിശദാംശങ്ങൾ കിട്ടിയെന്നു വരില്ല. ലഭ്യമായ വിവരണങ്ങളുടെ വെളിച്ചത്തിൽ വസ്തുതകൾ മനസ്സിലാക്കാൻ ശ്രമിക്കണം. സുവിശേഷങ്ങൾ പൊതുവേ വിശ്വാസത്തിനാവശ്യമായ സുപ്രധാന സത്യങ്ങളിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക.

അതിനാൽ 'വിവാഹനിശ്ചയം ചെയ്തിരുന്ന കന്യക' എന്നാൽ വിവാഹജീവിതം കഴിക്കാനായി തീരുമാനിച്ചിരുന്ന ഒരു വ്യക്തി എന്നതിൽ കൂടുതൽ വായിക്കേണ്ടതില്ല. വിവാഹശേഷവും കന്യകാജീവിതം നയിക്കാൻ ഉദ്ദേശിച്ചിരുന്നു എന്നത് തിരുവചനത്തിലേക്കു പുറമേ നിന്നു തിരുകുന്ന ഒരു വ്യാഖ്യാനമായേ കരുതാൻ കഴിയൂ. മറിയവും ജോസഫും മുൻകൂട്ടി നിശ്ചയിച്ചിരുന്നതല്ല അവരുടെ കന്യാകത്വം; മറിച്ച് ദൈവം നല്കിയ തികച്ചും അസാധാരണമായൊരു വിളിക്കുള്ള പ്രത്യുത്തരമായിരുന്നു അത്. ശാരീരിക ബന്ധത്തിലൂടെയല്ല, ദൈവാത്മാവിന്റെ പ്രത്യേകപ്രവർത്തനത്തിലൂടെ ആയിരിക്കും ശിശു ജനിക്കുക എന്ന ദൂതന്റെ വചനം ഒരു വിശദീകരണവും ഒപ്പം ഒരു ദൈവവിളിയും പ്രകടമാക്കുന്നു.

**2. കർത്താവിന്റെ ദാസി**

ദൂതന്റെ വിശദീകരണത്തിലൂടെ തന്റെ ദൗത്യം എന്തെന്ന് മനസ്സിലാക്കിയ മറിയം മറുപടി നല്കി: "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ!" (ലൂക്കാ 1, 38). മറിയത്തിന്റെ സ്വത്വം മുഴുവൻ പ്രകടമാക്കുന്നതാണ് ഈ മറുപടി. "ദൂലേ" എന്ന ഗ്രീക്കു വാക്കിന്റെ വിവർത്തനമാണ് ദാസി. ദാസിക്കു സ്വന്തമായി ഒന്നുമില്ല. പൂർണമായും യജമാനന്റെ സ്വത്താണവൾ. എന്തുചെയ്യണം, എന്തു ചെയ്യരുത് എന്നു തീരുമാനിക്കുന്നത് അവളല്ല, യജമാനനാണ്. ഇനി അങ്ങോട്ട് മറിയത്തിനു സ്വന്തമായി ഒരു തീരുമാനമില്ല, പദ്ധതിയുമില്ല. യജമാനൻ എന്താഗ്രഹിക്കുന്നുവോ അതാണവളുടെ ഹിതം. "എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ" (ലൂക്കാ 22,22) എന്ന് രക്തം വിയർക്കുന്ന മാനസിക സംഘർഷത്തിനിടെ മകൻ പ്രാർത്ഥിച്ചത് അമ്മയുടെ ഈ തീരുമാനത്തിന് ഒരു വിശദീകരണമാകുന്നു.

വിവാഹനിശ്ചയത്തിനു ശേഷം വരൻ അറിയാതെ ഗർഭിണിയാകുന്നതിന്റെ ഭവിഷ്യത്തുകൾ അറിയാത്തവളല്ല മറിയം. ജോസഫ് തന്നെ സ്വീകരിക്കുന്നില്ലെങ്കിൽ, വിചാരണയ്ക്കു വിട്ടുകൊടുത്താൽ സംഭവിക്കുന്നത് കല്ലേറുകൊണ്ടുള്ള മരണമാണെന്ന യഹൂദനിയമം (നിയ 22, 13 –21) മറ്റേത് ഇസ്രായേൽക്കാരെയും പോലെ അവൾക്കും അറിയാം. പക്ഷേ അവൾക്കു ഭയമില്ല. കാരണം അവൾ മറ്റാരുടെയുമല്ല, കർത്താവിന്റെ ദാസിയാണ്. അവൾക്കെന്തു സംഭവിക്കണം എന്നു നിശ്ചയിക്കുന്നതും കർത്താവു തന്നെ.

**3. വിശ്വസിച്ചവൾ ഭാഗ്യവതി**

ദൈവദൂതൻ അറിയിച്ച സന്ദേശം സ്വീകരിച്ച മറിയം തന്റെ ചാർച്ചക്കാരിയെ സന്ദർശിച്ച സംഭവമാണ് ലൂക്കാ അടുത്തതായി വിവരിക്കുന്നത് (1, 39–45). ഏകദേശം 135 കിലോമീറ്റർ യാത്ര ചെയ്താണ് മറിയം നസ്രത്തിൽ നിന്ന് അയിൻകരിം എന്ന ഗ്രാമത്തിലെത്തിയത്. യാത്രയിലെ സാഹസികത അനുവാചകർക്ക് വിട്ടിട്ട് സുവിശേഷകൻ രണ്ടു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എലിസബത്തിന്റെ ഗർഭസ്ഥ ശിശു കുതിച്ചു ചാടി; എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ഇതാണ് ഒന്ന്. രക്ഷകനെ ഉദരത്തിൽ വഹിക്കുന്ന മറിയത്തിന്റെ സാന്നിദ്ധ്യം സമീപസ്ഥർ പരിശുദ്ധാത്മാവിനാൽ നിറയാൻ കാരണമായി. എലിസബത്ത് ഉതിർക്കുന്ന കൃതജ്ഞതാഗീതമാണ് രണ്ടാമത്തേത്. അവിടെ മറിയത്തിനു രണ്ടു വിശേഷണങ്ങൾ നല്കുന്നു. 1. കർത്താവിന്റെ അമ്മ(ദൈ

വമാതാവ്) 2. വിശ്വസിച്ച ഭാഗ്യവതി. മറിയത്തിന്റെ വിശ്വാസമാണ് എലിസബത്ത് പ്രത്യേകമായി എടുത്തു പറയുന്നത്. മറിയത്തിന്റെ ആദ്ധ്യാത്മികതയിൽ സുപ്രധാനമായ ഒരു ഘടകമാണ് അവളുടെ വിശ്വാസം, അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച ശക്തമായ വിശ്വാസം.

**4. സ്തുതിപ്പിന്റെ ജീവിതം**

എലിസബത്തിന്റെ കൃതജ്ഞതാ ഗീതം മറിയത്തിന്റെ സ്തോത്രഗീതത്തിനു വഴിയൊരുക്കി. ഭാവിയെ സംബന്ധിച്ച ഉൽക്കണ്ഠയോ ഭയമോ അവൾക്കില്ല. ദൈവകരങ്ങളിൽ പൂർണമായി വിട്ടുകൊടുത്ത അവൾ സന്തോഷപൂരിതയാണ്. സംഭവിച്ചതും സംഭവിക്കുന്നതും ഇനി സംഭവിക്കാനിരിക്കുന്നതും എല്ലാം നന്മ മാത്രമായിരിക്കും; നന്മയ്ക്കു മാത്രമായിരിക്കും എന്ന ഉറച്ച ബോധ്യം അവൾക്കുണ്ട്. ദൂതൻ നല്കിയിരുന്ന അടയാളം അവൾ നേരിട്ടു കണ്ടു. ഗർഭിണിയായ വന്ധ്യ. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ തനിക്കു നല്കപ്പെട്ടിരിക്കുന്ന അനന്യവും അതിപ്രധാനവുമായ സ്ഥാനം അവൾ തിരിച്ചറിഞ്ഞു. തന്റെ ജീവിതത്തിൽ പ്രത്യേകമാം വിധം ഇടപെട്ട ദൈവം രക്ഷാചരിത്രത്തെ അതിന്റെ നിർണായകമായ വഴിത്തിരിവിലേക്ക്, പോരാ, പൂർത്തീകരണത്തിലേക്ക്, നയിക്കുന്നു എന്നു മറിയം തിരിച്ചറിഞ്ഞു, ഏറ്റുപറഞ്ഞു.

സ്തോത്രഗീതം(1, 46-55) രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (1, 46-49) തന്റെ തന്നെ ജീവിതത്തിൽ ദൈവം നടത്തുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രതികരണവും വിവരിക്കുന്നു. രണ്ടാം ഭാഗത്ത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ ലോകചരിത്രത്തിൽ സംഭവിക്കുന്ന സമൂലപരിവർത്തനവും നവീകരണവും പ്രകീർത്തിക്കുന്നു. ചരിത്രഗതിയെ താൻ നിശ്ചയിച്ച ലക്ഷ്യത്തിലേക്കു നയിക്കുന്ന ദൈവത്തിന്റെ പ്രവർത്തനം നേരിട്ടു കാണുകയും അനുഭവിക്കുകയും അതിൽ ക്രിയാത്മകമാംവിധം പങ്കുചേരാൻ സാധിക്കുകയും ചെയ്തതിലുള്ള അവാച്യമായ ആനന്ദമാണ് സ്തോത്രഗീതമായി അണപൊട്ടിയൊഴുകുന്നത്. മരിയൻ ആദ്ധ്യാത്മികതയുടെ സുപ്രധാനമായൊരു ഘടകമാണ് കൃതജ്ഞതയുടെയും സ്തുതിപ്പിന്റെയും ജീവിതം.

**5. പുറമ്പോക്കിൽ**

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണത്തിൽ മരിയൻ ആധ്യാത്മികതയെ സംബന്ധിച്ച നിർണായകമായ ചില കാര്യങ്ങൾ ലൂക്കാ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. റോമൻ ചക്രവർത്തിയുടെ കല്പനപ്രകാരം സാഹസികവും അപകടകരവുമായ ഒരു യാത്രയ്ക്കു നിർബന്ധിതയായ പൂർണ

ഗർഭിണിയാണ് മറിയം. ഭർത്താവിന്റെ പൂർവ്വികനായ ദാവീദ് രാജാവിന്റെ പട്ടണത്തിൽ എത്തുമ്പോൾ രാജാധിരാജനു പിറക്കാൻ സത്രത്തിൽ ഇടമില്ല. വൈരുധ്യങ്ങളുടെ ഒരു ഘോഷയാത്ര. സത്രത്തിൽ ഇടമില്ലാഞ്ഞിട്ടോ, മുറിയെടുക്കാൻ വേണ്ട തുക കൈവശമില്ലാഞ്ഞിട്ടോ, സത്രത്തിലെ തിരക്കിനിടയിൽ ഒരു കുഞ്ഞിനു പിറക്കാൻ ഇടംകൊടുക്കുന്നത് അസൗകര്യവും ശല്യവുമായി ഉടമകൾ കരുതിയതുകൊണ്ടോ എന്തുമാകട്ടെ, പട്ടണത്തിന്റെ പുറമ്പോക്കിലേക്ക് തള്ളിമാറ്റപ്പെട്ടു, രക്ഷകനും അവന്റെ മാതാപിതാക്കളും.

സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ടവർക്ക് പുറമ്പോക്കിലെ മൃഗങ്ങൾ അഭയം നല്കി. കന്നുകാലികളെ രാത്രി സൂക്ഷിക്കുന്ന ഗുഹയാണ് തന്റെ മകനു ജന്മം നല്കാനായി മറിയത്തിനു ലഭിച്ചത്. അല്പം വൃത്തിയും ചൂടുമുള്ള ഏക സ്ഥലം കന്നുകാലികൾക്കു തീറ്റി സൂക്ഷിക്കുന്ന പുൽത്തൊട്ടിയാണ്. മരം കോച്ചുന്ന തണുപ്പിൽ മരിച്ചുപോകാതിരിക്കാൻ കുഞ്ഞിനെ പിള്ളക്കച്ചയിൽ പൊതിഞ്ഞ് വൈക്കോൽ മെത്തയിൽ കിടത്തുന്ന അമ്മയുടെ ആന്തരിക സംഘർഷങ്ങൾ സുവിശേഷകൻ വിവരിക്കുന്നില്ല. വരികൾക്കിടയിൽ നിന്നു വായിച്ചെടുക്കണം.

ദാരിദ്ര്യത്തിന്റെ പാഠമാണ് ഇവിടെ മുഖ്യമായും ലഭിക്കുന്നത്. ദൈവത്തിന്റെ പുത്രൻ പിറക്കാനായി തിരഞ്ഞെടുത്തത് രാജകൊട്ടാരമല്ല; കൊട്ടാരസമാനമായ ദേവാലയവുമല്ല. ദരിദ്രരും ചേരിനിവാസികളുമായ, സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലും പുറമ്പോക്കിലും കഴിയുന്നവർക്കു ലഭ്യമായ ഒരിടം മാത്രം. വൈക്കോൽ മെത്തയിൽ തണുത്തു കരയുന്ന ശിശു ദൈവത്തിന്റെ പുത്രനും പ്രപഞ്ചനാഥനും രാജാധിരാജനും ആണെന്നു വിശ്വസിക്കുക എളുപ്പമായിരുന്നില്ല. മറിയത്തിന്റെ വിശ്വാസം പരീക്ഷിക്കപ്പെട്ട അനേകം നിമിഷങ്ങളിൽ ഒന്ന്. അതേസമയം മരിയൻ ആധ്യാത്മികതയുടെ സുപ്രധാനമായൊരു പാഠം ഇതിലൂടെ നല്കപ്പെടുന്നു; ദാരിദ്ര്യവ്രതത്തിന്റെ അർത്ഥം എന്ത് എന്നതിനെക്കുറിച്ച് ഒരു സൂചനയും.

**6. രക്ഷകന്റെ അമ്മ**

ദൈവദൂതദർശനം ലഭിച്ച ഇടയന്മാർ തിടുക്കത്തിൽ ഓടിവന്നു, രക്ഷകനെ കാണാൻ. ദൂതൻ നല്കിയ അടയാളം തേടിയാണവർ വന്നത്. വന്നപ്പോൾ കാണുന്നത് മറിയത്തെയാണ്; കൂടെ ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന യേശുവിനെയും (ലൂക്കാ2,16). മൂന്നുപേരുകൾ അവതരിപ്പിക്കുന്ന ക്രമത്തിൽ ലൂക്കാ നല്കുന്ന മുൻഗണന

കാണാതെ പോകരുത്. ആദ്യം മറിയം, പിന്നെ ജോസഫ്, മൂന്നാമത് ശിശു. രക്ഷകന്റെ അമ്മയാണ് മറിയം. എന്നാൽ മറിയമല്ല ലക്ഷ്യം ജോസഫുമല്ല. പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവാണ് ദൂതന്മാർ അറിയിച്ച രക്ഷകൻ. അവനിലേക്കു നയിക്കുന്ന വഴികാട്ടികളും അടയാളങ്ങളുമാണ് മറിയവും ജോസഫും.

ക്രിസ്തുവിന്റെ സ്ഥാനത്തു കയറിനിന്ന് സ്വയം രക്ഷകൻ ചമയുകയല്ല, അനേകരെ രക്ഷകനിലേക്കു നയിക്കുന്ന വഴികാട്ടിയാവുകയാണ് മരിയൻ ആധ്യാത്മികത. സ്വയം ശൂന്യവത്കരിക്കുന്ന, അതേസമയം രക്ഷകനിലേക്കു നയിക്കുന്ന സുതാര്യമായ അടയാളവും സാക്ഷിയുമാകുക. ഇടയന്മാരുടെ സന്ദർശനവും സന്ദേശവും വഴി ലഭിക്കുന്ന മാർഗനിർദേശമിതാണ്. എല്ലാം ഹൃദയത്തിൽ സൂക്ഷിച്ച് ഗാഢമായി ധ്യാനിക്കുകയാണ് മറിയം ചെയ്യുന്നത്(2, 19). മരിയൻ ആധ്യാത്മികതയുടെ മറ്റൊരു ഘടകമാണ് വചനോപാസന. ലൂക്കാ വീണ്ടും വീണ്ടും മറിയത്തിന്റെ വചനോപാസന അടിവരയിട്ട് എടുത്തു കാട്ടുന്നുണ്ട്(2, 51; 8, 21;11, 26).

### 7. ഹൃദയത്തിൽ വാൾ തറച്ചവൾ

നിയമപ്രകാരം തന്റെ കടിഞ്ഞൂൽ പുത്രനെ ദൈവത്തിനു സമർപ്പിക്കാനും പകരം കാഴ്ചകൾ നല്കി മകനെ വീണ്ടെടുക്കാനുമായി ദേവാലയത്തിൽ വന്ന മറിയം വൃദ്ധനായ ശിമയോന്റെ വാക്കുകൾ കേട്ട് അമ്പരന്നു. തന്റെ പുത്രനെ രക്ഷകനായി തിരിച്ചറിഞ്ഞ ഏക വ്യക്തിയായിരുന്നു ശിമയോൻ. ശിശുവിനെ കുറിച്ച് ദൈവത്തെ സ്തുതിച്ച ശിമയോൻ പ്രവചനരൂപേണ പറഞ്ഞ വാക്കുകൾ തികച്ചും ഭയാനകമായിരുന്നു. “ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളമായിരിക്കും... നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും” (ലൂക്കാ 2, 34-35).

തീർത്തും ദരിദ്രർ നല്കുന്ന കാഴ്ചയാണ് രണ്ടു ചങ്ങാലികൾ(ലേവ്യ 12, 8). ഈ പാവപ്പെട്ടവരുടെ കാഴ്ചയുമായി മുന്നിൽ നില്ക്കുന്നത് ദൈവപുത്രനാണെന്നു തിരിച്ചറിഞ്ഞ ശിമയോൻ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ആ ശിശുവിന്റെയും മാതാവിന്റെയും ഭാവി മുന്നിൽ കണ്ടു. രക്ഷകനായി അവതരിച്ചവനെ സ്വന്തം ജനം തിരസ്കരിക്കും. ആ തിരസ്കരണം പീഡനത്തിലേക്കും ക്രൂരമായ മരണത്തിലേക്കും നയിക്കും. ഇതിനെല്ലാം മൂകസാക്ഷിയായി അമ്മ നില്ക്കേണ്ടി വരും, മകനോടുകൂടെ. ശിമയോൻ പറഞ്ഞതിന്റെ അർത്ഥവും ആഴവും ഒന്നും അപ്പോൾ മനസ്സിലായില്ല. എന്നാൽ ഒരു കാര്യം മറിയത്തിനു വീണ്ടും പകൽപോലെ വ്യക്തമായി. രക്ഷകന്റെ അമ്മയായുള്ള തന്റെ ജീവിതം കനൽ വഴിയി

ലൂടെയാവും കടന്നുപോവുക. മകൻ നേരിടുന്ന തിരസ്കരണവും സഹനവും തന്റെ ജീവിതത്തെ സഹനപൂർണമാക്കും.

ഹൃദയത്തെ തുളയ്ക്കുന്ന വാൾ എന്ന് ആലങ്കാരികമായി പറഞ്ഞത് മറിയം നേരിടാൻ പോകുന്ന ഹൃദയഭേദകമായ സഹനങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. 'വ്യാകുലമാതാവ്' എന്ന പേരിൽ മറിയത്തിന്റെ ചിത്രം വരയ്ക്കുകയും പ്രതിമയുണ്ടാക്കുകയും ചെയ്യുന്നവർ ഹൃദയത്തിൽ ഏഴു വാളുകൾ തറച്ചുനില്ക്കുന്നതായി ചിത്രീകരിക്കാറുണ്ട്. മാതാവിന്റെ ജീവിതത്തിലെ ഏറ്റം ദുസ്സഹമായ ഏഴു സംഭവങ്ങളുടെ പ്രതീകങ്ങളാണ് ഈ ഏഴുവാൾ എന്നു കരുതപ്പെടുന്നു. ഏതൊക്കെയാണ് ആ ഏഴു സംഭവങ്ങൾ എന്നതിൽ അഭിപ്രായഐക്യമില്ല. എന്നാലും പൊതുവേ എടുത്തു പറയാറുള്ള ഏഴു സംഭവങ്ങൾ ഇവയാണ്. 1. ബെത്‌ലെഹെമിൽ സത്രത്തിൽ ഇടം കിട്ടാതെ വന്നത്. 2. ശിമയോന്റെ പ്രവചനം. 3. ശിശുവധം, ഈജിപ്തിലേക്കു പലായനം. 4. 12-ാം വയസ്സിൽ മകനെ നഷ്ടപ്പെട്ടതും ദേവാലയത്തിൽ കണ്ടെത്തിയപ്പോൾ മകന്റെ ചോദ്യവും. 5. നസ്രത്തിലെ തിരസ്കരണവും വധശ്രമവും 6. കുരിശുമരണം 7. മരിച്ച മകനെ മടിയിൽ കിടത്തിയത്.

ഇതിൽ ഏഴാമത്തേത് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല; ഒരു ഭക്തപാരമ്പര്യമാണ്. കുരിശിന്റെ വഴിയിൽ പുത്രനെ കണ്ടുമുട്ടുന്നതും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഇതുപോലൊരു പാരമ്പര്യമാണ്. ആ കണ്ടുമുട്ടൽ ഹൃദയത്തിൽ തറച്ചൊരു വാളായി കരുതുന്നവരുമുണ്ട്. ഏഴു വ്യാകുലങ്ങൾ ഏതെന്ന് അന്വേഷിക്കുന്നതിൽ അർത്ഥമില്ല. ദൂതൻ വഴി ദൈവം നല്കിയ വിളിക്ക് ഉത്തരം നല്കിയ നിമിഷം മുതൽ അമ്മയുടെ ഹൃദയത്തെ പിളർന്ന വാൾ അവിടെത്തന്നെ തറച്ചുനിന്നു, മകന്റെ ഉത്ഥാനം വരെ.

ഹൃദയത്തിൽ വാൾ തറച്ചവളെ ആധ്യാത്മികതയുടെ മാതൃകയാക്കുന്നവർ വ്യാകുലമാതാവിന്റെ തിരുസ്വരൂപം വണങ്ങുകയോ പ്രതിമ എഴുന്നള്ളിക്കുകയോ അല്ലെങ്കിൽ വാൾ എഴുന്നള്ളിക്കുകയോ അല്ല മുറിവേറ്റ ആ ഹൃദയത്തിന്റെ വിങ്ങലുകളും അതിനു പിന്നിലുള്ള രക്ഷണീയ സ്നേഹവും ദൈവഹിതത്തോടുള്ള പരിപൂർണവിധേയത്വവും ഗ്രഹിക്കാനും അനുകരിക്കാനുമാണ് ശ്രമിക്കേണ്ടത്.

**8. മകനെ നഷ്ടപ്പെടുന്നു**

തീർത്ഥാടനാവസരത്തിൽ ജറുസലെമിൽ വച്ചു മകനെ നഷ്ടപ്പെടുകയും കണ്ണീരോടെയുള്ള മൂന്നു ദിനരാത്രങ്ങളിലെ അന്വേഷണത്തി

നുശേഷം ദേവാലയത്തിൽ കണ്ടെത്തുകയും ചെയ്തതാണ് ലൂക്കാ സുവിശേഷത്തിലെ ബാല്യകാലത്തിന്റെ വിവരണത്തിലെ അവസാനത്തെ സംഭവം. ഇവിടെയും മാതാവിന്റെ പ്രതികരണവും മകന്റെ മറുപടിയും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

യേശുവിന് പന്ത്രണ്ട് വയസ്സായപ്പോഴാണ് സംഭവം നടന്നത് എന്നു ലൂക്കാ എടുത്തു പറയുന്നതിനു കാരണമുണ്ട്. പന്ത്രണ്ടു വയസ്സാകുമ്പോൾ യഹൂദബാലന്മാർ പ്രായപൂർത്തിവന്നവരായി പരിഗണിക്കപ്പെടുന്നു. അന്നുമുതൽ എല്ലാ നിയമങ്ങളും അനുസരിക്കാൻ അവർക്കു കടമയുണ്ട്. പ്രായപൂർത്തിയായ യഹൂദപുരുഷന്മാരുടെ എല്ലാ അവകാശങ്ങളും കടമകളും അവർക്കുണ്ട്. ഇതിനുപുറമേ, ജറസലെം ദേവാലയത്തിന്റെ ഘടനയെക്കുറിച്ച് ഒരു ഏകദേശരൂപം ഉണ്ടെങ്കിലേ യേശുവിനെ നഷ്ടപ്പെട്ട സാഹചര്യം മനസ്സിലാക്കാൻ കഴിയൂ.

ചുറ്റുമതിൽ കെട്ടിയടച്ച, ഏകദേശം 40 ഏക്കർ വിസ്തീർണമുള്ള വിശാലമായൊരു പ്രദേശമായിരുന്നു ജറുസലെം ദേവാലയം. ചുറ്റുമതിലിലെ കവാടങ്ങളിലൂടെ അകത്തു കടക്കുന്നവർ ആദ്യമേ എത്തുന്നത് വിജാതീയർക്കായി നിശ്ചയിച്ചിരിക്കുന്ന വിശാലമായ പ്രദേശത്താണ്. അവിടെ നിന്ന് പതിനഞ്ചു പടവുകൾ മുകളിലായി യഹൂദസ്ത്രീകൾക്കു പ്രവേശിക്കാവുന്ന തലം. വീണ്ടും പതിനഞ്ചുപടികൾ കയറിയാൽ യഹൂദപുരുഷന്മാർക്ക് കടന്നുവരാൻ അനുവാദമുള്ള സ്ഥലം. ഇതിനും അപ്പുറത്താണ് ബലിപീഠവും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും എല്ലാം സ്ഥിതിചെയ്യുന്നത്.

പന്ത്രണ്ടു വയസിൽ താഴെയുള്ള ആൺകുട്ടികളും സ്ത്രീകളുടെ തലത്തിൽ മാത്രമേ കടന്നുവരാവൂ. പന്ത്രണ്ടുവയസ്സു പൂർത്തിയായ ബാലന്മാർക്ക് പുരുഷന്മാരുടെ സ്ഥലത്തേക്കു കയറിവരാം. ഇതാണ് യേശുവിനെ നഷ്ടപ്പെടാനുണ്ടായ സാഹചര്യം. മകൻ പിതാവിന്റെ കൂടെയാകും എന്ന് അമ്മയും അമ്മയുടെ കൂടെയാകും എന്ന് പിതാവും ചിന്തിച്ചു. മടക്കയാത്രയിൽ ആദ്യതാവളത്തിൽ എത്തുമ്പോഴാണ് മകനെ നഷ്ടപ്പെട്ട കാര്യം ഇരുവരും മനസ്സിലാക്കുന്നത്.

ചരിത്രപരമായ ഈ വസ്തുതയുടെ പിന്നിൽ ആഴമേറിയ ചില സത്യങ്ങൾ സുവിശേഷകൻ സൂക്ഷിക്കുന്നുണ്ട്. യേശുവിനെ നഷ്ടപ്പെട്ട്, കണ്ണീരോടെ തിരഞ്ഞ മൂന്നു ദിനരാത്രങ്ങൾ വരാനിരിക്കുന്ന മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഒരു മുന്നാസ്വാദനമായി കാണണം. ജീവിതയാത്രയിൽ അതീവ ജാഗ്രത പാലിച്ചില്ലെങ്കിൽ യേശുവിനെ നഷ്ടപ്പെടാമെന്നും നഷ്ടപ്പെട്ടു എന്നറിയാതെ യാത്ര തുടരാൻ കഴിയുമെന്നും ഒരു

താക്കീതും ഇവിടെയുണ്ട്. യേശു കൂടെയില്ല എന്നറിയുന്ന നിമിഷം ഒരു മടക്കയാത്രയ്ക്കു തയ്യാറാകണമെന്നും ഈ സംഭവത്തിലൂടെ അനുസ്മരിപ്പിക്കുന്നു.

"നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്നു നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2, 49) എന്ന ചോദ്യത്തിന്റെ അർത്ഥം മറിയത്തിനു മുഴുവൻ മനസ്സിലായില്ല എന്നു സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. ഇതപോലൊരു സാഹചര്യത്തിൽ ഏതൊരമ്മയും പ്രതികരിക്കുന്നതുപോലെയാണ് മറിയം പ്രതികരിച്ചത്. മകന്റെ നിരുത്തരവാദപരമായ പെരുമാറ്റത്തിന് ഒരു ശാസന എന്നപോലെ ആയിരുന്നു അവളുടെ ചോദ്യം. എന്നാൽ മകന്റെ മറുപടി കൂടുതൽ ഉയർന്ന ഒരു തലത്തിലേക്ക് നയിക്കുന്നു.

"ഞാനും നിന്റെ പിതാവും" എന്നാണ് മറിയം പറഞ്ഞത്. അതേസമയം യേശുവിന്റെ മറുപടി സ്വർഗ്ഗസ്ഥനായ പിതാവിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഭൂമിയിലെ മാതാപിതാക്കന്മാരെ അനുസരിക്കണം. അതേസമയം സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിറവേറ്റാൻ വേണ്ടിയാണ് താൻ വന്നിരിക്കുന്നത് എന്ന പ്രസ്താവന മറിയവും ജോസഫും ഹൃദയത്തിൽ സൂക്ഷിച്ച് ആഴമായ ധ്യാനവിഷയമാക്കണം. തനിക്കു മകൻ നഷ്ടപ്പെടുന്നു എന്ന ഒരു അവബോധം മറിയത്തിനുണ്ടായോ? മകൻ തന്റെ സ്വന്തമല്ല, സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്ന അമൂല്യനിധിയാണ്. അവന്റെ വഴികൾ നിശ്ചയിക്കുന്നത് താനല്ല സ്വർഗ്ഗസ്ഥനായ പിതാവായിരിക്കും എന്ന അവബോധം അമ്മ മനസ്സിൽ ആഴത്തിൽ പതിപ്പിക്കുന്നതായിരുന്നു മകന്റെ ചോദ്യം. ഇവിടെയെല്ലാം മരിയൻ ആധ്യാത്മികതയുടെ വിവിധ വശങ്ങൾ കാണാൻ കഴിയും.

**9. വചനോപാസന**

പരസ്യജീവിതകാലത്ത് ലൂക്കായുടെ സുവിശേഷത്തിൽ മറിയം രണ്ടുതവണ പരാമർശവിഷയമാകുന്നുണ്ട്. മറ്റു ബന്ധുക്കളോടൊപ്പം യേശുവിന്റെ അടുക്കൽ വന്ന മറിയത്തിന്റെ ആഗമനോദ്ദേശ്യവും യേശുവിന്റെ മറുപടിയും ലൂക്കാ തനതായ രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്(ലൂക്കാ 8, 19-21). മർക്കോസ്-മത്തായി സുവിശേഷങ്ങളിലെ നിഷേധാത്മകം എന്ന പ്രതീതി ജനിപ്പിക്കുന്ന എല്ലാ പരാമർശങ്ങളും ഒഴിവാക്കിയിരിക്കുന്നു. യേശുവിനെ കാണാൻ മാത്രമാണ്, പിടിച്ചുകൊണ്ടുപോകാനല്ല അവർ വന്നത്. "ആരാണ് എന്റെ അമ്മ?" എന്ന ചോദ്യവും ഒഴിവാക്കിയിരുന്നു. പകരം തന്റെ അമ്മയുടെ സവിശേഷത അടിവരയിട്ടവ

തരിപ്പിക്കുകയാണ് യേശു ചെയ്യുന്നത്. "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8, 21).

ഇതുതന്നെയാണ് തന്റെ അമ്മയെ പ്രകീർത്തിച്ച സ്ത്രീക്ക് കൊടുത്ത മറുപടിയിലും യേശു ചെയ്തത്. "ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ11, 28). ശാരീരികമായി തന്റെ മാതാവായത് തികച്ചും സന്തോഷപ്രദമായ ഒരു കാര്യമാണ്. അത് ഒരാൾക്കു മാത്രം ദൈവം നല്കിയ ദാനവുമാണ്. എന്നാൽ അതിലുപരി ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയുമാണ് കരണീയം. അത് മറിയത്തിനു മാത്രമല്ല എല്ലാവർക്കും സാധിക്കും, സാധിക്കണം. ഈ പ്രസ്താവനയിലൂടെ മാതാവിന്റെ ഔന്നത്യവും അതിനു നിദാനമായ മനോഭാവവും പ്രവൃത്തിയും എടുത്തു കാട്ടുന്നതിനോടൊപ്പം മരിയൻ ആധ്യാത്മികതയുടെ മറ്റൊരു മാനം അനാവരണം ചെയ്യുകയും ചെയ്യുന്നു. വചനോപാസനയാണ് മരിയൻ ആധ്യാത്മികതയുടെ ഒരു സവിശേഷത.

**യോഹന്നാന്റെ സുവിശേഷത്തിൽ**

ഏറ്റം അവസാനം എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടുതവണ മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. സുവിശേഷത്തിന്റെ പൊതു ഘടനയിൽ അതുല്യപ്രാധാന്യമുള്ളതാണ് ഈ രണ്ടവസരങ്ങൾ. യേശു തന്റെ മഹത്വം ആദ്യമായി വെളിപ്പെടുത്തിയ കാനായും മഹത്വീകരണം പൂർത്തിയാക്കിയ കാൽവരിയും ആരംഭവും അവസാനവും എന്ന രീതിയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിടത്തും സുവിശേഷകൻ മറിയത്തെ "യേശുവിന്റെ അമ്മ" എന്നു വിളിക്കുന്നു; യേശുവാകട്ടെ "സ്ത്രീയേ" എന്നും. വിശദാംശങ്ങൾ അന്യത്ര ചർച്ചചെയ്യുന്നതിനാൽ (ഭാഗം മൂന്ന്, ചോദ്യം ചെയ്യപ്പെടുന്ന മരിയഭക്തി, അധ്യായം ഏഴ് കാണുക). പ്രസക്തമായ ചുരുക്കം കാര്യങ്ങൾ എടുത്തുകാട്ടാനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

**1. മറിയം – മധ്യസ്ഥ**

കാനായിലെ കല്യാണവിരുന്നിൽ വച്ച് വെള്ളം വീഞ്ഞാക്കി മാറ്റി യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തിയതിന്റെ ആരംഭം കുറിച്ച സംഭവത്തിൽ (യോഹ 2, 1–11) മറിയത്തെ മധ്യസ്ഥയായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു എന്നു തുടക്കത്തിലേ പറഞ്ഞുകൊണ്ട് ഈ സംഭവത്തിലുടനീളം മറിയ

ത്തിന്റെ സാന്നിധ്യവും പ്രാധാന്യവും എടുത്തുകാട്ടുന്നു. ഒരു കുടുംബ ത്തിന്റെ ആവശ്യം അവർക്കു മുമ്പേ അമ്മ അറിയുന്നു. അവർ ആവശ്യ പ്പെടാതെ തന്നെ മകന്റെ മുമ്പിൽ അവരുടെ ആവശ്യം അറിയിക്കുന്നു. മറുപടി നിഷേധാത്മകം എന്നു തോന്നാമെങ്കിലും മകൻ പറയുന്നതു ചെയ്യാൻ വേലക്കാർക്കു നിർദ്ദേശം നല്കുന്നു.

മരിയൻ ആധ്യാത്മികതയുടെ ചില സവിശേഷതകൾ ഇവിടെ കാണാം. മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിയുക; അവർക്കുവേണ്ടി യേശു വിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിക്കുക. യേശുവിന്റെ അടുക്കലേക്ക് മറ്റു ള്ളവരെ ആകർഷിക്കുക. യേശുവിന്റെ വാക്കനുസരിക്കാൻ പ്രേരിപ്പിക്കു ക. അതിനുശേഷം പിന്നണിയിലേക്കു പിൻവാങ്ങുക. മറിയമല്ല ശ്രദ്ധാ കേന്ദ്രം. മറിയം തന്നിലേക്കല്ല, പുത്രനിലേക്കാണ് വിശ്വാസികളെ ആകർഷിക്കുന്നത്. അവനാണ് കേന്ദ്രം. അവന്റെ വാക്കാണ് അനുസരി ക്കേണ്ടത്.

മകന്റെ ചോദ്യത്തിന്റെ അഗാധമായ അർത്ഥം അന്ന് അവൾ ഗ്രഹിച്ചോ എന്നറിയില്ല. “സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല” (യോഹ2, 4) എന്ന മറുപടി യാചനയുടെ നിഷേധമായോ അതൃപ്തി പ്രകടനമായോ മറിയം കണ്ടില്ല. സ്ത്രീയേ എന്ന അഭിസംബോധനയിലൂടെ യേശു മറിയത്തെ തന്റെ ശാരീരികമായ അമ്മയെന്ന തലത്തിൽ നിന്ന് രക്ഷകന്റെ അമ്മയായ പുതിയ ഹവ്വായുടെ തലത്തിലേക്ക് ഉയർത്തുന്നു. മരണം വഴി മഹത്വീകരണവും മനുഷ്യര ക്ഷയും യാഥാർത്ഥ്യമാക്കുന്ന മുഹൂർത്തമാണ് യേശുവിന്റെ സമയം. തർക്കത്തിനും വിശദീകരണത്തിനും നില്ക്കാതെ മറിയം വേലക്കാർക്കു നിർദ്ദേശം നല്കുമ്പോൾ അമ്മ മകനെ കൈപിടിച്ച് ഇറക്കിവിടുകയാണ്; കുരിശിന്റെ വഴിയിലേക്ക്. കൂടെ താനുമുണ്ടാകും എന്ന സൂചനയും ഈ പ്രവൃത്തിയിലുണ്ട്.

**2. മറിയം – മാതാവ്**

യോഹന്നാന്റെ സുവിശേഷത്തിൽ കുരിശിൻ ചുവട്ടിലാണ് നാം മറി യത്തെ വീണ്ടും കണ്ടുമുട്ടുന്നത്. നാലു സുവിശേഷങ്ങളിൽ യോഹന്നാൻ മാത്രമേ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മയെക്കുറിച്ചു പ്രതിപാദി ക്കുന്നുള്ളൂ എന്നതുതന്നെ ശ്രദ്ധേയമാണ്. സ്വയം രാജാവായി പ്രഖ്യാ പിക്കുക വഴി റോമാസാമ്രാജ്യത്തിനെതിരേ കലാപത്തിനു ശ്രമിച്ചു എന്ന രാജദ്രോഹകുറ്റത്തിനു കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളിയുടെ അമ്മ ആയിട്ടാണ് മറിയം കുരിശിൻ ചുവട്ടിൽ നിന്നത്. കുരിശിൽ പിടയുകയും

നിലവിളിക്കുകയും ചെയ്യുന്ന മകനെ നോക്കി നിന്ന അമ്മയുടെ ഹൃദയം പിളർന്ന ദുഃഖത്തിന്റെ ആഴം ഊഹിക്കാൻ പോലും ആവില്ല. എന്നാൽ അതൊന്നും സുവിശേഷകൻ സൂചിപ്പിക്കുന്നു പോലുമില്ല.

അമ്മ കുരിശിൻ ചുവട്ടിൽ നിന്നു എന്നതുതന്നെ ശ്രദ്ധേയം. ശിഷ്യന്മാരെല്ലാം ഒളിച്ചോടി; ഉറ്റവർ അകന്നു മാറി. ചുരുക്കം ചില സ്ത്രീകൾ മാത്രം അവശേഷിച്ചു - യേശുവിനോടു കൂടെ. യേശു സ്നേഹിച്ച ശിഷ്യനും കൂടെ ഉണ്ടായിരുന്നു എന്നു യോഹന്നാൻ എടുത്തു പറയുന്നുണ്ട്. അതിനു പ്രത്യേക ലക്ഷ്യവുമുണ്ട്. "യേശു സ്നേഹിച്ച ശിഷ്യൻ" യോഹന്നാനായിരുന്നു എന്നാണ് പൊതുവായ അഭിപ്രായം. എന്നാൽ യേശു സ്നേഹിക്കുന്ന സകല ശിഷ്യരുടെയും പ്രതീകവും പ്രതിനിധിയുമാണ് കുരിശിൽ ചുവട്ടിൽ അമ്മയോടു ചേർന്നു നില്ക്കുന്ന ഈ ശിഷ്യൻ എന്നതു പ്രത്യേകം ശ്രദ്ധിക്കണം. കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മയെ ബലിപീഠത്തിനു മുമ്പിൽ നില്ക്കുന്ന പുരോഹിതനായി കരുതാനാവുമോ? ഇതെന്റെ ശരീരം, ഇതെന്റെ രക്തം എന്ന് യേശു ഒഴികെ ഈ ഭൂമിയിൽ ആർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ അതു മറിയത്തിനു മാത്രമാണ്. കാരണം യേശുവിന്റെ ശരീരവും രക്തവും പൂർണമായും അവളിൽ നിന്നെടുത്തതാണ്. അതിനാൽത്തന്നെ മറിയത്തിന്റെ പൗരോഹിത്യം സംശയാതീതമായി അംഗീകരിച്ചേ മതിയാവൂ.

മറിയത്തിന്റെ ഏകമകൻ പിതാവിനു സ്വയംബലിയായി അർപ്പിച്ച ബലിപീഠമാണ് കുരിശ്. അതിനു മുമ്പിൽ പുത്രനെ ബലിയർപ്പിക്കുന്ന മാതാവ്. അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടതും അവസാന നിമിഷം ഒഴിവാക്കിയതുമായ ഏകജാതബലിയർപ്പണം മറിയം ഇവിടെ പൂർണമായ അർത്ഥത്തിൽ, അതിന്റെ സകല ഭീകരതയോടും കൂടെ, നിർവഹിച്ചു. ആ നിമിഷത്തിലാണ് മരിക്കുന്ന മകന്റെ ചാവരുൾ കാതുകളിൽ മുഴങ്ങിയത്: "ഇതാ നിന്റെ മകൻ; ഇതാ നിന്റെ അമ്മ"(യോഹ 19, 26). അതോടെ അവൾ ശിഷ്യസമൂഹത്തിന്റെ മുഴുവൻ അമ്മയായി.

ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ വേദനിക്കാതെ യേശുവിനു ജന്മം നല്കിയ മറിയം കാൽവരിയിൽ അതികഠിനമായ വേദനയിലാണ് പുതിയ മനുഷ്യവർഗത്തിന്, രക്ഷിക്കപ്പെടുന്ന ശിഷ്യസമൂഹത്തിന്, മാതാവായത്. മകന്റെ മരണത്തിൽ അമ്മയനുഭവിച്ചത് സഭാ മാതാവാകാനുള്ള പ്രസവവേദനയായിരുന്നു എന്ന് സഭാപിതാക്കന്മാരുടെ ഒരു നിരീക്ഷണമുണ്ട്. മരിയൻ ആധ്യാത്മികതയുടെ ഉച്ചകോടി ഇവിടെ കാണാം. കർത്താവിന്റെ ദാസിയിൽ ദൈവവചനം പൂർണമായും നിറവേറിയ നിമിഷമായി

രുന്നു അത്. "എനിക്കും നിനക്കും എന്ത്?" എന്ന ചോദ്യത്തിന്റെ അർത്ഥം ഇവിടെ അതിന്റെ പൂർണതയിൽ വെളിവായി.

ക്രൂശിതന്റെ മരണവേദനയിൽ പങ്കുചേർന്ന്, പുരോഹിതനെപ്പോലെ, കുരിശിൻ ചുവട്ടിൽ നിന്ന മറിയം അമ്മയായി, രക്ഷകന്റെ മാത്രമല്ല, സകല രക്ഷിതരുടെയും അമ്മ. മറിയത്തിന്റെ കന്യകാത്വം വന്ധ്യമായിരുന്നില്ല. ആദ്ധ്യാത്മിക മാതൃത്വത്തിലൂടെ അതു ധന്യമായി. യേശുവിൽ വിശ്വസിക്കുന്ന, അവനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്ന, ഓരോ വ്യക്തിയുടെയും അമ്മയാണ് മറിയം. ഈ മാതൃത്വമാണ് അവളുടെ ജീവിതത്തെ ഏറ്റം ധന്യമാക്കുന്നത്. മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള മറിയത്തിന്റെ വ്യഗ്രതയുടെയും അതോടൊപ്പം വിശ്വാസികളുടെ മരിയ ഭക്തിയുടെയും അടിസ്ഥാനവും ഈ മാതൃത്വം തന്നെ. ഇപ്രകാരം ഒരു മാതൃത്വത്തിൽ ഫലം ചൂടുന്നതാവണം മരിയൻ ആധ്യാത്മികത.

**വെളിപാടു പുസ്തകത്തിൽ**

നിഗൂഢതകളുടെ ഒരു നിലവറയാണ് ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടുപുസ്തകം. ഈ പുസ്തകത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന പല രഹസ്യങ്ങളും സവിശേഷമായ പരിശീലനം കൂടാതെ ഗ്രഹിക്കാനാവില്ല. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, ഡൊമിഷ്യൻ ചക്രവർത്തിയുടെ കല്പനപ്രകാരം നടന്ന ഭീകരമായ മതപീഡനത്തിന്റെ പശ്ചാത്തലത്തിൽ, രക്ഷാചരിത്രത്തിന്റെ പരിസമാപ്തിയും സൃഷ്ടപ്രപഞ്ചത്തിന്റെ നവീകരണവും ദൈവരാജ്യത്തിന്റെ പൂർത്തീകരണവും അവതരിപ്പിച്ചുകൊണ്ട് വിശ്വാസികൾക്ക് ധൈര്യവും പ്രത്യാശയും നല്കുക എന്നതായിരുന്നു ഈ ഗ്രന്ഥരചനയ്ക്കു പിന്നിലുണ്ടായിരുന്ന മുഖ്യപ്രേരകശക്തി. അന്നത്തെ വായനക്കാർക്ക് സുപരിചിതമായ അപ്പോകലിപ്റ്റിക് അഥവാ വെളിപാട് സാഹിത്യരൂപമാണ് ഗ്രന്ഥരചനയ്ക്കായി ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ തികച്ചും രഹസ്യാത്മകമായേ ഈ പുസ്തകം ഇന്ന് അനുഭവപ്പെടൂ. അതിനാൽത്തന്നെ ഒരേ സംഭവങ്ങൾക്കും ചിത്രങ്ങൾക്കും വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നല്കപ്പെടാറുണ്ട്. (വെളിപാടുപുസ്തകത്തെക്കുറിച്ച് വിശദമായി പഠിക്കാൻ ആഗ്രഹിക്കുന്നവർ മൈക്കിൾ കാരിമറ്റം, "വെളിപാടുപുസ്തകം, ഒരു വ്യാഖ്യാനം" കാണുക).

സൂര്യകിരണങ്ങൾ വാരിയുടുത്ത്, ചന്ദ്രപീഠത്തിൽ പാദങ്ങളുറപ്പിച്ച്, നക്ഷത്രകിരീടം തലയിൽചൂടി നില്ക്കുന്ന ഒരു സ്ത്രീയുടെ ചിത്രം വെളിപാട് 12-ാം അധ്യായത്തിൽ കാണാം. സകല ജനതകളെയും ഇരുമ്പുദ

ണ്ഡുകൊണ്ടു ഭരിക്കാനിരിക്കുന്ന രാജാവിന്റെ അമ്മയാണവൾ. അതിനാൽത്തന്നെ മിശിഹാരാജാവായി ജനിച്ച യേശുക്രിസ്തുവിന്റെ അമ്മയായ മറിയത്തെയാണ് ഈ ചിത്രം സൂചിപ്പിക്കുന്നത് എന്നു പൊതുവേ കരുതപ്പെടുന്നു. സഭാപിതാക്കന്മാരുടെ സാക്ഷ്യവും മാർപ്പാപ്പാമാരുടെ പ്രബോധനങ്ങളും ഈ വ്യാഖ്യാനത്തിനു പിന്തുണയായുണ്ട്. എന്നാൽ ഈ ഒറ്റവിശദീകരണം കൊണ്ടുമാത്രം വെളിപാടുഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ചിത്രത്തിലെ അർത്ഥം മുഴുവൻ വ്യക്തമാവുകയില്ല. ചിത്രത്തിലെ ചില വിശദാംശങ്ങൾ മറിയത്തിൽ അന്വർത്ഥമാകുന്നതായി കാണാമെങ്കിലും മറ്റു പലതും അല്പംകൂടി വിശാലമായൊരു കാഴ്ചപ്പാടിലേക്കു ക്ഷണിക്കുന്നതാണ്. ഒരേ പ്രതീകത്തിനുതന്നെ ഒന്നിലധികം അർത്ഥവും വ്യാഖ്യാനസാധ്യതകളും ഉണ്ടെന്നതും ശ്രദ്ധിക്കണം.

"മിശിഹാ രാജാവിന്റെ മാതാവ്" എന്ന അർത്ഥത്തിൽ ഈ സ്ത്രീ പ. കന്യകാമറിയത്തിന്റെ പ്രതീകമാണെന്നതിൽ സംശയമില്ല. എന്നാൽ മറ്റു കാര്യങ്ങൾ അത്രതന്നെ വ്യക്തമല്ല. പ്രസവവേദനയാൽ ഞെരുങ്ങുകയും പ്രസവക്ലേശത്താൽ നിലവിളിക്കുകയും ചെയ്യുന്ന സ്ത്രീയാണോ മറിയം? കുഞ്ഞിനെ പ്രസവിച്ചതിനുശേഷം അവൾ മരുഭൂമിയിലേക്ക് പലായനം ചെയ്യുന്നു; സർപ്പത്തിന്റെ ആക്രമണത്തിനിരയാകുന്നു; ദൈവത്തിന്റെ പ്രത്യേക സംരക്ഷണം അനുഭവിച്ച് 1260 ദിവസം മരുഭൂമിയിൽ കഴിയുന്നു. ഇതെല്ലാം മാതാവിനെക്കുറിച്ചാണ് എന്നു കരുതാൻ പ്രയാസമുണ്ട്. മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് "സ്വർഗ്ഗാരോപണം" എന്ന വിശ്വാസസത്യപ്രഖ്യാപനത്തിലൂടെ കത്തോലിക്കാസഭ പഠിപ്പിക്കുന്നത്. അതിനാൽ ഈ ചിത്രം കൂടുതൽ വിശദമായ പഠനം ആവശ്യപ്പെടുന്നു.

വെളിപാടുപുസ്തകത്തിന്റെ കേന്ദ്രത്തിലാണ് "സ്ത്രീയും സർപ്പവും" എന്ന ദൃശ്യം അവതരിപ്പിച്ചിരിക്കുന്നത്. ദൈവജനത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന പൈശാചികശക്തിയാണ് സർപ്പത്തിന്റെ രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്നത് എന്നതിൽ സംശയമില്ല. എന്നാൽ, ആരാണ് ഈ സ്ത്രീ? സൂര്യനെ ഉടയാടയാക്കി എന്നത് ദൈവികമഹത്വത്തിൽ പങ്കുചേരുന്നതിന്റെ സൂചനയാണ്. സൂര്യശോഭ ദൈവികതയിലുള്ള പങ്കുചേരലിനെ സൂചിപ്പിക്കുന്നു. രൂപാന്തരീകരണവേളയിൽ യേശുവിന്റെ മുഖവും വസ്ത്രവും സൂര്യനെപ്പോലെ ശോഭിച്ചു എന്ന വിവരണം (മത്താ. 17:2) ഈ ദിശയിലേക്കു വിരൽചൂണ്ടുന്നു. ചന്ദ്രനെ പാദപീഠമാക്കുന്നത് അധികാരത്തെയാണ് സൂചിപ്പിക്കുന്നത്; കിരീടമാകട്ടെ, രാജത്വ

ത്തെയും. ദൈവികമഹത്വത്തിലും രാജാധികാരത്തിലും പങ്കുചേരുന്ന രാജ്ഞിയായ ഇവൾ ആരാണ്?

വെളിപാടു പുസ്തകത്തിൽ മറ്റു രണ്ടു സ്ത്രീകളെക്കുറിച്ചുകൂടി പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധരുടെ രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യ (വെളി. 17) യാണ് ഒന്ന്. ഇത് ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുന്ന റോമാസാമ്രാജ്യത്തിന്റെ പ്രതീകമാണ് (വെളി. 17,18). റോമാ മാത്രമല്ല, ചരിത്രത്തിലുടനീളം ദൈവജനത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന പൈശാചിക ശക്തിയുടെ ഉപകരണവും പ്രതീകവുമാണവൾ. തിന്മയുടെ ആൾരൂപം.

കുഞ്ഞാടിന്റെ മണവാട്ടിയാണ് രണ്ടാമത്തെ സ്ത്രീ (വെളി. 19,7-8). ഇത് രക്ഷിക്കപ്പെട്ട ദൈവജനത്തിന്റെ പ്രതീകമാണ്. “വിശുദ്ധരുടെ സൽപ്രവൃത്തികളാണ് അവൾ അണിഞ്ഞിരിക്കുന്ന ശുഭ്രവസ്ത്രം” (വെളി. 19, 8) എന്ന വിശദീകരണം ഈ വ്യാഖ്യാനത്തിലേക്കാണ് നയിക്കുന്നത്. ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന പുതിയ ജറുസലെം (വെളി. 21, 1-2) എന്ന ചിത്രവും ദൈവജനമാകുന്ന സഭയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. 19, 8 ൽ കണ്ട മണവാട്ടിതന്നെയാണിത് എന്ന നിഗമനത്തിനു സാധുതയുണ്ട്.

ഈ ഒരു ചിത്രവുമായി 12-ാം അധ്യായത്തിലേക്കു മടങ്ങിയാൽ വ്യാഖ്യാനത്തിനു സഹായകമായ ചില സൂചനകൾ ലഭിക്കും. ദൈവജനത്തിന്റെ പ്രതീകമാണ് സ്ത്രീ. ദൈവജനത്തിന്റെ ചരിത്രത്തിൽ രണ്ടു ഘട്ടങ്ങളുണ്ട്. രക്ഷകന്റെ വരവിനുവേണ്ടി ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നതാണ് ആദ്യത്തെ ഘട്ടം. പ്രസവവേദനയാൽ നിലവിളിക്കുന്ന ഗർഭിണി ഈ കാലഘട്ടത്തെ സൂചിപ്പിക്കുന്നു എന്നു കാണാൻ കഴിയും. രക്ഷകനെ കാത്തിരിക്കുന്ന ജനത്തിന്റെ ഉൽകണ്ഠകളും ഭയവും പ്രതീക്ഷയും എല്ലാം ഈ പ്രതീകത്തിനു പിന്നിലുണ്ട്. രക്ഷകനായ മിശിഹായുടെ ജീവിതം ജനനം, മഹത്വീകരണം എന്നീ രണ്ടു ഘടകങ്ങളിൽ ഒതുക്കിയതിനുശേഷം സ്ത്രീയുടെ തുടർന്നുള്ള ജീവിതത്തിലാണ് ഗ്രന്ഥകാരൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതു പീഡനത്തിന്റെയും അതേസമയം ദൈവികസംരക്ഷണത്തിന്റെയും കാലമാണ്. 1260 ദിവസം എന്നത് പ്രതീകാത്മകമായൊരു സംഖ്യയാണ്. 42 മാസം എന്നും മൂന്നരവർഷമെന്നും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട് (വെളി. 11. 2), യേശുവിന്റെ മഹത്വീകരണം മുതൽ മടങ്ങിവരവുവരെയുള്ള സുദീർഘമായ കാലഘട്ടത്തെയാണിതു സൂചിപ്പിക്കുന്നത്. നിരന്തരമായ പീഡനങ്ങൾക്കുമധ്യേ,

പ്രത്യാശ കൈവെടിയാതെ, ദൈവികസംരക്ഷണയിൽ, സുരക്ഷിതയായി കഴിയുന്ന സഭയാണ് ഈ സ്ത്രീ.

ഈ വ്യാഖ്യാനം സ്വീകരിക്കുമ്പോൾ രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു. 12-ാം അധ്യായത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീ ദൈവജനത്തിന്റെ പ്രതീകമാണ്; പഴയനിയമവും പുതിയ നിയമവും ഉൾപ്പെടുന്ന ദൈവജനത്തിന്റെ പ്രതീകം. ദൈവികമഹത്വത്തിൽ പങ്കുചേരുന്ന, ദൈവരാജ്യത്തിന്റെ അവകാശികളുടെ സമൂഹമാണിത്. കിരീടത്തിലെ പന്ത്രണ്ടുനക്ഷത്രങ്ങൾ പഴയനിയമത്തിലെ പന്ത്രണ്ടു ഗോത്രങ്ങളെയും പുതിയനിയമത്തിലെ പന്ത്രണ്ട് അപ്പസ്തോലന്മാരെയും സൂചിപ്പിക്കുന്നു. അതേസമയം ദൈവജനത്തിന്റെ മാതാവായി യേശുതന്നെ നിർദ്ദേശിച്ചുനല്കിയ ("ഇതാ നിന്റെ അമ്മ; യോഹ 19, 26-27) പരിശുദ്ധ കന്യകാമറിയവും ഈ ചിത്രത്തിനു പിന്നിലുണ്ട്. മിശിഹാരാജാവിനു ജന്മം നല്കിയത് അവളാണ്. ദൈവികമഹത്വത്തിലും രാജത്വത്തിലും അവൾ പങ്കുചേരുന്നു. സൂര്യശോഭ വിശുദ്ധിയുടെ പ്രതീകമായും കാണാം. അമലോത്ഭവയും പാപരഹിതയുമാണ് മറിയം. നക്ഷത്രകിരീടം രാജത്വത്തെ സൂചിപ്പിക്കുന്നതിനാൽ ദൈവികമഹത്വത്തിൽ, രാജത്വത്തിൽ മറിയം പങ്കുചേരുന്നു. "മാതാവിന്റെ കിരീടധാരണം" എന്ന് ജപമാലയുടെ അവസാനത്തെ രഹസ്യത്തിൽ ധ്യാനവിഷയമാക്കുന്നത് ഈ സത്യമാണ്.

വെളിപാടിലെ സ്ത്രീ ദൈവജനമാണ്; അതേസമയം ദൈവജനത്തിന്റെ മാതാവും പ്രതീകവും പ്രതിനിധിയുമായ മറിയവുമാണ്. ലോകരക്ഷകനും രാജാധിരാജനുമായ മിശിഹായുടെ മാതാവാണവൾ; അതേസമയം ദൈവജനത്തിന്റെ ഭാഗവുമാണ്. നാരകീയ ശക്തികൾക്കെതിരെ ദൈവജനം നടത്തുന്ന യുദ്ധങ്ങളിൽ അവൾ പങ്കുചേരുന്നു. സ്വർഗ്ഗാരോപിതയെങ്കിലും ഭൂമിയിൽ ക്ലേശിക്കുന്ന മക്കൾക്ക് അവളുടെ സാന്നിധ്യവും മാധ്യസ്ഥ്യവും അനുഭവവേദ്യമാകുന്നു. മാതാവിന്റെ നിരവധിയായ ദർശനങ്ങളും പ്രത്യക്ഷീകരണങ്ങളും സന്ദേശങ്ങളും നിർദ്ദേശങ്ങളും എല്ലാം ഈ വിശദീകരണത്തിന് പിന്തുണയായി നില്ക്കുന്നു.

തിരുസഭയെ മാതാവായി കാണുന്ന കാഴ്ചപ്പാടാണ് സഭയ്ക്കുള്ളത്. അതോടൊപ്പം യേശുവിന്റെ അമ്മയായ മറിയത്തെ സഭയുടെ മാതാവായും സഭ കാണുന്നു. അങ്ങനെ കാണാൻ പഠിപ്പിക്കുകയും ചെയ്യുന്നു. ഈ രണ്ടുഘടകങ്ങൾക്കും തുല്യപ്രാധാന്യമുണ്ട്. ഏതെങ്കിലും ഒന്നു നിഷേധിക്കുന്നതും ഒന്നിലേക്കുമാത്രം ശ്രദ്ധ ചുരുക്കുന്നതും സത്യം നിഷേധിക്കലാവും.

# ഭാഗം II

# മരിയൻ ആദ്ധ്യാത്മികത

# മരിയൻ ആധ്യാത്മികത

ദൈവമനുഷ്യബന്ധത്തെ സൂചിപ്പിക്കാനാണ് ആധ്യാത്മികത എന്ന പദം പൊതുവേ ഉപയോഗിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ദൈവത്തോടുള്ള ബന്ധവും ഇതരമനുഷ്യരോടും തന്നോടുതന്നെയും പ്രപഞ്ചത്തോടുമുള്ള ബന്ധത്തെയും നിർണായകമായ വിധം സ്വാധീനിക്കും. അതേസമയം ഈ ബന്ധങ്ങളുടെ വിവിധ വശങ്ങൾക്കു നല്കുന്ന ഊന്നൽ അനുസരിച്ച് ആധ്യാത്മികതയിലും വ്യത്യാസങ്ങളുണ്ടാകും. അങ്ങനെ ഒരേ വിശ്വാസത്തിൽ പങ്കുചേരുകയും ഒരേ കത്തോലിക്കാസഭയുടെ അംഗങ്ങളാവുകയും ചെയ്യുന്നവരുടെ ഇടയിൽത്തന്നെ വ്യത്യസ്ത ഊന്നലുകളുള്ള ആധ്യാത്മികതകൾ രൂപം കൊള്ളുന്നു.

ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്നീ മൂന്നുവ്രതങ്ങൾ വഴി ജീവിതത്തെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുന്ന സന്യസ്തരുടെ ഇടയിൽത്തന്നെ വ്യത്യസ്തങ്ങളായ ആധ്യാത്മികത കാണാൻ കഴിയും. ഓരോ സന്യാസസഭയും സ്ഥാപകപിതാവിന്റെ/മാതാവിന്റെ പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങളെ കാരിസമായി സ്വീകരിച്ച് തനതായ രീതിയിലുള്ള ആധ്യാത്മിക ജീവിതം നയിക്കാൻ ശ്രമിക്കുന്നു, പ്രേരിപ്പിക്കുന്നു.

ദൈവത്തോടും സഹജീവികളോടുമുള്ള സമീപനത്തെ നിർണായകമായി സ്വാധീനിക്കുന്നതാണ് ആധ്യാത്മികത. രക്ഷകന്റെ അമ്മയാകാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുകയും ലഭിച്ച വിളിയോട് പൂർണമായും വിശ്വസ്തത പുലർത്തുകയും ചെയ്ത പരിശുദ്ധ കന്യകാമറിയ

ത്തിൽ പ്രകടമായ ആധ്യാത്മികതയുടെ വ്യത്യസ്ത മാനങ്ങളും തല ങ്ങളും പരിശോധിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. ബൈബിളിൽ, പ്രത്യേകിച്ചും പുതിയ നിയമത്തിൽ കാണുന്ന, ചുരുക്കമെങ്കിലും സുപ്ര ധാനങ്ങളായ ഘടകങ്ങൾ ആദ്യഭാഗത്ത് ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചു. ആ ഘടകങ്ങൾ കൂടുതൽ വിശദമായി അപഗ്രഥിക്കാനും അവയുടെ ആനുകാലിക പ്രസക്തി മനസ്സിലാക്കാനുമാണ് ഈ രണ്ടാം ഭാഗത്തു ശ്രമിക്കുന്നത്. ആദ്യഭാഗത്തു കണ്ട കാര്യങ്ങൾ വീണ്ടും വിശകലനം ചെയ്യുമ്പോൾ ആവർത്തന വിരസത അനുഭവപ്പെട്ടേക്കാം. അതിനാൽ ഒരിക്കൽ കണ്ടവ വീണ്ടും ആവർത്തിക്കാതെ, അവയിൽ നിന്ന് അനുദി നജീവിതത്തിൽ സ്വാധീനം ചെലുത്തേണ്ടതും അനുകരണാർഹവുമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ ശ്രമിക്കുന്നതാണ്. മറിയത്തിൽ പ്രക ടമായ ആധ്യാത്മികഭാവങ്ങളാണ് ഇവിടെ പഠന വിഷയമാക്കാൻ ശ്രമി ക്കുന്നത്.

# 1.
# വിശ്വാസജീവിതം

*"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി"(ലൂക്കാ 1, 45).*

മറിയത്തിന്റെ ആധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏറ്റം ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് അമ്മയുടെ വിശ്വാസമാണ്, മറിയത്തിന്റെ യഥാർത്ഥ മഹത്വത്തിനു നിദാനമായി എലിസബത്ത് എടുത്തു കാട്ടിയതും അവളുടെ വിശ്വാസം തന്നെ. "എന്റെ കർത്താവിന്റെ അമ്മ" എന്ന വിശേഷണത്തിലൂടെ മറിയത്തിന്റെ ദൈവമാതൃത്വം ഏറ്റുപറഞ്ഞതിനു ശേഷമാണ് ഈ ഉദ്ഘോഷണം. എന്താണ് വിശ്വാസത്തിന്റെ വിഷയമെന്നും എലിസബത്തിന്റെ വാക്കുകളായി സുവിശേഷകൻ ലൂക്കാ എടുത്തുകാട്ടുന്നു, "കർത്താവ് അരുളിച്ചെയ്തവ നിറവേറും" എന്നു വിശ്വസിച്ചു.

തികച്ചും അസാധാരണം എന്നു മാത്രമല്ല, അസാധ്യം എന്നും തോന്നാവുന്നതാണ് ഇവിടെ സൂചിപ്പിക്കുന്ന കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ. പുരുഷസംസർഗം കൂടാതെ കന്യക ഗർഭം ധരിക്കുക – ഏശയ്യായുടെ പ്രവചനമുണ്ടെങ്കിലും അതു തന്നിൽ സംഭവിക്കും എന്നു വിശ്വസിക്കുക എളുപ്പമായിരുന്നില്ല. സംഭവിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ തികച്ചും ഭയാനകമായിരുന്നു. എന്നിട്ടും മറിയം വിശ്വസിച്ചു. അതാണ് അവളെ ഭാഗ്യവതി എന്ന് എലിസബത്ത് പ്രകീർത്തിക്കാൻ കാരണം.

"ഭാഗ്യവതി" എന്നു വിവർത്തനം ചെയ്യുന്ന 'മക്കാരിയാ' എന്ന ഗ്രീക്കു വാക്കിന് കൂടുതൽ ആഴവും വ്യാപ്തിയുമുണ്ട്. സുവിശേഷഭാഗ്യങ്ങളിൽ ആവർത്തിക്കുന്ന ഒരു പദമാണ് മക്കാരിയോസ്(മക്കാരിയാ, മക്കരിയോയ് എന്നു ബഹുവചനം). ദൈവത്തിന്റെ പ്രത്യേക കൃപലഭിച്ചയാൾ, ആ കൃപയിൽനിന്ന് സംജാതമാകുന്ന സന്തോഷത്തിന് ഉടമ എന്നൊക്കെ ഈ പദം വിവർത്തനം ചെയ്യാം. നിന്റെ അവസ്ഥ എത്രയോ സന്തോഷപ്രദം, അനുഗൃഹീതം എന്നായിരിക്കും ഈ ഉദ്ഘോഷണത്തിന്റെ അർത്ഥം. ഈ അർത്ഥത്തിലാണ് 'ഭാഗ്യവതി' എന്നു വിവർത്തനം ചെയ്യുന്നത്.

വിശ്വാസത്തെക്കുറിച്ച് ചില നിർവ്വചനങ്ങളും വിശദീകരണങ്ങളും ഹെബ്രായർക്കുള്ള ലേഖനം പതിനൊന്നാം അധ്യായത്തിൽ കാണാം. അധ്യായം തുടങ്ങുന്നതുതന്നെ വിശ്വാസത്തെ സംബന്ധിച്ച ഒരു നിർവ്വചനത്തോടെയാണ്. "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്(ഹെബ്രാ 11,1). ഇവിടെ പ്രത്യാശയും വിശ്വാസവും പരസ്പരം ബന്ധിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ രണ്ടും ബൗദ്ധികതലത്തിൽ ഒതുങ്ങിനില്ക്കുന്നതായി തോന്നാം. എന്നാൽ ലേഖനകർത്താവ് തുടർന്നവതരിപ്പിക്കുന്ന പിതാക്കന്മാരുടെ ഉദാഹരണങ്ങളെല്ലാം ബുദ്ധിയുടെ വ്യാപാരത്തിനപ്പുറത്ത്, ജീവിതത്തിൽ പ്രകടമാകുന്ന പ്രവൃത്തികളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

"വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നല്കുമെന്നും വിശ്വസിക്കണം (ഹെബ്രാ 11,6). വിശ്വാസവിഷയത്തെ അല്പം കൂടി വ്യക്തമായി ലേഖനകർത്താവ് ഇവിടെ നിർവ്വചിക്കുന്നുണ്ട്. വിശ്വാസവും പ്രത്യാശയും വീണ്ടും അന്യോന്യം ബന്ധപ്പെടുത്തിയിരിക്കുന്നു. ദൈവം ഉണ്ടെന്നും ദൈവം പ്രതിഫലം നല്കും എന്നുമാണ് വിശ്വസിക്കേണ്ടത്. വീണ്ടും ബൗദ്ധികമേഖലയ്ക്ക് ഊന്നൽ നല്കുന്നതുപോലെ തോന്നാം. എന്നാൽ അതുമാത്രമല്ല വിശ്വാസം.

വിശ്വാസത്തിന്റെ ഏറ്റം വലിയ ഉദാഹരണമായി ലേഖനകർത്താവ് എടുത്തുകാട്ടുന്നത് അബ്രാഹത്തെയാണ്. അബ്രാഹത്തിന്റെ വിശ്വാസമാകട്ടെ പൂർണമായ അനുസരണത്തിലൂടെയാണ് പ്രകടമായത്. വിളികിട്ടിയപ്പോൾ ഒട്ടും സംശയിക്കാതെ ഇറങ്ങിപ്പുറപ്പെട്ടു, എങ്ങോട്ടെന്നറിയാതെ. വാഗ്ദാനങ്ങളിൽ ഒന്നുപോലും നിറവേറാതെ വർഷങ്ങൾ കടന്നുപോയി. ഒന്നും രണ്ടുമല്ല, ഇരുപത്തഞ്ചു വർഷങ്ങൾ. എഴുപത്തഞ്ചാം

വയസ്സിൽ വിളികേട്ട് ഇറങ്ങിയ അബ്രാഹം കടന്നുപോയ കനൽവഴികൾ വി. ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്.

ലക്ഷ്യം ഏതെന്ന്, ഏതു വഴിയേ പോകണമെന്ന്, ഭാവി എന്താകും എന്ന് അറിയാതെ, ഓരോ ദിവസവും കിട്ടുന്ന നുറുങ്ങു വെട്ടത്തിൽ അവൻ നടന്നു. വാഗ്ദത്ത ഭൂമിയിൽ പരദേശിയെപ്പോലെ കഴിഞ്ഞു. നൂറാം വയസിലാണ് വാഗ്ദാനപുത്രൻ ജനിക്കുന്നത്. കൗമാരത്തിലെത്തിയ ഏകമകനെ ബലിയർപ്പിക്കാൻ വീണ്ടും ദൈവകല്പന. ഇവിടെയൊന്നും അബ്രാഹം പതറിയില്ല. സംശയിച്ചില്ല. അനുസരിച്ചു. അതായിരുന്നു വിശ്വാസം. പൂർണമായ അനുസരണത്തിലൂടെ പ്രകടമായ വിശ്വാസം.

ആ വിശ്വാസം ബൗദ്ധികമായൊരു സമ്മതം മാത്രമായിരുന്നില്ല. ജീവിതത്തെ അടിമുടി മാറ്റിമറിച്ച ഒരു തീരുമാനമായിരുന്നു, പൂർണമായ ഒരു വിട്ടുകൊടുക്കലായിരുന്നു അബ്രാഹത്തിന്റെ വിശ്വാസം. ഏതെങ്കിലും തത്ത്വസംഹിത ചോദ്യം ചെയ്യാതെ, നിരുപാധികം അംഗീകരിക്കുന്നതായിരുന്നില്ല, അത് സമ്പൂർണമായ കീഴടങ്ങലായിരുന്നു, ദൈവത്തിനു പൂർണമായി സ്വയം അടിയറവെയ്ക്കലായിരുന്നു. ഇവിടെയാണ് ബൈബിൾ അവതരിപ്പിക്കുന്ന വിശ്വാസത്തിന്റെ സവിശേഷത പ്രകടമാകുന്നത്. സ്വന്തം ജീവിതം ദൈവകരങ്ങളിൽ പൂർണമായി ഏല്പിക്കുന്നതാണ് വിശ്വാസം. ദൈവം പറയുന്ന കാര്യങ്ങൾ സത്യമെന്നംഗീകരിക്കൽ മാത്രമല്ല, വാഗ്ദാനങ്ങൾ നിറവേറും എന്നു സമ്മതിക്കലുമല്ല, പ്രത്യുത എന്നെത്തന്നെ ദൈവകരങ്ങളിൽ പൂർണമായി ഏല്പിച്ചുകൊടുക്കലാണ്.

അന്ധകാരത്തിലേക്കുള്ള ഒരു എടുത്തുചാട്ടം എന്ന് ഈ വിശ്വാസത്തെ വിശേഷിപ്പിക്കാം. എന്റെ ഒരു ബാല്യകാലാനുഭവം ഈ വിശ്വാസത്തിന്റെ അർത്ഥം ഗ്രഹിക്കാൻ എനിക്ക് ഏറെ സഹായകമായി. ഞങ്ങളുടെ വീടിനടുത്തായി ഒരു പുഴയുണ്ട്. വലിയ പുഴ എന്നാണ് ഞങ്ങൾ അതിനെ വിളിക്കുക. ഞങ്ങളുടേത് ഒരു കൂട്ടുകുടുംബമായിരുന്നു. നാലു സഹോദരങ്ങളിൽ നിന്നു ജനിച്ച പത്തോളം ആൺകുട്ടികൾ. ഞങ്ങൾക്കെല്ലാം നീന്തൽ പഠിക്കാൻ ആഗ്രഹമുണ്ട്. പക്ഷേ പുഴയിൽ പോകാൻ മാതാപിതാക്കൾ അനുവദിക്കാറില്ല. അങ്ങനെയിരിക്കെ നല്ല വണ്ണം നീന്തൽ അറിയാവുന്ന ഒരു ചെറുപ്പക്കാരൻ ഞങ്ങളുടെ അടുത്തു വന്ന് താമസമാക്കി. അയാൾ ഞങ്ങളെ നീന്തൽ പഠിപ്പിക്കാം എന്നു പറഞ്ഞു. മാതാപിതാക്കൾ സമ്മതിച്ചു. എല്ലാവരും കൂടെ പുഴക്കരയിലെത്തി.

പുഴയിലിറങ്ങി അരയ്ക്കൊപ്പം വെള്ളത്തിലേക്ക് നീങ്ങി. എല്ലാവരോടും നീന്താൻ ആശാൻ ആജ്ഞാപിച്ചു. പക്ഷേ എങ്ങനെ നീന്താൻ?

വെള്ളത്തിൽ കമിഴ്ന്നു കിടന്ന് കാലും കൈയും പൊക്കി നീന്താൻ അടുത്ത കല്പന. പക്ഷേ കാലുപൊക്കിയപ്പോൾ തല വെള്ളത്തിൽ. മൂക്കിലും വായിലും വെള്ളം കയറി. ശ്വാസം മുട്ടിയപ്പോൾ കാല് നിലത്ത് ഉറപ്പിച്ചു നിന്നു. പരീക്ഷണങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ ആശാൻ അവ സാനത്തെ അടവ് പ്രയോഗിച്ചു. പുഴക്കരയിൽ ഉയർന്നു നില്ക്കുന്ന ഒരു പാറയുണ്ട്. പത്താഴക്കല്ലെന്നാണ് ആളുകൾ അതിനെ വിളിക്കുക. കാരണം ആ പാറയുടെ അടി ഒരു പത്തായം പോലെയാണ് – ഒരു നില യില്ലാക്കയം. അവിടെ ഒഴുക്കില്ല. ആശാൻ ഞങ്ങളെയെല്ലാം ഈ പത്താ ഴക്കല്ലിനു മുകളിൽ കയറ്റി നിർത്തി. ആശാൻ താഴെ കയത്തിൽ തുഴഞ്ഞു നിന്നു.

അടുത്ത കല്പന: ചാടിക്കോ. ഓരോരുത്തരായി താഴേക്കു ചാടാൻ തയ്യാറെടുത്തു. ആദ്യത്തെയാൾ ചാടി വെള്ളത്തിലെത്തിയപ്പോൾ ആശാന്റെ കൈകൾ വയറിനടിയിൽ. ആശാന്റെ കൈകളിൽ കിടന്ന് കൈയും കാലും ഒരുപോലെ തല്ലിയലച്ചു, ഒരു മിനിറ്റായില്ല, ആശാൻ കൈ പിൻവലിച്ചു. ശിഷ്യൻ നീന്തൽ പഠിച്ചു കഴിഞ്ഞു. പരസഹായം കൂടാതെ, ഭയം കൂടാതെ നിലയില്ലാക്കയത്തിൽ നീന്തിക്കളിച്ചു. 15 മിനി റ്റിനകം ഞങ്ങൾ എല്ലാവരും നീന്തൽ പഠിച്ചു, എത്ര എളുപ്പം!

പ്രായമായപ്പോൾ ഈ നീന്തൽ പഠനത്തെക്കുറിച്ച് വീണ്ടും ചിന്തിച്ചു. എന്തു വിചാരിച്ചാണ് ഞങ്ങൾ നിലയില്ലാക്കയത്തിലേക്ക് ചാടിയത്? ആശാൻ താങ്ങിയില്ലെങ്കിൽ മുങ്ങിച്ചാകും. തീർച്ച. പക്ഷേ അങ്ങനെ ഒരു ചിന്തപോലും മനസ്സിൽ അപ്പോഴുണ്ടായിരുന്നില്ല. രണ്ടു കാര്യങ്ങൾ ഒരു ചിന്തയും കൂടാതെ ഞങ്ങൾ എല്ലാവരും വിശ്വസിച്ചു. ചാടാൻ പറയുന്ന ആശാന് നീന്തൽ അറിയാം, എന്നെ താങ്ങാൻ അയാൾക്കു കഴിയും. 2. അയാൾ തീർച്ചയായും എന്നെ താങ്ങും, മുങ്ങിച്ചാകാൻ അനുവദിക്കുക യില്ല. ഇതുതന്നെയല്ലേ വിശ്വാസം എന്ന് നാം പറയുന്നത്? അന്ധകാര ത്തിലേക്കുള്ള കൂപ്പുകുത്തൽ എന്നു വിശ്വാസത്തെ വിശേഷിപ്പിക്കുന്നതു മുഴുവൻ ശരിയല്ല. അന്ധകാരത്തിലേക്കല്ല, എനിക്കു താഴെ വിരിഞ്ഞു നില്ക്കുന്ന എന്റെ ദൈവത്തിന്റെ കരങ്ങളിലേക്കാണ് ഞാൻ എന്റെ ജീവി തവുമായി എടുത്തുചാടുന്നത്.

ഇതുതന്നെയല്ലേ വിശ്വാസത്തിന്റെ കാതൽ? ഒരു കാര്യം മാത്രമേ വിശ്വാസത്തിൽ പ്രസക്തമാകുന്നുള്ളൂ. എന്നെ വിളിക്കുന്ന ദൈവം. ദൈവം വിശ്വസ്തനാണ്, വാക്കു പാലിക്കും. വഴിയിൽ ഉപേക്ഷിക്കില്ല; കയത്തിൽ മുങ്ങിച്ചാകാൻ അനുവദിക്കില്ല. ഇതാണ് വിശ്വാസം; വിശ്വാസം നല്കുന്ന ഉറപ്പും ഇതുതന്നെ. അബ്രാഹം വിശ്വസിച്ചു. സാഹചര്യങ്ങളെല്ലാം

തികച്ചും പ്രതികൂലമായിരുന്നിട്ടും അബ്രാഹം സംശയിച്ചില്ല; പിന്തിരിഞ്ഞില്ല. ഏക പ്രതീക്ഷയായ മകന്റെ കഴുത്തിൽ കത്തിവയ്ക്കാൻ തുടങ്ങുമ്പോഴും അബ്രാഹം സംശയിച്ചില്ല. വിളിച്ചവനിൽ വിശ്വാസം, അല്ല ജീവിതം അർപ്പിച്ചു. അങ്ങനെ അബ്രാഹം വിശ്വാസികളുടെ പിതാവായി.

അബ്രാഹത്തിന്റേതിലും വലുതായിരുന്നു ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയത്തിന്റെ വിശ്വാസം. തുടക്കംതന്നെ വലിയ സാഹസമാണ്. ദൈവദൂതൻ പറഞ്ഞ കാര്യങ്ങളെല്ലാം ബുദ്ധികൊണ്ട് അപഗ്രഥിച്ച് മനസ്സിലാക്കാൻ കഴിയുന്നവയല്ല. കന്യകയായിരിക്കെത്തന്നെ ഗർഭിണിയാകുക; ദൈവപുത്രന്റെ അമ്മയായവുക! പിതാക്കന്മാർ സംപൂജ്യമായി കാത്തുസൂക്ഷിച്ചിരുന്ന പ്രവചനങ്ങൾ വെറും ഗ്രാമീണകന്യക, അതും വിവാഹനിശ്ചയം കഴിഞ്ഞ, തന്നിൽ നിറവേറുന്നു എന്നു വിശ്വസിക്കുക എളുപ്പമായിരുന്നില്ല. പക്ഷേ മറിയം പതറിയില്ല; ചോദ്യം ചെയ്തില്ല; അടയാളം ആവശ്യപ്പെട്ടതുമില്ല. ഞാൻ എന്തു ചെയ്യണം? ദൈവം എന്നിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്? ഇതുമാത്രമേ മറിയത്തിന് അറിയേണ്ടതുള്ളൂ. ദൂതൻ കൊടുത്ത മറുപടിയിൽ അവൾ തൃപ്തയായി. ഇനി ഒന്നേ അവശേഷിച്ചിട്ടുള്ളൂ, സ്വയം അടിയറ വയ്ക്കുക. “ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ”(ലൂക്കാ 1, 38).

അതൊരു തുടക്കം മാത്രമായിരുന്നു. ഇനി അങ്ങോട്ടുള്ള യാത്രയുടെ ഓരോ നിമിഷവും അവളുടെ വിശ്വാസജീവിതം കഠിനമായി പരീക്ഷിക്കപ്പെട്ടു. വിവാഹനിശ്ചയം ചെയ്തിരിക്കുന്ന വരൻ ജോസഫ് എങ്ങനെ പ്രതികരിക്കും? എന്തായിരിക്കും തനിക്കു സംഭവിക്കുക? അവൾ ചോദിച്ചില്ല. വിളിച്ചവൻ വിശ്വസ്തനാണ്; അവന്റെ കൈകളിൽ എന്റെ ജീവിതം സുരക്ഷിതമാണ് എന്ന് അവൾ ഉറച്ചു വിശ്വസിച്ചു. ഒരിക്കൽ മാത്രം മനസുകൊണ്ടെടുക്കുന്ന ഒരു തീരുമാനമോ നല്കുന്ന ഒരു സമ്മതമോ അല്ല വിശ്വാസം. അതു നിശ്ചലമായ ഒരവസ്ഥയല്ല, ക്രിയാത്മകമായ, നിരന്തരം പ്രവൃത്തിക്കുന്ന ഒരു ഭാവമാണ്. ദൈവത്തിന്റെ കൈകളിലേക്ക് എന്നും എപ്പോഴും സമർപ്പിച്ചുകൊണ്ടിരിക്കുന്ന ചലനാത്മകമായ പ്രക്രിയ.

അനേകം പ്രതിസന്ധികളിലൂടെ കടന്നുപോയതാണ് മറിയത്തിന്റെ വിശ്വാസജീവിതം. കാലിത്തൊഴുത്തിലെ ദാരിദ്ര്യം, ശിമയോൻ ഹൃദയത്തിലിറക്കിയ വാൾ, മകന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി അഭയാർത്ഥിയെപ്പോലെ ഈജിപ്തിലേക്ക് ഒളിച്ചോട്ടം, പന്ത്രണ്ടാം വയസിലെ വിരഹദുഃഖം, നസ്രത്തിലെ അജ്ഞാതവാസം, കാനായിലെ സംശയം ജനിപ്പിക്കാവുന്ന മകന്റെ ചോദ്യം, അവസാനം കുരിശിന്റെ വഴി, ഒരു സാധാരണ കുറ്റവാളിയെപ്പോലെ, പോരാ കലാപകാരിയെപ്പോലെയുള്ള മകന്റെ

മരണം. കുരിശിലെ നിലവിളി: "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തേ എന്നെ നീ കൈവെടിഞ്ഞു!" ചവുട്ടി നില്ക്കുന്ന മണ്ണ് തനിക്കു കീഴിൽ വിണ്ടുകീറുന്നതുപോലെ, താൻ പാതാളത്തിലേക്കു വീഴുന്നതുപോലെ അമ്മയ്ക്കു തോന്നിയോ? ഇല്ല എന്നാണ് സുവിശേഷകൻ നല്കുന്ന സാക്ഷ്യം. കുരിശിൻ ചുവട്ടിൽ അവന്റെ അമ്മ നിന്നു, മകനെ കിടത്തിയ ബലിപീഠത്തിനരികെ ഉയർത്തിയ കത്തിയും പിടിച്ചുനിന്ന അബ്രാഹത്തെ പ്പോലെ.

പോരാ. അബ്രാഹത്തിന്റേതിലും വലുതായിരുന്നു മറിയത്തിന്റെ വിശ്വാസം. അവസാന നിമിഷം കർത്താവിന്റെ ദൂതൻ നരബലി വിലക്കി, പകരം മുട്ടാടിനെ കൊടുത്തു. ഇവിടെ മറിയത്തിന് അങ്ങനെയൊരു ആനു കൂല്യം ഉണ്ടായില്ല. പകരം വയ്ക്കാൻ മുട്ടാടില്ല. കുരിശാകുന്ന ബലിപീ ഠത്തിൽ മരിക്കുന്ന മകനെ പിതാവിന്റെ കരങ്ങളിൽ തിരിച്ചേല്പിച്ചു കൊണ്ട് അമ്മ നിന്നു, പുരോഹിതനെപ്പോലെ. അവിടെയാണ് വിശ്വാസ ജീവിതം അതിന്റെ പൂർണതയിൽ എത്തിയത്.

ഇതു തന്നെയാണ് മറിയം കാട്ടിത്തരുന്ന ആധ്യാത്മികതയുടെ കാതൽ. വിശ്വസിക്കുക; ചോദ്യം ചെയ്യാതെ സ്വീകരിക്കുക. മടിക്കാതെ അനുസരിക്കുക. സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോഴും പിൻതിരി യാതെ മുന്നേറുക. ജീവിതചക്രവാളങ്ങളിൽ ഇരുൾ പരക്കുമ്പോഴും വിശ്വാ സത്തിന്റെ ദീപം ഹൃദയത്തിൽ കെട്ടുപോകാതെ കാത്തുസൂക്ഷിക്കുക. ഇഷ്ടപ്പെട്ട പലതും വിട്ടുപേക്ഷിക്കേണ്ടി വരും. നാടും വീടും കുടുംബവും ഉറ്റവരും ഉടയവരുമെല്ലാം വിട്ടുപേക്ഷിക്കേണ്ടതിന്റെ പട്ടികയിൽ പെട്ടെന്നു വരും. ഒട്ടും പ്രതീക്ഷിക്കാത്ത, തികച്ചും അപരിചിതവും ഭയാനകവുമായ വഴികളിലൂടെ നടക്കേണ്ടിവരും. പ്രതീക്ഷിക്കുന്ന കേന്ദ്രങ്ങളിൽ നിന്ന് അഭയം ലഭിച്ചില്ലെന്നു വരും. ഒരു പക്ഷേ ഉറ്റവർപോലും കൈവിട്ടെന്നും വരും. ഇതെല്ലാം വിശ്വാസജീവിതത്തിന്റെ ഭാഗം തന്നെ.

ഇവിടെയെല്ലാം പിടിച്ചുനില്ക്കാൻ, വിളിച്ചവനെ വിടാതെ പിൻതുട രാൻ സഹായിക്കുന്നത് അവനിലുള്ള വിശ്വാസമാണ്. പ്രേഷ്ഠശിഷ്യനായ തിമോത്തിക്ക് അപ്പസ്തോലൻ തന്റെ അന്തിമ വിൽപ്പത്രം എന്നപോലെ എഴുതുന്ന കത്തിൽ എടുത്തുപറയുന്ന ഒരു വാക്യം വെളിച്ചം പകരും; "ആരിലാണ് ഞാൻ വിശ്വാസമർപ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം. എന്നെ ഭരമേല്പിച്ചിരിക്കുന്നവയെ ആ ദിവസം വരെ ഭദ്രമായി കാത്തു സൂക്ഷിക്കാൻ അവനു കഴിയുമെന്നും എനിക്ക് പൂർണബോധ്യമുണ്ട്"(2 തിമോ 1, 12). ആരിലാണ് താൻ വിശ്വാസമർപ്പിച്ചത് എന്ന് മറിയത്തിന് അറിയാമായിരുന്നു. ആ സമർപ്പിതജീവിതം അന്ത്യനിമിഷം വരെ വിശ്വ

സ്തതയോടെ അവൾ ജീവിച്ചു തീർത്തു. വിശ്വസിച്ച ആ ഭാഗ്യവതിക്ക് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ, വിളിച്ചവന്റെ തിരുഹിതം നിറവേറ്റുക; ഏല്പിച്ച ദൗത്യം പൂർണ്ണ വിശ്വസ്തയോടെ പൂർത്തിയാക്കുക. അതിന് അവളെ ശക്തയാക്കിയത് ഒരിക്കലും കുറയാത്ത അവളുടെ വിശ്വാസമായിരുന്നു.

ജീവിതത്തിൽ നേരിടേണ്ടി വന്ന ക്ലേശങ്ങളും പ്രതിസന്ധികളും സഹനങ്ങളും എല്ലാം ആ വിശ്വാസത്തെ ക്ഷയിപ്പിക്കുകയല്ല, കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. "അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന വിശ്വാസം" (പത്രോ1,7) എന്ന പത്രോസിന്റെ പ്രഖ്യാപനം മറിയത്തിൽ പൂർണമായും അന്വർത്ഥമായി. മരിയൻ ആധ്യാത്മികതയുടെ എന്നല്ല, യഥാർത്ഥമായ ഏത് ആധ്യാത്മികതയുടെയും അടിസ്ഥാനം ഈ വിശ്വാസമാണ്. പ്രതിബന്ധങ്ങളും പീഡനങ്ങളും ആ വിശ്വാസത്തെ കൂടുതൽ ശക്തിപ്പെടുത്തുകയേ ഉള്ളൂ.

# 2.
# അനുസരണം

*"മറിയം പറഞ്ഞു; ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1, 38).*

മറിയത്തിന്റെ ആധ്യാത്മികതയുടെ ഒരടിസ്ഥാന ഭാവമാണ് ദൂതനു നല്കിയ മറുപടിയിൽ പ്രകടമാകുന്നത്. ദൈവഹിതം എന്തെന്നു വ്യക്തമായപ്പോൾ പിന്നെ ഒന്നു മാത്രമേ കരണീയമായുള്ളൂ; കീഴടങ്ങുക. ദൈവത്തിനും വെളിവാക്കപ്പെട്ട തിരുഹിതത്തിനും മുൻപിൽ പൂർണമായി അടിയറവയ്ക്കുക. അതാണ് അമ്മയുടെ മറുപടിയിൽ പ്രതിധ്വനിക്കുന്നത്. സ്വയം വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന 'കർത്താവിന്റെ ദാസി' എന്ന പദവും കർത്താവിന്റെ ഹിതം സ്വന്തം ജീവിതത്തിൽ എന്നും എപ്പോഴും പൂർണമായി നിറവേറാനുള്ള സന്നദ്ധതയും. 'അനുസരണം' എന്ന ലളിതമായ ഒറ്റവാക്കിൽ ഈ മനോഭാവത്തെ നിർവ്വചിക്കാം.

*ദൂലോസ്(ദൂലേ* - സ്ത്രീ) എന്നാണ് ദാസി എന്നു വിവർത്തനം ചെയ്യുന്ന വാക്കിന്റെ ഗ്രീക്കുമൂലം. ഇതിനെ അടിമ എന്നും വിവർത്തനം ചെയ്യാം. അർത്ഥസൂചനയിൽ സംശയത്തിന് പഴുതില്ല. മറ്റൊരാളുടെ സ്വന്തമാകുന്ന വ്യക്തിയാണ് ദാസൻ - അടിമ. അടിമയ്ക്കു സ്വന്തമായി ഒന്നുമില്ല. തീരുമാനമെടുക്കാൻ അവകാശമില്ല; സ്വന്തമായൊന്നും സമ്പാദിക്കാനോ സൂക്ഷിച്ചുവയ്ക്കാനോ അനുവാദമില്ല. താനും തനിക്കുള്ളതു മുഴുവനും യജമാനന്റേതാണ്. യജമാനന് ഇഷ്ടമുള്ളത് അടിമയോടു ചെയ്യാം. എന്തു ചെയ്താലും അതിനെ ചോദ്യം ചെയ്യാനാവില്ല. തല്ലാനും

കൊല്ലാനും ഇഷ്ടംപോലെ ഉപയോഗിക്കാനും യജമാനന് അവകാശമുണ്ട്. അടിമ അതെല്ലാം സ്വീകരിച്ചേ മതിയാവൂ. ഇങ്ങനെ പരിധികളില്ലാത്ത അധികാരമാണ് ഉടമയ്ക്ക് അടിമയുടെ മേലുള്ളത്.

ഇതു തികച്ചും ക്രൂരമായി തോന്നാം. ശരിയാണ്. യജമാനന്റെ സ്വഭാവം അനുസരിച്ചിരിക്കും അടിമയുടെ അവസ്ഥ. ഈജിപ്തിലെ ഇസ്രായേൽക്കാരുടെ അവസ്ഥ അടിമകളുടേതായിരുന്നു. ക്രൂരമായ മർദ്ദനത്തിൻ കീഴിൽ അടിമവേല ചെയ്ത അവരുടെ നിലവിളി കേട്ട് ഇറങ്ങിവരുമ്പോഴാണ് ദൈവം തന്റെ സ്വഭാവം പ്രകടമാക്കുന്നത്, പേരു വെളിപ്പെടുത്തുന്നത്. ഫറവോയുടെ അടിമകളായിരുന്നവരെ മോചിപ്പിച്ച് സ്വന്തം ജനമായി സ്വീകരിച്ചു. അപ്പോൾ ഇസ്രായേൽ ജനം ദൈവത്തിന്റെ അടിമകളായി എന്നു പറയാം. പക്ഷേ ദൈവം ആരെയും അടിമയാക്കുന്നില്ല എന്നത് മറ്റൊരു യാഥാർത്ഥ്യം.

ബൈബിളിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവം അടിമകളെ പീഡിപ്പിക്കുന്ന ക്രൂരനായ യജമാനനല്ല, മറിച്ച് മനുഷ്യരെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയും മക്കളായി കരുതി സംരക്ഷിക്കുകയും ചെയ്യുന്ന പിതാവും വിമോചകനുമാണ്. നിവർന്നു നടക്കാൻ വേണ്ടി നുകത്തിന്റെ കെട്ടുകൾ പൊട്ടിക്കുന്നവനാണ്(ലേവ്യ26,13) ദൈവം. തന്റെ ജനം സ്വതന്ത്രരും സന്തുഷ്ടരും ആയിരിക്കണം എന്നാഗ്രഹിക്കുന്നവനും അതിനുവേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കുന്നവനുമാണ് ദൈവം. അവിടുന്ന് ആരെയും അടിമയാക്കുന്നില്ല. ആരും ആരെയും അടിമയാക്കാൻ ആഗ്രഹിക്കുന്നുമില്ല. ഈ പശ്ചാത്തലത്തിൽ വേണം 'കർത്താവിന്റെ ദാസി' എന്ന വിശേഷണം മനസിലാക്കാൻ.

മറ്റാർക്കുമല്ല, ദൈവത്തിനാണ്, ദൈവത്തിനു മാത്രമാണ്, മറിയം സ്വയം സമർപ്പിക്കുന്നത്. 'കർത്താവ്' എന്ന പ്രയോഗവും ശ്രദ്ധയർഹിക്കുന്നു. പുറപ്പാടിന്റെ പശ്ചാത്തലത്തിൽ മോശയ്ക്കു ദൈവം വെളിപ്പെടുത്തിയ പേരിനെയാണ് 'കർത്താവ്' എന്ന വിശേഷണം സൂചിപ്പിക്കുന്നത്. *'യാഹ്‌വേ'* എന്ന ദൈവത്തിന്റെ പേര് ഭക്തിയാദരവുകൾ മൂലം ഇസ്രായേൽക്കാർ ഉച്ചരിക്കുകയില്ല. പകരം *'അദോനായ്'* എന്നാണവർ പറയുക. ഈ വാക്കിന്റെ വിവർത്തനമാണ് 'കർത്താവ്' അതിനാൽ 'കർത്താവിന്റെ ദാസി' എന്ന പ്രയോഗത്തിൽ ഇസ്രായേൽ ജനത്തിലൂടെ ചുരുൾ വിടരുന്ന രക്ഷാചരിത്രത്തിലേക്ക് ഒരു സൂചന കാണാം.

"കർത്താവിന്റെ ദാസൻ" എന്നാണ് പ്രവാചകന്മാർ ഇസ്രായേൽ ജനത്തെ വിശേഷിപ്പിക്കുക, പ്രത്യേകിച്ചും ഏശയ്യാ. ''എന്റെ ദാസനായ

ഇസ്രായേലേ"(ഏശ 41,8), "എന്റെ സ്നേഹിതനായ അബ്രാഹത്തിന്റെ സന്തതി, നീ എന്റെ ദാസനാണ്" (ഏശ 41,9) എന്നു വിശേഷിപ്പിക്കുമ്പോൾ ക്രൂരനായ ഒരു യജമാനന്റെയല്ല, സ്നേഹധനനായ പിതാവിന്റെ ചിത്രമാണ് പ്രകടമാകുക. "ഞാൻ തിരഞ്ഞെടുത്ത ദാസൻ" (ഏശ 43, 10; 44, 1.2) "... ഇസ്രായേലേ ഓർമ്മിക്കുക. നീ എന്റെ ദാസനാണ്. ഞാൻ നിന്നെ സൃഷ്ടിച്ചു. നീ എന്റെ ദാസൻ തന്നെ" (ഏശ 44,2). "കർത്താവ് തന്റെ ദാസനായ ഇസ്രായേലിനെ രക്ഷിച്ചിരിക്കുന്നു." (48,20). ഇപ്രകാരം ഒരു പദം സ്വയം വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നതിലൂടെ മറിയം തന്റെ സമ്പൂർണവിധേയത്വവും അതേസമയം പുത്രീസഹജമായ സ്നേഹവും ഏറ്റുപറയുന്നു. ഏതെങ്കിലും നിർബന്ധത്തിനു വിധേയമായുള്ള ഒരു കീഴടങ്ങലല്ല, മറിച്ച് പൂർണമായ സ്വാതന്ത്ര്യത്തോടെ സ്നേഹത്താൽ പ്രേരിതമായൊരു ആത്മസമർപ്പമാണിവിടെ പ്രകടമാകുക.

"കർത്താവിന്റെ ദാസി" എന്ന വിശേഷണത്തിനു പിന്നിൽ ആഴമേറിയതും കൂടുതൽ വ്യക്തവുമായ മറ്റൊരു സൂചനയും കാണാൻ കഴിയും. രണ്ടാം ഏശയ്യ (ഏശ 40-55) എന്നറിയപ്പെടുന്ന ഭാഗത്ത് ദാസഗീതികൾ എന്നറിയപ്പെടുന്ന നാലു കീർത്തനങ്ങളുണ്ട് (ഏശ 42, 1-9, 49, 1-6; 50, 4-11; 52, 13-53, 12). ഈ കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ ദാസൻ ആരെന്ന ചോദ്യം ഇന്നും ഒരു തർക്കവിഷയമാണ്. മറ്റു ഭാഗങ്ങളിലെന്നപോലെ ഇസ്രായേൽ ജനം എന്നു തന്നെ കരുതുന്നവരുമുണ്ട്. അനേകം സഹനങ്ങളിലൂടെ കടന്നുപോയ ജറെമിയായാണ് ഇവിടെ പരാമർശവിഷയം എന്നു മറ്റു ചിലർ കരുതുന്നു. പുതിയനിയമത്തിൽ ഈ ദാസഗീതികൾ യേശുക്രിസ്തുവിലേക്കു വിരൽ ചൂണ്ടുന്ന പ്രവചനങ്ങളായാണ് വ്യാഖ്യാനിക്കുന്നത്(അപ്പ 8, 31-36).

ഇപ്രകാരം അർത്ഥഗർഭമായ ഒരു വിശേഷണം മറിയത്തെ വളരെ ഉന്നതമായ ഒരു തലത്തിലേക്ക് ഉയർത്തുന്നു. കർത്താവിന്റെ ദാസനെക്കുറിച്ചുള്ള പ്രവചനങ്ങളിൽ മറിയത്തിന്റെ ദൗത്യവും ഉൾച്ചേർത്തിരിക്കുന്നു എന്ന സൂചനയാവും സുവിശേഷകൻ നല്കുന്നത്. ജനതകൾക്കു പ്രകാശമാകാൻ വിളിക്കപ്പെട്ട ദാസൻ തന്റെ വചനത്തിലൂടെയും അതിലുപരി സഹനത്തിലൂടെയും തന്നെ അയച്ചവന്റെ ഹിതം പൂർണമായി നിർവ്വഹിക്കുന്ന ചിത്രമാണ് ദാസഗീതികളിലൂടെ പ്രവാചകൻ വരച്ചുകാട്ടുന്നത്. ജനതകൾക്കു പ്രകാശമാകാൻ അയക്കപ്പെടുന്ന ദൈവപുത്രനെ സ്വീകരിച്ച് ലോകത്തിനു കൈമാറാൻ വിളിക്കപ്പെട്ടിരിക്കുന്ന ദീപപീഠമാണ് മറിയം. അനുസരണമാണ് അതിനവളെ യോഗ്യയാക്കുന്നത്.

ദൈവവചനത്തിന്റെ പൂർത്തീകരണത്തിനു സ്വയം വിട്ടുകൊടുക്കുക. "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". ഇതാണ് അനുസരണം. ചോദ്യം ചെയ്യുന്നില്ല, പ്രതിഷേധമില്ല, മടിയില്ല; സംശയം പോലുമില്ല. ഏതു നിമിഷവും ദൈവഹിതം മാത്രം ജീവിതവ്രതമായി സ്വീകരിക്കുക. അതായിരുന്നു മറിയത്തിന്റെ ആധ്യാത്മികതയുടെ അടിത്തറ. ഇതു തന്നെയാണല്ലോ 'അനുസരണം' വ്രതമായി സ്വീകരിക്കുന്ന സകലരും ചെയ്യുന്നത്.

എന്നാൽ ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു: എന്താണ് എന്നെ സംബന്ധിച്ച ദൈവഹിതം? എങ്ങനെയാണതു തിരിച്ചറിയുക? ഉത്തരം എളുപ്പമല്ല. ദൈവഹിതം തിരിച്ചറിയാൻ ക്ലേശിക്കുന്ന അനേകം പേരുടെ ചിത്രം ബൈബിൾ വരച്ചുകാട്ടുന്നുണ്ട്. അബ്രാഹം, യാക്കോബ്, മോശ, സാമുവേൽ, സാവൂൾ തുടങ്ങി അനേകർ നേരിട്ട ആന്തരികസംഘർഷങ്ങൾ ബൈബിളിൽ കാണാം. സാക്ഷാൽ ദൈവപുത്രനായ യേശു പോലും ഇത്തരമൊരു സംഘർഷത്തിലൂടെ കടന്നുപോയതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. മരുഭൂമിയിലെ 40 ദിവസത്തെ ഉപവാസവും നേരിട്ട പ്രലോഭനങ്ങളും ഇപ്രകാരമൊരു തിരഞ്ഞെടുപ്പിന്റെ, തിരിച്ചറിവിന്റെ വേദനകൾ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഗദ്സെമനിലാണ് ഈ സംഘർഷം അതിന്റെ ഉച്ചകോടിയിലെത്തിയത്. രക്തം വിയർക്കാൻ മാത്രം രൂക്ഷമായിരുന്നു യേശുവിന്റെ ആന്തരിക സംഘർഷം! "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ22, 42).

എളുപ്പമായിരുന്നില്ല ദൈവഹിതം തിരിച്ചറിയാൻ. അതിലും കൂടുതൽ പ്രയാസമായിരുന്നു തിരുഹിതം സ്വീകരിക്കാൻ. ഒന്നു മാത്രമാണ് യേശു ചെയ്തത്. നിരന്തരം പ്രാർത്ഥിച്ചു, വ്യക്തതയും ശക്തിയും നേടാൻ. പൂർണ്ണദൈവവും അതേസമയം പൂർണമനുഷ്യനുമായ യേശുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിലുള്ള രൂക്ഷമായ സംഘട്ടനം നടന്നു. ആ ആന്തരികസംഘട്ടനമാണ് രക്തം വിയർപ്പുതുള്ളികളായി ഒഴുകാൻ ഇടയാക്കിയത്. അവസാനം തിരിച്ചറിഞ്ഞ ദൈവഹിതത്തിന് മാനുഷികമായ ഇച്ഛാശക്തിയെ കീഴ്പ്പെടുത്തി, അടിയറവച്ചു. അതായിരുന്നു മാനവരക്ഷയ്ക്കു നിദാനമായ യേശുവിന്റെ ആത്മബലി.

അനുസരണത്തിന്റെ പിന്നിൽ അരങ്ങേറിയ ആന്തരികസംഘർഷത്തിന്റെ രൂക്ഷത ഹെബ്രായ ലേഖനത്തിൽ കൃത്യമായി വരച്ചുകാട്ടുന്നുണ്ട്: "തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു മരണത്തിൽ നിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം

മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹന ത്തിലൂടെ അനുസരണം അഭ്യസിച്ചു. പരിപൂർണനാക്കപ്പെട്ടതു വഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമാ യി" (ഹെബ്രാ 5, 7-8). ദൈവം കൈവിട്ടു എന്നു തോന്നുമ്പോൾ പോലും അവിടുത്തെ കൈകളിൽ സ്വന്തം ആത്മാവിനെ സമർപ്പിക്കുന്നതാണ് യേശുവിന്റെ അനുസരണം. അപ്രകാരം ഒരനുസരണമാണ് മറിയം നല്കുന്നത്. അവിടുത്തെ തിരുഹിതം എന്നിൽ പൂർണമായും നിറവേ റട്ടെ!

തുടക്കത്തിൽ നല്കിയ ഈ സമർപ്പണം ജീവിതത്തിലുടനീളം മറിയം തുടർന്നു. എളുപ്പമായിരുന്നില്ല. പലപ്പോഴും അവ്യക്തതകൾ ഉണ്ടായി. തിരുഹിതം തിരിച്ചറിയാൻ ബുദ്ധിമുട്ടുകൾ നേരിട്ടു. എന്നിട്ടും പതറിയി ല്ല. കർത്താവേ നീ മാത്രം, നിന്റെ തിരുഹിതം മാത്രം എനിക്കു ജീവിത നിയമം. കാലിത്തൊഴുത്തും ഈജിപ്തും കടന്ന് കാൽവരിയിൽ എത്തി നില്ക്കുമ്പോഴും ഈ സമർപ്പണത്തിനു കോട്ടമില്ല. ഇതാ കർത്താവിന്റെ ദാസി, നിന്റെ തിരുഹിതം മാത്രം മതി എനിക്ക്. ഇതാണ് മരിയൻ ആധ്യാ ത്മികതയുടെ അടിസ്ഥാനഭാവം.

കർത്താവിനു സ്വയം അടിയറവെയ്ക്കുന്നതാണ് വിശ്വാസം; അതുത ന്നെയാണ് അനുസരണം. അഥവാ അനുസരണത്തിലൂടെയാണ് വിശ്വാസം പ്രകടമാകുന്നത്. കുരിശുമരണം വരെയുള്ള യേശുവിന്റെ അനുസരണമാണ് മനുഷ്യരക്ഷ നേടിയത്. ദൈവഹിതത്തിനുപരി സ്വന്തം ഹിതം തിരഞ്ഞെടുക്കുന്നതാണ് പാപം. അതാണ് ദൈവത്തെപ്പോലെ യാകാനുള്ള പ്രലോഭനത്തിൽ പറുദീസായിലും (ഉൽപ 3, 4-7) ദൈവ തുല്യരാകാനുള്ള ശ്രമത്തിൽ ബാബേൽ ഗോപുര നിർമ്മിതിയിലും (ഉൽപ 11, 4-8) പ്രകടമായത്. ഒറ്റവാക്കിൽ അഹങ്കാരം എന്ന് ഇതിനെ വിശേഷി പ്പിക്കാം. ദൈവമല്ല, ഞാനാണ് പ്രധാനം; ദൈവഹിതമല്ല, എന്റെ ഹിത മാണ് എനിക്കു ജീവിതത്തിനു പ്രമാണം. ഇതാണ് ഏതു പാപത്തിലും ഏറ്റക്കുറച്ചിലോടെ, ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്നത്. ഇതിന്റെ പ്രതിവിധിയാണ് അനുസരണം, പരിഹാരമാണ് ആത്മസമർപ്പണം.

ഒരർത്ഥത്തിൽ അനുസരണം ബലി തന്നെയാണ്, ബാഹ്യമായ ബലി യേക്കാൾ ശ്രേഷ്ഠവും. അതാണല്ലോ സാമുവേൽ സാവൂളിനെ അനു സ്മരിപ്പിക്കുന്നത്. "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം" (1സാമു 15, 22). മൃഗങ്ങളെ ബലിയർപ്പിക്കുന്നതും വസ്തുക്കൾ കാഴ്ചവയ്ക്ക ന്നതും എല്ലാം ആത്മസമർപ്പണത്തിന്റെ, സ്വയം സമർപ്പിക്കുന്ന അനു സരണമില്ലെങ്കിൽ ഈ നേർച്ചക്കാഴ്ചകൾ എല്ലാം അർത്ഥശൂന്യമാകും.

തന്റെ ഹിതവും ജീവിതവും എല്ലാം അനുസരണത്തിലൂടെ ദൈവതിരുമുമ്പിൽ കാഴ്ചയായി മറിയം സമർപ്പിച്ചു.

ദൈവഹിതത്തിനു നിരന്തരം കാതോർത്ത മറിയം സന്ദിഗ്ദ്ധാവസ്ഥകളിൽ വചനധ്യാനത്തിൽ അഭയം തേടി. മനസ്സിലാകാത്ത വചനങ്ങളുടെ അർത്ഥമെന്തെന്ന് ഗാഢമായി ചിന്തിച്ചു. ആത്മാവിന്റെ പ്രകാശനത്തിനായി പ്രാർത്ഥിച്ചു. ഇതുതന്നെയാണല്ലോ ഇന്നും ദൈവഹിതം തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ. എഴുതപ്പെട്ട ദൈവവചനം നമുക്കു ജീവിതവഴിയിൽ പ്രകാശം ചൊരിയും. നിരന്തരമായ പ്രാർത്ഥന തിരുഹിതം തിരിച്ചറിയാൻ സഹായിക്കും. നിയമാനുസൃതം നിയമിതരായിരിക്കുന്ന അധികാരികളിലൂടെ ദൈവം തന്റെ തിരുഹിതം അറിയിക്കും. തിരുവചനം, പ്രാർത്ഥന, അധികാരികളുടെ തീരുമാനം ഇതെല്ലാം ഇന്നും ദൈവത്തിന്റെ ഹിതം തിരിച്ചറിയാനുള്ള മാർഗങ്ങളാണ്. പക്ഷേ ചില സാഹചര്യങ്ങളിൽ അധികാരികളുടെ തീരുമാനവും എനിക്കു ലഭിക്കുന്ന ആന്തരിക പ്രചോദനവും തമ്മിൽ സംഘട്ടനമുണ്ടാകാം. അപ്പോൾ ആരെയാണനുസരിക്കേണ്ടത്?

ഇപ്രകാരമുള്ള പ്രതിസന്ധികൾ ബൈബിളിൽ ധാരാളം കാണാം. രണ്ടുദാഹരണങ്ങൾ മാത്രം എടുത്തു കാട്ടട്ടെ. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത്, തനിക്കായി വിശുദ്ധീകരിച്ച്, അധരത്തിൽ വചനം നിക്ഷേപിച്ച് ജനത്തിന്റെ അടുക്കലേക്കയച്ച പ്രവാചകനായിരുന്നു ജറെമിയാ( ജറെ 1, 4-10). പക്ഷേ അദ്ദേഹത്തിനു ലഭിച്ച ദൈവിക സന്ദേശം സ്വീകരിക്കാൻ ജനം തയ്യാറായില്ല. ജനത്തെ നയിക്കാനായി ദൈവം തന്നെ നിയോഗിച്ച രാജാവും പുരോഹിതന്മാരും ഒന്നടങ്കം ജറെമിയായെ എതിർത്തു. ഇവിടെ ജനത്തിനു മുഴുവൻ എതിരായി ഒററയ്ക്കു നില്ക്കാനുള്ള നിയോഗമാണ് പ്രവാചകനു ലഭിച്ചത്. തന്നിലൂടെ സംസാരിക്കുന്നത് ഇസ്രായേലിന്റെ ദൈവമായ കർത്താവാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താൻ ജറെമിയായ്ക്കു സാധിച്ചില്ല. ഇത് പ്രവാചകനെ വലിയ ആന്തരികസംഘർഷത്തിലെത്തിച്ചു. ഇനി ദൈവനാമത്തിൽ സംസാരിക്കുകയില്ല എന്ന് അയാൾ സ്വയം തീരുമാനിച്ചു. പക്ഷേ നിശ്ശബ്ദനായിരിക്കാൻ കഴിഞ്ഞില്ല; ദൈവം അനുവദിച്ചില്ല. ഈ ആന്തരികസംഘർഷത്തിന്റെ കാഠിന്യം പ്രവാചകൻ തന്നെ  കാട്ടിത്തരുന്നുണ്ട്.

“കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു. ഞാൻ വഞ്ചിതനായി ... ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി... വാതുറക്കുമ്പോഴൊക്കെ അക്രമം, നാശം എന്നാണു ഞാൻ വിളിച്ചു പറയുന്നത്. കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും

ഹേതുവായിരിക്കുന്നു. അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു. എന്നാൽ സാധിക്കുന്നില്ല" (ജറെ20, 7-9).

തീ വിഴുങ്ങിയ പ്രവാചകന് വായ് അടച്ചിരിക്കാനാവില്ല. ഉള്ളിൽ നിന്നു തള്ളിവരുന്ന, അപ്രതിരോധ്യമായ ഈ പ്രചോദനം ദൈവഹിതമായി ജറെമിയാ തിരിച്ചറിഞ്ഞു. സ്വന്തതാല്പര്യങ്ങൾക്കു വിപരീതമായി, ജനത്തിന്റെ മുഴുവൻ എതിർപ്പിനെ വകവയ്ക്കാതെ, വചനം പ്രഘോഷിക്കാനുള്ള ഈ നിർബന്ധം മറ്റാരുടേതുമല്ല, ദൈവത്തിന്റേതു തന്നെയാണെന്ന കാര്യത്തിൽ പ്രവാചകനു സംശയമില്ലായിരുന്നു. ദൈവഹിതത്തിനു നല്കുന്ന അനുസരണവും വിധേയത്വവും ചിലപ്പോൾ വേറിട്ട വഴികൾ തിരഞ്ഞെടുക്കാൻ വ്യക്തികളെ നിർബന്ധിച്ചെന്നു വരും. ആത്യന്തികമായി, ദൈവതിരുമുമ്പിൽ, തിരുഹിതമെന്നു തിരിച്ചറിയുന്നതിനു വഴങ്ങിയേ മതിയാകൂ. അതാണനുസരണം.

മറ്റൊരുദാഹരണം പുതിയ നിയമത്തിൽ നിന്ന്. യേശുനാമത്തിൽ ഇനി സംസാരിക്കരുത് എന്നു കല്പിച്ച സാൻഹദ്രിൻ സംഘത്തിനുമുന്നിൽ പത്രോസും യോഹന്നാനും നല്കുന്ന മറുപടി ശ്രദ്ധേയമാണ്; "ദൈവത്തേക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾ തന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ 4, 19-20).

ഇസ്രായേൽ ജനത്തിന്റെ മേൽ പരമാധികാരം കയ്യാളുന്ന അത്യുന്നത സംഘമായിരുന്നു സാൻഹദ്രിൻ. അവരാണ് അപ്പസ്തോലന്മാരെ വിചാരണ ചെയ്തു വിലക്കു കല്പിച്ചത്. ഇസ്രായേൽക്കാർ എന്ന നിലയിൽ സാൻഹദ്രിൻ സംഘത്തിന്റെ കല്പന അവർ അനുസരിക്കാൻ കടപ്പെട്ടവരാണ്. എന്നാൽ ഈ ഉന്നത സംഘത്തിന്റെ തീരുമാനം ദൈവഹിതത്തിനു വിരുദ്ധമാണെന്ന് അപ്പസ്തോലൻ തിരിച്ചറിഞ്ഞു. ന്യായമായ അധികാരം ഉള്ളവർ കല്പിക്കുന്നതെല്ലാം എപ്പോഴും ദൈവേഷ്ടമായിരിക്കണം എന്നില്ല. ദൈവഹിതത്തിനു വിരുദ്ധമായ തീരുമാനങ്ങളും കല്പനകളും അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകാം. ഓരോ വ്യക്തിയും തന്റെ തീരുമാനങ്ങളുടെയും ചെയ്തികളുടെയും കണക്ക് ദൈവതിരുമുമ്പിൽ സമർപ്പിച്ചേ മതിയാകൂ. ആത്യന്തികമായ അനുസരണവും വിധേയത്വവും ദൈവത്തിനു മാത്രമേ നല്കാവൂ.

അധികാരം രാഷ്ട്രീയമോ മതാത്മകമോ ആകാം. രണ്ടിലും അനുസരിക്കുന്ന വ്യക്തികൾക്ക് ഈ തിരിച്ചറിവുണ്ടാകണം. രാഷ്ട്രത്തിന്റെ നിയമങ്ങൾ അനുസരിക്കാൻ പൗരന്മാർക്കു കടമയുണ്ട്. ബൈബിളും അതു തന്നെ അനുശാസിക്കുന്നുണ്ട് (റോമ13, 1-7; 1 പത്രോ 2, 13-17). എന്നാൽ ഈ നിയമങ്ങൾ ദൈവികനിയമങ്ങൾക്കു വിരുദ്ധമാകുമ്പോൾ അനുസരിക്കരുത് എന്നു മാത്രമല്ല എതിർക്കണം എന്നു ബൈബിൾ തന്നെ പഠിപ്പിക്കുന്നു.

ദൈവത്തേക്കാൾ അധികമായി മാനുഷികാധികാരത്തെ അനുസരിക്കാനാവില്ല. ഇതാണ് വെളിപാടുപുസ്തകം അനേകം പ്രതീകങ്ങളിലൂടെ അടിവരയിട്ടു പഠിപ്പിക്കുന്ന പാഠം. ദൈവഹിതത്തിനു വിരുദ്ധമായി നില്ക്കുന്ന ശക്തിക്ക് ഒരു പേരേ ഉള്ളൂ, 'സാത്താൻ'. ആരംഭം മുതലേ നുണയനും കൊലപാതകിയും(യോഹ 8,44) ആയ സാത്താനാണ് ദൈവേഷ്ടത്തിനും ദൈവികനിയമങ്ങൾക്കും എതിരായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത്. എതിർത്തേ മതിയാകൂ, എതിർപ്പ് പീഡനങ്ങൾക്കും മരണത്തിനും തന്നെ കാരണമാകുമെങ്കിൽപ്പോലും.

രാഷ്ട്രീയാധികാരികൾക്കെന്നതുപോലെ മതാധികാരികൾക്കും മാർഗഭ്രംശം സംഭവിക്കാം. യേശുക്രിസ്തുവിന്റെ നാമത്തിൽ കല്പിക്കുന്നവർക്കുപോലും ചിലപ്പോൾ വഴിതെറ്റിപ്പോകാമെന്നും ദൈവഹിതമായി മറ്റുള്ളവരുടെമേൽ, സമൂഹത്തിന്റെമേൽ അടിച്ചേല്പിക്കുന്നത്, സ്വന്തം താല്പര്യങ്ങളും തീരുമാനങ്ങളും ആകാം എന്നും ചരിത്രം തന്നെ സാക്ഷ്യപ്പെടുത്തുന്നു, അനേകം സംഭവങ്ങളിലൂടെ. ഇന്നും ഉദാഹരണങ്ങൾ വിരളമല്ല. തെറ്റിപ്പോയി എന്ന് സഭയുടെ തലവന്മാർതന്നെ ഏറ്റുപറയുന്ന സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്.

അതിനാൽ അനുസരണം ആർക്ക് എന്ന ചോദ്യം വീണ്ടും പൂർണമായ ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. ദൈവത്തിന് എന്ന ഉത്തരം ലളിതവും ഏവർക്കും സ്വീകാര്യവുമാണ്. എന്നാൽ സംഘർഷത്തിന്റെ അന്തരീക്ഷത്തിൽ, എന്റെ മനസ്സാക്ഷിയും അധികാരിയുടെ തീരുമാനവും പരസ്പരം വിരുദ്ധമാകുമ്പോൾ ആരെ അനുസരിക്കണം? ദൈവവിളികൾ തിരഞ്ഞെടുക്കുകയും ഒരിക്കൽ തിരഞ്ഞെടുത്ത സന്യാസസമൂഹത്തിൽനിന്നു മാറാൻ ഉൾപ്രേരണയുണ്ടാവുകയും ചെയ്യുമ്പോൾ മാത്രമല്ല ഈ ആന്തരികസംഘട്ടനം ഉണ്ടാവുക. ഞാൻ അംഗമായി തുടരുന്ന സമൂഹത്തിന്റെ അധികാരികൾ എടുക്കുന്ന തീരുമാനങ്ങളും നിർദ്ദേശിക്കുന്ന ജീവിതശൈലികളും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന പദ്ധതികളും ദൈവഹിതത്തിനും സമൂഹത്തിന്റെ ആദ്യചൈതന്യത്തിനും കാരി

സത്തിനും വിരുദ്ധമാണെന്ന് ഒരു വ്യക്തിക്കു ബോധ്യമായാൽ എന്തു ചെയ്യണം?

തീരുമാനം എടുക്കാൻ വ്യക്തിക്ക് ഉത്തരവാദിത്വമുണ്ട്. അത് എന്തെങ്കിലും സ്വാർത്ഥലാഭത്തിന്റെ പേരിലോ, ക്ലേശങ്ങളെ ഭയന്നോ, എളുപ്പമാർഗം തേടിയോ അല്ല തീരുമാനം എടുക്കുന്നത് എന്ന് ആദ്യമേ ഉറപ്പാക്കണം. നിരന്തരമായ പ്രാർത്ഥനയിലൂടെയും ദൈവവചനധ്യാനത്തിലൂടെയും ദൈവസ്വരത്തിനു കാതോർക്കണം. നേർവഴിക്കു നയിക്കാൻ, ശരിയായ തീരുമാനത്തിനു സഹായിക്കാൻ കഴിവുണ്ടെന്നു കരുതുന്ന വ്യക്തികളുടെ ഉപദേശം തേടുന്നതും സഹായകമാകും. ഇതിന്റെ കൂടെ അധികാരികളുമായി ഉള്ളുതുറന്ന സംഭാഷണത്തിനും തയ്യാറാകണം. ഇങ്ങനെ വിവിധങ്ങളായ മാർഗങ്ങളിലൂടെ തേടുമ്പോൾ ദൈവം തന്നെ തിരുഹിതം വെളിപ്പെടുത്തും. ദൈവമാണ് തീരുമാനമെടുക്കാൻ പ്രേരിപ്പിക്കുന്നത് എന്നു ബോധ്യമായാൽ പിന്നെ പിൻതിരിഞ്ഞു നോക്കാതിരിക്കുക.

ദൈവം നയിക്കുന്ന പാത വിശാലമായിരിക്കുകയില്ല. ഇടുങ്ങിയ വാതിലും വീതികുറഞ്ഞ വഴിയുമാണ് ദൈവത്തിന്റേത്(മത്താ 7, 13-14) എന്നതു മറക്കാതിരിക്കാം. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്കു യേശു നിർദ്ദേശിച്ചിരിക്കുന്നത് കുരിശിന്റെ വഴിയാണ്, വിശാലമായ രാജപാതയല്ല(മത്താ 16, 24-26). ധനലാഭത്തെ സർവ്വപ്രധാനമായി കരുതി ലോകത്തിന്റേതായ മൂല്യങ്ങൾ സ്വീകരിച്ച്, ലൗകികസുഖങ്ങൾ കാംക്ഷിച്ച്, തീരുമാനങ്ങൾ എടുക്കുന്നെങ്കിൽ അതു ദൈവഹിതത്തിനെതിരായിരിക്കുമെന്നതും ഓർമ്മയിലിരിക്കണം. ഇവിടെ അധികാരികളും അനുയായികളും ഒരുപോലെ ആത്മശോധന ചെയ്യാൻ നിർബന്ധിതരാകുന്നു. എന്റെ ഹിതമല്ല പിതാവേ, അങ്ങയുടെ തിരുഹിതം മാത്രം എന്നതായിരിക്കണം അനുസരണത്തിനു പ്രേരിപ്പിക്കുന്ന മനോഭാവം. ഇതുതന്നെയാണ് രക്ഷണീയമായ ബലി. യേശുവിന്റെ ബലിയിലുള്ള പങ്കുചേരലും ഇതുവഴി തന്നെ. മരിയൻ ആധ്യാത്മികതയുടെ കാതലും ഇവിടെ കാണാം.

# 3.
# കന്യാവ്രതം -ബ്രഹ്മചര്യം

*"മറിയം ദൂതനോടു പറഞ്ഞു; ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്കാ 1, 34).*

ഞാൻ പൂർണമായും ദൈവത്തിന്റേതാണ്. എനിക്കു ദൈവം മതി. അവിടുത്തെ തിരുഹിതമാണ് എന്റെ ജീവിതപ്രമാണം. അവിടുന്നാണ് എന്റെ ലക്ഷ്യം. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും, എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അഭികാമ്യമായ ദാനമാണ് എനിക്കു അളന്നു കിട്ടിയിരിക്കുന്നത്. വിശിഷ്ടമായ അവകാശം"(സങ്കീ 16, 5-6) എന്ന സങ്കീർത്തനവാക്യം മറിയത്തിന്റെ അടിസ്ഥാനപരമായ മനോഭാവം പ്രകടമാക്കുന്നുണ്ട്. തന്റെ ജീവിതം മുഴുവൻ ദൈവകരങ്ങളിൽ പൂർണമായി സമർപ്പിച്ചുകൊണ്ടുള്ള ജീവിതത്തിനു നല്കുന്ന വിശേഷണമാണ് കന്യാവ്രതം അഥവാ ബ്രഹ്മചര്യം. സന്യാസജീവിതത്തിന്റെ വ്രതത്രയങ്ങളിൽ ഒന്നാണല്ലോ ഇത്. മറിയത്തിന്റെ ഈ മനോഭാവവും അതു നല്കുന്ന സന്ദേശവും ഉയർത്തുന്ന വെല്ലുവിളികളും അടുത്തു പരിശോധിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

"ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യക"(ലൂക്കാ 1,27) എന്ന വിശേഷണത്തോടെയാണ് സുവിശേഷകൻ മറിയത്തെ ആദ്യമായി പരിചയപ്പെടുത്തുന്നത്. വിവാഹനിശ്ചയം ചെയ്തിരുന്നു എന്നതിന് ഊന്നൽ കൊടുക്കുന്നു

ണ്ട്. ഒരു സാധാരണ കുടുംബജീവിതം നയിക്കാൻ ആഗ്രഹിച്ചും തീരുമാനിച്ചും കഴിഞ്ഞ പെൺകുട്ടിയായിരുന്നു മറിയം. ഏതാണ്ട് 13–14 വയസ്സാകുമ്പോഴായിരുന്നു അന്ന് യഹൂദപെൺകുട്ടികൾ വിവാഹിതരാകുക. വിവാഹനിശ്ചയം കഴിഞ്ഞാൽ ഒരു വർഷത്തിനകം വിവാഹം നടക്കണം എന്നായിരുന്നു നാട്ടുനടപ്പ്. അങ്ങനെ വിവാഹത്തിനുള്ള നാളുകൾ എണ്ണിക്കഴിയുന്ന കന്യകയുടെ അടുക്കലേക്കാണ് ദൈവം തന്റെ ദൂതനെ അയയ്ക്കുന്നത്, അവളുടെ ജീവിതസങ്കല്പങ്ങളെ മുഴുവൻ അടിമുടി മാറ്റിമറിക്കുന്ന സന്ദേശവുമായി.

മറിയത്തിന്റെ മാതാപിതാക്കൾ തങ്ങൾക്കു ജനിക്കുന്ന ശിശുവിനെ നാസീർ വ്രതക്കാരനായി വളർത്താമെന്നു നേർച്ച നേർന്നിരുന്നെന്നും ജനിച്ചതു പെൺകുട്ടി ആയതിനാൽ ആജീവനാന്തം കന്യകയായി ദേവാലയ ശുശ്രൂഷയ്ക്കു സമർപ്പിച്ചു എന്നുമൊക്കെയുള്ള അറിവു പകരുന്നത് അപ്പോക്രിഫോ എന്നറിയപ്പെടുന്ന അപ്രമാണികഗ്രന്ഥങ്ങളാണ്. ഭക്തിനിർഭരമായ സാരോപദേശകഥകൾ എന്നതിനപ്പുറത്ത് ഈ വിവരണങ്ങൾക്ക് ചരിത്രപരത അവകാശപ്പെടാനില്ല. വിവാഹജീവിതവും സന്താനോത്പാദനവും എന്തോ ഭീകരമായ തെറ്റായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത ജ്ഞാനവാദികളും മനിക്കേയൻ ചിന്താഗതിക്കാരുമാണ് മറിയത്തിന്റെ കന്യാവ്രതവും ദേവാലയത്തിലെ ശുശ്രൂഷയും ആർത്തവകാലമായപ്പോൾ പുരോഹിതന്മാർ ഇടപെട്ടു നടത്തിയ വിവാഹവും വിവരിച്ചത്.

അതിൻപ്രകാരം വിവാഹം കഴിക്കുന്നെങ്കിലും കന്യകയായി തുടരാൻ അവളെ അനുവദിക്കണം എന്ന നിബന്ധനയിൽ വിവാഹാർത്ഥികളെ ക്ഷണിക്കുകയും, വടി പുഷ്പിക്കുക എന്ന അടയാളം വഴി നസ്രത്തിലെ മരപ്പണിക്കാരനും വൃദ്ധനും ആയ ജോസഫിനെ മറിയത്തിനു ഭർത്താവായി നല്കുകയും ചെയ്തു. ഇതെല്ലാം ഭാവനാസൃഷ്ടികളായ നല്ല കഥകൾ എന്നല്ലാതെ ചരിത്രപരമായി സഭ സ്വീകരിക്കുന്നില്ല, പഠിപ്പിക്കുന്നുമില്ല. ജോസഫിന്റെ പുഷ്പിച്ച വടി സംഖ്യ 17ൽ നിന്നു കടമെടുത്തതാണെന്നു തിരിച്ചറിയാൻ വലിയ ഗവേഷണമൊന്നും ആവശ്യമില്ല. കന്യാത്വത്തിനു ഭംഗം വരില്ല എന്ന് ഉറപ്പു ലഭിക്കാൻ വേണ്ടിയാവണം വൃദ്ധനായ വരനെ തിരഞ്ഞെടുത്തത്. കഥ മെനഞ്ഞവരുടെയും അതു വിശ്വസിക്കാൻ പ്രേരിതരാകുന്നവരുടെയും മനോഭാവത്തെ മാത്രമേ ഈ വിവരണം വെളിപ്പെടുത്തുന്നുള്ളൂ. സുവിശേഷങ്ങൾ നല്കുന്നതല്ല ഈ ചിത്രം.

മറിയത്തിന്റെ ചോദ്യം ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് ഈ ദിശയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഇതെങ്ങനെ സംഭ

വിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. സഖറിയായുടേതുപോലുള്ള വിശ്വാസരാഹിത്യമോ സംശയമോ അല്ല മറിയത്തിന്റെ ചോദ്യം വെളിപ്പെടുത്തുന്നത്. മറിയം അടയാളം ആവശ്യപ്പെടുന്നില്ല; പറഞ്ഞകാര്യത്തിന്റെ  സംഭവ്യത ചോദ്യം ചെയ്യുന്നുമില്ല. ഇതെങ്ങനെ സംഭവിക്കും? ഞാൻ എന്താണ് ചെയ്യേണ്ടത്? എന്റെ ഭാഗത്തുനിന്ന് എന്തു സഹകരണമാണ് ദൈവം ആവശ്യപ്പെടുന്നത്? ഇപ്രകാരം മറിയത്തിന്റെ ചോദ്യം വിശദീകരിക്കാം. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ എന്ന അനുബന്ധം മറിയത്തിന്റെ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നു.

അറിയുക എന്ന പദത്തിന് ബൈബിളിൽ ലൈംഗികമായി ബന്ധപ്പെടുക എന്നർത്ഥമുണ്ട്. ഈ അർത്ഥത്തിലാണ് മറിയം ഈ പദം ഉപയോഗിച്ചത് എന്നതിൽ സംശയമില്ല. എന്നാൽ താൻ നിത്യകന്യാത്വ വ്രതം ചെയ്തിരിക്കുന്നു എന്ന സൂചന ഈ വാക്യത്തിൽ നിന്നു വായിച്ചെടുക്കുന്നത് ബൈബിൾ വ്യാഖ്യാനമല്ല; സ്വന്തം കണ്ടുപിടുത്തങ്ങളും ആശയങ്ങളും ബൈബിളിൽ ആരോപിക്കലാണ്. അതിനാൽ മറിയം ആവശ്യപ്പെടുന്നത് ഒന്നുമാത്രം. താൻ എന്തുചെയ്യണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് അറിയണം. തന്റെ ഭാവിയെ സംബന്ധിച്ച് ദൈവം അറിയിക്കുന്ന ഏതു തീരുമാനവും സ്വീകരിക്കാൻ സന്നദ്ധത മറിയം പ്രകടമാക്കി. തുടർന്നു ദൂതൻ നല്കുന്ന വിശദീകരണങ്ങൾ ദൈവപുത്രന്റെ കന്യാജനനത്തെയും അതിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവൃത്തിയെയും എടുത്തുകാട്ടുന്നു.

ഇതൊരു വിളിയായിരുന്നു; ദൈവപുത്രന്റെ അമ്മയാകാനുള്ള വിളി. ആ വിളിക്ക് അവൾ സമ്മതം നല്കി. അത് അവളുടെ ജീവിതത്തെ സമൂലം മാറ്റിമറിച്ചു. വിവാഹത്തിനു മുമ്പുണ്ടാകുന്ന സംഘർഷങ്ങൾ മത്തായി സുവിശേഷകനാണ് വരച്ചുകാട്ടുന്നത്, ജോസഫിന്റെ ചിത്രത്തിലൂടെ. എളുപ്പമായിരിക്കുകയില്ല താൻ സ്വീകരിക്കുന്ന ഈ ദിവ്യദൗത്യം എന്നറിഞ്ഞുകൊണ്ടുതന്നെയാണ് മറിയം ദൈവദൂതിനു സമ്മതം നല്കിയത്. തന്റേതായ രീതിയിൽ ജോസഫും ദൗത്യം സ്വീകരിച്ചു. അതോടെ അവരുടെ വൈവാഹിക ജീവിതം പുതിയൊരു വഴിയിലൂടെ നീങ്ങി. ദൈവപുത്രന്റെ മാതാപിതാക്കളും അതേസമയം കന്യാവ്രതം - ബ്രഹ്മചര്യം ജീവിതവ്രതമായി സ്വീകരിച്ച ദമ്പതികളുമായവരുടെ ജീവിതവഴിയിലൂടെ.

ദൈവവിളിക്കു നല്കുന്ന സമ്പൂർണമായ സമർപ്പണത്തിന്റെ അടയാളമാണ് കന്യാവ്രതം. ബൈബിളിൽ ഉടനീളം ഈ പ്രമേയം വ്യാപിച്ചുകിടക്കുന്നതു കാണാം. ഈജിപ്തിലെ അടിമകളായിരുന്ന ഇസ്രായേൽക്കാരെ അത്ഭുതകരമായി മോചിപ്പിച്ച്, സീനായ് മലയിൽവച്ച് ഉട

മ്പടിയിലൂടെ സ്വന്തം ജനമായി ദൈവം സ്വീകരിക്കുന്നിടത്ത് ഈ പ്രമേയം പ്രകടമാകുന്നു. “നിങ്ങൾ എന്റെ സ്വന്തം ജനം, ഞാൻ നിങ്ങളുടെ ദൈവം” ഇതാണ് ഉടമ്പടിയുടെ കാതൽ. തങ്ങളെ സ്വന്തം ജനമായി സ്വീകരിച്ച ദൈവത്തോടുള്ള പൂർണമായ വിശ്വസ്തതയാണ് ഇസ്രായേൽ ജനത്തിന്റെ ജീവശ്വാസം.

ഈ ബന്ധത്തെ വിവാഹബന്ധത്തോട് ഉപമിച്ചത് ഹോസിയാ പ്രവാചകനാണ്. അന്നുമുതൽ ജനം മണവാട്ടിയും ദൈവം മണവാളനുമായി. ഭാര്യാഭർതൃബന്ധത്തിലെ ഏറ്റം പ്രധാനപ്പെട്ട ഘടകമാണ് വിശ്വസ്തത. അവിശ്വസ്തതയെ വ്യഭിചാരവും വേശ്യാവൃത്തിയുമായി പരിഗണിക്കും. ഈ കാഴ്ചപ്പാടിലാണ് സീയോൻ കന്യക, ഇസ്രായേൽ കന്യക മുതലായ പ്രയോഗങ്ങളുണ്ടായത്. ഉത്തമഗീതത്തിൽ ദൈവവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെ ഇപ്രകാരമൊരു വിവാഹബന്ധമായി ചിത്രീകരിച്ചു.

അവിശ്വസ്തരായിതീർന്ന ഇസ്രായേൽ ജനത്തിൽ നിന്ന് പ്രവാസത്തിലൂടെ ശുദ്ധീകരിക്കപ്പെട്ട ഒരു അവശിഷ്ടവിഭാഗത്തെക്കുറിച്ച് പ്രവാചകന്മാർ പ്രവചിച്ചു. “ഞാൻ നിന്റെ മധ്യത്തിൽനിന്ന് എളിമയും വിനയവുമുള്ള ഒരു ജനത്തെ അവശേഷിപ്പിക്കും. അവർ കർത്താവിന്റെ നാമത്തിൽ അഭയം പ്രാപിക്കും” (സെഫാ 3, 12) ഇപ്രകാരം ദൈവത്തോടു വിശ്വസ്തരായി നിന്ന അവശിഷ്ട വിഭാഗത്തിന്റെ പ്രതീകവും പ്രതിനിധിയുമാണ് മറിയം. വിശ്വസ്തതയും സമ്പൂർണ സമർപ്പണവുമാണ് അവളുടെ മുഖമുദ്ര.

ദൈവത്തിനും അവിടുത്തെ രാജ്യത്തിനും വേണ്ടി നടത്തുന്ന സ്വതന്ത്രമായ ഒരു തിരഞ്ഞെടുപ്പും സമ്പൂർസമർപ്പണവുമാണ് കന്യാവ്രതം. യേശു തന്നെ ഇതു പഠിപ്പിക്കുകയുണ്ടായി. വിവാഹമോചനത്തെക്കുറിച്ചുള്ള ചർച്ചയുടെ അവസാനം അവിവാഹിത ജീവിതത്തിന്റെ വിവിധവശങ്ങൾ വിവരിക്കുമ്പോഴാണ് കന്യാവ്രതത്തിന്റെ മുഖ്യമാനം യേശുനാഥൻ എടുത്തു കാട്ടിയത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം ഇത്രയധികം സങ്കീർണമെങ്കിൽ വിവാഹം കഴിക്കാതിരിക്കുകയാണല്ലോ മെച്ചം എന്ന ശിഷ്യന്മാരുടെ പ്രതികരണത്തിന് ഉത്തരമായിട്ടാണ് കന്യാവ്രതത്തെ സംബന്ധിച്ച മഹാവാക്യം ഗുരു അരുളിയത്. “കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഷണ്ഡരായി ജനിക്കുന്നവരുണ്ട്, മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്, സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവർ ഗ്രഹിക്കട്ടെ” (മത്താ 19, 11-12).

സാധ്യതകളില്ലാഞ്ഞിട്ടോ, മനുഷ്യരുടെ നിർബന്ധത്തിനു വഴങ്ങിയോ അല്ല, ദൈവരാജ്യത്തെ പ്രതി വിവാഹജീവിതം വേണ്ടെന്നു വയ്ക്കുന്ന വരാണ് ഇവിടെ ചർച്ചാവിഷയം. കന്യാവ്രത ബ്രഹ്മചര്യത്തിന്റെ ഒരു ലക്ഷ്യം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുക. ശിഷ്യത്വത്തിന്റെ ഏറ്റം ഉദാത്തമായ പ്രകടനമാണിത്. എല്ലാറ്റിലും ഉപരി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക (മത്താ 6, 32) എന്ന ദൗത്യം അതിന്റെ പൂർണതയിൽ നിർവ്വഹിക്കുന്നതിന്റെ അടയാളം. ആദ്യ ശിഷ്യരെ വിളിക്കുമ്പോൾത്തന്നെ യേശു ചൂണ്ടിക്കാട്ടിയതാണ് ഈ ലക്ഷ്യം: "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. ഉടനെ വലയുപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു"(മർക്കോ 1, 17–20).

വലയുപേക്ഷിച്ചത് എല്ലാം ഉപേക്ഷിക്കുന്നതിന്റെ പ്രതീകമായിരുന്നു. വിട്ടുപേക്ഷിക്കൽ ഒരു യാത്രയുടെ തുടക്കമാണ്, ദൈവരാജ്യത്തിന്റെ ചാവേറുകളായി, മുന്നേ പോകുന്ന ഗുരുവിന്റെ പിന്നാലെ, പിൻതിരിഞ്ഞു നോക്കാത്ത ഒരു യാത്രയുടെ തുടക്കം. "സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തു വരുന്ന ആർക്കും എന്റെ ശിഷ്യരായിരിക്കാൻ സാധിക്കുകയില്ല. സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കാ 14, 26–27). ഏകാഗ്രമായ അനുധാവനം; അന്യചിന്തകളോ ലക്ഷ്യങ്ങളോ ഇല്ലാതെ ഗുരുപാദം പിൻതുടരൽ. അതു കുരിശിന്റെ വഴിയാണെന്നറിഞ്ഞുകൊണ്ടു തന്നെയുള്ള യാത്ര. ഇതാണ് കന്യാവ്രതത്തിന്റെ ഒരു സവിശേഷതയായി യേശു തന്നെ പഠിപ്പിക്കുന്നത്.

പരിത്യാഗം മാത്രമല്ല കന്യാവ്രതം. ആത്യന്തികമായ അർത്ഥത്തിൽ കന്യാവ്രതം ഒരു പരിത്യാഗമേ അല്ല. വിവാഹം കഴിക്കാതിരിക്കുന്നു; ലൈംഗിക ബന്ധം ഒഴിവാക്കുന്നു എന്നതുകൊണ്ടു മാത്രം യേശു പഠിപ്പിച്ചതും ബൈബിൾ എടുത്തു കാട്ടുന്നതുമായ കന്യാവ്രതത്തിന്റെ അർത്ഥം പൂർണ്ണമാകില്ല. ഇതു ബാഹ്യമായൊരു അടയാളം മാത്രമാണ്. ദൈവരാജ്യത്തിനു വേണ്ടിയുള്ള സമർപ്പിത ജീവിതമാണ് മുഖ്യം. അത് വരാനിരിക്കുന്ന സ്വർഗ്ഗീയ ജീവിതത്തിന്റെ ദൃശ്യമായൊരു അടയാളവും പ്രതീകവുമാണ്. പുനരുത്ഥാനത്തെ കുറിച്ചുള്ള വിവാദത്തിൽ യേശുവിനെ അപഹാസ്യനായി ചിത്രീകരിക്കാൻ ശ്രമിച്ച സദ്ദുക്കായർക്കു നല്കിയ മറുപടിയിലാണ് ഈ സത്യം യേശു വെളിപ്പെടുത്തിയത്.

"മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. മറിച്ച് അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും"(മർക്കോ 12, 24-25). സ്ത്രീ പുരുഷ വ്യത്യാസവും വിവാഹവും സന്താനോല്പാദനവുമെല്ലാം കടന്നു പോകുന്ന ഈ ലോകത്തിലെ പ്രതിഭാസങ്ങളാണ്. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനു കുടുംബജീവിതം ആവശ്യമായിരിക്കുന്നു. സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം ഈ കൂട്ടായ്മയും നിലനില്പുമായിരുന്നു. എന്നാൽ നശ്വരമായ ഈ ലോകജീവിതത്തിനപ്പുറത്ത് കുടുംബമില്ല; കുടുംബത്തിന്റെ ആവശ്യവുമില്ല. അവർ ദൈവദൂതരെപ്പോലെ ആയിരിക്കും. ഈ പ്രബോധനമാണ് കന്യാവ്രതത്തിന്റെ യുഗാന്തോന്മുഖമായ അർത്ഥവും പ്രസക്തിയും പ്രകടമാക്കുന്നത്.

ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ സംജാതമാകുമ്പോൾ പിന്നെ ചരിത്രമില്ല; വേദനയും ദുഃഖവുമില്ല; ജനനവും മരണവുമില്ല. വിവാഹവും സന്താനോല്പാദനവുമില്ല. ഇതെല്ലാം കടന്നു പോകുന്ന യാഥാർത്ഥ്യങ്ങൾ. ശാശ്വതമായി നിലനില്ക്കുന്നത് ഒന്നു മാത്രം: ദൈവത്തോടൊന്നിച്ച് അവിടുത്തെ ദൈവീക ജീവനിൽ പങ്കുചേർന്ന്, നിത്യം സന്തോഷമുള്ളവരായി കഴിയുക. ഇതു സാധ്യമാണെന്ന്, സത്യമാണെന്ന് കന്യാവ്രത - ബ്രഹ്മചാരികൾ സ്വന്തം ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുന്നു. അവർ ദൈവദൂതരെപ്പോലെ ആയിരിക്കും; ആയിരിക്കണം. അവരുടെ ജീവിതം സ്വർഗ്ഗീയ ജീവിതത്തിന്റെ അടയാളവും അച്ചാരവുമാകുന്നു. ലോകത്തിലെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിക്കുന്നവർ- അതാണ് കന്യാവ്രതം ലക്ഷ്യമാക്കുന്നത്.

ഏറ്റം ഉദാത്തവും അനുകരണാർഹവും ആയ ജീവിതമാണിതെന്ന് ശക്തമായ ഭാഷയിൽ പൗലേസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. അവിവാഹിതരെയും വിധവകളെയും സംബന്ധിച്ച നിർദ്ദേശങ്ങളിലാണ് അപ്പസ്തോലൻ കന്യാവ്രത - ബ്രഹ്മചര്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നത് (1കോറി 7, 25-40). അവിവാഹിതരെക്കുറിച്ച് കർത്താവിൽ നിന്നു പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല എന്ന ആമുഖത്തോടെ തുടങ്ങുന്ന പ്രബോധനം അവിവാഹിതരായി കഴിയുന്നതിന്റെ പ്രാധാന്യവും പ്രസക്തിയും എടുത്തുകാട്ടുന്നുണ്ട്. വിവാഹം കഴിക്കുന്നത് തെറ്റല്ല; ദൈവനിശ്ചിതമായ ഒരു ജീവിതശൈലിതന്നെയാണത്. എന്നാൽ രണ്ടുകാര്യങ്ങളാൽ അവിവാഹിതരായി കൂടുതൽ ശ്രേഷ്ഠവും കരണീയവുമായി അപ്പസ്തോലൻ കരുതുന്നു.

1. "ആസന്നമായ വിപദ്സന്ധി". ലോകാവസാനം ഉടൻ സംഭവിക്കും എന്ന ഒരു ചിന്തയാണ് ഇതിനു പിന്നിലുള്ളത് എന്നു കരുതുന്ന

ബൈബിൾ വ്യാഖ്യാതാക്കളുണ്ട്. എന്നാൽ അതിലുപരി ഈ ലോകവും അതിലെ വ്യഗ്രതകളും സന്തോഷങ്ങളും എല്ലാം വേഗം കടന്നു പോകും; നിത്യജീവനുമായി താരതമ്യം ചെയ്യുമ്പോൾ നശ്വരമായ സുഖദുഃഖങ്ങളൊക്കെ നിസ്സാരമായി കരുതണം. നിത്യജീവനെ ലക്ഷ്യമാക്കി ജീവിക്കാൻ അവിവാഹിത ജീവിതം കൂടുതൽ സഹായകമാകും എന്നതാകാം ഇവിടെ വിവക്ഷിക്കുന്നത്.

2. ഏകാഗ്രമായ കർതൃഭക്തി. അവിഭക്തഹൃദയത്തോടെ ദൈവത്തിനു ശുശ്രൂഷ ചെയ്യാൻ അവിവാഹിത ജീവിതം സഹായകമാകും. "അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തൽപരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്നു ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തൽപരനാകുന്നു. അവന്റെ താൽപര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിതയായ സ്ത്രീയും കന്യകയും ആത്മാവിലും ശരീരത്തിലും വിശുദ്ധി പാലിക്കാനായി കർത്താവിന്റെ കാര്യങ്ങളിൽ തൽപരരാണ്. വിവാഹിതയായ സ്ത്രീയാകട്ടെ, ഭർത്താവിനെ എങ്ങനെ സന്തോഷിപ്പിക്കാമെന്നു ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തൽപരയാകുന്നു"(1 കോറി 7, 32-34).

അവിഭക്തഹൃദയം, സമ്പൂർണ്ണ സമർപ്പണം, പൂർണ്ണമായ കർത്തൃശുശ്രൂഷ - ഇതാണ് കന്യാവ്രതത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും മഹത്വമായി അപ്പസ്തോലൻ എടുത്തു കാട്ടുന്നത്. വിവാഹ ജീവിതം ഏതെങ്കിലും വിധത്തിൽ മോശമോ വില കുറഞ്ഞതോ ആയി അപ്പസ്തോലൻ കരുതുന്നില്ല. ദൈവനിശ്ചിതമായ ജീവിതശൈലിയാണിത്. മഹാഭൂരിപക്ഷം ആളുകളും തിരഞ്ഞെടുക്കുകയും അനുവർത്തിക്കുകയും ചെയ്യുന്നതും സ്വാഭാവികവുമായ ജീവിതശൈലി. അതിൽ എന്തെങ്കിലും കുറവു കണ്ടതു കൊണ്ടല്ല കന്യാവ്രതത്തെ മഹത്വീകൃതമായി കാണുന്നത്, മറിച്ച് ആത്യന്തികമായി എല്ലാവർക്കുമായി നിശ്ചയിച്ചിരിക്കുന്ന, യുഗാന്തോന്മുഖമായ ജീവിതശൈലി ആയതുകൊണ്ടാണ്. ഇത് പ്രത്യേകമായൊരു വിളിയാണ്; ഏവർക്കും ദൃശ്യമായൊരു അടയാളവും. മരണത്തിനപ്പുറം, പുതുയുഗത്തിൽ ഏവർക്കും ലഭിക്കാൻ പോകുന്ന ജീവിതം ഇവിടെ ഈ ഭൂമിയിൽ മുൻകൂറായി ജീവിക്കുന്ന അടയാളമാണ് കന്യാവ്രതം.

വെളിപാടു പുസ്തകത്തിന്റെ കർത്താവ്, അപ്പോകലിപ്റ്റിക് ശൈലിയിൽ ഈ ജീവിതത്തെ മനോഹരമായി വരച്ചു കാട്ടുന്നുണ്ട്: "ഒരു കുഞ്ഞാട് സീയോൻ മലയിൽ നില്ക്കുന്നതു ഞാൻ കണ്ടു,അവനോടുകൂടെ നൂറ്റിനാല്പത്തി നാലായിരം പേരും. അവർ സ്ത്രീകളോട് ചേർന്നു മലിനരാകാത്തവരാണ്. അവർ ബ്രഹ്മചാരികളുമാണ്. അവരാണ് കുഞ്ഞാ

ടിനെ അതു പോകുന്നിടത്തെല്ലാം അനുഗമിക്കുന്നവർ. അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലമായി മനുഷ്യരിൽ നിന്നു വിലയ്ക്കു വാങ്ങപ്പെട്ടവരാണ്" (വെളി 14, 1-5). ദൈവസന്നിധിയിൽ നിരന്തരം സ്തുതിഗീതങ്ങളാലപിച്ച് സന്തുഷ്ടരായി കഴിയുന്ന 144,000 പേർ ഒരു പ്രതീകമാണ്. സ്വർഗ്ഗീയ ജീവിതത്തിന്റെ ഒരു പ്രതീകം. 144,000 എന്നതു പൂർണ്ണ സംഖ്യയാണ്.

"സ്ത്രീകളോടു ചേർന്നു മലിനരാകാത്തവർ" എന്നതും പ്രതീകാത്മകമായിത്തന്നെ മനസ്സിലാക്കണം. സ്ത്രീപുരുഷ ബന്ധം അതിൽത്തന്നെ മലിനമാക്കുന്നതാണെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നാൽ ഇവിടെ എടുത്തു പറയുന്ന ബ്രഹ്മചര്യം ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കപ്പെട്ടതായിരുന്നു ആ ജീവിതം എന്നു സൂചിപ്പിക്കുന്നു. "വിലയ്ക്കു വാങ്ങപ്പെട്ട ആദ്യഫലം" എന്നത് രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്നു എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. വിശ്വാസത്തിനു സാക്ഷ്യം നല്കാൻ വേണ്ടി ജീവൻ സമർപ്പിക്കുന്നതാണല്ലോ രക്തസാക്ഷിത്വം. അതിന്റെ പൂർണ്ണതയാണ് വിശ്വാസത്തെ പ്രതി മരണം വരിക്കുന്നതിൽ പ്രകടമാകുന്നത്. ഒരർത്ഥത്തിൽ കന്യാവ്രതവും ബ്രഹ്മചര്യവും രക്തസാക്ഷിത്വം തന്നെയാണ്. തനിക്കായി ഒന്നും മാറ്റിവയ്ക്കാതെ ദൈവത്തിനു നല്കുന്ന സമ്പൂർണ്ണ സമർപ്പണം. സ്വർഗ്ഗീയ ജീവിതത്തിന്റെ പ്രതീകവും മുന്നാസ്വാദനവുമായി കന്യാവ്രതത്തെ കാണാൻ ഈ ദർശനവും സഹായിക്കുന്നു.

കുഞ്ഞാടിനെ നിരന്തരം അനുഗമിക്കുകയും പുതിയ ഗാനം ആലപിക്കുകയും ചെയ്യുന്ന "അവരുടെ അധരങ്ങളിൽ വ്യാജം കാണപ്പെട്ടില്ല; അവർ നിഷ്കളങ്കരാണ്" (വെളി 14, 5) എന്ന നിരീക്ഷണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പുതിയ അനുഭവമാണ് പുതിയ ഗാനത്തിനുറവിടം. "കർത്താവിന് പുതിയ കീർത്തനം ആലപിക്കുവിൻ" (സങ്കീ 149, 1) എന്ന ആഹ്വാനം കർത്താവു നല്കുന്ന രക്ഷയുടെ പുതിയ അനുഭവത്തിലേക്കാണ് വരിൽ ചൂണ്ടുന്നത്. ഒരിക്കലും അസ്തമിക്കാത്ത, എന്നും പുതുതായ കർത്താവിന്റെ സ്നേഹം (വിലാ 3, 22-24) പുതിയ കീർത്തനത്തിനു പ്രേരിപ്പിക്കുന്നു. കുഞ്ഞാടിനെ അനുഗമിക്കുന്നവർ ഇപ്രകാരം എന്നും പുതുതായ ദൈവസ്നേഹം അനുഭവിച്ചറിയുകയും ഏറ്റു പറഞ്ഞു സ്തുതിക്കുകയും ചെയ്യുന്നവരാണ്.

അവർ നിഷ്കളങ്കരാണ് എന്ന വിശദാംശം ഒരു ബലിയർപ്പണത്തിന്റെ സൂചന നല്കുന്നുണ്ട്. ദൈവത്തിനർപ്പിക്കുന്ന ബലിമൃഗങ്ങൾ നിയമപ്രകാരം കളങ്കമില്ലാത്തവയായിരിക്കണം. കുഞ്ഞാടിനെ അനുഗമിക്കുന്ന

ഈ 144,000 പേർ ഇപ്രകാരം കളങ്കമറ്റ ബലിയായി തങ്ങളെത്തന്നെ സമർപ്പിച്ചവരാണെന്ന സൂചന കന്യാവ്രത – ബ്രഹ്മചര്യത്തിന് ഒരു ആത്മ ബലിയുടെ പരിവേഷം നല്കുന്നു.

മറിയത്തിന്റെ കന്യാത്വം വന്ധ്യത്വമായിരുന്നില്ല. ദൈവപുത്രന്റെ മാതാവാകാൻ വേണ്ടിയാണ് അവളുടെ കന്യാത്വം അഭംഗുരം കാത്തുസൂക്ഷിക്കപ്പെട്ടത്. ഇത് എങ്ങനെ സംഭവിക്കും എന്ന മറിയത്തിന്റെ ചോദ്യത്തിന് ദൂതൻ നല്കിയ ഉത്തരത്തിൽ ഇതു വ്യക്തമാകുന്നു. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. അതിനാൽ നിന്നിൽ നിന്നു ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1, 35). പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ അന്ധകാരാവൃതമായ ആഴത്തിനു മുകളിൽ പരിവർത്തിച്ച് ശൂന്യതയിൽ നിന്നു രൂപഭാവങ്ങൾ മെനഞ്ഞെടുത്ത പരിശുദ്ധാത്മാവ് ഇപ്പോൾ മറിയത്തിന്റെ മേൽ ആവസിച്ച് ദൈവപുത്രനു രൂപം നല്കും. മറിയം ഒരേ സമയം കന്യകയും മാതാവുമാകും. അഥവാ ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനത്തിലൂടെ അവളുടെ കന്യാത്വം മാതൃത്വമണിയുന്നു. ഇതു തുടക്കം മാത്രമായിരുന്നു.

പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ ദൈവപുത്രന്റെ അമ്മയായ മറിയം പുത്രന്റെ കുരിശിൻ ചുവട്ടിൽ വച്ച് വീണ്ടും അമ്മയായി, ഒരു ശിഷ്യന്റെ മാത്രമല്ല, യേശുവിന്റെ ശിഷ്യരാകുന്ന സകലരുടെയും അമ്മ. "സ്ത്രീയേ, ഇതാ നിന്റെ മകൻ.....ഇതാ നിന്റെ അമ്മ." (യോഹ 19, 26 –27). യേശു സ്നേഹിച്ച ശിഷ്യൻ യോഹന്നാൻ മാത്രമല്ല; സകല ശിഷ്യരുടെയും പ്രതീകവും പ്രതിനിധിയുമാണ്. ഇവിടെയാണ് മറിയത്തിന്റെ കന്യാത്വം സമ്പൂർണ്ണവും ഫലസമൃദ്ധവുമാകുന്നത്. ഇതു തന്നെയല്ലേ മരിയൻ ആധ്യാത്മികതയുടെ അവശ്യഘടകമായ കന്യാത്വത്തിലും സംഭവിക്കുന്നതും സംഭവിക്കേണ്ടതും? സ്നേഹത്തിൽ നിന്നുറവെടുക്കുന്ന സേവനത്തിലൂടെയാണ് കന്യാത്വവും ബ്രഹ്മചര്യവും അർത്ഥവത്തും ഫലപുഷ്ടവുമാകുന്നത്. കന്യാവ്രതം ഒരു ഒളിച്ചോട്ടമല്ല, സമ്പൂർണ്ണ സമർപ്പണമാണ്. സേവനത്തിലൂടെ ഫലമണിയുന്ന സമർപ്പണം.

കന്യാത്വം – ബ്രഹ്മചര്യം ജീവിതവ്രതമായി സ്വീകരിക്കുന്ന പതിനായിരക്കണക്കിന് സ്ത്രീ – പുരുഷന്മാരുടെ ജീവിതത്തിൽ ഇത് ഇന്നും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. വിശക്കുന്നവരിലും ദാഹിക്കുന്നവരിലും രോഗികളിലും വികലാംഗരിലും എല്ലാത്തരത്തിലും അവഗണിക്കപ്പെടുന്ന സകല ഹതഭാഗ്യരിലും തങ്ങളുടെ നാഥനായ യേശുവിനെ കാണാനും ശുശ്രൂഷിക്കാനും ഈ കന്യാവ്രതം അവരെ സഹായിക്കു

ന്നു. കുഷ്ഠരോഗികളെ ശുശ്രൂഷിച്ച്, കുഷ്ഠരോഗിയായി മരിച്ച വി. ഡാമിയനും പാവങ്ങളുടെ അമ്മയെന്നറിയപ്പെടുന്ന കൽക്കട്ടായിലെ വി. മദർ തെരേസായും ഒറ്റപ്പെട്ട സംഭവങ്ങളല്ല; കൂടുതൽ മിഴിവാർന്ന വ്യക്തിത്വങ്ങൾ മാത്രം. മരിയൻ ആദ്ധ്യാത്മികതയുടെ ഭാഗമായ കന്യാവ്രതം ഇപ്രകാരമുള്ള സ്നേഹവും സേവനവും വഴി ഫലമണിയും. അപ്പോൾ യേശു വാഗ്ദാനം ചെയ്ത നൂറിരട്ടി യാഥാർത്ഥ്യമാകും; മാത്രമല്ല നിത്യജീവനും അർഹരാകും.

സമ്പൂർണ്ണ സമർപ്പണം, മാലാഖമാരെപ്പോലുള്ള ജീവിതം, നിത്യജീവിതത്തിന്റെ മുന്നാസ്വാദനവും പ്രതീകവും, ജീവിക്കുന്ന രക്തസാക്ഷിത്വം, സ്നേഹത്താൽ പ്രേരിതമായ ആത്മത്യാഗം, നിരന്തരമായ നിഷ്കളങ്കബലി, സേവനത്തിലൂടെ ഫലമണിയുന്ന ജീവിതം, സർവ്വോപരി ദരിദ്രരിലും നിസ്സഹായരിലും യേശുക്രിസ്തുവിനെ കാണുന്ന വിശ്വാസത്തിന്റെ പ്രകടനം. ഇതെല്ലാമാണ് മരിയൻ ആധ്യാത്മികതയുടെ ഭാഗമായ കന്യാവ്രതം. ഈ കന്യാവ്രതം ഒരടയാളമാണ്; അതേസമയം ഒരു വെല്ലുവിളിയും, മനുഷ്യജീവിതം ആറടി മണ്ണിൽ അവസാനിക്കുന്നില്ല; മരണം നിത്യ ജീവിതത്തിലേക്കു തുറക്കുന്ന വാതിൽ മാത്രമാണെന്ന് കന്യാവ്രതം നിശബ്ദം പ്രഘോഷിക്കുന്നു. അതോടൊപ്പം ശരീരത്തിന്റെ ചില ചോദനകളുടെയും ആസക്തികളുടെയും പൂർത്തീകരണമല്ല മനുഷ്യന്റെ ലക്ഷ്യം എന്നും കന്യാവ്രതം വിളിച്ചറിയിക്കുന്നു. മനുഷ്യരെ വെറും ഒരു ലൈംഗിക ഉപകരണമായി തരം താഴ്ത്തുന്ന സകല ചിന്താഗതികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും എതിരേയുള്ള ശക്തമായ ഒരു വെല്ലുവിളിയും കന്യാവ്രതം ഉൾക്കൊള്ളുന്നു. "നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും"(റോമാ. 14, 17) ആകുന്ന ദൈവരാജ്യത്തെ പ്രതി സ്വതന്ത്രമായി ഏറ്റെടുക്കുന്ന ഒരു ദൗത്യമാണ്, ദൈവവിളിക്കു നല്കുന്ന ഉത്തരമാണ് കന്യാവ്രതം. എനിക്കു നീ മാത്രം മതി; നിന്റെ ഹിതം നിറവേറ്റുകയാണ് എന്റെ ജീവിതലക്ഷ്യം; അതു മാത്രമാണ് എന്റെ സന്തോഷം എന്നു ദൈവത്തോടു പറയുന്നതാണ് കന്യാവ്രതം. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം എന്നിൽ നിറവേറട്ടെ" എന്ന മനോഭാവത്തിന്റെ പ്രായോഗികമായ പൂർത്തീകരണം ഇവിടെ സംഭവിക്കുന്നു; അതു തന്നെയാണ് കന്യാമാതാവിൽ നിന്നു ലഭിക്കുന്ന മാതൃക.

# 4.
# ദാരിദ്ര്യം

*"അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല" (ലൂക്കാ 2, 7).*

മരിയൻ ആധ്യാത്മികതയുടെ വിശദാംശങ്ങൾ തേടിയുള്ള ഈ പ്രയാണത്തിൽ അടുത്തതായി നാം കണ്ടെത്തുന്നത് മറിയത്തിന്റെ ദാരിദ്ര്യമാണ്. സന്യസ്തരുടെ വ്രതത്രയങ്ങളിൽ ഒന്നാണല്ലോ ദാരിദ്ര്യം. എന്താണിതിന്റെ അർത്ഥം? ബൈബിളിന്റെ കാഴ്ചപ്പാടിൽ ദാരിദ്ര്യത്തെ മനസ്സിലാക്കാനും അത് എപ്രകാരം മറിയത്തിന്റെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യവും അനുകരണീയമായ മാതൃകയുമായി എന്നു കണ്ടെത്താനുമാണ് ഇവിടെ ശ്രമിക്കുന്നത്. അതോടൊപ്പം ശിഷ്യത്വത്തിന്റെ ഒരു അവശ്യഘടകമായി യേശു ദാരിദ്ര്യത്തെ അവതരിപ്പിച്ചു എന്നതും സ്വന്തം ജീവിതത്തിലൂടെ കാട്ടിത്തരുകയും ശിഷ്യർ അത് അനുകരിക്കുകയും ചെയ്തു എന്നതും ശ്രദ്ധയർഹിക്കുന്നു. ഈ വിശകലനത്തിന്റെ വെളിച്ചത്തിൽ ദാരിദ്ര്യത്തിന്റെ ഇന്നത്തെ പ്രസക്തിയും പ്രാധാന്യവും കണ്ടെത്താനും ഈ അധ്യായത്തിൽ ശ്രമിക്കുന്നു. മറിയത്തിന്റെ ജീവിതത്തിൽ നിന്നു തുടങ്ങാം.

നസ്രത്തെന്ന ഗ്രാമത്തിലെ ഒരു മരപ്പണിക്കാരനായ ജോസഫുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയാണ് മറിയം. അവർ യാചകരല്ല; കഠിനമായ അധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്ന സാധാരണക്കാർ.

അവർ ധനികരല്ല; അതേ സമയം നിർദ്ധനരും അല്ല. പണിസ്ഥലവും പണിയായുധങ്ങളും സ്വന്തമായുള്ള ഇടത്തരക്കാരിൽ പെട്ടവരാണവർ. അവരുടെ മകനായി ജനിച്ച യേശുവും പിതാവിന്റെ തൊഴിൽ തുടർന്നു. നസ്രത്തിലെ ആശാരി എന്നവൻ അറിയപ്പെടുകയും ചെയ്തു. ഇതിൽ നിന്ന് ദാരിദ്ര്യത്തെക്കുറിച്ചുള്ള ഉപരിപ്ലവമായ അറിവേ ലഭിക്കൂ! കഠിനാദ്ധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്നവർ. എന്നാൽ മറിയത്തിന്റെ തുടർന്നുള്ള ജീവിതത്തിലെ ചില മുഹൂർത്തങ്ങൾ ദാരിദ്ര്യത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ ചില കാഴ്ചപ്പാടുകൾ നല്കുന്നുണ്ട്.

യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടതാണ് ആദ്യത്തെ സംഭവം. തന്റെ ആദ്യജാതനെ പ്രസവിച്ച്, പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി എന്ന കാര്യമാത്ര പ്രസക്തമായ വിവരണത്തോട് ഒരു അനുബന്ധം എന്ന രീതിയിൽ ലൂക്കാ സുവിശേഷകൻ കൂട്ടിച്ചേർക്കുന്ന വിശദീകരണമാണ് പ്രത്യേക ശ്രദ്ധയർഹിക്കുന്നത്. "കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല" (ലൂക്കാ 2, 7) എന്ന പി. ഒ. സി. വിവർത്തനം മൂലത്തിന്റെ മുഴുവൻ അർത്ഥം പ്രകടമാക്കുന്നില്ല. അവർക്കു സത്രത്തിൽ സ്ഥലം ലഭിച്ചില്ല എന്നല്ല, സത്രത്തിൽ അവർക്കു സ്ഥലം ഇല്ലായിരുന്നു എന്നാണ് ഗ്രീക്കു മൂലത്തിന്റെ വാച്യാർത്ഥം. (because there was no place for them in the inn) എന്ന് ഇംഗ്ലീഷ് വിവർത്തനം മൂലഭാഷയുടെ അർത്ഥം കൃത്യമായി അവതരിപ്പിക്കുന്നു.

ഒറ്റ നോട്ടത്തിൽ രണ്ടവതരണങ്ങളും തമ്മിൽ വ്യത്യാസമില്ല എന്നു തോന്നും. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ ധ്വനിയിൽ വ്യക്തമായൊരു വ്യത്യാസം കാണാം. സത്രത്തിൽ സ്ഥലമില്ലായിരുന്നു എന്നതല്ല പ്രശ്നം; അവർക്കു സത്രത്തിൽ സ്ഥലം കിട്ടിയില്ല എന്നതാണു വസ്തുത. എന്നാൽ അതിനു പിന്നിൽ അർത്ഥഗർഭമായ ഒരു ധ്വനിയുണ്ട്. "സത്രത്തിൽ അവർക്കു സ്ഥലമില്ലായിരുന്നു", മറ്റെല്ലാവർക്കും സ്ഥലം ഉണ്ടായിരുന്നു. മറിയത്തിനും ജോസഫിനും ജനിക്കാൻ പോകുന്ന ശിശുവിനും സത്രത്തിൽ സ്ഥലമില്ല. സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ട ദമ്പതികൾ, കുഞ്ഞിനു ജന്മം കൊടുക്കാൻ ഇടം തേടി അലയുന്ന അമ്മ.

അവസാനം, പട്ടണത്തിനു പുറത്ത്, മൃഗങ്ങൾ പാർക്കുന്ന ഗുഹയിൽ അഭയം തേടുന്നവർ. തണുപ്പു കാരണം മരിച്ചു പോകാതിരിക്കാൻ, ഗുഹയിൽ അല്പം ചൂടും വൃത്തിയുമുള്ള ഇടമായ പുൽത്തൊട്ടിയിൽ കുഞ്ഞിനെ കിടത്തുന്ന അമ്മ. ദാരിദ്ര്യത്തിന്റെ ഒരു മുഖം ഈ ചിത്രത്തിൽ വ്യക്തമാകുന്നു.

സമൂഹത്തിലെ എല്ലാവർക്കും വിശ്രമം നല്കുന്ന ഇടമാണ് സത്രം. എന്നാൽ ഇടം നിഷേധിക്കപ്പെട്ട്, പുറമ്പോക്കിൽ, പട്ടണത്തിനു വെളിയിൽ, അഭയം തേടാൻ വിധിക്കപ്പെട്ട ദരിദ്രയാണ് മറിയം. പ്രാന്തവൽക്കരിക്കപ്പെട്ടവരോടു കൂടെ, പുറമ്പോക്കിൽ ജനിക്കാൻ തീരുമാനിക്കുന്ന ദൈവപുത്രന്റെ വ്യക്തവും അർത്ഥശങ്കയ്ക്കിടമില്ലാത്തതുമായ ഒരു തീരുമാനവും തിരഞ്ഞെടുപ്പും ഇവിടെ പ്രകടമാകുന്നു. ആ തീരുമാനത്തിൽ മറിയവും ഭർത്താവ് ജോസഫും പങ്കാളികളാകുന്നു. ദാരിദ്ര്യത്തിന്റെ അർത്ഥം തേടിയുള്ള പ്രയാണത്തിൽ ആദ്യത്തെ കണ്ടെത്തലാണ് പുറമ്പോക്കിലെ ഗുഹയും പുൽത്തൊട്ടിയും.

പുറമ്പോക്കിൽ കഴിഞ്ഞിരുന്ന ഇടയന്മാരും ദൈവജനത്തിന്റെ അതിരുകൾക്ക് അപ്പുറത്തു കഴിഞ്ഞിരുന്ന വിജാതീയരും രക്ഷകനെ തിരിച്ചറിഞ്ഞു; പക്ഷേ ദൈവജനം എന്നു സ്വയം അഭിമാനിച്ചിരുന്നവർക്ക് ദൈവത്തിന്റെ ഈ ഇടപെടൽ മനസ്സിലായില്ല. പാവപ്പെട്ടവരുടെ കാണിക്കയായ രണ്ടു ചെങ്ങാലികളെയും കൊണ്ട് മകനെ കാഴ്ചയർപ്പിക്കാൻ വന്ന ദമ്പതികളിൽ ദാരിദ്ര്യത്തിന്റെ അടുത്ത ചിത്രം തെളിയുന്നു. ദൈവാത്മാവിന്റെ പ്രത്യേക വെളിച്ചം കിട്ടിയ രണ്ടു വൃദ്ധർ, ശിമയോനും ഹന്നായും മാത്രമേ അവരെ, അവനെ, തിരിച്ചറിഞ്ഞുള്ളൂ. ഒന്നും ഇല്ലാത്തവരോടു താദാത്മ്യപ്പെടുന്ന ദൈവത്തിന്റെ ദാരിദ്ര്യം ഇവിടെ വീണ്ടും പ്രകടമായി.

കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ വേണ്ടി അർദ്ധരാത്രി നാടുവിട്ടോടുവാൻ നിർബ്ബന്ധിതയാകുന്നിടത്ത് ദാരിദ്ര്യത്തിന്റെ അടുത്ത മുഖം പ്രകടമാകുന്നു. ദൈവപുത്രൻ ജനിക്കാൻ തിരഞ്ഞെടുത്ത ഗുഹയിൽ പോലും സുരക്ഷിതത്വമില്ല. ജീവിതം മുഴുവൻ അരക്ഷിതാവസ്ഥയിൽ അഭയാർത്ഥികളായി കഴിയാൻ വിധിക്കപ്പെട്ട ലക്ഷോപലക്ഷം ജനങ്ങളോടു താദാത്മ്യപ്പെടുന്ന ദൈവപുത്രനും അവന്റെ ഭൂമിയിലെ മാതാപിതാക്കളും. നിരന്തരമായ അരക്ഷിതാവസ്ഥ, ജീവനു ഭീഷണി, സുരക്ഷിതത്വം തേടി പലായനം ഇതെല്ലാം ദാരിദ്ര്യത്തിന്റെ ഭാവങ്ങളായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഭൗതികമായ ഒന്നിലും, ആരിലും അല്ല, ദൈവത്തിൽ മാത്രമാണ് ദരിദ്രർക്കു സുരക്ഷിതത്വം. ബൈബിൾ വരച്ചു കാട്ടുന്ന ദാരിദ്ര്യത്തിന്റെ ഒരു പ്രധാന വശമാണ് ഇത്. മറ്റാരിലും അവർക്ക് ആശ്രയിക്കാനില്ല; ദൈവത്തിൽ മാത്രം.

മറിയം അനുഭവിച്ച ദാരിദ്ര്യം അതിന്റെ സർവ്വ കാഠിന്യത്തോടും കൂടെ പ്രകടമായത് യേശുവിന്റെ കുരിശിൻ ചുവട്ടിലാണ്. യഹൂദ മതത്തിന്റെ പരമോന്നത സമിതിയായ സാൻഹദ്രിൻ മകനെ ദൈവദൂഷകനെന്നു വിധിച്ച്, മരണശിക്ഷ കല്പിച്ചു. ശിക്ഷ നടപ്പിലാക്കാൻ റോമൻ

അധികാരികളെ ഏല്പിച്ചു. രാഷ്ട്രീയാധികാരി അവനെ കലാപകാരിയായി മുദ്ര കുത്തി; വധശിക്ഷ വിധിച്ചു. നസ്രായൻ യേശു, യഹൂദരുടെ രാജാവ് എന്ന കുറ്റപത്രം കുരിശിനു മുകളിൽ സ്ഥാപിച്ചു. ഉറ്റവരെല്ലാം ഓടിയകന്നു. കൂടെ കൊണ്ടു നടന്ന പന്ത്രണ്ടുപേരിൽ ഒരുവൻ മാത്രം അവശേഷിച്ചു. നിസ്സഹായരായ ഏതാനും സ്ത്രീകൾ മാത്രം മറിയത്തിന്റെ കൂടെ, കുരിശിൻ ചുവട്ടിൽ നിന്നു. കലാപകാരിയായി മരിക്കുന്ന മകന്റെ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന മറിയം, ആഴമളക്കാനാവാത്ത ദുഃഖം; ഊഹാതീതമായ വേദന. ഇവിടെ ദാരിദ്ര്യത്തിന്റെ മറ്റൊരു മുഖം പ്രകടമാകുന്നു. മകനെ എവിടെ സംസ്കരിക്കും? കൊല്ലപ്പെട്ട മകന്റെ മൃതശരീരം സംസ്കരിക്കാൻ ഇടം തേടേണ്ടി വരുന്ന അമ്മയുടെ ഹൃദയ വ്യഥ ഊഹിക്കാനാവില്ല.

ഏതാനും വർഷങ്ങൾ മുമ്പുണ്ടായ ഒരു ചെറിയ സംഭവം മറിയത്തിന്റെ അവസ്ഥയിലേക്ക് ചെറിയൊരു വെളിച്ചം വീശാൻ സഹായകമാകും. ഡിവൈൻ ധ്യാനകേന്ദ്രത്തോടനുബന്ധിച്ച് അന്നത്തെ ഡയറക്ടർ പനയ്ക്കലച്ചന്റെ നേതൃത്വത്തിൽ എയ്ഡ്സ് രോഗികൾക്കു വേണ്ടി ഒരു കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. മരിക്കുന്ന രോഗികളെ അടുത്തുള്ള ഇടവകയുടെ സിമിത്തേരിയിലായിരുന്നു മറവു ചെയ്തിരുന്നത്. അതിൽ ആർക്കും എതിരഭിപ്രായം ഉണ്ടായിരുന്നില്ല. എന്നാൽ സാവകാശം പ്രതിഷേധശബ്ദങ്ങൾ ഉയർന്നു. എയ്ഡ്സ് രോഗിയുടെ ശരീരത്തിൽ നിന്ന് രോഗാണുക്കൾ മണ്ണും വെള്ളവും വായുവും വഴി പ്രസരിക്കും, അതിനാൽ പള്ളിവക സെമിത്തേരിയിൽ ശരീരം മറവു ചെയ്യാൻ അനുവദിക്കരുത് എന്ന അഭിപ്രായം ശക്തിയാർജ്ജിച്ചു.

അങ്ങനെയിരിക്കെ തിരുവനന്തപുരംകാരനായ ഒരു ചെറുപ്പക്കാരൻ ഡിവൈൻ എയ്ഡ്സ് സെന്ററിൽ മരിച്ചു. അയാളുടെ മാതാപിതാക്കളുടെ കൂടെ പനയ്ക്കലച്ചൻ ആംബുലൻസിൽ ശവശരീരവുമായി അടുത്ത പള്ളിയിലെത്തി. അവിടുത്തെ സെമിത്തേരിയിൽ ശരീരം മറവു ചെയ്യുന്നതു തടയാൻ ആൾക്കൂട്ടം ഉണ്ടായിരുന്നു. വികാരിയച്ചൻ അനുവാദം നിഷേധിച്ചു. പരീക്ഷണാർത്ഥം അടുത്ത പള്ളിയിലേക്ക് മൃതശരീരവുമായി യാത്ര. അവർ എത്തുന്നതിനു മുമ്പേ ആദ്യപള്ളിക്കാർ ഫോൺ സന്ദേശം നല്കിയിരുന്നതിനാൽ രണ്ടാമത്തെ പള്ളിയിലും ശവസംസ്കാരം നിഷേധിച്ചു. അങ്ങനെ ആറുപള്ളികൾ കയറിയിറങ്ങി. എല്ലായിടത്തും വിലക്ക്. അവസാനം അടുത്തുള്ള പട്ടണത്തിലെ ക്രെമത്തോറിയത്തിൽ ശവം ദഹിപ്പിക്കാൻ മാതാപിതാക്കൾ നിർബ്ബന്ധിതരായി.

ഈ അനുഭവം വിവരിച്ച ഡിവൈനിലെ ഒരു പ്രേഷിതൻ എന്നോടു പറയുകയുണ്ടായി. "കുരിശിൻ ചുവട്ടിൽ വച്ച് പരിശുദ്ധ അമ്മ അനുഭവിച്ച ദുഃഖം എന്തെന്ന് ഒരു പരിധിവരെ മനസ്സിലാക്കാൻ അന്നെനിക്കു കഴിഞ്ഞു." മതവും രാഷ്ട്രവും ഒന്നു ചേർന്നു കുറ്റം വിധിച്ചു തൂക്കിക്കൊന്ന മകന്റെ മൃതശരീരം എവിടെ സംസ്കരിക്കും? സ്വന്തം നാടായ നസ്രത്ത് 130 കിലോമീറ്റർ അകലെയാണ്. കലാപകാരിയെന്ന കുറ്റത്തിനു കൊല്ലപ്പെട്ടതിനാൽ അവനോട് ഏതെങ്കിലും തരത്തിൽ അടുപ്പമോ താൽപര്യമോ കാണിക്കുന്നവരും കുറ്റക്കാരായി പരിഗണിക്കപ്പെടാം. പിറക്കാൻ ഇടം കിട്ടാതെ, പട്ടണത്തിനു വെളിയിലെ ഗുഹയിൽ അഭയം തേടിയവൾ മകനെ സംസ്കരിക്കാൻ എവിടെ പോകും? ദാരിദ്ര്യത്തിന്റെ അഗാധ ഗർത്തം ഇവിടെ തെളിയുന്നു. നിസ്സഹായത, ഏകാന്തത, ഭയം, ദുഃഖം എല്ലാം ഒരുമിച്ചു കനത്തപ്പോൾ ഒന്നുമാത്രമേ അവൾക്ക് ആശ്രയമായുള്ളൂ. തന്നെ വിളിച്ച ദൈവം, നിന്നോടുകൂടെ ഉണ്ടായിരിക്കും എന്നു ദൂതൻ അറിയിച്ച കർത്താവ് തന്നെ കൈവിടില്ല എന്നവൾ വിശ്വസിച്ചു. അവളുടെ മകനുവേണ്ടി അന്യന്റെ കല്ലറ ദൈവം ഒരുക്കി.

ബെത്‌ലഹെമിലെ മൃഗങ്ങളുടെ ഗുഹയും പുൽത്തൊട്ടിയും കാൽവരിയിലെ അന്യന്റെ കല്ലറയും പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു – തുടക്കവും ഒടുക്കവുമായി, ദാരിദ്ര്യത്തിന്റെ രണ്ടു പ്രതീകങ്ങൾ. അവയ്ക്കു മധ്യേ നടന്നു തീർത്ത ജീവിതവഴികൾ മുഴുവൻ ദാരിദ്ര്യത്തിന്റേതായിരുന്നു – മറിയം ജീവിച്ച, അനുഭവിച്ച ദാരിദ്ര്യം. ഇവിടെ നിന്നാകണം മരിയൻ ആധ്യാത്മികതയുടെ ഭാഗമായ ദാരിദ്ര്യത്തെക്കുറിച്ചുള്ള പഠനം പ്രചോദനം ഉൾക്കൊള്ളേണ്ടത്. മറിയത്തിന് ദാരിദ്ര്യം ഒരു അലങ്കാരമായിരുന്നില്ല. സ്വീകരിച്ച ദൈവവിളിയുടെ അവശ്യഘടകമായിരുന്നു; മകൻ പ്രഘോഷിച്ച സുവിശേഷ ഭാഗ്യങ്ങളുടെ അടിത്തറയും ദാരിദ്ര്യത്തിലായിരുന്നു.

യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും ആഹ്വാനങ്ങളും ദാരിദ്ര്യത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ അറിവു നൽകുന്നുണ്ട്. അവന്റെ ജീവിതം തന്നെയാണ് ഏറ്റം വ്യക്തമായ പ്രബോധനം. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്കു നല്കുന്ന ആഹ്വാനങ്ങളിൽ ഈ പ്രബോധനം കൂടുതൽ വ്യക്തമാകുന്നു. അനുദിനാഹാരത്തിനായി കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു മരപ്പണിക്കാരന്റെ മകനായും തുടർന്നു സ്വയം ഒരു മരപ്പണിക്കാരനായും ജീവിച്ചത് സാഹചര്യത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങിയതു കൊണ്ടല്ല, വ്യക്തമായ ഒരു പദ്ധതിയുടെയും തീരുമാനത്തിന്റെയും ഭാഗമായിട്ടായിരുന്നു. കാലിത്തൊഴുത്തും കാൽവരിയും ഈ ജീവിത

ത്തിലെ രണ്ടു മുഹൂർത്തങ്ങൾ മാത്രം. അവയ്ക്കു മധ്യേയുള്ള ജീവിതം മുഴുവൻ ദാരിദ്ര്യത്തിന്റെ മുഖമുദ്ര വഹിച്ചിരുന്നു. കാട്ടുമൃഗങ്ങൾക്കും ആകാശപ്പറവകൾക്കും ഉള്ള സുരക്ഷിതത്വം പോലുമില്ലാതെ, തല ചായ്ക്കാൻ ഇടമില്ലാതെ (ലൂക്കാ 9, 58) ജീവിച്ചത് ഒരു തെരഞ്ഞെടുപ്പിന്റെ തെളിവും വെല്ലുവിളിയുടെ അടയാളവും ആയിരുന്നു. ഈ ജീവിതത്തിലൂടെ വെളിപ്പെടുന്ന സത്യം പൗലോസ് അപ്പസ്തോലൻ ശക്തവും വ്യക്തവും ആയ ഭാഷയിൽ അവതരിപ്പിക്കുന്നുണ്ട്. "ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ, അതേ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി 2, 7-9). ദൈവത്തിന്റെ സ്വയം ശൂന്യവൽക്കരണമാണ് മനുഷ്യാവതാരത്തിൽ സംഭവിച്ചത്. ദാരിദ്രത്തിന്റെ ദൈവികവും ദൈവശാസ്ത്രപരവുമായ മാനം പ്രകടമാക്കുന്നതും ഇവിടെത്തന്നെ. പിടിച്ചടക്കുന്നതിലും സംഭരിച്ചു വയ്ക്കുന്നതിലും അടക്കി ഭരിക്കുന്നതിലും അല്ല, വിട്ടു കൊടുക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിലൂടെ സംഭവിക്കുന്ന സ്വയം ശൂന്യവത്കരണം - അതാണ് യേശു ജീവിച്ചതും പഠിപ്പിച്ചതും ആയ ദാരിദ്ര്യം.

യേശു സ്വയം ഏറ്റെടുത്ത ദാരിദ്ര്യത്തെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ വീണ്ടും അനുസ്മരിപ്പിക്കുന്നുണ്ട്. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി - തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ" (2കോറി 8, 9). യേശുവിന്റെ ഈ ദാരിദ്ര്യം വിശ്വാസികൾ മാതൃകയാക്കണം, എങ്കിലേ യേശുവിന്റെ ശിഷ്യരാകാൻ കഴിയൂ എന്ന് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. എനിക്കു ജീവൻ നല്കിയ ദൈവം എന്നെ പരിപാലിക്കും എന്ന ഉറച്ച ബോധ്യമാണ് ദാരിദ്ര്യം വ്രതമായി സ്വീകരിക്കുന്നതിലൂടെ പ്രകടമാകുന്നത്. യേശുവിന്റെ പ്രബോധനങ്ങളിലും ആഹ്വാനങ്ങളിലും ഉദ്ഘോഷണങ്ങളിലും ഈ സത്യം തെളിഞ്ഞു നില്ക്കുന്നു. നിത്യജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി തന്നെ സമീപിച്ച യുവധനികന് യേശു നല്കുന്ന നിർദ്ദേശം ഇവിടെ പ്രസക്തമാകുന്നു. "നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക" (മർക്കോ 10, 21). ശിഷ്യത്വത്തിന്റെ ഉപാധിയും നിത്യജീവൻ അവകാശമാക്കാൻ അവശ്യ നിബന്ധനയുമായിട്ടാണ്

പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ വരിക്കുന്ന ദാരിദ്ര്യത്തെ യേശു എടുത്തുകാട്ടുന്നത്. ശിഷ്യരാകാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഇതൊരു വഴികാട്ടിയായി നില്ക്കുന്നു.

സുവിശേഷത്തിന്റെ രത്നച്ചുരുക്കമായി അവതരിപ്പിക്കുന്ന സുവിശേഷ ഭാഗ്യങ്ങളിൽ ദാരിദ്ര്യത്തിന്റെ പ്രമുഖസ്ഥാനം യേശു എടുത്തുകാട്ടുന്നു: "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6, 20). ഇതേ ഗുരുമൊഴി അല്പം വ്യത്യസ്തമായിട്ടാണ് മത്തായി രേഖപ്പെടുത്തിയിരിക്കുന്നത്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്തായി 5, 3). "ദരിദ്രരായവർ" എന്ന വിവർത്തനം മുഴുവൻ ശരിയാണെന്നു പറയാനാവില്ല. ഏതോ കാരണത്താൽ ഏറ്റെടുത്തതോ  വന്നു ഭവിച്ചതോ ആയ ഒരവസ്ഥയാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന സൂചന ഈ വിവർത്തനത്തിലുണ്ടാകും. എന്നാൽ അങ്ങനെ ഒരു സൂചനയും ഗ്രീക്കുമൂലത്തിലില്ല. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ" എന്നതായിരിക്കും മൂലത്തോടു കൂടുതൽ വിശ്വസ്തത പാലിക്കുന്ന വിവർത്തനം. "ആത്മാവിൽ" എന്ന വിശേഷണമാണ് മത്തായിയുടെ അവതരണത്തെ ലൂക്കായുടേതിൽ നിന്നു വ്യതസസ്തമാക്കുന്നത്. ഇതിൽ ഏതാണ് യേശുവിന്റെ വചനത്തോടു കൂടുതൽ വിശ്വസ്തം എന്നു തീരുമാനിക്കുക എളുപ്പമല്ല. "ആത്മാവിൽ" എന്ന വിശേഷണം മനോഭാവത്തിന് ഊന്നൽ നല്കുമ്പോൾ "ദരിദ്രർ" എന്ന വിശേഷണരഹിതമായ അവതരണം ദരിദ്രർ എന്ന അവസ്ഥയ്ക്ക് പ്രാധാന്യം കല്പിക്കുന്നു. രണ്ടും തമ്മിൽ കാതലായ വ്യത്യാസമില്ലെങ്കിലും ചില വ്യാഖ്യാതാക്കൾ വലിയ വ്യത്യാസം കണ്ടെത്തുകയും മത്തായിയുടേതാണ് യേശു പറഞ്ഞ വാക്കുകളോട് കൂടുതൽ അടുത്തു നില്ക്കുന്നത് എന്നു സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. അതിനാൽത്തന്നെ ഈ സുവിശേഷ ഭാഗ്യം അടുത്തു പരിശോധിക്കേണ്ടിയിരിക്കുന്നു. ഇതിന് "ദരിദ്രർ" എന്ന പദവും "ആത്മാവിൽ" എന്ന വിശേഷണവും അപഗ്രഥിക്കണം.

*പ്തോക്കോയി* (ptochoi) എന്ന ഗ്രീക്കു വാക്കാണ് ദരിദ്രർ എന്നു വിവർത്തനം ചെയ്യുന്നത്. ഇത് ബഹുവചനമാണ്. *പ്തോക്കോസ്* (ptochos)എന്ന് ഏകവചനം. യാചകർ എന്നാണ് വാച്യാർത്ഥം. മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്നവർ, സ്വന്തമായി ഒന്നുമില്ലാത്തവർ, നിസ്വർ എന്നൊക്കെയാണ് വാക്കിന്റെ അർത്ഥം. സ്വന്തമായി ഒന്നും നീക്കിയിരുപ്പില്ലാതെ അനുദിനാദ്ധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്നവരെയും ദരിദ്രർ എന്നു ഗ്രീക്കിൽ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ അതിന് *പേനെസ്*

(penes) എന്ന പദമാണ് ഉപയോഗിക്കുക. പുതിയ നിയമത്തിൽ ഈ പദം ഒരിക്കൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. അതും സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണിയായി: "അവൻ വാരി വിതറി, ദരിദ്രർക്കു ദാനം ചെയ്തു" (2കോറി. 9, 9, സങ്കീ 112, 9). ബാക്കി എല്ലാ തവണയും പുതിയ നിയമത്തിൽ '*'പ്തോക്കോസ്"* എന്ന പദം മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. യാചകർ എന്നു മാത്രമല്ല, സമ്പന്നരുടെ ചൂഷണത്തിനു വിധേയരായവർ, അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ, സഹായത്തിന് ആരുമില്ലാത്തവർ എന്നൊക്കെ ഈ പദത്തിന് അർത്ഥസൂചനകളുണ്ട്. ഇവിടെ നിന്നാണ് ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവർ എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നത്.

പഴയ നിയമത്തിൽ *പ്തോക്കോസ്* എന്ന പദം പല ഹീബ്രു വാക്കുകളെ വിവർത്തനം ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട്. ആ പശ്ചാത്തലം കൂടി ഗ്രഹിച്ചാലേ പുതിയ നിയമത്തിൽ ഈ പദത്തിനുള്ള അർത്ഥസൂചനകൾ മനസ്സിലാക്കാൻ കഴിയൂ. *അനീ* (Ani) എന്ന പദമാണ് ഏറ്റം അധികം ഉപയോഗിച്ചിട്ടുള്ളത്. കുനിയുക, പീഡിപ്പിക്കപ്പെടുക എന്നർത്ഥമുള്ള "*അനാ*" എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. സ്വന്തമായി ഒന്നുമില്ലാത്തവർ, മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്നവർ (നിയ 15, 11, സുഭാ. 31, 20). ബലഹീനർ, ധനവാന്മാരുടെ ചൂഷണത്തിന് ഇരായയവർ (ഏശ. 3: 14, 58: 7, ജോബ് 29, 12, ആമോ 8, 4); ദുഷ്ടരുടെ പീഡനത്തിന് ഇരയായവർ, ദൈവഭക്തർ (സങ്കീ 10, 2, 14, 6) എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവർ എന്ന ആശയവും ഈ വാക്കിലുണ്ട്.

*അനവ് - അനവിം (Anaw - Anawin)*; പീഡിതർ, ദുഃഖിതർ, എളിയവർ, വിനയമുള്ളവർ, ശാന്തശീലർ എന്നൊക്കെ ഈ വാക്കിനർത്ഥമുണ്ട്. *അനീ* എന്ന വാക്കിനോടു സമാനതയുള്ളതാണ് *"അനവിം"* എന്ന വാക്കും. എന്നാൽ ഈ വാക്കിന് ആത്മീയമായൊരു മാനം കൂടുതലായുണ്ട്. ദൈവത്തിൽ മാത്രം ആശ്രയിക്കുന്ന ഭക്തർ (സംഖ്യ 12, 3 – മോശ); വിനീതർ (സുഭാ 3, 34, 16: 19) എന്ന ആശയത്തിനാണ് ഈ പദം മുൻതൂക്കം കല്പിക്കുന്നത്. അതേ സമയം ചൂഷണത്തിനു വിധേയരും എല്ലാം നഷ്ടപ്പെട്ടവരും ദൈവമല്ലാതെ മറ്റാരും ആശ്രയിക്കാനില്ലാത്തവരും എന്ന അർത്ഥവും ഈ പദത്തിനുണ്ട്.

*ദൽ - ദല്ലീം (Dal - Dallim)* ശോഷിച്ചവർ, ക്ഷീണിച്ചവർ, ബലഹീനർ എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവർ (പുറ 23, 3, ലേവ്യർ 14, 21): ചൂഷണത്തിനും പീഡന

ത്തിനും ഇരയായവർ (ആമോ 2, 7); ശോഷിച്ചവർ (ഉൽപ 41, 19), നിസ്സ ഹായർ, ദൈവത്തിന്റെ അടുക്കൽ സഹായത്തിനായി നിലവിളിക്കുന്ന വർ (ജോബ് 34, 28) എന്നെല്ലാം ഈ വാക്കിന് അർത്ഥമുണ്ട്. "ദലിതർ" എന്ന പദത്തിന് ഈ വാക്കുമായുള്ള സാമ്യം ശ്രദ്ധേയമാണ്. സമൂഹ ത്തിലെ ഏറ്റം താഴെക്കിടയിൽ, പുറമ്പോക്കിൽ, കഴിയാൻ വിധിക്കപ്പെട്ട വരാണ് ദല്ലിം – ദലിതർ. ദാരിദ്ര്യത്തിന്റെ മറ്റൊരു വശം ഇവിടെ ദൃശ്യമാ കുന്നു.

*എബിയോൻ – എബിയോനിം (Ebion - Ebionim)* ദരിദ്രർ എന്നു വിവർത്തനം ചെയ്യുന്ന മറ്റൊരു ഹീബ്രു വാക്കാണിത്. ആവശ്യം അനുഭ വിക്കുന്നവർ (പുറ 23, 6, നിയ. 15, 7–9); ചൂഷിതർ, മർദ്ദിതർ (ആമോ 2, 7, 8, 1) എന്നൊക്കെ ഈ വാക്കിനും അർത്ഥമുണ്ട്.

*പ്തോക്കോസ്* എന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കുകൾ നല്കുന്ന വ്യത്യസ്ത ഊന്നലുകൾ ഇപ്രകാരം സംഗ്രഹി ക്കാം. സ്വന്തമായി ഒന്നും ഇല്ലാത്തവർ, മറ്റുള്ളവരുടെ കരുണയിൽ ആശ്ര യിക്കുന്നവർ, ദാനമായി കിട്ടുന്നതു കൊണ്ട് ഉപജീവനം കഴിക്കുന്നവർ – ഇതാണ് ദാരിദ്ര്യത്തിന്റെ ഒരു തലം. സ്വന്തം അലസതയോ നിഷ്ക്രിയ ത്വമോ ധൂർത്തോ കൊണ്ട് വരുത്തിവച്ചതല്ല ഈ ദാരിദ്ര്യം; മറിച്ച് ശക്ത രായ ധനികരുടെ ചൂഷണവും പീഡനവും വഴി എല്ലാം നഷ്ടപ്പെട്ടവരാ ണവർ. ഈ അവസ്ഥയിൽ ഇവരെ പീഡിതർ എന്നും വിശേഷിപ്പിക്കാം.

നിരന്തരമായ ചൂഷണത്തിനും മർദ്ദനത്തിനും ഇരയാകുന്ന അവർക്ക് ആശ്രയിക്കാൻ ദൈവം മാത്രമേ ഉള്ളൂ. അതിനാൽത്തന്നെ ഇപ്രകാര മുള്ള ദരിദ്രർ ദൈവത്തിൽ ആശ്രയിക്കുന്നവരാണ്. ഭൗതികമായ ഇല്ലായ്മകളും വറുതിയും ആത്മീയമായി വളരാൻ, ദൈവത്തിൽ മാത്രം ആശ്രയിച്ചു ജീവിക്കാൻ അവർക്കു പ്രേരകമാകുന്നു. പ്രവാസ കാലത്തും തുടർന്നും കർത്താവിനോടും അവിടുത്തെ കല്പനകളോടും വിശ്വസ്തത പാലിക്കുന്ന ഒരു ചെറിയ ഗണം ഇസ്രായേൽ ജനത്തിനിടയിൽ ഉണ്ടായി രുന്നു. വിശുദ്ധമായ അവശിഷ്ട ഭാഗം (holy remnant) എന്ന് അവരെ വിശേഷിപ്പിച്ചിരുന്നു. പുതിയനിയമ കാലമായപ്പോഴേയ്ക്കും "കർത്താ വിന്റെ ദരിദ്രർ" (അനവിം യാഹ്വേ) എന്നു സ്വയം വിശേഷിപ്പിച്ചിരുന്ന ഒരു സന്യാസ സമൂഹം യൂദാ മരുഭൂമിയിൽ വസിച്ചിരുന്നു. എസ്സേൻ സന്യാസികൾ, ഖുമ്റാൻ സന്യാസികൾ എന്നൊക്കെ അവർ അറിയപ്പെ ട്ടിരുന്നു. ആത്മാവിൽ ദരിദ്രർ എന്ന പ്രയോഗം ഇവർക്ക് അനുയോജ്യമാ യിരുന്നു. ഈ ഉൾക്കാഴ്ചയുമായി സുവിശേഷഭാഗ്യത്തിലേക്ക് തിരിയു മ്പോൾ ഒരു കാര്യം വ്യക്തമാകും. ലൂക്കായും മത്തായിയും രണ്ടു വിധ

ത്തിൽ അവതരിപ്പിക്കുന്നെങ്കിലും അർത്ഥത്തിൽ കാര്യമായ വ്യത്യാസമില്ല; ഊന്നലിൽ മാത്രമാണ് അന്തരം. ദൈവാശ്രയ ബോധത്തിന് മത്തായി ഊന്നൽ നല്കുമ്പോൾ ദരിദ്രരായിരിക്കുന്നു എന്ന അവസ്ഥയ്ക്കാണ് ലൂക്കാ ഊന്നൽ നല്കുന്നത്. എന്നാൽ ദരിദ്രരായിക്കുന്നത് അതിൽത്തന്നെ അനുഗ്രഹവും അഭിലഷണീയവും ആണെന്ന് ഈ ഉദ്ഘോഷണത്തിന് അർത്ഥമില്ല. ദൈവം കനിഞ്ഞു നല്കുന്ന രാജ്യത്തിന് അവരെ അർഹരാക്കുന്നത് ഒന്നുമില്ലായ്മയുടെ അവസ്ഥയും അതേസമയം ദൈവത്തിലുള്ള ആശ്രയവും ആണ്. ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് ദൈവരാജ്യം. ഈ ലോകത്തിൽ നിസ്വരും ചൂഷിതരുമാണെങ്കിലും വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ തങ്ങൾ ദൈവരാജ്യത്തിന് അവകാശികളാണെന്നു ബോധ്യമാകും. അതിനാൽ സന്തോഷിക്കുവിൻ, നിങ്ങളുടെ അവസ്ഥ എത്രയോ അനുഗൃഹീതം, സന്തോഷപ്രദം! ഇതാണ് ലൂക്കായിലെ സുവിശേഷ ഭാഗ്യത്തിനർത്ഥം. മനോഭാവത്തിന് ഊന്നൽ നല്കുന്നെങ്കിലും ഭൗതിക ദാരിദ്ര്യത്തെ തീർത്തും അവഗണിക്കുകയോ ആധ്യാത്മികമായി മാത്രം പരിഗണിക്കുകയോ അല്ല മത്തായി ചെയ്യുന്നത്. "ആത്മാവിൽ ദരിദ്രർ" എന്ന പ്രയോഗം മനോഭാവത്തിനു പ്രാധാന്യം കല്പിക്കുമ്പോഴും "ദരിദ്രർ" എന്ന വാക്കിന്റെ അർത്ഥം ചോർത്തിക്കളയുന്നില്ല. ഭൗതിക സമ്പത്ത് എത്രയുണ്ടെങ്കിലും പ്രശ്നമില്ല, കർത്താവിൽ ആശ്രയിക്കുന്ന ഒരു മനോഭാവമാണ് പ്രധാനം എന്ന വ്യാഖ്യാനം സ്വീകരിക്കാനാവില്ല. ശാന്തശീലർ, വിനയമുള്ളവർ എന്ന വിശേഷണങ്ങളെല്ലാം ഉപയോഗിക്കുമ്പോഴും ഭൗതിക സമ്പത്തില്ലാത്തവർ, ദൈവത്തിലല്ലാതെ മറ്റാരിലും, മറ്റൊന്നിലും ആശ്രയിക്കാനില്ലാത്തവർ എന്ന അടിസ്ഥാന അർത്ഥം അവഗണിക്കാനാവില്ല.

ദരിദ്രരെ അനുഗൃഹീതർ എന്നു വിശേഷിപ്പിക്കുന്ന യേശു സമ്പത്തിനെയും സമ്പന്നരെയും കുറിച്ചു നല്കുന്ന പ്രബോധനം കൂടെ കണക്കിലെടുത്താലേ ദാരിദ്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാകൂ. സുവിശേഷ ഭാഗ്യങ്ങൾ അവതരിപ്പിക്കുമ്പോൾ ലൂക്കാ എടുത്തിരിക്കുന്ന നിലപാട് ഇവിടെ ശ്രദ്ധേയമാകുന്നു. "ഭാഗ്യവാന്മാർ" എന്ന ഉദ്ഘോഷണത്തിനു സമാന്തരമായി നാലു തവണ "ദുരിതം" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് രണ്ടും തമ്മിലുള്ള വൈരുദ്ധ്യം എടുത്തു കാട്ടുന്നു. ദരിദ്രരേ നിങ്ങളുടെ അവസ്ഥ എത്രയോ സന്തോഷപ്രദം കടകവിരുദ്ധമാണ് "ധനികരേ നിങ്ങൾക്കു ദുരിതം" എന്ന ഉദ്ഘോഷണം.

ഇതിനെ ഒരു ശാപമായി കരുതാനാവില്ല. മറിച്ച് നിങ്ങളുടെ അവസ്ഥ എത്രയോ പരിതാപകരം, ദയനീയം എന്ന ഒരു വിലാപമായി വേണം ഇതിനെ കാണാൻ. പ്രത്യക്ഷത്തിൽ ദരിദ്രർ ദുർഭഗരായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ അവർ ഭാഗ്യവാന്മാരാണ്. ദൈവരാജ്യത്തിന്റെ അവകാശികൾ എന്ന നിലയിൽ അനുഗൃഹീതരാണവർ. എന്നാൽ എല്ലാം തികഞ്ഞവർ എന്നു സ്വയം അഭിമാനിക്കുകയും പൊതുസമൂഹം അങ്ങനെ വിലയിരുത്തുകയും ചെയ്യുന്ന ധനികരാകട്ടെ യഥാർത്ഥത്തിൽ ദുർഭഗരാണ്. കാരണം അവർക്ക് ഒന്നും പ്രതീക്ഷിക്കാനില്ല; ദൈവരാജ്യത്തിൽ അവർക്ക് സ്ഥാനവുമില്ല.

ദൈവാനുഗ്രഹത്തിന്റെ അടയാളമെന്ന് പൊതുവേ കരുതപ്പെടുന്ന ഭൗതിക സമ്പത്തിനെ വലിയൊരു പ്രതിബന്ധമായിട്ടാണ് യേശു കാണുന്നത്. ഒട്ടകത്തിന്റെ മുമ്പിൽ നില്ക്കുന്ന സൂചിക്കുഴ പോലെയാണ് അത്. "ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്" (ലൂക്കാ 18, 25). സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തിനെ "അനീതിയുടെ മാമോൻ" (ലൂക്കാ 16, 9: അധാർമ്മിക സമ്പത്ത് എന്ന പി. ഒ. സി. വിവർത്തനം ഒരു വിശദീകരണമാണ് - *"മാമോനാ അദിക്കായാസ്"* - എന്നാണ് ഗ്രീക്കുമൂലം ) എന്നാണ് യേശു വിശേഷിപ്പിക്കുന്നത്.

സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്ത് മനുഷ്യനു നാശകാരണമാകും എന്ന് യേശു പഠിപ്പിച്ചു. ഇപ്രകാരമുള്ള സമ്പത്തിനെ വിഗ്രഹമായിട്ടാണ് യേശു കാണുന്നത്. "ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല" (ലൂക്കാ 16, 13) "മാമ്മോനാ" എന്ന പദമാണ് ഇവിടെ ധനം എന്നു വിവർത്തനം ചെയ്യുന്നത്. ദൈവത്തിന്റെ സ്ഥാനത്തു കയറിയിരിക്കുന്ന ധനം മനുഷ്യനെ ദൈവത്തിൽ നിന്നും പരസ്പരവും അകറ്റുന്നു. ധനത്തിന്റെ ആകർഷണത്തിൽ പെടുന്നവൻ ദൈവത്തെ കാണുന്നില്ല, സഹോദരനെയും കാണുന്നില്ല. ഭോഷനായ ധനികന്റെ ഉപമയിലൂടെ (ലൂക്കാ 12, 13-21) ധനം ദൈവത്തെ മറക്കാൻ കാരണമാകുന്നു എന്നു പഠിപ്പിച്ചു. ധനവാന്റെയും ലാസറിന്റെയും ഉപമ സഹോദരനെതിരെ കണ്ണടയ്ക്കാൻ പ്രേരിപ്പിക്കുന്ന ധനത്തിന്റെ ചിത്രം വരച്ചു കാട്ടി. ചുരുക്കത്തിൽ, ധനികന് ദൈവവുമില്ല, സഹോദരനുമില്ല. സ്വാർത്ഥതയുടെ അറപ്പുരയിൽ വീർപ്പുമുട്ടി മരിക്കുകയാണ് അവന്റെ വിധി.

സമ്പത്ത് രണ്ടു തരത്തിൽ അധാർമ്മികമാകുന്നു എന്നു ബൈബിൾ പഠിപ്പിക്കുന്നു. സമ്പാദിക്കുന്ന വിധമാണ് ആദ്യത്തേത്. എല്ലാവർക്കുമായി ദൈവം സൃഷ്ടിച്ച ഭൂമിയിലെ വിഭവങ്ങൾ കയ്യടക്കി വയ്ക്കുന്നതിലൂടെ

യാണ് ഒരാൾ ധനികനാകുന്നത്. അധ്വാനിച്ചവർക്കു ന്യായമായ കൂലി നിഷേധിച്ചുകൊണ്ട് സ്വരുക്കൂട്ടുന്ന സമ്പത്ത് അതിനാൽത്തന്നെ അധാർമ്മികമായിത്തീരുന്നു. ഭൂവിഭവങ്ങളെ സമ്പത്താക്കുന്നത് മനുഷ്യാധ്വാനമാണ്. ഭൂമിയുടെയും വിഭവങ്ങളുടെയും മേൽ ഉടമസ്ഥത സ്ഥാപിക്കുന്ന വിധത്തിലും അനീതി കടുന്നു കൂടാം. എന്താണ് ന്യായമായ കൂലി എന്നു നിർണ്ണയിക്കുന്നിടത്തും അനീതിക്കു കടന്നുവരാൻ പഴുതുണ്ട്. “നിങ്ങളുടെ നിലങ്ങളിൽ നിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കാതുകളിൽ എത്തിയിരിക്കുന്നു” (യാക്കോ, 5: 4).

ന്യായമായി സമ്പാദിച്ചതാണെന്നു കരുതുമ്പോൾ പോലും അയല്ക്കാരൻ ആവശ്യത്തിൽ കഴിയുമ്പോൾ ആവശ്യത്തിലധികം സൂക്ഷിച്ചുവയ്ക്കുന്നതും അധാർമ്മികമാകുന്നു. പങ്കുവയ്ക്കാൻ വിസമ്മതിക്കലാണ് ഇവിടെ അനീതിയായി പരിണമിക്കുന്നത്, പടിവാതിൽക്കൽ ലാസർ പട്ടിണി കിടന്നു മരിച്ചത് ധാനവാനു നരകകാരണമാകുന്നതു പോലെ (ലൂക്കാ 16, 19–31). “ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം” (1തിമോ. 6: 10) എന്ന അപ്പസ്തോല പ്രബോധനം ഇതോടു ചേർന്നു പോകുന്നു.

അതിനാൽ ഒന്നു മാത്രമേ കരണീയമായുള്ളു. ധനത്തെ സുപ്രധാന മൂല്യമായി പരിഗണിക്കാതെ പങ്കുവയ്ക്കുക. അതോടൊപ്പം “മതി” എന്നു പറയാൻ പഠിക്കുക. “ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം” (1തിമോ, 6: 8). ഇതു തന്നെയാണ് മരിയൻ ആധ്യാത്മികതയുടെ ഘടകമായ ദാരിദ്ര്യത്തിന്റെ അർത്ഥം. നശ്വരമായ സമ്പത്തിൽ ആശ്രയിക്കാതെ, എല്ലാം തരുന്ന ദൈവത്തിൽ മാത്രം ആശ്രയിക്കുക. എനിക്ക് ആവശ്യമായ ഒന്നിനും കുറവുവരാൻ അവിടുന്ന് അനുവദിക്കുകയില്ല എന്ന് ഉറച്ചുവിശ്വസിക്കുക. ഭൗതിക സമ്പത്തും അതു നല്കുന്ന സുരക്ഷിതത്വവും മിഥ്യയാണെന്നു തിരിച്ചറിയുക. യേശുവിന്റെ സ്വയം ശൂന്യവൽക്കരണത്തിൽ പങ്കുചേരുക. സമ്പന്നന്റെ പ്രൗഢിയും ധാർഷ്ട്യവും അഹങ്കാരവും കണ്ട് വിസ്മയിക്കാതിരിക്കുക. ദാരിദ്ര്യം ജീവിത വ്രതമായി സ്വീകരിച്ചു കൊണ്ട് സമ്പത്തിന്റെ പ്രൗഢിക്കു മുമ്പിൽ ദൈവം ഉയർത്തുന്ന ഒരു ചോദ്യചിഹ്നമായി, ഒരു വെല്ലുവിളിയായി നിലകൊള്ളുക. ഇതാണ് മരിയൻ ആദ്ധ്യാത്മികതയിലെ ദാരിദ്ര്യം.

വിശ്വാസത്തിൽ അടിയുറച്ച ഈ ദാരിദ്ര്യം എന്നും ഒരു വെല്ലുവിളിയാണ്; അതു ജീവിക്കുന്നവർക്കും ഇപ്രകാരം ജീവിക്കുന്നവരെ കാണു

ന്നവർക്കും. നാണം മറയ്ക്കാനും പുതയ്ക്കാനുമായി രണ്ടു തോർത്തു മുണ്ടു മാത്രം ഉപയോഗിച്ചിരുന്ന രാഷ്ട്രപിതാവായ ഗാന്ധിജി ഇപ്രകാരം ഒരു വെല്ലുവിളി ആയിരുന്നു. എന്നാൽ ഈ വെല്ലുവിളി മയപ്പെടുത്താനും ദാരിദ്ര്യത്തിനുള്ള വിളിയിൽ മായം ചേർക്കാനുമുള്ള പ്രലോഭനം എന്നും ശക്തമായിരുന്നു, എന്നത്തേക്കാളേറെ ഇന്ന്.

പിറക്കാൻ ഇടം കിട്ടാതെ ഗുഹയിൽ അഭയം തേടിയവന്റെ ഓർമ്മ ആചരിക്കാൻ ലക്ഷങ്ങൾ മുടക്കി പുല്ക്കൂടു മത്സരം നടത്താൻ സഭാധി കാരികൾ തന്നെ മുൻകൈ എടുക്കുമ്പോൾ യേശുവിന്റെ വീക്ഷണത്തിൽ നിന്നു നാം എത്ര അകന്നു പോയി എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മര ക്കുരിശിലെ നഗ്നതയും ദുഃഖവും വേദനയും മറന്ന് സ്വർണ്ണക്കുരിശുകളും രത്നക്കുരിശുകളും എഴുന്നള്ളിക്കുമ്പോഴും ഈ വഴിപിഴക്കൽ കാണാതെ പോകുന്നു. ദാരിദ്ര്യം വ്രതമായി സ്വീകരിക്കുന്നവരും ജീവിത – യാത്ര സൗകര്യങ്ങളും മറ്റും ഒരുക്കുന്നിടത്തു ദാരിദ്ര്യം – ഒരു ആത്മീയാവസ്ഥ മാത്രമായി വിശദീകരിക്കാൻ വൃഥാ ശ്രമം നടത്തുന്നതു പോലെ തോന്നും. ചരിത്രത്തിൽ ജീവിച്ച മറിയത്തിലേക്ക്, ബെത്‌ലഹെമിലും നസ്രേ ത്തിലും കാർവരിയിലും അവൾ കാട്ടിത്തന്ന മാതൃകയിലേക്ക് മടങ്ങണം, ദാരിദ്ര്യത്തിന്റെ അർത്ഥം ഗ്രഹിക്കാൻ. എനിക്കു ദൈവം മതി എന്ന മനോ ഭാവമാണ് സുവിശേഷ പുണ്യമായ ദാരിദ്ര്യം.

# 5.
# വിനയം

*“അവിടുന്ന് തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചു”*
*(ലൂക്കാ 1, 48)*

കർത്താവിന്റെ അമ്മയിൽ നിന്ന് ആധ്യാത്മികതയുടെ പാഠങ്ങൾ പഠിക്കാനുള്ള ശ്രമത്തിൽ അടുത്തതായി നാം കണ്ടെത്തുന്നത് അമ്മയുടെ വിനയമാണ്. ദൈവദൂതനു നല്കുന്ന മറുപടിയിൽ ഈ ഭാവം ഏറ്റം വ്യക്തമാകുന്നുണ്ട്: “ഇതാ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” (ലൂക്കാ 1, 38). കർത്താവിന്റെ ദാസി – അതാണ് അമ്മയുടെ അടിസ്ഥാന ഭാവം. എനിക്കു സ്വന്തമായി ഒന്നുമില്ല, ഞാനും എനിക്കുള്ള സകലവും ദൈവത്തിന്റേതാണ്, അവിടുത്തെ സൗജന്യ ദാനം. ഇതാണ് കർത്താവിന്റെ ദാസി എന്ന വിശേഷണത്തിലൂടെ പ്രകടമാക്കുന്ന മനോഭാവം. ഇതു തന്നെയാണ് വിനയം അഥവാ എളിമ എന്ന പുണ്യത്തിന്റെ കാതൽ.

വിനയം എന്നത് സത്യം അംഗീകരിക്കലാണ്. എന്നെ സംബന്ധിച്ച സത്യം പൂർണ്ണബോധ്യത്തോടെ അംഗീകരിക്കുകയും അത് അനുസരിച്ചു ജീവിക്കുകയും ചെയ്യുമ്പോൾ ഞാൻ വിനീതനാകുന്നു. നേതൃത്വത്തിന്റെ പേരിൽ കലഹങ്ങളുണ്ടായ കോറിന്തോസിലെ സഭയ്ക്ക് എഴുതുന്ന ആദ്യലേഖനത്തിൽ പൗലോസ് ഈ സത്യം അടിവരയിട്ട് ഉറപ്പിക്കുന്നു: “നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണ് ഉള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?” (1കോറി 4, 7).

തനിക്കുള്ള കഴിവുകളും അറിവും പ്രത്യേകതകളും ഒന്നും നിഷേധിക്കുന്നതല്ല വിനയം – അവയെല്ലാം ദൈവം നല്കിയ ദാനങ്ങളാണെന്ന് അംഗീകരിച്ച് ഏറ്റുപറയുകയും ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ വികസിപ്പിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനാണ് വിനയം പ്രേരിപ്പിക്കുന്നത്; അല്ല അതു തന്നെയാണ് വിനയം.

ദൈവപുത്രനായ യേശു തന്നെയാണ് വിനയത്തിന്റെ ഏറ്റം ഉദാത്തമായ മാതൃക. മനുഷ്യവതാരത്തെ കുറിച്ചു പാടിയ ക്രിസ്തു കീർത്തനത്തിൽ പൗലോസ് ഇതു വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ – അതേ കുരിശുമരണം വരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി...." (ഫിലി 2, 5–11). ദൈവപുത്രന്റെ സ്വയം ശൂന്യവൽക്കരണം ഇവിടെ വിനയത്തിന്റെ ഉത്തമ മാതൃകയായി അവതരിപ്പിച്ചിരിക്കുന്നു.

ദൈവിക മഹത്വം മാറ്റി വച്ച്, ദാസന്റെ രൂപം സ്വീകരിച്ച്, അടിമയുടെ ശിക്ഷയായ കുരിശുമരണം വരെ തന്നെത്തന്നെ താഴ്ത്തിയ യേശുവാണ് വിനയത്തിന്റെ മാതൃക. യേശുവിന്റെ പ്രവൃത്തിയിലും വാക്കിലും ഈ മാതൃക പ്രകടമാകുന്നുണ്ട്; ഈ മാതൃക അനുകരിക്കാനുള്ള ആഹ്വാനം മുഴങ്ങുന്നുണ്ട്: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ" (മത്താ 11, 28–29).

തന്റെ മനോഭാവം ശിഷ്യർ സ്വന്തമാക്കണമെന്നും ജീവിത മാതൃക അനുകരിക്കണമെന്നും യേശു ആഗ്രഹിച്ചു, പഠിപ്പിച്ചു, ആഹ്വാനം ചെയ്തു. കാലിത്തൊഴുത്തിലെ ജനനം മുതൽ കാൽവരിയിലെ മരണം വരെ യേശുവിന്റെ ജീവിതം മുഴുവൻ നിരന്തരമായ ഒരു ശൂന്യവൽക്കരണമായിരുന്നു, വിനയത്തിന്റെ മാതൃകയായിയരുന്നു. സുവിശേഷ ഭാഗ്യങ്ങളിൽ ആദ്യത്തേതായി അവതരിപ്പിക്കുന്ന "ആത്മാവിൽ ദരിദ്രർ"

(മത്താ 5, 2) വിനയത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. സ്വന്തമായി ഒന്നുമില്ല, എല്ലാം ദൈവത്തിൽ നിന്ന് ദാനമായി ലഭിച്ചതാണ്, ആ ദാനത്തിനു വേണ്ടി എന്നും കാത്തിരിക്കുന്നു. ഇതാണ് ആത്മാവിൽ ദരിദ്രരുടെ മനോഭാവം. ഇതു തന്നെയാണ് വിനയം. "ശാന്തശീലർ" (മത്താ 5, 5) എന്ന വിശേഷണവും വിനയത്തിലേക്കു വിരൽ ചൂണ്ടുന്നു.

പാപം മൂലം അധഃപതിച്ച മനുഷ്യന്റെ നൈസർഗ്ഗിക ഭാവമാണ് അഹങ്കാരം. ഒരർത്ഥത്തിൽ പാപത്തിന്റെ കാതൽ തന്നെയാണ് അഹങ്കാരം. വിലക്കപ്പെട്ട പഴം തിന്ന് ദൈവമാകാൻ ശ്രമിച്ച ആദിമാതാപിക്കളുടെ പാപം അന്തിമ വിശകലനത്തിൽ അഹങ്കാരമായിരുന്നു. ദൈവത്തിനു വിധേയപ്പെടാതെ തന്നിഷ്ടം പോലെ ജീവിക്കുക. നന്മയുടെയും തിന്മയുടെയും, അഥവാ ധാർമ്മികതയുടെ മാനദണ്ഡമായി സ്വന്തം ഇഷ്ടത്തെ പരിഗണിക്കുക – ഇതായിരുന്നു ആദിപാപം. ആകാശം മുട്ടുന്ന ഗോപുരം നിർമ്മിച്ച് ദൈവതുല്യരാകാൻ ശ്രമിച്ചവരുടെ ഉള്ളിൽ കുടിയിരുന്നതും അഹങ്കാരം തന്നെ: ഞാൻ എന്ന ഭാവം. ഞാനാണ് വലിയവൻ. ഞാൻ എല്ലാറ്റിനും ഉപരി, എല്ലാവർക്കും ഉപരി. ആരോടും കടപ്പാടില്ലാതെ, ആർക്കും വിധേയപ്പെടാതെ, എല്ലാറ്റിനും എല്ലാവർക്കും ഉപരി ഉയർന്നുനില്ക്കാനുള്ള ശ്രമമാണ് അഹങ്കാരത്തിന്റെ പ്രകടനം. ഏറിയും കുറഞ്ഞും ഏതു പാപത്തിലും പ്രകടമാകുന്നത് ഈ അഹങ്കാരം തന്നെ.

ദൈവദൂതന്മാരുടെ പതനത്തെക്കുറിച്ച് പ്രതീകാത്മകമായി ഏശയ്യാ ആലപിച്ച ഒരു കീർത്തനത്തിൽ ഈ മനോഭാവം പ്രകടമാകുന്നുണ്ട്: "നീ തന്നത്താൻ പറഞ്ഞു: ഞാൻ സ്വർഗ്ഗത്തിലേക്കു കയറും. ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. .... ഉന്നതമായ മേഘങ്ങൾക്കു മീതേ ഞാൻ കയറും. ഞാൻ അത്യുന്നതനെപ്പോലെ ആകും" (ഏശ 14, 13–14). ബാബിലോണിന്റെ പതനത്തെ കുറിച്ചുള്ള ഒരു കീർത്തനമാണ് ഇതെങ്കിലും ഇവിടെ എടുത്തു പറയുന്ന പല കാര്യങ്ങളും ഒരു മനുഷ്യവ്യക്തിയേക്കാൾ ഉയർന്ന ആരെയോ കുറിച്ചാണ് എന്ന പ്രതീതി നിലനില്ക്കുന്നു. "ഉഷസിന്റെ പുത്രനായ പ്രഭാത നക്ഷത്രമേ" (ഏശ 14, 12) എന്ന അഭിസംബോധനയിൽ ഇപ്രകാരം ഒരു സൂചന കാണാം. ഇതിനെ "ലൂസിഫർ" എന്നു വിവർത്തനം ചെയ്തപ്പോൾ വി. ജറോം ഈ ആശയം പ്രകടമാക്കുകയാണ് ചെയ്തത്. ബാബിലോണിന്റെ പതനം മുഖ്യദൂതന്മാരിൽ ഒരാളായിരുന്ന "പ്രകാശധാരി" എന്നർത്ഥമുള്ള ലൂസിഫർ എന്ന പേരിൽ അറിയപ്പെടുന്ന സാത്താന്റെ പതനത്തിന്റെയും പിശാചിന്റെ ഉത്ഭവത്തിന്റെയും പ്രതീകമായി നിൽക്കുന്നു.

അഹങ്കാരം അധഃപതനത്തിന്റെ മുന്നോടിയാണ്. അഹങ്കാരികളെ ദൈവം ചിതറിക്കുന്നു. അതിനാൽ തന്റെ ശിഷ്യന്മാർ അഹങ്കാരവും സ്ഥാനമോഹങ്ങളും വെടിഞ്ഞ് വിനയമുള്ളവരായിരിക്കണം എന്ന് യേശു ആഗ്രഹിച്ചു, പഠിപ്പിച്ചു. ജറുസലെമിലേക്കുള്ള യാത്ര പീഡാസഹനത്തിലേക്കും കുരിശുമരണത്തിലേക്കും ഉള്ള യാത്രയാണെന്നും തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ എല്ലാ അധികാര മോഹങ്ങളും വെടിഞ്ഞ് കുരിശെടുക്കാൻ തയ്യാറാകണമെന്നും പഠിപ്പിച്ചപ്പോഴും ശിഷ്യന്മാരുടെ കണ്ണ് അധികാര കസേരകളിൽ ആയിരുന്നു. ഇടത്തും വലത്തും ഇരിക്കാൻ വരം തരണം എന്നഭ്യർത്ഥിച്ച യാക്കോബും യോഹന്നാനും (മർക്കോ 10, 37) മാത്രമല്ല, എല്ലാ ശിഷ്യന്മാരും തങ്ങളുടേതായ സ്ഥാനമാനങ്ങൾ സ്വപ്നം കണ്ടുകൊണ്ടാണ് യേശുവിന്റെ പിന്നാലെ പോയത്.

“അവൻ വീട്ടിലായിരിക്കുമ്പോൾ അവരോടു ചോദിച്ചു: വഴിയിൽ വച്ച് നിങ്ങൾ എന്തിനെക്കുറിച്ചാണ് തർക്കിച്ചിരുന്നത്? അവർ നിശ്ശബ്ദരായിരുന്നു. കാരണം തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെ കുറിച്ചാണ് വഴിയിൽ വച്ച് അവർ തർക്കിച്ചത്” (മർക്കോ 9, 33–34). ഈ പശ്ചാത്തലത്തിൽ യേശു ശിഷ്യർക്കു നല്കുന്ന നിർദ്ദേശം വിനയത്തിന്റെ നിർണ്ണായക പ്രാധാന്യം പ്രകടമാക്കുന്നു: “ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം” (മർക്കോ 9: 35–37). ശിശുവിനെ മാതൃകയാക്കി എടുത്തു കാണിച്ച് ഈ നിർദ്ദേശത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചു കൊടുത്തു.

ഒരു പടി കൂടി കടന്ന്, എല്ലാവരുടെയും ദാസനായിരിക്കാൻ ശിഷ്യർ തയ്യാറാകണം. ഇവിടെയും മാതൃക യേശു തന്നെ. “മനുഷ്യ പുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നല്കാനുമത്രെ” (മർക്കോ 10, 45). വിനയമായിരിക്കണം ക്രിസ്തു ശിഷ്യരുടെ അടിസ്ഥാനഭാവം ശിഷ്യർക്കു മനസ്സിലാക്കാനും സ്വീകരിക്കാനും ഏറെ പ്രയാസമായിരുന്ന ഈ പാഠം അവരുടെ ഹൃദയത്തിൽ ആഴത്തിൽ പതിപ്പിക്കുന്നതായിരുന്നു അന്ത്യ അത്താഴവേളയിൽ യേശു ചെയ്ത കാൽകഴുകൽ ശുശ്രൂഷ.

സമാന്തര സുവിശേഷങ്ങൾ യേശു അന്ത്യ അത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ ശരീര രക്തങ്ങളായി ശിഷ്യർക്ക് നല്കിക്കൊണ്ട് വിശുദ്ധ കുർബാന സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് യോഹന്നാൻ എഴുതിയ സുവിശേഷത്തിലില്ല. എന്നാൽ സമാന്തര സുവിശേഷകർ പറയാത്ത ഒന്ന് യോഹന്നാൻ വലിയ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. അതാണ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട്

നല്കിയ മാതൃക. ശിഷ്യന്മാർ അനുകരിക്കേണ്ട ഒരു മാതൃക ആയിട്ടാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. “ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു” (യോഹ 13, 15) എന്ന പ്രസ്താവന ഈ പാഠത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു.

യേശുവിന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച വ്യക്തമായ സൂചന നല്കിക്കൊണ്ടാണ് സുവിശേഷകൻ ഈ പ്രബോധനം അവതരിപ്പിക്കുന്നത്. “പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നെന്നും താൻ ദൈവത്തിൽ നിന്നു വരുകയും ദൈവത്തിലേക്കു പോവുകയും ചെയ്യുന്നെന്നും യേശു അറിഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ കെട്ടിയിരുന്ന തൂവാല കൊണ്ട് തുടയ്ക്കാനും തുടങ്ങി” (യോഹ 13, 3-5).

ദൈവപുത്രന്റെ മനുഷ്യവതാരത്തെ പ്രതീകങ്ങളിലൂടെ സൂചിപ്പിക്കുകയും അതിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുകയും ചെയ്യുന്നതാണ് ഈ പ്രവൃത്തി. അത്താഴമേശയിൽ നിന്നെ ഴുന്നേൽക്കുന്നത് പിതാവിൽ നിന്നു പുറപ്പെടുന്നതിന്റെയും മേലങ്കി മാറ്റി തൂവാല അരയിൽ കെട്ടുന്നത് ദൈവമഹത്വം മാറ്റിവച്ച് മനുഷ്യപ്രകൃതി സ്വീകരിക്കുന്നതിന്റെയും പ്രതീകങ്ങളായി കാണാം. ശിഷ്യരുടെ പാദങ്ങൾ കഴുകുന്നത് അടിമയുടെ രൂപത്തെ ചിത്രീകരിക്കുന്നു. വിരുന്നുകാരുടെ പാദങ്ങൾ കഴുകി വീട്ടിലേക്കു നയിക്കുന്നത് അടിമയുടെ ജോലിയായിരുന്നു. ഈ പാദം കഴുകൽ ശുശ്രൂഷയെ തന്റെ മരണത്തിന്റെ ഒരു പ്രതീകമായിട്ടാണ് യേശു വിശദീകരിച്ചത്. ഗുരുനാഥൻ തന്റെ പാദം കഴുകുന്നതു തടഞ്ഞ പത്രോസിന് യേശു നല്കിയ മറുപടിയിൽ ഈ പ്രതീകം വ്യക്തമാകുന്നു. “ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു കൂടെ പങ്കില്ല” (യോഹ 13, 8).

നിന്റെ പാദങ്ങൾ കഴുകുന്നില്ലെങ്കിൽ എന്നല്ല, നിന്നെ കഴുകുന്നില്ലെങ്കിൽ എന്നാണ് യേശു പറഞ്ഞത്. ഇതു തന്റെ രക്തം കൊണ്ടു കഴുകി ശുദ്ധീകരിക്കുന്ന രക്ഷാകര പ്രവൃത്തിയിലേക്കു വിരൽ ചൂണ്ടുന്നു. അടിമയുടെ ശിക്ഷയായ കുരിശു മരണം വരെ അവൻ സ്വയം താഴ്ത്തി എന്നു പൗലോസ് അപ്പസ്തോലന്റെ പ്രബോധനം ഈ സംഭവത്തിലേക്കു വെളിച്ചം വീശുന്നുണ്ട്. സ്വയം ശൂന്യവത്കരണത്തിലൂടെയാണ് യേശു

മനുഷ്യവർഗ്ഗത്തിനു രക്ഷ ലഭ്യമാക്കിയത്. അതു തന്നെയാണ് വിനയത്തിന്റെ ഏറ്റം വലിയ പാഠം.

ഈ പ്രവൃത്തിക്കുശേഷമാണ് യേശു ശിഷ്യർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെകുറിച്ചു പഠിപ്പിക്കുന്നത്. "നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരി തന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം"(യോഹ 13, 13-14). വിനയമായിരിക്കണം ക്രിസ്തുശിഷ്യരുടെ മുഖമുദ്ര. അപരന്റെ മുമ്പിൽ മുട്ടുകുത്തി പാദം കഴുകന്നതു വരെ എത്തിനില്ക്കണം ഈ വിനയം. ഇത് ലോകത്തിന്റെ കാഴ്ചപ്പാടിനു കടക വിരുദ്ധമായി നില്ക്കുന്നു എന്ന് യേശു തന്നെ പഠിപ്പിച്ചിട്ടുണ്ട്.

അന്ത്യ അത്താഴമേശയിൽ പോലും ശിഷ്യന്മാർക്കിടയിൽ നേതൃത്വത്തെയും സ്ഥാനത്തെയും കുറിച്ച് തർക്കമുണ്ടായി എന്നത് വാക്കും പ്രവൃത്തിയും ജീവിതവും വഴി യേശു നല്കിയ നിർദ്ദേശങ്ങൾ അവർ ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല, മനസ്സിലാക്കിയിട്ടു പോലുമില്ല എന്നു സൂചിപ്പിക്കുന്നു. അതിനാലാണ് യേശു വീണ്ടും അവരെ ഉദ്ബോധിപ്പിക്കുന്നത്: "വിജാതീയരുടെ മേൽ അവരുടെ രാജാക്കന്മാർ ആധിപത്യം അടിച്ചേൽപ്പിക്കുന്നു. തങ്ങളുടെ മേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കരുതുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അങ്ങനെ ആയിരിക്കരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെ പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം." (ലൂക്കാ 22, 24-26). ഭക്ഷണമേശയിൽ ഭക്ഷിക്കുന്നവനാണ് പരിചാരകനെക്കാൾ വലിയവൻ എന്നതു സാധാരണ കാഴ്ചപ്പാട്. ഇതു സ്വീകരിച്ചു കൊണ്ടു തന്നെ, ശിഷ്യൻ പരിചാരകനെ പോലെയാകണം എന്ന് യേശു സ്വന്തം മാതൃകയിലൂടെ പഠിപ്പിച്ചു. "ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെ പോലെയാണ്" (ലൂക്കാ 22, 27).

യേശു തന്നെയാണ് വിനയത്തിന്റെ ഉത്തമ മാതൃക. യേശുവിന്റെ അമ്മ നല്കുന്നതും അതേ മാതൃക തന്നെ. മറിയത്തിനു പറയാനുള്ളതെല്ലാം ദൈവത്തിന്റെ പ്രവൃത്തികളെയും ദാനങ്ങളെയും കുറിച്ചാണ്. തന്നെ കുറിച്ച് ഒന്നേ പറയാനുള്ളൂ: കർത്താവിന്റെ ദാസി, ഈ ദാസിയുടെ താഴ്മയെ കടാക്ഷിച്ച ദൈവമാണ് അവളുടെ ശ്രദ്ധാകേന്ദ്രം. അവളുടെ വാക്കിലും പ്രവൃത്തിയിലും എല്ലാം നിറഞ്ഞു നില്ക്കുന്നതും ഈ ഭാവം തന്നെ. തന്നിൽത്തന്നെ നോക്കുമ്പോൾ താൻ ഒന്നുമല്ലെങ്കിലും ദൈവം തന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന് അമ്മ തിരിച്ചറിഞ്ഞു;

ഏറ്റു പറഞ്ഞു: "ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1, 49). ദൈവപുത്രന്റെ അമ്മയാവുക, അതുവഴി മനുഷ്യരക്ഷയിൽ സഹകരിക്കുക, യേശുവിന്റെ ശിഷ്യരുടെ മുഴുവൻ, അഥവാ ക്രിസ്തുസഭയുടെ അമ്മയാവുക – ഇതൊക്കെയാണ് ദൈവം അവൾക്കു ചെയ്ത വലിയ കാര്യങ്ങൾ. ഇതെല്ലാം അംഗീകരിച്ച് ഏറ്റുപറയുമ്പോഴും ഇതൊന്നും തന്റെ സ്വന്തമായ നേട്ടമല്ല, ദൈവത്തിന്റെ സൗജന്യ ദാനമാണ് എന്നു മറിയം വ്യക്തമാക്കുന്നു.

ഇതു ചരിത്രത്തിൽ ഒറ്റപ്പെട്ട സംഭവമല്ല; രക്ഷാചരിത്രത്തിലുടനീളം പ്രകടമാകുന്ന ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് മറിയം ഏറ്റു പറയുന്നുണ്ട്; ബൈബിൾ ഇതിനു നിരവധി സാക്ഷ്യങ്ങൾ നിരത്തുന്നുമുണ്ട്. "അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു; ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി" (ലൂക്കാ 1: 50–52). വിലക്കപ്പെട്ട കനി ഭക്ഷിച്ച് ദൈവതുല്യരാകാൻ ശ്രമിച്ച്, അവസാനം അത്തിയില കൊണ്ട് നഗ്നത മറയ്ക്കാൻ വൃഥാ ശ്രമം നടത്തുന്ന ആദി മാതാപിതാക്കളും (ഉൽപ 3, 7), ആകാശം മുട്ടുന്ന ഗോപുരം പണിയാൻ ശ്രമിച്ച് പരസ്പരം മനസ്സിലാക്കാനാകാതെ ചിതറിപ്പോയ ബാബേൽ ഗോപുര നിർമ്മാതാക്കളും (ഉൽപ 11, 1–9), വിമോചകനായ ദൈവത്തെ വെല്ലുവിളിച്ച് അവസാനം ചെങ്കടലിൽ ചത്തു പൊങ്ങിയ ഫറവോയും (പുറ 5, 2, 14: 30) തുടങ്ങി എത്രയെത്ര ഉദാഹരണങ്ങൾ! ഇതല്ലേ സങ്കീർത്തകൻ പ്രകീർത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനം: "വിനീതരെ അങ്ങു വിടുവിക്കുന്നു; അഹങ്കാരികളെ അങ്ങ് വീഴ്ത്തുന്നു." (സങ്കീ 18, 27).

ദൈവത്തിന്റെ പ്രവർത്തനം എന്നും ഇങ്ങനെ തന്നെ. അഹങ്കാരിക്ക് ദൈവതിരുമുമ്പിൽ നില്ക്കാനാവില്ല. "ദൈവം അഹങ്കാരികളെ എതിർക്കുന്നു. എളിമയുള്ളവർക്കു കൃപ നൽകുന്നു" (യാക്കോ 4, 6). അതിനാൽ "കർത്താവിന്റെ സന്നിധിയിൽ താഴ്മയുള്ളവരായിരിക്കുവിൻ. അവിടുന്ന് നിങ്ങളെ ഉയർത്തും" (യാക്കോ 4, 10). ഇതു തന്നെയാണ് തന്റെ സഭയുടെ അടിത്തറയായി യേശു സ്ഥാപിച്ച ശിഷ്യ പ്രധാനനായ പത്രോസിനും പറയാനുള്ളത്: ".... നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ. പരസ്പര വിനയത്തിന്റെ മേലങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിനു കീഴിൽ താഴ്മയോടെ നില്ക്കുവിൻ. അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും" (1പത്രോ. 5: 5–6).

"വിനയത്തിന്റെ മേലങ്കി" എന്ന പ്രയോഗം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. മഹത്വത്തിന്റെ മേലങ്കിയാണല്ലോ നമുക്കു പരിചിതം. ഇവിടെ തികച്ചും വ്യത്യസ്തമായൊരു കാഴ്ചപ്പാടാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. ഇതു തന്നെയാണ് ക്രിസ്തീയ ആധ്യാത്മികതയുടെ യഥാർത്ഥ വീക്ഷണം. ശിശുക്കളെപ്പോലെ ആവുക, പന്തിയിൽ അവസാനത്തെ സ്ഥാനത്തു പോയി ഇരിക്കുക, മേലങ്കി മാറ്റി അടിമയുടെ അരക്കച്ച ചുറ്റുക, പാദം കഴുകുക, എല്ലാവരുടെയും ദാസനായി ഇരിക്കുക - ഇതെല്ലാം വിനയത്തിന്റെ പ്രതീകങ്ങളാണ്, മരിയൻ ആധ്യാത്മികതയെ വെളിപ്പെടുത്തുന്ന ഉദാഹരണങ്ങൾ.

ലൗകിക മാനദണ്ഡങ്ങളെ തലകുത്തി നിർത്തുന്നതാണ് വിനയത്തിന്റെ മാതൃക. നിങ്ങൾ അങ്ങനെ ആയിരിക്കരുത് എന്നു ഗുരുനാഥൻ നല്കിയ കർശനമായ താക്കീത് ശിരസ്സാ വഹിക്കണം. ലോകദൃഷ്ടിയിൽ മഹത്വമുള്ളതായി കാണുന്നത് ദൈവദൃഷ്ടിയിൽ അങ്ങനെ ആയിരിക്കണമെന്നില്ല (1കോറി 1, 26-30). അതിനാൽ വിനയം ശീലിക്കണം, സ്വഭാവത്തിന്റെ ഭാഗമാക്കണം. "ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്ക് ഇറങ്ങിവരുവിൻ" (റോമാ 12, 16) എന്ന അപ്പസ്തോലന്റെ ആഹ്വാനം വിനയത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു.

അതേസമയം വിനയം ഭീരുത്വമല്ല എന്നും ഓർക്കണം. അധർമ്മത്തിനു മുമ്പിൽ ഭയന്നു മുട്ടുമടക്കുന്നതും കീഴടങ്ങുന്നതും വിനയമല്ല, ഭീരുത്വമാണ്. മറിയത്തിന്റെ കീർത്തനത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു, എളിയവരെ ഉയർത്തി; വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറും കയ്യോടെ പറഞ്ഞയച്ചു" (ലൂക്കാ 1, 52-53) എന്നു പ്രകീർത്തിക്കുമ്പോൾ ചരിത്രത്തിൽ ഇടപെട്ട് അധർമ്മത്തിന് അറുതി വരുത്തുന്ന ദൈവത്തിന്റെ ശക്തമായ പ്രവർത്തനങ്ങളിലേക്കാണ് അമ്മ ശ്രദ്ധ ക്ഷണിക്കുന്നത്. യഥാർത്ഥ വിനയം അനീതിയെ എതിർക്കാനും അധർമ്മത്തെ ചെറുക്കാനും പ്രേരിപ്പിക്കും; അതു മൂലം തനിക്കു സംഭവിച്ചേക്കാവുന്ന വിപത്തുകളെ ഭയപ്പെടുകയില്ല.

തന്റെ ഭരണാതിർത്തി വിട്ടു പോകാൻ ആവശ്യപ്പെട്ട ഹേറോദേസ് അന്തിപ്പാസ് രാജാവിനെ കുറുക്കൻ എന്നു വിളിച്ചു ധിക്കരിച്ചപ്പോൾ (ലൂക്കാ 13, 22) ഈ മനോഭാവമാണ് യേശു പ്രകടമാക്കിയത്. "നിന്നെ കുരിശിൽ തറയ്ക്കാനും വെറുതെ വിടാനും എനിക്കധികാരമുണ്ട്" എന്നു ഭീഷണി മുഴക്കിയ റോമൻ അധികാരിയുടെ മുമ്പിൽ നിവർന്ന് നിന്ന് യേശു പറഞ്ഞു: "ഉന്നതത്തിൽ നിന്നു നല്കപ്പെട്ടില്ലായിരുന്നെങ്കിൽ എന്റെ

മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല" (യോഹ 19, 10–11). വിനയത്തെ ബലഹീനതയും നിഷ്ക്രിയത്വവും ഭീരുത്വവും ആയി തെറ്റിദ്ധരിക്കരുത് എന്ന് അമ്മയുടെ കീർത്തനവും യേശുവിന്റെ പ്രബോധനവും നമ്മെ അനുസ്മരിപ്പിക്കുന്നു.

"തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8, 31–32). എന്നെ സംബന്ധിച്ച സത്യം അറിഞ്ഞ് അംഗീകരിക്കുന്നതാണ് വിനയം. ഞാനും എനിക്കുള്ള സകലതും ദൈവത്തിന്റെ ദാനമാണ്. എന്റെ ഉറവിടവും ലക്ഷ്യവും മാർഗ്ഗവും എല്ലാം ദൈവം തന്നെ. അവിടുത്തെ തിരുഹിതമാണ് എന്റെ ജീവിതത്തെ നയിക്കുന്നത്. അതിനാൽ ഒന്നിനെയും ഭയപ്പെടാനില്ല. ദൈവകരങ്ങളിൽ ഞാൻ സുരക്ഷിതനാണ്. ഇതാണ് വിനയത്തിന്റെ അർത്ഥം. സ്വാതന്ത്ര്യം നല്കുന്ന സത്യം അറിയുമ്പോൾ, എന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം നിർഭയം നിർവ്വഹിക്കാൻ കഴിയും. അതാണ് അമ്മ ചെയ്തത് – അമ്മയുടെ വിനയം നിർഭയമായിരുന്നു. അതു തന്നെയാണ് മരിയൻ ആധ്യാത്മികതയുടെ സവിശേഷത.

വിനയത്തിന്റെ അവശ്യഘടകമാണ് ലാളിത്യം. ജീവിത ശൈലിയിലും വീക്ഷണത്തിലും വ്യക്തിബന്ധങ്ങളിലും എല്ലാം ലാളിത്യമുണ്ടായിരിക്കണം. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയോ, മറ്റുള്ളവരുടെ മുമ്പിൽ വലുപ്പം ഭാവിക്കാനായോ ഒന്നും ചെയ്യാൻ ലാളിത്യം അനുവദിക്കുകയില്ല. വാക്കിലും പ്രസംഗത്തിലും മാത്രമല്ല ജീവിതത്തിന്റെ സകല മേഖലകളിലും ലാളിത്യം ദൃശ്യമാകണം. ആരുടെയും മുമ്പിൽ മുട്ടുമടക്കാത്ത നിർഭയത്വത്തോടൊപ്പം എല്ലാവരെയും സഹോദരങ്ങളായി, സമഭാവനയോടെ, കരുണയോടെ കാണാൻ വിനയം സഹായിക്കും. ആരെയും ഭയന്ന് അകന്നു നില്ക്കില്ല; ആരെയും ഭയപ്പെടുത്തി അകറ്റി നിർത്തുകയുമില്ല. ഏവർക്കും സ്വതന്ത്രമായി കടന്നു വരാം, ബേത്ലെഹെമിലെ കാലിത്തൊഴുത്തിലേക്കെന്നതു പോലെ.

യേശു തന്നെയാണ് ഇവിടെയും മാതൃക. ആർക്കും അവനെ സമീപിക്കാമായിരുന്നു. പ്രത്യേകിച്ചും സമൂഹത്തിന്റെ താഴെക്കിടയിലും പുറമ്പോക്കിലും കഴിയുന്നവരോട് അവനു പ്രത്യേക താൽപര്യവും മമതയും ഉണ്ടായിരുന്നു. അധ്വാനിച്ചും ഭാരം വഹിച്ചും തളരുന്നവരെ തന്റെ അടുക്കലേക്ക് പ്രത്യേകമായി ക്ഷണിക്കുന്നത് അവരെ ആശ്വസിപ്പിക്കാൻ വേണ്ടിയാണ്. ഏവർക്കും കടന്നു വരാൻ കഴിയുന്ന, സംലഭ്യമാകുന്ന

മനോഭാവമാണ് വിനയം പ്രദാനം ചെയ്യുന്നത്. മറിയത്തിന്റെ ജീവിതത്തിൽ ഈ ലാളിത്യം എന്നും ദൃശ്യമായിരുന്നു. പുറമ്പോക്കിൽ കഴിഞ്ഞ ആട്ടിടയന്മാർക്കും സമൂഹദൃഷ്ടിയിൽ ബഹുമാന്യരായ ജ്ഞാനികൾക്കും അവളുടെ അടുക്കലേക്കു കടന്നു വരാൻ കഴിഞ്ഞു; രക്ഷകനെ കണ്ടു തൃപ്തിയടയാൻ സാധിച്ചു. ഇതു തന്നെ ആയിരിക്കണം മരിയൻ ആധ്യാത്മികതയുടെ ഒരു മുഖ്യ അടയാളം – ഹൃദയത്തിലെ വിനീതത്വം ജീവിതത്തിൽ പ്രകടമാക്കുന്ന ലാളിത്യം.

# 6.
# വചനോപാസന

*"മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2, 19).*

മറിയത്തിന്റെ ജീവിതത്തെ നയിച്ചതും നിർണ്ണായകമാം വിധം സ്വാധീനിച്ചതും ദൈവവചനമായിരുന്നു. ഹൃദയം തുറന്ന് അവൾ വചനം സ്വീകരിച്ചു. അവളുടെ ശരീരത്തിൽ നിന്ന് ദൈവവചനം ശരീരം സ്വീകരിച്ചു. അങ്ങനെ അവൾ മാംസമായ വചനത്തിന്റെ മാതാവായി. ദൈവവചനത്തോടുള്ള മറിയത്തിന്റെ സമീപനവും ബന്ധവും മരിയൻ ആധ്യാത്മികതയുടെ ഒരു സുപ്രധാന ഘടകമാണ്.

ദൈവത്തിന്റെ വചനവുമായി കടന്നുവരുന്ന ദൂതനെ ചിത്രീകരിച്ചുകൊണ്ടാണ് സുവിശേഷകൻ മറിയത്തെക്കുറിച്ചുള്ള പ്രതിപാദനം ആരംഭിക്കുന്നത്. "ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽ പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തു വന്നു പറഞ്ഞു, ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോടു കൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി; എന്താണ് ഈ അഭിവാദനത്തിന്റ അർത്ഥം എന്നവൾ ചിന്തിച്ചു" (ലൂക്ക 1, 26-29).

ദൈവവചനത്തിനു മറിയത്തിന്റെ ജീവിതത്തിലുള്ള സ്ഥാനവും പ്രാധാന്യവും വചനത്തോടുള്ള മറിയത്തിന്റെ പ്രതികരണവും ഈ വിവ

രണത്തിൽ പ്രകടമാകുന്നു. ദൈവവചനമാണ് അവളുടെ ജീവിതത്തെ നയിക്കുന്നത്. എന്നാൽ തന്നോടു പറയപ്പെട്ട വചനത്തിന്റെ പൊരുൾ ഗ്രഹിക്കാൻ അവൾക്കു കഴിഞ്ഞില്ല. ഇത് ദൂതന്റെ അഭിവാദനത്തെക്കുറിച്ചു മാത്രമല്ല, മറ്റു പല സാഹചര്യങ്ങളിലും താൻ കേട്ടതിന്റെ അർത്ഥം ഗ്രഹിക്കാൻ മറിയത്തിനു കഴിഞ്ഞില്ല എന്നു സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവദൂത ദർശനമുണ്ടായ ഇടയന്മാർ വന്ന് പറഞ്ഞ കാര്യങ്ങൾ അത്ഭുതാവഹമായിരുന്നു. "എന്നാൽ മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു" (ലൂക്കാ 2: 19). വചനം ഹൃദയത്തിൽ സൂക്ഷിക്കുക, നിരന്തരം ധ്യാനവിഷയമാക്കുക – ഇതു മറിയത്തിന്റെ സ്വഭാവത്തിന്റെ തന്നെ ഒരു സവിശേഷതയായിരുന്നു.

മകനെ നഷ്ടപ്പെട്ട്, മൂന്ന് ദിനരാത്രങ്ങൾ കണ്ണീരോടെ അന്വേഷിച്ച് അവസാനം ദേവാലയത്തിൽ വച്ചു കണ്ടുമുട്ടിയപ്പോൾ ഏത് അമ്മയും സ്വാഭാവികമായി ചോദിക്കുന്ന ചോദ്യമാണ് മറിയം ചോദിച്ചത്: "മകനേ, നീ ഞങ്ങളോട് എന്താണിങ്ങനെ ചെയ്തത്? നിന്റെ പിതാവും ഞാനും ഉൽക്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2, 48). എന്നാൽ മകൻ നല്കിയ മറുപടി അമ്മയ്ക്കു മനസിലായില്ല: "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2, 49). ഉത്തരം മുഴുവൻ മനസ്സിലായില്ലെങ്കിലും "അവന്റെ അമ്മ ഇക്കാര്യമെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂക്കാ 1, 51).

വചനം ശ്രവിക്കുക, ഹൃദയത്തിൽ സംഗ്രഹിക്കുക, ഗാഢമായി ധ്യാനിക്കുക – ഇതാണ് ബാല്യകാല സുവിശേഷത്തിൽ ലൂക്കാ അവതരിപ്പിക്കുന്ന മറിയത്തിന്റെ ചിത്രത്തിൽ നിന്നു നമുക്കു കിട്ടുന്ന പാഠം. വചനം ശ്രവിക്കുക മാത്രമല്ല, അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു എന്നും സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. "കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ നിറവേറും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1: 45) എന്ന് എലിസബത്ത് ഉദ്ഘോഷിക്കുമ്പോൾ മറിയത്തിന്റെ വചനത്തോടുള്ള സമീപനത്തെയാണ് പ്രഘോഷിക്കുന്നത്. വിശ്വാസം അനുസരണത്തിലേക്കു നയിച്ചു. ദൂതന്റെ സന്ദേശത്തിന് നല്കുന്ന മറുപടിയിൽ ഇതു വ്യക്തമാകുന്നു: "മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്ക 1, 38).

വചനോപാസനയാണ് തന്റെ അമ്മയുടെ യഥാർത്ഥ മഹത്വത്തിനു നിദാനം എന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സമാന്തര സുവിശേഷകർ മൂന്നുപേരും രേഖപ്പെടുത്തിയിരിക്കുന്നതാണ് ഈ സംഭവം. അമ്മയും സഹോദരങ്ങളും തന്നെ അന്വേഷിച്ചു വന്നിരിക്കുന്നു എന്നു കേട്ട യേശുവിന്റെ ചോദ്യം "ആരാണെന്റെ അമ്മയും സഹോദരങ്ങളും?" തികച്ചും ആശ്ചര്യകരമായി തോന്നാം. ആരാണ് അമ്മയെന്നു മറന്നു പോയോ? എങ്കിൽ അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു എന്ന വാർത്ത (മർക്കോ 3, 21) സത്യമായിരിക്കുമല്ലോ? അതോ മകൻ അമ്മയെ തള്ളിപ്പറയുകയാണോ? അങ്ങനെ വ്യാഖ്യാനിക്കുന്നവരും ഉണ്ട്. എന്നാൽ തുടർന്നുള്ള വാക്കുകൾ മറ്റൊരുത്തരമാണ് നല്കുന്നത്.

"ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും എന്റെ സഹോദരങ്ങളും. ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവൻ ആരോ അവനാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും" (മർക്കോ 3, 34-35). യേശുവിന്റെ അടുത്തിരിക്കുക, അവന്റെ വചനങ്ങളിൽ നിന്ന് ദൈവഹിതം അറിയുക, ദൈവഹിതം സ്വജീവിതത്തിൽ നിറവേറ്റുക - ഇതാണ് ശിഷ്യന്റെ, മാത്രമല്ല, അമ്മയുടെ യഥാർത്ഥ ധർമ്മം. ശാരീരികമായ മാതൃത്വത്തിനുപരി മറിയത്തിന്റെ വചന ശ്രവണത്തിലേക്കും അനുസരണത്തിലേക്കുമാണ് യേശു ശ്രദ്ധ ക്ഷണിക്കുന്നത്.

ലൂക്കായുടെ സുവിശേഷത്തിൽ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നുണ്ട്. "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും" (ലൂക്കാ 8, 21). വചനശ്രവണത്തിനു നല്കുന്ന ഊന്നൽ കാണാതെ പോകരുത്. "ദൈവഹിതം" എന്നു മർക്കോസ് രേഖപ്പെടുത്തിയത് "ദൈവവചനം ശ്രവിക്കുക" എന്ന് ലൂക്കാ വ്യാഖ്യാനിക്കുന്നു. ദൈവവചനമാണ് ദൈവഹിതം വെളിപ്പെടുത്തിതരുന്നത്. വെളിപ്പെട്ടു കിട്ടുന്ന ദൈവഹിതം അനുസരിക്കുക - അതാണ് മറിയത്തിന്റെ മഹത്വം: അതാണ് മരിയൻ ആധ്യാത്മികതയുടെ ഒരു സവിശേഷത.

യേശുവിന്റെ വാക്കും പ്രവൃത്തിയും വഴി ആശ്ചര്യഭരിതയായ ഒരമ്മ "ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ. അവൻ പറഞ്ഞു: ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കുടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11, 28). ദൈവവചനത്തിനു ശാരീരികമായി ജന്മം നൽകി എന്നതിന്റെ മഹത്വം നിഷേധിക്കാതെ തന്നെ, വചനം ശ്രവിക്കുകയും അതനുസരിച്ചു ജീവിക്കുകയും

ചെയ്യുന്നതിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നതിലൂടെ യേശു വീണ്ടും മരിയൻ ആധ്യാത്മികതയിൽ വചനോപാസനയ്ക്കുള്ള സുപ്രധാന സ്ഥാന ത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

മറിയത്തെ സംബന്ധിച്ച് ദൈവവചനം ജീവശ്വാസം പോലെ ആയി രുന്നു. ദൂതനിൽ നിന്നു കേട്ടതായാലും പുത്രനിൽ നിന്നു നേരിട്ടു കേട്ട തായാലും വിശുദ്ധഗ്രന്ഥ പാരായണത്തിലൂടെ ലഭിച്ചതായാലും ദൈവ വചനമായിരുന്നു മറിയത്തെ നിരന്തരം വഴി നയിച്ചിരുന്നത്. കേട്ടതെല്ലാം പലപ്പോഴും ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദൂതന്റെ അഭിവാദനം മുതൽ കാനാ യിൽ വച്ച് മകന്റെ ചോദ്യം വരെ ഇതു തുടർന്നു. മനസിലാക്കാൻ കഴി ഞ്ഞില്ലെങ്കിലും കേട്ട വചനം ഹൃദയത്തിൽ സൂക്ഷിച്ചു. അതിനെക്കുറിച്ച് നിരന്തരം ധ്യാനിച്ചു. അങ്ങനെ ജീവിതം തന്നെ ഒരു വചനധ്യാനമായി പരിണമിച്ചു.

കേട്ടപ്പോൾ ഗ്രഹിക്കാൻ കഴിയാതിരുന്ന വചനങ്ങളുടെ അർത്ഥം സാവധാനം അവൾ ഗ്രഹിച്ചു. ദൈവകൃപ നിറഞ്ഞവളേ എന്ന അഭിവാ ദനം പ്രത്യേകമായ ഒരു ദൗത്യത്തിനു വേണ്ടി തന്നെ ദൈവം തിര ഞ്ഞെടുത്തിരിക്കുന്നു എന്ന് അറിയിക്കുകയാണെന്ന് അവൾ ജീവിതത്തി ലൂടെ മനസിലാക്കി. വിവാഹ വാഗ്ദാനം ചെയ്തിരിക്കുന്ന കന്യക വരന റിയാതെ ഗർഭിണിയായാൽ സംഭവിക്കാവുന്ന ദുരന്തത്തെ മുന്നിൽ കണ്ടു കൊണ്ടു തന്നെ അവൾ ദൈവദൂതിനു സമ്മതം മൂളി. ദൈവം കൂടെ ഉണ്ടായിരിക്കും എന്ന വചനം അവൾ വിശ്വസിച്ചു. ആ വിശ്വാസം അവൾക്കു ശക്തി നൽകി.

ഹൃദയത്തിൽ തുളച്ചു കയറുന്ന വാളിനെക്കുറിച്ച് വൃദ്ധനായ ശിമ യോൻ നടത്തിയ പ്രവചനവും അവൾ സ്വീകരിച്ചു; ഹൃദയത്തിൽ സൂക്ഷി ച്ചു. ഒന്നല്ല, ഏഴല്ല, ഏഴെഴെഴുപതു തവണ ആ വാൾ തന്റെ ഹൃദയ ത്തിൽ തുളച്ചു കയറുന്നതായി അവൾ അനുഭവിച്ചറിഞ്ഞു, പക്ഷേ പത റിയില്ല; കൊടുത്ത സമ്മതം തിരിച്ചെടുത്തതുമില്ല.

എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത് എന്ന മകന്റെ ചോദ്യം ഹൃദയം പിളർക്കുന്നതായിരുന്നു. പിതാവിന്റെ ജോലിയെക്കുറിച്ചു പുത്രൻ പറഞ്ഞതിന്റെ അർത്ഥവും പൂർണ്ണമായി മനസിലായില്ല; കുരിശിൻ ചുവ ട്ടിൽ നില്ക്കുമ്പോഴാണ് ആ ജോലി എന്തായിരുന്നു എന്നു ഗ്രഹിച്ചത്. വചനം ഹൃദയത്തിൽ സൂക്ഷിക്കുക, നിരന്തരം ധ്യാനിക്കുക – ഇതാണ് മറിയം ചെയ്തത്. അതിലൂടെ വചനത്തിന്റെ ആഴമേറിയ അർത്ഥതല ങ്ങളിലേക്ക് ഇറങ്ങുക മാത്രമല്ല, ആ വചനം അനുസരിക്കുകയും അതിൽ

നിന്ന് ശക്തിയും പ്രചോദനവും ദിശാബോധവും ഉൾക്കൊണ്ട് ജീവിതയാത്ര തുടരുകയും ചെയ്തു.

ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യങ്ങളെല്ലാം മറിയത്തിൽ അന്വർത്ഥമായി. ''കർത്താവേ അരുളിച്ചെയ്താലും. അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു'' (1സാമു 3, 10) എന്നു പറഞ്ഞ സാമുവേലിനെ പോലെ മറിയം വചനത്തിനു കാതോർത്തു. നല്ല ഭാഗം തിരഞ്ഞെടുത്ത ബഥാനിയായിലെ മറിയത്തെ പോലെ (ലൂക്കാ 10, 38-42) അവൾ സ്വസ്ഥമായിരുന്ന് വചനം ശ്രവിച്ചു. ശ്രവിക്കുക മാത്രമല്ല, അതു ജീവിച്ചു. "വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ" (യാക്കോ 1, 22) എന്ന ഉപദേശം അവൾക്കു ജീവിതനിയമമായിരുന്നു.

വചനച്ചുരുൾ വിഴുങ്ങിയ പ്രവാചകനെ പോലെ (എസെ 3: 1, വെളി 10, 8) ദൈവവചനം നിരന്തര ഭക്ഷണമാക്കുക മരിയൻ ആധ്യാത്മികതയുടെ കാതലാണ്. "അപ്പം കൊണ്ടു മാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്" (നിയ 8, 3; മത്താ 4, 4) എന്ന സത്യം തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്തുന്നതാണ് മരിയൻ ആധ്യാത്മികത. ആത്മാവിനും ശരീരത്തിനും സൗഖ്യവും ശുദ്ധിയും നല്കുന്നതും ദൈവവചനമാണ്. "മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് " (ജ്ഞാനം 16, 12) മറിയത്തിനു സൗഖ്യവും ശക്തിയും നൽകി നയിച്ചത്. "ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ 15, 3) എന്ന ഗുരുമൊഴി മറിയത്തിന്റെ ജീവിതത്തിലെന്ന പോലെ മരിയൻ ആധ്യാത്മികത ജീവിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും പ്രസക്തമാണ്.

മറിയത്തിന്റെ ജീവിതവഴിയിൽ ദൈവവചനമാണ് പ്രകാശം ചൊരിഞ്ഞത്. അവതരിച്ച ദൈവവചനമായ മകന്റെ കൂടെയുള്ള യാത്ര എളുപ്പമായിരുന്നില്ല. ഞാൻ ലോകത്തിന്റെ പ്രകാശമാണെന്നു പറഞ്ഞവന്റെ കുരിശിൻ ചുവട്ടിൽ നിന്നപ്പോൾ എന്താണ് അവൻ നല്കുന്ന പ്രകാശം എന്ന് അവൾ തിരിച്ചറിഞ്ഞു. "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവും ആണ്" (സങ്കീ 119, 105) എന്ന സങ്കീർത്തന വാക്യം അവളുടെ ജീവിതത്തിൽ എന്നും അന്വർത്ഥമായിരുന്നു. ചുറ്റിലും ഇരുൾ പരക്കുകയും ദുഃഖം മനസിനെ അന്ധകാരത്തിൽ ആഴ്ത്തുകയും ചെയ്പ്പോഴും ദൈവവചനം അവൾക്കു പ്രകാശവും

പ്രത്യാശയും നല്കി. ഏകമകൻ ക്രൂരമായി കൊല്ലപ്പെടുന്നതിലൂടെ എല്ലാം നഷ്ടപ്പെട്ടു എന്നു കരുതുമ്പോഴാണ് കുരിശിൽ നിന്നൊരു മൊഴി: "സ്ത്രീയേ, ഇതാ നിന്റെ മകൻ ... ഇതാ നിന്റെ അമ്മ" (യോഹ. 19: 26–27). ഒരു മകൻ മരിക്കുമ്പോൾ ഒരായിരം കോടി മക്കൾക്ക് അമ്മയാകുന്ന മറിയം – അവളെ അമ്മയാക്കുന്ന തിരുവചനം.

വചനത്തിന്റെ ശക്തി മുഴുവൻ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് മറിയം. തേൻ പോലെ മധുരമാണ് (സങ്കീ 119, 103) വചനം; എന്നാൽ മധുരം മാത്രമല്ല വചനം വിഴുങ്ങിയ പ്രവാചകൻ "പര്യാകുലനും അമർഷം പൂണ്ടവനും" (എസെ 3, 14) ആയിരുന്നു; ചുരുൾ വിഴുങ്ങിയ ശിഷ്യന്റെ വായിൽ വചനം തേൻപോലെ മധുരിച്ചെങ്കിലും ഉദരത്തിൽ അതു കയ്പായി മാറി (വെളി 10, 10). "കർത്താവിന്റെ വചനം എനിക്ക് ഇടവിടാതെ നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായി" (ജറെ. 20: 8) എന്നു വിലപിച്ച ജറെമിയായെ പോലെ ഇന്നും സംഭവിക്കാം.

വചനം "അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടം പോലെയും" (ജറെ 23, 29) ശക്തമാണ്. ഉപയോഗിക്കുന്നവന്റെ കയ്യും മുറിക്കുന്ന ഇരുവായ്ത്തല വാളാണ് (ഹെബ്രാ 4, 12). രോഗാതുരമായവയെ മുറിച്ചു മാറ്റി, കഴുകി ശുദ്ധീകരിക്കുകയും തിന്മയെ കത്തിച്ചു ചാമ്പലാക്കി നശിപ്പിക്കുകയും ചെയ്യാൻ കഴിവുള്ളതാണ് ദൈവവചനം. ആ വചനമാണ് മറിയം നിരന്തരം ധ്യാനവിഷയമാക്കിയത്; ജീവിതത്തിൽ പകർത്തിയത്. അതു തന്നെ ആയിരിക്കണം മരിയൻ ആധ്യാത്മികതയിൽ വചനം നിർവ്വഹിക്കുന്ന പങ്ക്.

വി. പൗലോസ് മെത്രാനായ തിമോത്തിക്കു നല്കുന്ന ഉപദേശത്തിൽ വചനത്തിന്റെയും വചനോപാസനയുടെയും പ്രാധാന്യം എടുത്തു കാട്ടുന്നുണ്ട്: "വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ഉപദേശങ്ങൾ നല്കുന്നതിലും അധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം" (1തിമോ 4, 13). വായിക്കുക, ധ്യാനിക്കുക, ജീവിക്കുക, പ്രഘോഷിക്കുക, പഠിപ്പിക്കുക – വചനോപാസനയുടെ വിവിധ ഘടകങ്ങളാണിവ. സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗ്രതയോടെ വർത്തിക്കണം; വചനപ്രഘോഷണത്തിൽ വീഴ്ച വരുത്തുന്നത് എന്ന് അപ്പസ്തോലൻ തുടർന്ന് നിർദ്ദേശിക്കുന്നത് (2തിമോ 4, 2) എന്നും പ്രസക്തമാണ്. കാരണം ദൈവവചനത്തിന്റെ പ്രാധാന്യം തന്നെ.

"വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ എല്ലാ

നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു" (2തിമോ 3, 16–17). എന്തു വിശ്വസിക്കണം എന്നു പ്രബോധിപ്പിക്കുന്നതും എങ്ങനെ ജീവിക്കണം, എന്തു ചെയ്യണം; എന്തു ചെയ്യരുത് എന്ന് അനുശാസിക്കുന്നതും ദൈവവചനമാണ്. തെറ്റു ചെയ്യുമ്പോൾ തിരുത്തുന്നതും ദൈവത്തോടും മനുഷ്യരോടും ഐക്യത്തിൽ ജീവിക്കാൻ പഠിപ്പിക്കുന്നതും ദൈവവചനം തന്നെ. "ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം കേൾക്കും: ഇതാണ് വഴി ഇതിലേ പോവുക" (ഏശ 30, 21). വായിച്ചും ശ്രവിച്ചും ധ്യാനിച്ചും ഹൃദയത്തിൽ നിറയ്ക്കുമ്പോഴാണ് വചനം വഴികാട്ടി ആകുന്നത്.

ഉള്ളിൽ നിമന്ത്രിക്കുന്ന ദൈവവചനത്തിനു കാതോർക്കണം. ഉപാസന എന്ന വാക്കിന് അടുത്തിരിക്കുക എന്നാണല്ലോ അർത്ഥം. വചനോപാസന എന്നാൽ വചനത്തിന്റെ സമീപത്തായിരിക്കുക, പോരാ, വചനത്തെ ഭക്ഷിക്കുക, ഹൃദയത്തിൽ നിറയ്ക്കുക. ചിന്തയിലും വാക്കിലും തീരുമാനത്തിലും പ്രവൃത്തിയിലും എല്ലാം ദൈവവചനമായിരിക്കണം നിറഞ്ഞു നിൽക്കുന്നത്. "വചനത്തിന്റെ ചുരുൾ അഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അറിവു നല്കുന്നു" (സങ്കീ 119, 130) എന്ന സങ്കീർത്തന വചനം ഇവിടെ അന്വർത്ഥമാകുന്നു. ദൈവവചനമാണ് യഥാർത്ഥ സ്വാതന്ത്ര്യം നൽകുന്നത് (സങ്കീ 119, 9–11). ജീവിതക്ലേശങ്ങളുടെ അർത്ഥം കണ്ടെത്താനും അവയെ വളർച്ചയ്ക്കുള്ള മാർഗ്ഗമായി രൂപപ്പെടുത്താനും വചനം സഹായിക്കും (സങ്കീ 119, 71). കഷ്ടതകൾക്കു മധ്യത്തിലും ദൈവവചനം ആനന്ദം പകരും (സങ്കീ 119, 143).

നിരന്തരമായ വചനോപാസന നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനു അനുരൂപമായി വാർത്തെടുക്കും. വചനം വായിച്ചാൽ മാത്രം പോര; അനുസരിക്കണം; ജീവിക്കണം. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14, 23). ദൈവത്തിന്റെ വസതിയാവുക – ദേവാലയമാവുക. അതാണ് വചനോപാസനയിലൂടെ സംഭവിക്കുന്നത്. ഇതു തന്നെയല്ലേ ആധ്യാത്മികതയുടെ ആത്യന്തിക ലക്ഷ്യം?

യേശുവിന്റെ വചനം അനുസരിച്ചു ജീവിക്കുന്നവർ യേശുവിൽ വസിക്കും, മുന്തിരിച്ചെടിയുടെ ശാഖകൾ തായ്ത്തണ്ടിൽ എന്നതു പോലെ. ഇപ്രകാരം യേശുവിൽ വസിക്കുന്നവർക്ക് പരിധികളില്ലാത്ത ഒരു വാഗ്ദാനമാണ് നാഥൻ നല്കിയിരിക്കുന്നത്: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ട

മുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും"(യോഹ. 15: 7). വചനോപാസനയിലൂടെ യേശുവിൽ വാസമുറപ്പിക്കുന്നവരുടെ ആഗ്രഹങ്ങളും യാചനകളം എല്ലാം ദൈവഹിതത്തിന് അനുസൃതമായിരിക്കും എന്നതാണ് ഈ വാഗ്ദാനത്തിനു പിന്നിൽ നില്ക്കുന്ന യാഥാർത്ഥ്യം.

ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1, 37) എന്ന് ദൈവവചനമാണ് മറിയത്തെ പഠിപ്പിച്ചത്. തന്റെ മേൽ വന്ന പരിശുദ്ധാത്മാവ് വചനത്തിന്റെ ഉള്ളറകളിലേക്ക് നയിക്കുന്നതായി മറിയം അനുഭവിച്ചറിഞ്ഞു. ആ പരിശുദ്ധാത്മാവു തന്നെയാണ് മറിയത്തെ നിരന്തരം നയിച്ചത്. വചനത്തിനു കാതോർക്കാനും ധ്യാനിക്കാനും ജീവിക്കാനും പഠിപ്പിച്ചതും പരിശുദ്ധാത്മാവു തന്നെ. ആത്മാവിന്റെ പ്രേരണയ്ക്കു പൂർണ്ണമായി വഴങ്ങിയ മറിയം ആത്മാവിന്റെ വാഹകയായി. അവളുടെ സാന്നിധ്യവും വാക്കുകളും ആത്മാവിന്റെ പ്രവർത്തനത്തിനുള്ള അവസരങ്ങളായി. "മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി" (ലൂക്കാ 1, 41).

ദൈവവചനത്തിനു കാതോർക്കുകയും കേട്ട വചനം വിശ്വസിച്ച് ഹൃദയത്തിൽ സ്വീകരിക്കുകയും നിരന്തരം ധ്യാനവിഷയമാക്കുകയും ചെയ്ത മറിയം എല്ലാവർക്കും എന്നും ഒരു മാതൃകയും പ്രചോദനവും ആണ്. വചനം നയിക്കുന്ന വഴിയേ ഉള്ള ജീവിതം എളുപ്പമായിരുന്നില്ല. പക്ഷേ മറിയം പതറിയില്ല. കൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം ചെയ്ത ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നു ശക്തിയാർജ്ജിച്ച്, കുരിശിന്റെ വഴിയിൽ മകനെ അനുഗമിക്കാനും കുരിശിൻ ചുവട്ടിൽ, ബലിപീഠത്തിനു മുമ്പിൽ  പുരോഹിതനെ പോലെ, നില്ക്കാനും മറിയത്തിനു കഴിഞ്ഞു. സംശയമില്ല, വചനോപാസന മരിയൻ ആധ്യാത്മികതയുടെ കാതൽ തന്നെ. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്നു വിശ്വസിച്ച ഭാഗ്യവതിയുടെ ഭാഗ്യം, സന്തോഷവും സംതൃപ്തിയും സമാധാനവും വചനോപാസന നമുക്കും ചെയ്യും.

# 7
# പ്രാർത്ഥന

*“എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.” (ലൂക്കാ 1, 46-47).*

ഹൃദയത്തെ ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതാണ് പ്രാർത്ഥന. ജീവന്റെ ഉറവിടവും ലക്ഷ്യവും ശക്തിസ്രോതസ്സും ദൈവമാണെന്ന ബോധ്യത്തോടെ, ശിശുതുല്യമായ വിശ്വാസത്തോടെ, ആശ്രയ ബോധത്തോടെ, മാതാവിന്റെ മടിയിൽ ഇരിക്കുന്ന കുഞ്ഞിനെപ്പോലെ ദൈവസന്നിധിയിൽ ആയിരിക്കുക. അവിടുത്തെ സ്നേഹവും കരുണയും കരുതലും തലോടലും അനുഭവിച്ചറിയുക. ആ അനുഭവത്തിന് ഹൃദയംകൊണ്ട് പ്രതികരിക്കുക. ഇതാണ് പ്രാർത്ഥനയുടെ കാതൽ.

പ്രാർത്ഥനയെക്കുറിച്ചു യേശു നല്കിയതാണ് ഇക്കാര്യത്തിൽ ഏറ്റം ആധികാരികമായ പ്രബോധനവും വഴികാട്ടിയും. മറ്റുള്ളവരെ കാണിക്കാനുള്ള ഒരു പ്രകടനമാകരുത് പ്രാർത്ഥന; ദൈവത്തിനറിയാത്ത കാര്യങ്ങൾ പറഞ്ഞു കേൾപ്പിക്കാൻ എന്ന പ്രതീതി ജനിപ്പിക്കുന്ന അതിഭാഷണവും അരുത്. ചോദിക്കുന്നതിനു മുമ്പു തന്നെ നമ്മുടെ ആവശ്യങ്ങളെല്ലാം അറിയുന്ന പിതാവിനോടാണ് പ്രാർത്ഥിക്കുന്നത്. അതിന് വിശ്വാസം ആവശ്യമാണ്. ദൈവം എന്റെ പിതാവാണെന്നും എനിക്കാവശ്യമായതെന്തെന്ന് അറിയുകയും അവയെല്ലാം നല്കുകയും ചെയ്യുമെന്നും വിശ്വസിക്കണം. സ്വന്തം ഹൃദയത്തിന്റെ ഉള്ളിലേക്കു കടന്ന്,

ബാഹ്യമായ വാതിലുകളെല്ലാം അടച്ച്, ഏകാഗ്രതയോടെ വേണം പ്രാർത്ഥിക്കാൻ (മത്താ 6, 1-8). വ്യക്തിപരമായ പ്രാർത്ഥനയാണ് ഈ നിർദ്ദേശം മുഖ്യമായും ലക്ഷ്യം വയ്ക്കുന്നതെങ്കിലും സമൂഹപ്രാർത്ഥന യിലും ഈ വിശ്വാസവും ഏകാഗ്രതയും അത്യാവശ്യമാണ്.

എന്തു പ്രാർത്ഥിക്കണം എന്നതിന്റെ ഒരു മാതൃകയും യേശു തന്നെ നല്കിയിട്ടുണ്ട് (മത്താ 6, 9-14) "ഇപ്രകാരം പ്രാർത്ഥിക്കുവിൻ" എന്ന ആഹ്വാനം ഇതേ വാക്കുകൾ ഉപയോഗിച്ചു പ്രാർത്ഥിക്കണം എന്ന് അർത്ഥ മാക്കുന്നില്ല. ഈ മാതൃകയനുസരിച്ചു പ്രാർത്ഥിക്കണം എന്നാണ് സൂചന. ഈ പ്രാർത്ഥനയിൽ ഒരു അഭിസംബോധനയും ഏഴു യാചനകളുമുണ്ട്.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന അഭിസംബോധന മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

1. ദൈവം പിതാവാണ്; എന്റെ മാത്രമല്ല, മനുഷ്യസമൂഹത്തിന്റെ മുഴുവൻ പിതാവ്. 2. ദൈവം സ്വർഗ്ഗസ്ഥനാണ്. എല്ലാറ്റിനും ഉപരിയും എല്ലാം കാണുന്നവനും എല്ലാം കഴിയുന്നവനുമായ സർവ്വശക്തനും, സർവ്വാതിശായിയും സർവ്വ വ്യാപിയുമാണ്. 3. ഈ ദൈവത്തിന്റെ മക്ക ളാണ് ഞാനും മനുഷ്യസമൂഹം മുഴുവനും. അതിനാൽ എല്ലാ മനുഷ്യ രെയും സഹോദരങ്ങളായി കാണണം. പിതാവിന്റെ സന്നിധിയിൽ മക നെപ്പോലെ, സ്വാതന്ത്ര്യത്തോടെ, വിശ്വാസത്തോടെ, സ്നേഹത്തോടെ പ്രാർത്ഥിക്കണം.

ഏഴു യാചനകളിൽ ആദ്യത്തെ മൂന്നു യാചനകൾ ദൈവത്തോടും തുടർന്നുള്ള നാലു യാചനകൾ മനുഷ്യരോടുമുള്ള ബന്ധത്തെ മുന്നിൽ കണ്ടുകൊണ്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ നാമം അവി ടുത്തെ വ്യക്തിത്വം തന്നെയാണ്. അവിടുത്തെ വിശുദ്ധി ഏവർക്കും ദൃശ്യ മാകുംവിധം വെളിവാക്കപ്പെടണം. എന്റെ ജീവിതത്തിലൂടെ ആ വിശുദ്ധി പ്രകടമാകണം. ഒരു കാരണവശാലും ദൈവനാമത്തെ ദുഷിക്കാൻ എന്റെ ജീവിതവും പ്രവൃത്തികളും കാരണമാകരുത്. അടിമകൾക്കും മർദ്ദി തർക്കും മോചനം നല്കുന്നതിലൂടെയാണ് ദൈവം തന്റെ വിശുദ്ധി ഏറ്റം അധികം പ്രകടമാക്കിയത്. മോശയ്ക്കു വെളിപ്പെടുത്തിയ "യാഹ്വേ" എന്ന പേരു തന്നെ ഈ വിമോചനവുമായി ബന്ധപ്പെട്ടിരിക്കുന്നു (പുറ 3, 14-15; 6, 3-7).

മനുഷ്യന്റെ, പ്രത്യേകിച്ചും ദൈവത്തിന്റെ സ്വന്തം ജനം എന്നറിയ പ്പെടുന്ന മനുഷ്യന്റെ പാപങ്ങൾ ദൈവനാമത്തെ അശുദ്ധമാക്കും എന്ന് പ്രവാചകന്മാർ പഠിപ്പിച്ചു. "ഇസ്രായേൽ ജനമേ, നിങ്ങളെ പ്രതിയല്ല,

നിങ്ങൾ എത്തിച്ചേർന്ന ജനങ്ങളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയ എന്റെ വിശുദ്ധ നാമത്തെപ്രതിയാണ് ഞാൻ പ്രവർത്തിക്കാൻ പോകുന്നത്. ജനതകളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയ എന്റെ ശ്രേഷ്ഠ നാമത്തിന്റെ പരിശുദ്ധി ഞാൻ തെളിയിക്കും" (എസെ 36, 22–23).

ദൈവത്തിന്റെ ശക്തിയും സ്നേഹവും നീതിയും പരിപാലനയും പ്രകടമാക്കുന്നതിലൂടെയാണ് അവിടുത്തെ നാമത്തിന്റെ വിശുദ്ധി തെളിയുന്നത്. അതു തന്നെയാണ് ദൈവരാജ്യം എന്ന ആശയത്തിലൂടെ എടുത്തു കാട്ടുന്നത്. അവിടുത്തെ രാജ്യം വരണം എന്നതിന്റെ വിശദീകരണമാണ് അവിടുത്തെ തിരുഹിതം സ്വർഗ്ഗത്തിലേതു പോലെ ഭൂമിയിലും ആകണം എന്ന യാചന. സമൂഹത്തിൽ നീതി നടപ്പിലാക്കുന്നതിലൂടെ, എല്ലാവർക്കും, പ്രത്യേകിച്ച് എളിയവർക്കും ദരിദ്രർക്കും നീതി ലഭ്യമാക്കുന്നതിലൂടെ ദൈവനാമത്തിന്റെ അഥവാ ദൈവത്തിന്റെ പരിശുദ്ധി ഈ ഭൂമിയിൽ പ്രകടമാകണം. ഇതാണ് പ്രാർത്ഥനയുടെ ആദ്യഭാഗത്തിന്റെ രത്നചുരുക്കം.

പ്രാർത്ഥനയുടെ രണ്ടാം ഭാഗം മനുഷ്യന്റെ അനുദിനാവശ്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നു. ശരീരത്തിനും മനസ്സിനും ആത്മാവിനും ആവശ്യമായതെല്ലാമാണ് അപ്പം എന്നു വിശേഷിപ്പിക്കുന്നത് ക്ഷമിക്കുന്ന സ്നേഹത്തിലൂടെ ദൈവത്തോടും സഹോദരങ്ങളോടും അനുരഞ്ജനത്തിലെത്താൻ വേണ്ടിയാണ് അടുത്ത യാചന. പിശാചിന്റെ നിരന്തരമായ പ്രലോഭനത്തിൽ വീണു പോകാതെ പിതാവായ ദൈവത്തോടും സഹജീവികളോടും സ്നേഹത്തിലും ഐക്യത്തിലും കഴിയാൻ സഹായിക്കണമേ എന്നതാണ് അവസാനത്തെ യാചന. പ്രാർത്ഥനയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ പ്രാർത്ഥനാ രീതിയാണ് യേശുനാഥൻ പഠിപ്പിച്ചത്. ഇത് എപ്പോഴെങ്കിലും ചൊല്ലാനുള്ള ഒരു പ്രാർത്ഥന എന്നതിനേക്കാൾ ജീവിതത്തിൽ നിരന്തരം കാത്തുപാലിക്കേണ്ട ഒരു മനോഭാവവും ജീവിതശൈലിയും ഉൾക്കൊള്ളുന്നു. ഇപ്രകാരമൊന്നായിരുന്നു മറിയത്തിന്റെ പ്രാർത്ഥനാ ജീവിതം.

അമ്മയുടേതായ ചുരുക്കം വാക്കുകളേ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളൂ. മത്തായി – മർക്കോസ് സുവിശേഷങ്ങളിൽ മറിയത്തിന്റെ ഒരു വാക്കും നമ്മൾ കേൾക്കുന്നില്ല. യോഹന്നാൻ രണ്ടു കൊച്ചുവാക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്, ഒരു യാചനയും ഒരു നിർദ്ദേശവും (യോഹ 2, 3–5). ലൂക്കായാണ് അമ്മയുടെ വാക്കുകൾ ഏറ്റം കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത്, ആകെ 13 വാക്യങ്ങൾ (ലൂക്കാ. 1, 34–38; 2, 46; 1, 46–55). അതിൽ പത്തു വാക്യങ്ങൾ "മറിയത്തിന്റെ സ്തോത്രഗീതം" എന്ന

റിയപ്പെടുന്ന പ്രാർത്ഥനയാണ്. ഈ ഗാനം അപഗ്രഥിച്ചാൽ മറിയത്തിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ ആഴവും പരപ്പും ഗ്രഹിക്കാൻ സാധിക്കും. മരിയൻ ആധ്യാത്മികതയിൽ നിലനില്ക്കേണ്ട പ്രാർത്ഥനാ ജീവിതത്തിന് ഇതൊരു  മാർഗ്ഗ ദർശനമാവുകയും ചെയ്യും.

അനേകം പഴയ നിയമ വാകൃങ്ങളുടെ സ്വാധീനം ഈ സ്തോത്രഗാനത്തിൽ കാണാം. സാമുവേലിന്റെ അമ്മയായ ഹന്നാ ദൈവ ത്തിന്റെ പ്രത്യേക ദാനമായി തനിക്കു ലഭിച്ച മകനെ ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ ആലപിച്ച സ്തുതിഗീതത്തിന്റെ (1 സാമു 2, 1–10) വലിയ സ്വാധീനം മറിയത്തിന്റെ കീർത്തനത്തിലുണ്ട്. ഈ ഗാനം മറിയം ആല പിച്ചതോ, അതോ ക്രിസ്തീയ സമൂഹത്തിൽ രൂപം കൊണ്ടതോ, അതു മല്ലെങ്കിൽ സുവിശേഷ കർത്താവായ ലൂക്കാ എഴുതിച്ചേർത്തതോ എന്നി ങ്ങനെയുള്ള അനേകം ചോദ്യങ്ങൾ ബൈബിൾ വ്യാഖ്യാതാക്കൾ ഉന്ന യിക്കാറുണ്ട്. അതിന് ഉത്തരം കണ്ടെത്തുന്നതിനേക്കാൾ പ്രധാനം ദൈവ ത്തിന്റെ പ്രത്യേകമായ ഇടപെടൽ സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ മറിയത്തിന്റെ മനോഭാവം ഇവിടെ പ്രകടമാകുന്നു എന്ന തിരിച്ചറിയലാണ്.

ഉള്ളടക്കത്തെ അടിസ്ഥാനമാക്കി പ്രാർത്ഥനകളെ പൊതുവേ നാലു ഗണമായി തിരിക്കാറുണ്ട്.

1. സ്തുതി. പ്രവൃത്തികളിലൂടെ പ്രകടമാകുന്ന ദൈവമഹത്വം ഏറ്റുപറഞ്ഞ് ദൈവത്തെ സ്തുതിക്കുക, അഥവാ മഹത്വപ്പെടുത്തുക.
2. കൃതജ്ഞത : ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറയുക.
3. ക്ഷമാപണം : ചെയ്തുപോയ തെറ്റുകൾ ഏറ്റു പറഞ്ഞ് മാപ്പിരക്കുക.
4. യാചന : ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവതിരുമുമ്പിൽ അവത രിപ്പിച്ച് സഹായം അപേക്ഷിക്കുക.

ഇതിൽ നാലാമത്തെ ഗണമാണ് പൊതുവേ പ്രാർത്ഥന എന്നു പറ യുമ്പോൾ ചിന്തയിലേക്കു വരുന്നത്. എന്നാൽ മറിയത്തിന്റേതായി സുവി ശേഷകൻ അവതരിപ്പിച്ചിരിക്കുന്ന പ്രാർത്ഥന ആദ്യഗണത്തിൽ പെടുന്നു. യാചനയോ ക്ഷമാപണമോ കൃതജ്ഞതയോ ഒന്നുമില്ല; ദൈവത്തെ സ്തുതിക്കുക മാത്രമാണ് ഈ പ്രാർത്ഥനയിലൂടെ മറിയം ചെയ്യുന്നത്.

“എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു” (ലൂക്കാ 1, 46–47). ഈ ആമുഖ വാക്യം പ്രാർത്ഥനയുടെ സ്വഭാവവും ലക്ഷ്യവും പ്രകടമാക്കുന്നു. ഹീബ്രു പദ്യത്തിന്റെ നിയമമനുസരിച്ചു ക്രമപ്പെടുത്തി

യിരിക്കുന്ന ഈ വാക്യങ്ങൾ സംയുക്ത സമാന്തര വാക്യങ്ങൾ (Synthetic parallelism) ആയി പരിഗണിക്കപ്പെടുന്നു. ഒരേ ആശയം രണ്ടു വാക്യങ്ങളിലൂടെ, വ്യത്യസ്തവാക്കുകളിൽ കൂടുതൽ വിശദമായി അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. എന്റെ ആത്മാവ് – എന്റെ ചിത്തം സമാന്തരമായി ഒരേ അർത്ഥം തന്നെ സൂചിപ്പിക്കുന്നു. കർത്താവിനെ എന്ന പ്രയോഗത്തിന്റെ അർത്ഥം രക്ഷകനായ ദൈവത്തിൽ എന്നു വിശദീകരിക്കുന്നു. മഹത്വപ്പെടുത്തുന്നതിന്റെ കാരണവും ഫലവും ആണ് ആനന്ദം.

ഉള്ളിൽ നിറയുന്ന സന്തോഷത്തിന്റെ കവിഞ്ഞൊഴുകലാണ് ഈ ഗാനം. തന്നിൽ നിറവേറുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾ ചാർച്ചക്കാരിയായ എലിസബത്ത് തിരിച്ചറിഞ്ഞതും ഏറ്റുപറഞ്ഞതും ഈ സ്തുതി പ്രവാഹത്തിനു നിമിത്തമായി. മറിയത്തിന്റെ സാന്നിധ്യത്തിൽ എലിസബത്തും അജാത ശിശുവും പരിശുദ്ധാത്മാവിനാൽ പൂരിതരായി. തന്റെ രക്ഷകന്റെ അമ്മയാണ് മുന്നിൽ നില്ക്കുന്നതെന്ന് അവൾ തിരിച്ചറിഞ്ഞു; ഏറ്റുപറഞ്ഞ് ദൈവത്തെ സ്തുതിച്ചു. മറിയത്തിന്റെ വിശ്വാസത്തെ അവൾ പ്രത്യേകം എടുത്തു പറഞ്ഞ് അഭിനന്ദിച്ചു. ഈ സാഹചര്യത്തിലാണ് മറിയത്തിന്റെ ഹൃദയത്തിൽ നിന്ന് സന്തോഷം സ്തുതി കീർത്തനമായി നിർഗ്ഗളിച്ചത്.

“കർത്താവിനെ മഹത്വപ്പെടുത്തുന്നു.” എന്ന പ്രയോഗം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ‘വലുതാക്കുക’ എന്നർത്ഥമുള്ള മാഗ്നിഫൈ (Magnify) എന്നാണ് ഇംഗ്ലീഷ് വിവർത്തനം. “മാഗ്നിഫിക്കാത്ത്” (Magnificat) എന്ന ലത്തീൻ വാക്കിന്റെ തൽസമയ വിവർത്തനമാണിത്. ലത്തീനിലും ‘വലുതാക്കുക’ എന്നു തന്നെ വാച്യാർത്ഥം. ഇവിടെ ദൈവത്തെ വലുതാക്കാൻ സാധിക്കുമോ എന്ന ചോദ്യം സ്വാഭാവികമായും ഉയരും. ഉള്ളതിനേക്കാൾ വലുപ്പത്തിൽ കാണിക്കുന്നതിനെയാണ് വലുതാക്കുക – മാഗ്നിഫൈ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഭൂതക്കണ്ണാടി – മാഗ്നിഫൈയിംഗ് ഗ്ലാസ് – ഇവിടെ ശ്രദ്ധേയമാകുന്നു. ഇങ്ങനെ വലുതാക്കൽ ദൈവത്തെ സംബന്ധിച്ചു പ്രസക്തമല്ലല്ലോ.

മെഗാലൂനോ (megaluno) എന്നാണ് ഗ്രീക്കു മൂലം. അതിന് വലുതാക്കുക എന്നതിനേക്കാൾ വലുപ്പം ഏറ്റുപറയുക എന്നാണ് അർത്ഥം. ഇതു തന്നെയാണ് മറിയം തന്റെ പ്രാർത്ഥനയിലൂടെ ചെയ്യുന്നത്. ഈ അർത്ഥത്തിലാണ് ‘മഹത്വപ്പെടുത്തുന്നു’ എന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നത്. Glorify എന്നായിരിക്കും ഇംഗ്ലീഷ് വിവർത്തനം. ഇവിടെ ഇല്ലാത്ത മഹത്വം ആരോപിക്കുകയോ, ഉള്ള

മഹത്വം പെരുപ്പിച്ചു കാണിക്കുകയോ അല്ല, ദൈവത്തിന്റെ യഥാർത്ഥ മഹത്വം സ്വന്തം ജീവിതാനുഭവത്തിൽ നിന്ന് ഏറ്റുപറഞ്ഞ് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ സാക്ഷ്യപ്പെടുത്തൽ നിർബ്ബന്ധത്തിനു വഴങ്ങിയല്ല, സന്തോഷത്തോടെ നിർവ്വഹിക്കുന്ന ഒരു പ്രവൃത്തിയാണ്.

എന്താണ് മഹത്വം, എങ്ങനെയാണ് മഹത്വപ്പെടുത്തുക എന്ന ചോദ്യവും ഇവിടെ പ്രസക്തമാകുന്നു. "ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു"(സങ്കീ 191) എന്ന സങ്കീർത്തന വാക്യം ഈ ചോദ്യത്തിന് ഒരു ഉത്തരം തരും. ദൈവത്തിന്റെ ശക്തി, അറിവ്, സർവ്വാതിശായിത്വം എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. എന്നാൽ ഇതു മാത്രമല്ല. മനുഷ്യനെ തന്റെ സാദൃശ്യത്തിൽ മെനഞ്ഞെടുത്ത് പറുദീസായിൽ അധിവസിപ്പിച്ചപ്പോൾ പ്രകടമായ കരുതലും കരുണയും ദൈവമഹത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നു. ആകാശഗോളങ്ങളെ സൃഷ്ടിച്ചു നയിക്കുന്ന ശക്തി വൈഭവം മാത്രമല്ല, മർദ്ദിതരായ ഒരു പറ്റം അടിമകളുടെ നിലവിളി കേട്ട് ഇറങ്ങി വന്ന്, അവരെ മോചിപ്പിച്ച് സ്വന്തം ജനമായി സ്വീകരിച്ച്, അവർക്കായി ഒരു ദേശം നല്കി പരിപാലിച്ചപ്പോൾ പ്രകടമായതും ദൈവമഹത്വം തന്നെ. എന്നാൽ ഇതിലെല്ലാം ഉപരി യേശുവിന്റെ കുരിശിലാണ് ദൈവമഹത്വം അതിന്റെ തനിമയിൽ പ്രകടമായത്.

"തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച" (യോഹ 3,16) പിതാവിന്റെ സ്നേഹത്തിൽ അവിടുത്തെ മഹത്വം പ്രകടമായി. സ്നേഹത്താൽ പ്രേരിതനായി മനുഷ്യരക്ഷയ്ക്കു വേണ്ടി സ്വന്തം ജീവൻ കുരിശിൽ ബലിയായി അർപ്പിക്കുന്നതിലൂടെ പുത്രനും ദൈവമഹത്വം വെളിപ്പെടുത്തി. ഇപ്രകാരം വെളിവാക്കപ്പെട്ട ദൈവമഹത്വത്തെയാണ് മറിയം പ്രഘോഷിക്കുന്നത്. രക്ഷാചരിത്രം അതിന്റെ നിർണ്ണായക ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നത് തന്റെ ഉദരത്തിൽ രൂപം കൊള്ളുന്ന ദൈവവചനത്തിലൂടെ ആണെന്ന തിരിച്ചറിവ് ഈ ഉദ്ഘോഷണത്തിൽ പ്രതിധ്വനിക്കുന്നു. ഇതു തന്നെയാണ് മറിയത്തിന്റെ ആനന്ദത്തിന്റെ നിദാനം.

എപ്രകാരമാണ് ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുന്നതെന്ന് മറിയം തുടർന്നു വിശദീകരിക്കുന്നു. ഇവിടെ രണ്ടു ഘട്ടമായിട്ടാണ് ഗാനം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ (1, 48–49) മറിയം തന്റെ ജീവിതത്തിൽ ദൈവം ചെയ്ത വലിയ കാര്യങ്ങൾ അനുസ്മരിക്കുന്നു. രണ്ടാം ഘട്ടത്തിൽ (1, 50–54) ലോകത്തിൽ പ്രകടമാകുന്ന ദൈവത്തിന്റെ പ്രവൃത്തികളെ എടുത്തു പറഞ്ഞ് സ്തുതിക്കുന്നു.

"അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" (1, 48). ഇതാണ് തന്നെക്കുറിച്ചു മറിയത്തിനു പറയാനുള്ളത്. തന്റെ എന്തെങ്കിലും യോഗ്യതയോ വലുപ്പമോ പരിഗണിച്ചല്ല ദൈവം തന്നെ തിരഞ്ഞെടുത്തത് എന്ന് മറിയം ഏറ്റുപറയുന്നു. ചെറിയവരെ പരിഗണിക്കുന്ന ദൈവം; എളിയവരെ ഉയർത്തുന്ന സർവ്വശക്തൻ. അവിടുത്തെ കരങ്ങളിൽ, പ്രവർത്തനങ്ങളിൽ സന്തോഷം കണ്ടെത്തുന്ന ദാസി. ഇതാണ് മറിയത്തിനു തന്നെക്കുറിച്ചു പറയാനുള്ളത്. ലഭിച്ചിരിക്കുന്ന വിളിയും ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യവും ഉൾക്കൊള്ളുന്ന സംഘർഷങ്ങളും അപകടങ്ങളും ഒന്നും അറിയാഞ്ഞിട്ടില്ല; എന്നാൽ അവയ്ക്കൊന്നും മറിയം പ്രസക്തി കല്പിക്കുന്നില്ല. കർത്താവു തന്നെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു, അതാണ് പ്രധാനം.

ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ടതിലൂടെ മഹോന്നതമായ ഒരു തലത്തിലേക്ക് താൻ ഉയർത്തപ്പെട്ടിരിക്കുന്നു എന്നു മറിയം തിരിച്ചറിഞ്ഞു; സന്തോഷത്തോടെ ഏറ്റുപറഞ്ഞു. സകല തലമുറകളും തന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും എന്ന പ്രവചനം സ്വന്തം മഹത്വമല്ല, തന്നെ വിളിച്ചുയർത്തിയ ദൈവത്തിന്റെ മഹത്വമാണ് പ്രഘോഷിക്കുന്നത്. "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" എന്ന അവബോധം ഈ സ്തുതിപ്പിനും പ്രവചനത്തിനും പിന്നിലുണ്ട്. എന്താണ് ഈ വലിയ കാര്യങ്ങൾ എന്നും എന്തായിരിക്കും അതിന്റെ ഫലം എന്നും കീർത്തനത്തിന്റെ രണ്ടാം ഭാഗത്തു വിശദീകരിക്കുന്നു.

തലമുറകൾ തോറും ദൈവം വർഷിക്കുന്ന കരുണയുടെ പ്രകടനങ്ങളാണ് ഇവിടെ മറിയം ഏറ്റുപറഞ്ഞു സ്തുതിക്കുന്നത്. ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവൃത്തികൾ തികച്ചും വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുന്നതായി മറിയം ഏറ്റുപറയുന്നു. മാനുഷികമായ കാഴ്ചപ്പാടുകളെയും മാനദണ്ഡങ്ങളെയും എല്ലാം കീഴ്മേൽ മറിക്കുന്നതാണ് ദൈവത്തിന്റെ ഇടപെടൽ. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ തലങ്ങളിൽ ഈ വിപ്ലവം ദൃശ്യമാകും.

അഹങ്കാരികളായ ശക്തന്മാരെ സിംഹാസനങ്ങളിൽ നിന്നു താഴെയിറക്കി എളിയവരെ ഉയർത്തും. ദൈവത്തെ കൂടാതെ എല്ലാം തികഞ്ഞു എന്നു കരുതുന്ന, നിർലജ്ജമായ ചൂഷണത്തിലൂടെ സമ്പത്തു സ്വരുക്കൂട്ടുന്നവരെ വെറും കയ്യോടെ പറഞ്ഞയച്ച് ദരിദ്രരെ സംതൃപ്തരാക്കും. പിതാക്കന്മാരോടു ദൈവം ചെയ്തിരുന്ന വാഗ്ദാനം ഇവിടെ പൂർത്തിയാക്കപ്പെടുന്നു. ഈ സമൂല പരിവർത്തനത്തിന്റെ, പൂർത്തീകരണത്തിന്റെ

തുടക്കമാണ് ദൈവം തന്നിൽ ആരംഭിച്ചിരിക്കുന്നത് എന്നു തിരിച്ചറിഞ്ഞ മറിയം അതു സന്തോഷത്തോടെ വളിച്ചു പറഞ്ഞ് ദൈവത്തെ സ്തുതിച്ചു.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു നല്കിയ വിമോചനത്തിലും പ്രവാചക വചനങ്ങളിലും സർവ്വോപരി യേശുവിന്റെ പ്രവൃത്തിയിലും പ്രഘോഷണങ്ങളിലും പ്രകടമായ വിമോചന സന്ദേശം മറിയത്തിന്റെ സ്തുതിഗീതത്തിൽ പ്രതിധ്വനിക്കുന്നുണ്ട്. ഇവിടെ യാചനയില്ല; നിലവിളിയും കണ്ണീരുമില്ല. ഹൃദയത്തിൽ നിറഞ്ഞു കവിയുന്ന സന്തോഷത്തിന്റെ അനർഗ്ഗള പ്രവാഹം മാത്രം. ഇതാണ് പ്രാർത്ഥനയുടെ ഏറ്റം ഉന്നതമായ ഭാവം. ദൈവസന്നിധിയിൽ ആയിരിക്കുക. മറ്റെല്ലാം മറക്കുക. ദൈവത്തിന്റെ ചെയ്തികളിൽ ദൃഷ്ടി പതിക്കുക. തന്നിലും തനിക്കു ചുറ്റുമുള്ള ലോകത്തിലും ദൈവത്തിന്റെ സാന്നിധ്യവും പ്രവൃത്തികളും തിരിച്ചറിയുക. ഈ തിരിച്ചറിവിൽ സന്തോഷിക്കുക. അവ ഏറ്റുപറഞ്ഞു ദൈവത്തെ സ്തുതിക്കുക. ഇതാണ് മരിയൻ ആധ്യാത്മികതയിൽ പ്രാർത്ഥനയുടെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നത്.

എല്ലാം അറിയാവുന്ന ദൈവത്തിനു മുമ്പിലാണ് ഞാൻ നില്ക്കുന്നത്, അല്ല അവിടുത്തെ കരങ്ങളാണ് എന്നെ സംവഹിക്കുന്നത് എന്ന അവബോധം ഉള്ളിലുണരുമ്പോൾ പിന്നെ ഒന്നേ പറയാനുള്ളൂ: “എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു,” സ്തുതിയുടെ ഒരു ജീവിതം – അതാണ് മറിയത്തിന്റെ അത്മീയതയിൽ നിന്നു കിട്ടുന്ന ഒരു പാഠം. എപ്പോഴും എല്ലായിടത്തും ദൈവത്തെ കാണുക; എല്ലാ സംഭവങ്ങളിലും ദൈവകരം ദർശിക്കുക. ദൈവം ചെയ്യുന്നതെല്ലാം നന്മയ്ക്കു വേണ്ടി മാത്രമാണെന്നു വിശ്വസിച്ച് ദൈവത്തിൽ സന്തോഷിക്കുക. ഇതായിരിക്കണം യഥാർത്ഥമായ ആത്മീയതയുടെ ഒരു വശം.

“നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ” (ഫിലി 4,4) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഈ മനോഭാവത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. തടവറയിൽ നിന്നാണ് അപ്പസ്തോലൻ ഈ കത്തെഴുതുന്നത്. നാളെ താൻ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടേക്കാം എന്ന് അപ്പസ്തോലൻ കരുതുന്നുണ്ട്. വലിയ മതപീഡനത്തിന് ഇരയാകുന്ന ഫിലിപ്പിയിലെ സഭയ്ക്കാണ് ഈ കത്തെഴുതുന്നതെന്നും ഓർക്കണം. എന്നാൽ പീഡനവും മരണവുമൊന്നും പൗലോസിനെ ഭയപ്പെടുത്തുന്നില്ല. എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്നും ജീവനെക്കാൾ മരണമാണ് താൻ ആഗ്രഹിക്കുന്നത്, കാരണം മരണം വഴി തന്റെ നാഥനായ

യേശുവിനോട് എന്നേക്കുമായി ഐക്യപ്പെടാൻ കഴിയുമെന്നും (1, 20-23) പറയുന്ന പൗലോസിന്റെ ഹൃദയത്തിൽ ദുഃഖത്തിനും ഭയത്തിനും നിരാശയ്ക്കും സ്ഥാനമില്ല. ഇതു തന്നെയാണ് തടവറയിൽ ഉറക്കമിളച്ച് സ്തുതിഗീതങ്ങൾ ആലപിക്കാൻ സഹായിച്ച (അപ്പ 16, 25) മനോഭാവം.

"എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ച ദൈവഹിതം" (1തെസ, 5: 16-18). മതപീഡനത്തിനിരയായ തെസലോണിക്കായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ പൗലോസ് നല്കുന്ന ഈ നിർദ്ദേശം ആദ്ധ്യാത്മികതയുടെ ഒരടിസ്ഥാന ശിലയായി പരിഗണിക്കണം.

അമ്മയുടെ ജീവിതത്തിൽ എന്നും പ്രകടമായതാണ് ആത്മാവിൽ നിറയുന്ന സന്തോഷവും അധരത്തിൽ നിറയുന്ന ദൈവസ്തുതിയും. തുളച്ചു കയറിയ വാൾ ഹൃദയത്തിൽ തറച്ചു നിന്നപ്പോഴും ഈ സന്തോഷവും സ്തുതിപ്പും അറ്റുപോയില്ല. ഇതു തന്നെ ആയിരിക്കണം മരിയൻ ആദ്ധ്യാത്മികതയിൽ പ്രകടമാകുന്ന ഒരു സവിശേഷത. സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുക. ദൈവം ചെയ്ത, ഇന്നും ചെയ്യുന്ന വലിയ കാര്യങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുക.

# 8.
# മാതൃഭാവം

*"യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ" (യോഹ 19, 26-27).*

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ രണ്ടു തവണ മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. രണ്ടും നിർണ്ണായക നിമിഷങ്ങൾ. വിവാഹവീട്ടിൽ വച്ച് വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തിയതാണ് ആദ്യ മുഹൂർത്തം. ഇതു മഹത്വീകരണത്തിന്റെ തുടക്കമായിരുന്നു. മഹത്വീകരണം പൂർത്തിയായത് കുരിശിലാണ്. അവിടെയും ഉണ്ട് മറിയം. പീഡാനുഭവവും കുരിശു മരണവും വഴി യേശു തന്റെ മഹത്വം വെളിപ്പെടുത്താനായി നടത്തിയ യാത്രയുടെ തുടക്കത്തിലും ഒടുക്കത്തിലും മറിയം ഉണ്ട്. രണ്ടുതവണയും "യേശുവിന്റെ അമ്മ" എന്നു സുവിശേഷകൻ മറിയത്തെ വിശേഷിപ്പിക്കുന്നു. എന്നാൽ യേശു തന്റെ അമ്മയെ രണ്ടു തവണയും 'സ്ത്രീയേ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. മരിയൻ ആധ്യാത്മികതയുടെ സവിശേഷതകളിൽ ഒന്നായ മാതൃഭാവത്തെക്കുറിച്ചുള്ള പഠനം ഇവിടെ തുടങ്ങാം. സ്ത്രീ - അമ്മ.

യേശുവിന്റെ അമ്മ - അതാണ് രക്ഷാചരിത്രത്തിൽ മറിയത്തിനുള്ള സവിശേഷ സ്ഥാനം. നേടിയെടുത്തതല്ല, ദൈവം സൗജന്യദാനമായി നല്കിയതാണ് ഈ മാതൃത്വം. തന്റെ ശരീരത്തിൽ നിന്ന് വചനത്തിനു

ശരീരം നല്കി, അവൾ വചനത്തിന്റെ അമ്മയായി. അതിനു മുമ്പേ അവൾ വചനം ഹൃദയത്തിൽ സ്വീകരിച്ചു: "ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' (ലൂക്കാ 1, 38). യേശു തന്നെ എടുത്തുയർത്തിക്കാട്ടിയതാണ് ഈ മാതൃഭാവം: "ദൈവ വചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8, 21). വചനം ഹൃദയത്തിൽ സ്വീകരിച്ച്, ധ്യാനിച്ച് ജീവിതത്തിൽ പകർത്തുന്ന ആർക്കും തന്റെ അമ്മയാകാൻ കഴിയും എന്ന ഗുരു വചനം മറിയത്തിന്റെ മാതൃത്വത്തിന്റെ ഒരു സവിശേഷതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. വചനോപാസന. വചനം അനുസരിച്ച് ജീവിക്കുന്നവർ ദൈവത്തിന്റെ വസതികളാകുന്നു. "ഞങ്ങൾ അവന്റെ അടുത്തു വന്ന് അവരിൽ വാസമുറപ്പിക്കും" (യോഹ 14, 23).

യേശു തന്റെ അമ്മയെ 'സ്ത്രീയേ' എന്നാണ് അഭിസംബോധന ചെയ്തതെന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അവഗണനയോ അനാദരവോ തള്ളിപ്പറയലോ ഒന്നുമല്ല, മറിച്ച് തന്റെ അമ്മയ്ക്ക് രക്ഷാചരിത്രത്തിലുള്ള അനന്യമായ സ്ഥാനം എടുത്തു കാട്ടലാണ്. സാത്താന്റെ വാക്കിനു വഴങ്ങി ദൈവകല്പന ലംഘിക്കുകയും ലംഘിക്കാൻ ആദാമിനെ പ്രേരിപ്പിക്കുകയും ചെയ്ത ഹവ്വാ എന്ന ആദ്യസ്ത്രീയുടെ ബദലായി മറിയം ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഒരു സ്ത്രീയിലൂടെ തുടങ്ങിയ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തിനു മോചനം നല്കാൻ മറ്റൊരു സ്ത്രീയുടെ മകനായി ദൈവപുത്രൻ ജനിച്ചു. അങ്ങനെ മറിയം പുതിയ ഹവ്വാ ആയി, യേശു പുതിയ ആദം ആയതുപോലെ. രക്ഷകന്റെ അമ്മ എന്ന അതുല്യപ്രാധാന്യമാണ് യേശു സ്ത്രീയേ എന്നു വിളിക്കുന്നതിലൂടെ അമ്മയ്ക്കു നല്കുന്നത്.

രക്ഷകന്റെ അമ്മ, രക്ഷിക്കപ്പെടുന്ന സകലരുടെയും അമ്മയായിരിക്കണം എന്ന് യേശു തീരുമാനിച്ചു. അതാണ് കാൽവരിയിൽ വച്ചു സംഭവിച്ചത്. യേശു സ്നേഹിച്ച ശിഷ്യൻ യോഹന്നാൻ ആയിരുന്നു എന്നാണ് പൊതുവേ കരുതപ്പെടുന്നത്. അതു ശരിയായിരിക്കാം. എന്നാൽ "യേശു സ്നേഹിച്ച ശിഷ്യൻ" എന്ന വിശേഷണം ഏതെങ്കിലും ഒരു വ്യക്തിയിൽ ഒതുക്കി നിർത്താനാവില്ല. "അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19, 27) എന്ന പ്രസ്താവനയ്ക്കും പ്രത്യക്ഷത്തിൽ കാണുന്നതിൽ കൂടുതൽ ആഴമുണ്ട്.

യേശു മരിക്കുമ്പോൾ മറിയം വിധവയായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. ജോസഫ് എന്നു മരിച്ചു എന്നു സുവിശേഷങ്ങൾ പറയുന്നില്ലെങ്കിലും യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പു തന്നെ

അതു സംഭവിച്ചു എന്നാണ് പൊതുവേ കരുതപ്പെടുന്നത്. ഇപ്പോൾ ഏക മകനും മരിക്കുന്നതോടെ അമ്മ തീർത്തും അനാഥയാകുന്നു. ഈ സാഹചര്യത്തിൽ തന്റെ അമ്മയ്ക്ക് ഒരു സംരക്ഷണം എന്ന നിലയിലാണ് യോഹന്നാനെ മകനായി നല്കുന്നത് എന്നു കരുതാനാവും. സുവിശേഷങ്ങളിലെ വിവരണങ്ങൾ സസൂക്ഷ്മം പരിശോധിച്ചാൽ യോഹന്നാൻ യേശുവിന്റെ അടുത്ത ബന്ധുവായിരുന്നു എന്നു കാണാം.

കുരിശിൻ ചുവട്ടിൽ നിന്ന സ്ത്രീകളെ കുറിച്ച് മൂന്നു സുവിശേഷങ്ങൾ നല്കുന്ന വിവരണത്തിൽ നിന്ന് ഇങ്ങനെ ഒരു നിഗമനത്തിൽ എത്താൻ കഴിയും. മർക്കോ 15, 40: "മഗ്ദനലേനാ മറിയവും യോസേയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും" മത്താ 27, 56: "മഗ്ദലേനമറിയവും യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയവും സെബദിപുത്രന്മാരുടെ അമ്മയും". യോഹ 19, 25 "അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനാ മറിയവും."

മർക്കോസും - മത്തായിയും മൂന്നുപേരെക്കുറിച്ചു പറയുന്നു. സലോമി എന്ന് മർക്കോസും സെബദിപുത്രന്മാരുടെ അമ്മ എന്നു മത്തായിയും വിശേഷിപ്പിക്കുന്നത് ഒരാൾ തന്നെ എന്നു കരുതാനാവും. അപ്പോൾ സെബദീപുത്രന്മാരുടെ അമ്മയാണ് സലോമി. യോഹന്നാന്റെ വിവരണം പരിശോധിക്കുമ്പോൾ ആദ്യമേ ശ്രദ്ധയിൽ പെടുന്നത് യേശുവിന്റെ അമ്മയാണ്. മറ്റു രണ്ടു സുവിശേഷകർ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. മഗ്ദലേനാ മറിയം മൂന്നു സുവിശേഷങ്ങളിലും ഒന്നു തന്നെ. ക്ലോപ്പാസിന്റെ ഭാര്യ എന്നു യോഹന്നാൻ വിശേഷിപ്പിക്കുന്നത് യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയമാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഇനി അവശേഷിക്കുന്ന ഒരാളെക്കുറിച്ച് മൂന്നു തരത്തിലാണ് മൂന്നു സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| മർക്കോസ് | : | സലോമി |
| മത്തായി | : | സെബദിപുത്രന്മാരുടെ മാതാവ് |
| യോഹന്നാൻ | : | യേശുവിന്റെ അമ്മയുടെ സഹോദരി |

ഈ മൂന്നു വിവരണങ്ങളും ഒരാളെക്കുറിച്ചു തന്നെയാണ് എന്ന നിഗമനം ശരിയാണെങ്കിൽ യോഹന്നാൻ യേശുവിന്റെ അമ്മയുടെ സഹോദരി പുത്രനായിരുന്നു. അതിനാൽ തന്റെ അമ്മയുടെ ഉത്തരവാദിത്വം, അനുജൻ എന്നു കരുതാവുന്ന യോഹന്നാനെ ഏല്പിക്കുക തികച്ചും

സ്വാഭാവികമായിരുന്നു എന്നു കരുതാനാവും. എന്നാൽ ഇതു മാത്രമല്ല സുവിശേഷകൻ നല്കാൻ ആഗ്രഹിക്കുന്ന സന്ദേശം.

"യേശു സ്നേഹിച്ച ശിഷ്യൻ" യോഹന്നാൻ മാത്രമല്ല. യേശുവിൽ വിശ്വസിക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുന്ന ആരും ആകാം. എല്ലാ ശിഷ്യന്മാരുടെയും പ്രതീകവും പ്രതിനിധിയുമാണ് ആ ശിഷ്യൻ. ഇതിൽ നിന്ന് സുപ്രധാനമായ ഒരു നിഗമനം ഉരുത്തിരിയുന്നു. യേശു തന്റെ അമ്മയെ ശിഷ്യസമൂഹത്തിന്, സഭയ്ക്ക് അമ്മയായി നല്കിയിരിക്കുന്നു. ഇവിടെ നിന്നാണ് മറിയത്തിന് "തിരുസഭയുടെ മാതാവ്" എന്ന പേരു ലഭിച്ചത്. രക്ഷിക്കപ്പെടുന്ന മനുഷ്യസമൂഹത്തിന്റെ മാതാവായ പുതിയ ഹവ്വാ, രക്ഷകന്റെ അമ്മ, തിരുസഭയുടെ മാതാവ് മറിയത്തിന്റെ മാതൃത്വത്തിനു നല്കുന്ന ചില വിശേഷണങ്ങളാണിവ. ശിഷ്യൻ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു എന്ന പ്രസ്താവനയിലൂടെ മറിയത്തിനു സഭയിലും ശിഷ്യരുടെ ഹൃദയങ്ങളിലും നല്കേണ്ട സ്ഥാനം വ്യക്തമാക്കുന്നു. യേശുവിന്റെ അമ്മ നമ്മുടെയും അമ്മയാണ്. അമ്മയെ ഭവനത്തിൽ സ്വീകരിക്കുക എന്നാൽ ഹൃദയത്തിൽ അമ്മയായി സ്വീകരിക്കുക, അമ്മയുടെ ചൈതന്യം ഉൾക്കൊണ്ട് ജീവിക്കുക എന്നും അർത്ഥമാകുന്നു.

ഈ മാതൃത്വത്തിന്റെ ചില സവിശേഷതകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ആദ്യമേ ശ്രദ്ധയിൽ പെടുന്നത് ലൂക്കായുടെ വിവരണമാണ്. ദൈവപുത്രന്റെ അമ്മയാകാനുള്ള വിളിക്ക് സമ്മതം നൽകിയ ശേഷം ആദ്യമേ മറിയം ചെയ്യുന്നത് ഒരു ദീർഘയാത്രയാണെന്ന കാര്യം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. വന്ധ്യയും വൃദ്ധയും ആയ ചാർച്ചക്കാരി എലിസബത്ത് ഗർഭിണിയാണെന്ന് ദൂതൻ നല്കിയ അടയാളം കണ്ട് തന്റെ വിശ്വാസം സ്ഥിരീകരിക്കാനാണ് മറിയം നസ്രത്തിൽ നിന്ന് 130 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് അയിൻ കരിമിൽ എത്തിയത് എന്നു കരുതാനാവില്ല. അടയാളം കൂടാതെ തന്നെ അവൾ വിശ്വസിച്ചു, സമ്മതം നൽകി. വൃദ്ധയും ഗർഭിണിയുമായ എലിസബത്തിന് എന്തെങ്കിലും ശാരീരിക ശുശ്രൂഷ ചെയ്യാനാണ് പോയത് എന്നും പറയാനാവില്ല. ആവശ്യത്തിനു വേലക്കാർ അവർക്കുണ്ടായിരുന്നു. പിന്നെ എന്താണ് തിടുക്കത്തിൽ യാത്രയാകാൻ (ലൂക്കാ 1, 39) കാരണം?

എലിസബത്തിനെ കണ്ടുമുട്ടുമ്പോൾ എന്താണ് സംഭവിച്ചതെന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. മറിയത്തിന്റെ യാത്രയുടെ ലക്ഷ്യം അതുതന്നെ ആയിരുന്നു എന്ന് അനുമാനിക്കാൻ കഴിയും. ദൈവവചനം ഉദരത്തിൽ വഹിച്ച മറിയത്തിന്റെ സാന്നിധ്യം എലിസബത്തും

അജാതശിശുവും പരിശുദ്ധാത്മാവിനാൽ നിറയാൻ കാരണമായി. ഇരുവരും സന്തോഷപൂരിതരായി. ശിശു ഉദരത്തിൽ തുള്ളിച്ചാടി. അമ്മ സന്തോഷഗാനമാലപിച്ചു. അതാണ് മറിയം നല്കുന്ന ശുശ്രൂഷ - വചന ശുശ്രൂഷ എന്നു വിശേഷിപ്പിക്കാം. ആവശ്യം അനുഭവിക്കുന്നവരോട് അനുകമ്പ, സഹാനുഭൂതി, കരുണ. ഇതാണ് മറിയത്തിലെ മാതൃഭാവത്തിന്റെ ആദ്യപ്രകടനം. ഉദരത്തിൽ വഹിക്കുന്ന ശിശു ദൈവവചനമാണ്; ദൈവപുത്രനാണ്. അവന്റെ സാന്നിധ്യം അനേകർക്ക് അനുഭവവേദ്യമാക്കുക, കൃപയാൽ നിറയാൻ കാരണമാകുക. ഇതാണ് മറിയത്തിന്റെ സന്ദർശനം വഴി സംഭവിച്ചത്.

മറിയത്തിന്റെ മാതൃത്വമാണ് ഈ കൃപയ്ക്കു കാരണമായത് എന്ന് എലിസബത്ത് എടുത്തു പറയുന്നുണ്ട്: “എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ നിന്റെ അഭിവാദന സ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചു ചാടി” (ലൂക്കാ 1, 43-44). “എന്റെ കർത്താവിന്റെ അമ്മ” എന്ന വിശേഷണം ഒരു വിശ്വാസപ്രഖ്യാപനം തന്നെയാണെന്നത് കാണാതെ പോകരുത്. മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ സംഭവിച്ച വലിയ അത്ഭുതത്തിന്റെ, പരിശുദ്ധാത്മാഭിഷേകത്തിന്റെ, അടിസ്ഥാനം അവൾ കർത്താവിന്റെ അമ്മയാണെന്ന സത്യമാണ്. മറിയത്തിന്റെ മാതൃത്വം രക്ഷണീയമായി; കൃപാദാനത്തിനു കാരണവും അവസരവുമായി. ഈ തിരിച്ചറിവാണ് ആനന്ദപൂരിതയായി സ്തോത്രഗീതം ആലപിക്കാൻ മറിയത്തെ പ്രേരിപ്പിച്ചത്.

മറിയത്തിന്റെ മാതൃഭാവം പ്രകടമാകുന്ന സംഭവങ്ങളാണ് ഇടയന്മാരുടെയും ജ്ഞാനികളുടെയും സന്ദർശനം. ദൈവദൂതന്മാരിൽ നിന്നു സന്ദേശം ലഭിച്ച ആട്ടിടയന്മാർ രാത്രിയിൽ രക്ഷകനെ തേടി വന്നു. അവർ “മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു” (ലൂക്കാ 2, 16). യേശുവിനെ കാണുന്നതിനു മുമ്പേ അവർ മറിയത്തെ കണ്ടു. മറിയം രക്ഷകനിലേക്കുള്ള വഴികാട്ടിയാണ്. മറിയം വഴി ക്രിസ്തുവിലേക്ക്. ഇതാണ് അമ്മ മനസിന്റെ പ്രത്യേകത. താനല്ല ശ്രദ്ധാകേന്ദ്രം, മകനാണ്.

യഹൂദരുടെ രാജാവിനെ തേടി നക്ഷത്രത്തിന്റെ പിന്നാലെ യാത്ര ചെയ്ത് ബേത്‌ലഹമിൽ എത്തിയ ജ്ഞാനികളും ആദ്യം കാണുന്നത് അമ്മയെയാണ്: “ശിശുവിനെ അമ്മയായ മറിയത്തോടു കൂടെ കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു” (മത്താ 2, 11). ആരാധന മറിയത്തിനല്ല, രക്ഷകനായ ദൈവപുത്രനാണ്. എന്നാൽ രക്ഷകന്റെ

അടുക്കലേക്ക് അവർ എത്തുന്നതും കാണുന്നതും അമ്മയി ലൂടെയാണെന്ന ഒരു സൂചന ഈ വിവരണത്തിൽ കാണാം. യേശുവിനെ ലോകത്തിനു കാണിച്ചു കൊടുക്കുക, രക്ഷകന്റെ സാക്ഷിയും രക്ഷക നിലേക്കുള്ള വഴികാട്ടിയും ആവുക – ഇതാണ് മരിയൻ ആധ്യാത്മിക തയെ സംബന്ധിച്ച് ഇവിടെ നിന്നു കിട്ടുന്ന പാഠം.

കാനായിലെ കല്യാണ വിരുന്നിന്റെ വിവരണത്തിൽ അമ്മമനസിന്റെ മറ്റൊരു ഭാവം കാണാം. യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന്റെ തുടക്കം കുറിക്കുന്നതാണ് കാനായിലെ സംഭവം. അവിടെ മറിയത്തിന്റെ മാതൃഭാവത്തിന്റെ ഒരു സവിശേഷത പ്രകടമാകുന്നുണ്ട്. “മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു” (യോഹ. 2: 1) എന്ന ആമുഖം തന്നെ സവിശേഷ ശ്രദ്ധയർഹിക്കുന്നു. “മൂന്നാം ദിവസം” എന്ന പ്രയോഗത്തിന് ആഴമേറിയ ധ്വനിയുണ്ട്. ക്രിസ്തുവിശ്വാസികളെ സംബന്ധിച്ച് “മൂന്നാം ദിവസം” യേശുവിന്റെ ഉത്ഥാനത്തെയാണ് അനുസ്മരിക്കുക. ഇവിടെ സംഭവിക്കാൻ പോകുന്നത് യേശുവിന്റെ ഉത്ഥാനത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രതീകാത്മക പ്രവൃത്തി ആയിരിക്കും എന്ന സൂചനയാണ് സുവിശേഷകൻ ആദ്യമേ നല്കുന്നത്.

അതോടൊപ്പം വേറൊരു സൂചനയും സുവിശേഷകൻ നല്കുന്നുണ്ട്. ഇതുവരെ അവതരിപ്പിച്ച ദിവസങ്ങളുടെ കണക്കു കൂട്ടിയാൽ ഇവിടെ പറയുന്ന മൂന്നാം ദിവസം വാസ്തവത്തിൽ എട്ടാം ദിവസമാണെന്നു കാണാൻ കഴിയും (യോഹ 1, 29). അടുത്ത ദിവസം = രണ്ടാം ദിവസം; 1 – 35 അടുത്ത ദിവസം = മൂന്നാം ദിവസം; 1: 41: യേശുവിനെ കണ്ടുമുട്ടി രാത്രി ചിലവഴിച്ചതിനു ശേഷം ആദ്യമേ: നാലാം ദിവസം; 1: 43: പിറ്റേ ദിവസം = അഞ്ചാം ദിവസം; 2, 1 മൂന്നാം ദിവസം = എട്ടാം ദിവസം). എട്ടാം ദിവസം ഒരു പുതിയ തുടക്കത്തെ സൂചിപ്പിക്കുന്നു. ഉൽപത്തി യിലെ വിവരണം അനുസരിച്ച് ദൈവം ഏഴാം ദിവസം തന്റെ പ്രവൃത്തി കൾ പൂർത്തിയാക്കി, വിശ്രമിച്ച (ഉൽപ 2, 1) ദിവസമാണ്. അപ്പോൾ എട്ടാം ദിവസം വീണ്ടും ഒരു പുതിയ തുടക്കത്തെ, പുതിയ സൃഷ്ടിയെ സൂചി പ്പിക്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവും വഴിയാണ് ഈ പുതിയ സൃഷ്ടി നടക്കുന്നത്. അതിലേക്കു വിരൽ ചൂണ്ടുന്ന ഒരു പ്രതീകമായി കാനായിലെ സംഭവം അവതരിപ്പിച്ചിരിക്കുന്നു.

“യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു” (യോഹ 2, 2) എന്ന പ്രസ്താവനയിലൂടെ ഇവിടെ വിവരിക്കാൻ പോകുന്ന സംഭവത്തിൽ മറി യത്തിനുള്ള പ്രമുഖ സ്ഥാനത്തേക്ക് സുവിശേഷകൻ വിരൽ ചൂണ്ടുന്നു.

അമ്മയുടെ കണ്ണ് വീടിന്റെ എല്ലാ മൂലയിലും എത്തും; പ്രത്യേകിച്ച് അടുക്കളയിൽ. വിരുന്നിനിടയിൽ വീഞ്ഞു തീർന്ന കാര്യം കലവറക്കാർ അറിയുന്നതിനു മുമ്പേ അമ്മ അറിഞ്ഞു. അതാണ് അമ്മ മനസ്സിന്റെ ഒരു സവിശേഷത. ആവശ്യങ്ങൾ അറിയുക. ഇതു കാനായിലെ കല്യാണവീടിന്റെ അടുക്കളയിൽ മാത്രമല്ല, എല്ലായിടത്തും, എല്ലാവരുടെയും ജീവിതത്തിലും സത്യമാണ്. മക്കൾ അറിയുന്നതിനു മുമ്പേ അവരുടെ ആവശ്യങ്ങൾ അമ്മ അറിയും. അറിയുക മാത്രമല്ല പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യും.

കല്യാണ വീട്ടിൽ ഉണ്ടാകാൻ പോകുന്ന പ്രതിസന്ധിയും നാണക്കേടും മുൻകൂട്ടി കണ്ട് അതിനു പ്രതിവിധി തേടുകയാണ് അമ്മ ചെയ്തത്. ഏതു പ്രതിസന്ധിയും പരിഹരിക്കാൻ കഴിയുന്നവനാണ് തന്റെ മകൻ എന്ന് അമ്മയ്ക്കറിയാം. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന ദൂതൻ നല്കിയ ഉറപ്പ് എത്രയോ തവണ സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിരിക്കുന്നു! അമ്മയുടെതായി രണ്ടു വാക്കുകളേ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളു. അതിൽ ആദ്യത്തേത് ഒരു മധ്യസ്ഥ പ്രാർത്ഥനയാണ്. "യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല" (യോഹ 2, 3). ആരും ആവശ്യപ്പെട്ടിട്ടല്ല മറിയം ഈ യാചനയുമായി മകനെ സമീപിച്ചത്. ശ്രദ്ധിച്ചു വായിച്ചാൽ ഇതൊരു യാചന പോലും അല്ല. ഒരു കുടുംബം നേരിടുന്ന പ്രതിസന്ധിയെ യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അത്രമാത്രം. എന്തു ചെയ്യണം എന്നു മകൻ തീരുമാനിക്കട്ടെ.

മകന്റെ മറുപടി നിഷേധാത്മകമായി തോന്നിയാലും മറിയത്തിനു പരിഭവം ഇല്ല, സംശയം ഇല്ല, അവൾ തർക്കത്തിനും വാദത്തിനും മുതിരുന്നുമില്ല. "സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (യോഹ 2, 4). എനിക്കും നിനക്കും എന്ത് എന്ന ചോദ്യം അമ്മയുമായുള്ള ബന്ധം വിഛേദിച്ചതായോ യാചനയെ തള്ളിപ്പറഞ്ഞതായോ വ്യാഖ്യാനിക്കുന്നവർ ഉണ്ട്. തന്റെ കാര്യത്തിൽ അമ്മ ഇടപെടുന്നതിലുള്ള അതൃപ്തി പ്രകടമാക്കുന്നു എന്നു മറ്റു ചിലർ. എന്നാൽ ഇതൊന്നുമല്ല സുവിശേഷകൻ സൂചിപ്പിക്കുന്നത്. സ്ത്രീയേ എന്നുള്ള അഭിസംബോധനയിലൂടെ മറിയത്തെ ശാരീരിക മാതൃത്വത്തിനുപരി പുതിയ ഹവ്വായുടെ സ്ഥാനത്തേക്ക് ഉയർത്തുന്നു.

എനിക്കും നിനക്കും എന്ത് എന്ന ചോദ്യം മറിയം ഇപ്പോൾ ആവശ്യപ്പെടുന്ന അത്ഭുതത്തിന്റെ അർത്ഥതലങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. യേശുവിന്റെ സമയം മഹത്വീകരണത്തിന്റെ സമയമാണ്. മഹത്വീകരണമാകട്ടെ കുരിശുമരണത്തിലൂടെ ആയിരിക്കും സംഭവിക്കുക. അതി

നാൽ അമ്മയുടെ യാചന സ്വീകരിച്ച് അത്ഭുതകരമായി അവർക്കു വീഞ്ഞു കൊടുക്കുകയെന്നാൽ അത് കുരിശിന്റെ വഴിയിലേക്കു പ്രവേശിക്കുക എന്നാണ് അർത്ഥമാക്കുക. ആ വഴിയിൽ യേശു മാത്രമായിരിക്കുകയില്ല; അമ്മയും ഉണ്ടാകും. മകന്റെ കുരിശിന്റെ ചുവട്ടിൽ അമ്മയും നില്ക്കും. ഇതറിഞ്ഞു കൊണ്ടാണോ അമ്മ യാചിക്കുന്നത് എന്നാവും യേശുവിന്റെ ചോദ്യത്തിന് അർത്ഥം.

അർത്ഥം പൂർണ്ണമായി ഗ്രഹിച്ചോ എന്നു സുവിശേഷകൻ പറയുന്നില്ല. എന്നാൽ മറിയത്തിന്റെ അടുത്ത വാക്ക് അർത്ഥം ഗ്രഹിച്ചു എന്നു തന്നെയാണ് സൂചിപ്പിക്കുക. "അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2, 5). തന്റെ മകൻ നിരസിക്കില്ല എന്നു മറിയത്തിന് ഉറപ്പുണ്ട്. പ്രാർത്ഥന സഫലമാകാൻ ഒന്നേ വേണ്ടു, അവൻ പറയുന്നതു പോലെ ചെയ്യുക. ഈ രണ്ടു വാക്കുകളിൽ യോഹന്നാൻ അവതരിപ്പിക്കുന്ന മറിയത്തിന്റെ മാതൃഭാവം വ്യക്തമാകുന്നു. മക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് മകന്റെ മുമ്പിൽ മാധ്യസ്ഥ്യം യാചിക്കുക, മക്കളെ യേശുവിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക.

മധ്യസ്ഥ പ്രാർത്ഥനയും സുവിശേഷ പ്രഘോഷണവും എന്നു വേണമെങ്കിൽ ഈ രണ്ടു ഭാവങ്ങളെ വിശദീകരിക്കാം. ഇവ രണ്ടും മരിയൻ ആധ്യാത്മികതയുടെ അവശ്യഘടകങ്ങളായി പരിഗണിക്കണം. അന്യരുടെ ആവശ്യങ്ങൾ കണ്ടറിയുക, അവർക്കു വേണ്ടി ദൈവതിരുമുമ്പിൽ യാചിക്കുക. അതേ സമയം ദൈവസ്വരത്തിനു കാതോർക്കാനും അനുസരിക്കാനും പ്രേരിപ്പിക്കുക. ഇതു രണ്ടും മാതൃഭാവത്തിൽ നിന്നു ലഭിക്കുന്ന പാഠങ്ങളാണ്.

മകന്റെ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന മറിയത്തിൽ നിന്നും അമ്മ മനസ്സിന്റെ ചില സുപ്രധാന ഭാവങ്ങൾ വായിച്ചെടുക്കാനാകും. യോഹന്നാൻ മാത്രമേ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മയെക്കുറിച്ചു പ്രതിപാദിക്കുന്നുള്ളൂ. കാനായിലെ സംഭവത്തിനു ശേഷം കുരിശിൻ ചുവട്ടിലാണ് നാം അമ്മയെ കാണുന്നത്. യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങൾ, പ്രഘോഷണങ്ങൾ, രാജകീയമായ പട്ടണ പ്രവേശനം – ഇവിടെയൊന്നും നാം മറിയത്തെ കാണുന്നില്ല. അടുക്കളയിൽ നിന്നു കടന്നു വന്ന് അരങ്ങു കീഴടക്കാൻ മറിയം ശ്രമിക്കുന്നില്ല. എന്നാൽ കുരിശിൻ ചുവട്ടിൽ അവൾ ഉണ്ട്.

ഉറ്റവൻ ഒറ്റിക്കൊടുത്തു, ശിഷ്യപ്രധാനൻ ആണയിട്ട് തള്ളിപ്പറഞ്ഞു. ശിഷ്യരെല്ലാം ഓടിയൊളിച്ചു. മതാധികാരികൾ ദൈവനിന്ദക്കുറ്റത്തിനു

വധശിക്ഷ വിധിച്ചു. രാഷ്ട്രീയാധികാരി കലാപത്തിനു കുരിശു മരണം വിധിച്ചു. ഇവിടെ അംഗീകാരമില്ല, ബഹുമതിയില്ല. മത കോടതിയും രാഷ്ട്രീയ കോടതിയും കുറ്റക്കാരൻ എന്നു വിധിച്ച് കുരിശിൽ തറച്ച വന്റെ അമ്മയായി മറിയം നിന്നു, മകന്റെ അപമാനത്തിലും ദുഃഖത്തിലും വേദനയിലും പങ്കുപറ്റിക്കൊണ്ട്.

ഏകജാതനെ ബലിയർപ്പിക്കാൻ അബ്രാഹത്തോടു ദൈവം കല്പിച്ചു; അബ്രാഹം അനുസരിച്ചു. എന്നാൽ അവസാന നിമിഷം ദൈവ ദൂതൻ തടഞ്ഞു. മകനു പകരം ആട്ടിൻ കുട്ടിയെ കാട്ടിക്കൊടുത്തു. എന്നാൽ മറിയത്തിന് ഇങ്ങനെ ഒരാനുകൂല്യം ലഭിച്ചില്ല. ബലി തടയാൻ ദൂതൻ വന്നില്ല; പകരംവയ്ക്കാൻ ആട്ടിൻ കുട്ടിയെ കിട്ടിയതും ഇല്ല. ലോക ത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് തന്റെ മകൻ തന്നെ യാണെന്ന അവബോധത്തോടെ അവൾ നിന്നു, ബലിയർപ്പിക്കുന്ന പുരോ ഹിതനെ പോലെ. “തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ. 3: 6) എന്ന സുവിശേഷ വചനം മേരിയിൽ അന്വർത്ഥമായി. ഇവിടെ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മ പിതാവായ ദൈവത്തന്റെ പ്രതീകവും പ്രതിനിധിയും ആയി മാറുന്നു. അതാണ് അമ്മ മനസ്സിന്റെ മഹത്വം.

ബൈബിളിൽ, പ്രത്യേകിച്ചും പഴയ നിയമത്തിൽ ദൈവത്തെ ക്രൂര നായ ഒരു വിധിയാളനായിട്ടാണ് അവതരിപ്പിക്കുന്നത് എന്ന ഒരാരോപണം ഉണ്ട്. ചില ബൈബിൾ വാക്യങ്ങൾ വായിച്ചാൽ അതു ശരിയാണെന്നു തോന്നുകയും ചെയ്യും. എന്നാൽ ഇത് തികച്ചും ഭാഗികവും വികലവു മായ ഒരു കാഴ്ചപ്പാടാണ്. പുരുഷ മേധാവിത്വം നിലനിന്ന ഒരു സമൂഹ ത്തിൽ ദൈവത്തെ പുരുഷനായി ചിത്രീകരിക്കുക തികച്ചും സ്വാഭാവി കം. എന്നാൽ പ്രത്യക്ഷത്തിൽ കാണുന്ന കാർക്കശ്യത്തിനു പിന്നിൽ ദൈവത്തിന്റെ ഒരു മൃദുല ഭാവം കാണാതെ പോകരുത്. സ്വന്തം ഛായ യിൽ മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്നു പറയു ന്നിടത്തു തുടങ്ങുന്നു ഈ മൃദുലഭാവം. ദൈവം പുരുഷനാണ്, സ്ത്രീയുമാണ്. ഇണയില്ലാതെ ഏകാന്ത ദുഃഖം അനുഭവിക്കുന്ന ആദ്യത്തെ പുരുഷന്റെ വാരിയെല്ലിൽ നിന്നു സ്ത്രീയെ സൃഷ്ടിച്ച് ഇണയും തുണയുമായി നല്കുന്നിടത്തും ഈ ഭാവം തന്നെ കാണാം. പ്രവാചക ഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ചും രണ്ടാം ഏശയ്യാ എന്നറിയപ്പെ ടുന്ന ഏശ 40–55 അധ്യായങ്ങളിൽ ഈ ഭാവം കൂടുതൽ ദൃശ്യമാകു ന്നുണ്ട്.

ദൈവത്തിനു ബൈബിൾ നല്കുന്ന ഒരു വിശേഷണമാണ് കാരുണ്യവാൻ. “കാരുണ്യവാനും കൃപാനിധിയുമായ ദൈവം” (പുറ 34, 6) ഒരു നിർവചനം പോലെയാണ് പ്രത്യക്ഷപ്പെടുന്നത്. ഇവിടെ കാരുണ്യവാൻ എന്നു വിവർത്തനം ചെയ്യുന്നത് “*റഹൂം*” *(Rahum)* എന്ന ഹീബ്രു വാക്കാണ്. *റെഹെം (Rehem)* എന്ന നാമത്തിൽ നിന്നാണ് ഈ വിശേഷണത്തിന്റെ ഉത്ഭവം. റഹമിം – കരുണ; റഹ്മാൻ = കാരുണ്യവാൻ എന്നെല്ലാം ദൈവത്തെ ബൈബിൾ വിശേഷിപ്പിക്കാറുണ്ട്. റെഹെം എന്ന വാക്കിന് ഗർഭപാത്രം എന്നാണ് അർത്ഥം. ഗർഭസ്ഥ ശിശുവിനോട് അമ്മയ്ക്കുള്ള സ്വാഭാവിക മനോഭാവത്തെയാണ് “റഹമീം” എന്ന വാക്ക് സൂചിപ്പിക്കുന്നത്. കരുണ, ആർദ്രത, ദയ, അനുകമ്പ, വാത്സല്യം എന്നെല്ലാം ഈ വാക്ക് വിവർത്തനം ചെയ്യാം. ഇതെല്ലാം ദൈവത്തിന്റെ സ്വഭാവ വിശേഷതകളാണ്.

ശക്തി, ധൈര്യം, ധീരത, നീതിബോധം, അധികാരം, ഔന്നത്യം തുടങ്ങിയ മൂല്യങ്ങളെ പുരുഷമൂല്യങ്ങളായാണ് (Masculin Values) സാധാരണ പരിഗണിക്കുക. സമൂഹത്തിൽ സ്ഥാനവും മാനവും നല്കുന്നത് ഈ വിധമുള്ള മൂല്യങ്ങളാണെന്നും കരുതപ്പെടുന്നു. വ്യക്തിയുടെയും കുടുംബത്തിന്റെയും നിലനില്പിന് ഈ മൂല്യങ്ങൾ ആവശ്യമാണുതാനും. എന്നാൽ ഇതുകൊണ്ടു മാത്രം വ്യക്തിയും സമൂഹവും വളരുകയില്ല: സുരക്ഷിതത്വം കണ്ടെത്തുകയുമില്ല. അതിനു മറ്റു മൂല്യങ്ങളും ആവശ്യമാണ്. അവയാണ് കരുണ, ദയ, ആർദ്രത, സ്വയം ദാനംചെയ്യുന്ന ഔദാര്യം, മുറിവു വച്ചു കെട്ടുകയും കഴുകി ശുദ്ധീകരിക്കുകയും, നിറച്ച് ഊട്ടുകയും ചെയ്യുന്ന സ്നേഹം മുതലായവ. ഇവയെല്ലാം പൊതുവേ സ്ത്രൈണമൂല്യങ്ങളായി പരിഗണിക്കപ്പെടുന്നു. എന്നാൽ ഇവയല്ലേ മനുഷ്യനെ ജീവിക്കാനും വളരാനും സഹായിക്കുന്നത്?

ദൈവത്തിന്റെ സ്ത്രൈണഭാവം എന്ന് ഈ മൂല്യങ്ങളെ വിശേഷിപ്പിക്കാനാവും. “മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കില്ല” (ഏശ 49, 15). “അമ്മയെ പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും” (ഏശ 66, 13) – മുതലായ പ്രവാചക വചനങ്ങളിൽ ദൈവത്തിന്റെ ദയാർദ്രവും കരുണാമസൃണവും ആയ മുഖം തെളിയുന്നു. അത് ഒരമ്മയുടെ മുഖമാണ്.

യേശുവിലൂടെ പ്രകടമായതും ദൈവത്തിന്റെ മാതൃഭാവം തന്നെയെന്ന് അടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും. ശിശുക്കളെ മടി

യിൽ ഇരുത്തി താലോലിക്കുന്നതും ദേഹം മുഴുവൻ രക്തമൊലിക്കുന്ന വ്രണങ്ങൾ നിറഞ്ഞ കുഷ്ഠരോഗിയെ ആലിംഗനം ചെയ്യുന്നതും എല്ലാം ഈ മാതൃഭാവത്തിന്റെ പ്രകടനങ്ങളായി കരുതാനാവും. അന്ത്യ അത്താഴ മേശയിൽ സ്വന്തം ശരീരവും രക്തവും ഭക്ഷണപാനീയങ്ങളായി വിള മ്പുമ്പോൾ തെളിയുന്നത് അമ്മയുടെ മുഖം തന്നെ. യോഹന്നാൻ എഴു തിയ സുവിശേഷത്തിൽ അവസാനമായി വരച്ചു വച്ചിരിക്കുന്നതു മാതൃ ഭാവം പ്രകടമാക്കുന്ന ഒരു ചിത്രമാണ്. “തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു” (യോഹ 21, 9). അതിരാ വിലെ എണീറ്റ് തീ കൂട്ടി, അപ്പം ചുട്ട്, മക്കൾക്കുവേണ്ടി കാത്തിരിക്കു ന്നത്, സംശയമില്ല, അമ്മ തന്നെ.

ദൈവത്തിന്റെ ഈ മാതൃഭാവമാണ് മറിയത്തിൽ പ്രതിഫലിച്ചത്. ഇതുവഴി മറിയം ദൈവമാണെന്നോ പരിശുദ്ധ ത്രിത്വത്തിനു പുറമേ നാലാ മതൊരാളാണെന്നോ ഒന്നും അർത്ഥമാക്കുന്നില്ല. എന്നാൽ ദൈവമാതാവ് എന്ന് സഭാ പിതാക്കന്മാർ വിശേഷിപ്പിക്കുകയും വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ ദൈവത്തിന്റെ മാതൃഭാവം മറിയത്തി ലൂടെ പ്രകടമായി, എന്ന് ഏറ്റുപറയുകയായിരുന്നു. ഈ മാതൃഭാവമാണ് മരിയൻ ആധ്യാത്മികതയുടെ ഒരു സവിശേഷത - മരിയഭക്തർ അനുക രിക്കേണ്ട മാതൃക.

അപ്പസ്തോല പ്രവർത്തനങ്ങളിലാണ് മറിയം അവസാനമായി പ്രത്യക്ഷപ്പെടുന്നത്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരി ശുദ്ധാത്മാവിന്റെ ആഗമനത്തിനു വേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരി ക്കുന്ന ശിഷ്യസമൂഹത്തു മധ്യത്തിൽ മറിയം ഉണ്ട്. “ഇവർ ഏക മന സ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടും ഒപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു” (അപ്പ 11, 14). യേശുവിന്റെ മരണത്തോടെ ചിതറിപ്പോയ ശിഷ്യസമൂ ഹത്തെ വീണ്ടും ഒരുമിച്ചു കൂട്ടി, ശക്തിദാതാവായ പരിശുദ്ധാത്മാവിന്റെ വരവിനായി പ്രാർത്ഥനയിലൂടെ ഒരുക്കുകയാണ് അമ്മ. അതും മാതൃഭാ വത്തിന്റെ പ്രത്യേകത തന്നെ. മക്കളുടെ ബലഹീനത മനസ്സിലാക്കുക, ഭീരുത്വവും തെറ്റുകളും ക്ഷമിക്കുക, കുറ്റപ്പെടുത്തി തിരസ്കരിക്കാതെ ഒരുമിച്ചുകൂട്ടി ശക്തിപ്പെടുത്തുക, സർവ്വോപരി പരിശുദ്ധാത്മാഭിഷേകത്തി നായി ഒരുക്കുക - ഇതാണ് അമ്മ ചെയ്തത്. “ഇതാ നിന്റെ മകൻ” എന്നു പറഞ്ഞ് കുരിശിൽ കിടന്നു കൊണ്ടു തന്നെ ഭരമേല്പിച്ച ശിഷ്യ സമൂഹത്തെ അമ്മയായി തന്നെ പരിചരിക്കുന്നു, പരിപാലിക്കുന്നു. അവർക്കു വേണ്ടി, അവരോടൊപ്പം പ്രാർത്ഥിക്കുന്നു. തന്റെ മേൽ ആവ

സിച്ച് ദൈവപുത്രനു ജന്മം നൽകിയ അതേ പരിശുദ്ധാത്മാവ് ഇപ്പോൾ ക്രിസ്തുവിന്റെ സഭയ്ക്കു രൂപം നല്കുന്ന വേളയിൽ മറിയം ഉണ്ട് – അമ്മയായി.

ദൈവത്തിന്റെ മാതൃഭാവം മറിയത്തിൽ പ്രതിഫലിക്കുന്നു, സ്നേഹമായി, കരുണയായി, ആർദ്രതയായി, വാത്സല്യമായി. എല്ലാം ക്ഷമിക്കുന്ന സ്നേഹം, ഒരിക്കലും കൈവെടിയാത്ത കരുതൽ, അസ്തമിക്കാത്ത കാരുണ്യം – ഇതാണ് മാതൃഭാവം. ചളി പുരണ്ടാൽ കഴുകും, മുറിവേറ്റാൽ വച്ചുകെട്ടും, വിശക്കുമ്പോൾ ആഹാരം നൽകും, രോഗിയായി തളർന്നാൽ കരുതലോടെ കാവലിരിക്കും. ഈ അമ്മഭാവം മരിയൻ ആധ്യാത്മികതയുടെ കാതലായി, അടയാളമായി കരുതണം. ഈ ഭാവമാണ് വളർത്തുന്നത്, വ്യക്തിയെയും സമൂഹത്തെയും. ഇതു തന്നെ ആയിരിക്കണം മരിയ ഭക്തരുടെ മുഖമുദ്ര.

# 9.
# മരിയ ഭക്തി

*“അവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു” (അപ്പ 1, 14).*

ഇതാ നിന്റെ മകൻ എന്ന് അമ്മയോടും ഇതാ നിന്റെ അമ്മ എന്നു ശിഷ്യനോടും പറഞ്ഞു കൊണ്ട് കർത്താവായ യേശുക്രിസ്തു തന്നെയാണ് മരിയ ഭക്തിക്കു തുടക്കം കുറിച്ചത്. തന്റെ അമ്മ തന്റെ ശിഷ്യർക്കും അമ്മയായിരിക്കണം; ശിഷ്യരെ അമ്മ മക്കളെപ്പോലെ കരുതണം. ഇത് നാഥന്റെ അന്ത്യാഭിലാഷമായിരുന്നു. അതോടൊപ്പം അവസാനത്തെ ദാനവും. എല്ലാം തന്നിൽ നിന്നെടുക്കപ്പെട്ട അവസ്ഥയിൽ ആയിരുന്നു കുരിശിലെ യേശു. ഇനി സ്വന്തം എന്നു പറയാൻ ആകെ അവശേഷിച്ചിരുന്നത് കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മ മാത്രം. ആ അമ്മയെയാണ് “യേശു സ്നേഹിച്ച ശിഷ്യൻ” എന്ന പ്രതീകത്തിലൂടെ സകല ശിഷ്യർക്കുമായി നല്കിയത്. എല്ലാം നഷ്ടപ്പെട്ട അമ്മയ്ക്ക് ശിഷ്യസമൂഹത്തെ മുഴുവനും മക്കളായും നല്കി. “അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു” (യോഹ 19, 27). സ്വന്തം അമ്മയായി സ്വീകരിച്ചു എന്നു ധ്വനി. എല്ലാ ശിഷ്യർക്കും മാതൃകയാകുന്ന ഒരു പ്രവൃത്തി ആയിരുന്നു അത്. അങ്ങനെ കുരിശിൻ ചുവട്ടിൽ ഒരു പുതിയ കുടുംബം രൂപം കൊണ്ടു. മറിയം അമ്മയും സഭ മക്കളുമാകുന്ന കുടുംബം. ഇവിടെയാണ് മരിയ ഭക്തിയുടെ ഉറവിടം.

കാനായിലെ കല്യാണവിരുന്നിനിടെ കലവറയിലെ വീഞ്ഞു തീർന്നു പോയ വിവരം മകനെ അറിയിച്ച് പരിഹാരം തേടുന്നിടത്ത് മറിയത്തിന്റെ മാധ്യസ്ഥ്യം കാണാം. വീട്ടുകാർ അറിയുന്നതിനു മുമ്പേ അവരുടെ ആവശ്യം അറിയുകയും മകന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിച്ച് പരിഹാരം തേടുകയും ചെയ്യുന്നിടത്ത് മരിയഭക്തിയുടെ വേറൊരു വശം പ്രത്യക്ഷമാകുന്നു. ന്യായമായ ഏതാവശ്യത്തിലും ആശ്രയിക്കാൻ കഴിയുന്ന വിശ്വസ്തയും ശക്തയുമായ ഒരു മദ്ധ്യസ്ഥയാണ് മറിയം. അപേക്ഷയിൽ നിന്ന് ഒഴിഞ്ഞു മാറുന്നതായി തോന്നിയാലും മറിയത്തിന്റെ വിശ്വാസം യേശുവിനെ പ്രവൃത്തിയിലേക്കു നയിച്ചു. ആവശ്യം പരിഹരിക്കപ്പെട്ടു.

കാനായിലെ സംഭവത്തിൽ നിന്ന് മറിയത്തിന്റെ മാധ്യസ്ഥ്യം മാത്രമല്ല സുവിശേഷം നല്കുന്ന പാഠം. മധ്യസ്ഥ്യത്തോടൊപ്പം ഒരു നിർദ്ദേശവും മറിയം നല്കുന്നുണ്ട്: “അവൻ പറയുന്നതു പോലെ ചെയ്യുക”. താനല്ല, യേശുവാണ് ശ്രദ്ധാകേന്ദ്രം. താനല്ല, യേശുവാണ് പ്രവർത്തിക്കുന്നത്. അതിനാൽ തന്റെ അടുക്കലേക്കല്ല, രക്ഷകനും നാഥനുമായ യേശുവിന്റെ അടുക്കലേക്കാണ് ഭക്തർ ചെല്ലേണ്ടത് എന്നു മറിയം പഠിപ്പിക്കുന്നു. മറിയം വഴികാട്ടിയാണ്, രക്ഷകനായ യേശുവിലേക്കു നയിക്കുന്ന വഴികാട്ടി. ഈ മാർഗ്ഗദർശനമാണ് സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ വരവിനായി കാത്തിരിക്കുന്ന ശിഷ്യ സമൂഹത്തിന്റെ നടുവിൽ ഇരുന്നു കൊണ്ട് മറിയം നല്കിയത്; ഇന്നും നൽകുന്നതും ഇതു തന്നെ.

ഇത്രയും പറഞ്ഞതിൽ നിന്ന് മരിയ ഭക്തിയെ സംബന്ധിച്ച് മൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു.

1. യേശു തന്നെയാണ് മരിയ ഭക്തിക്കു തുടക്കം കുറിച്ചത്. 2. മറിയം യേശുവിന്റെ അടുക്കൽ ശിഷ്യർക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. 3. ദൈവവചനം അനുസരിച്ചു ജീവിക്കാൻ മറിയം പഠിപ്പിക്കുന്നു. ഈ മൂന്നു കാര്യങ്ങൾ മനസിൽ സൂക്ഷിച്ചുകൊണ്ടായിരിക്കണം മരിയ ഭക്തിയെ കുറിച്ചു പ്രതിപാദിക്കുന്നതും വിശകലനം ചെയ്യുന്നതും വിമർശിക്കുന്നതും.

മരിയഭക്തി എന്നു പറയുമ്പോൾ മാതാവിനോടുള്ള ആദരവ്, മാതാവിന്റെ അടുക്കൽ അർപ്പിക്കുന്ന പ്രാർത്ഥന, മാതാവിന്റെ ബഹുമാനാർത്ഥം നടത്തുന്ന നോമ്പും തിരുനാളാഘോഷങ്ങളും പോലുള്ള ആചാരാനുഷ്ഠാനങ്ങൾ എന്നിവയായിരിക്കും മനസ്സിലേക്കു വരുക. എന്നാൽ ഇതെല്ലാം മരിയഭക്തിയുടെ ഒരു വശം മാത്രമേ ആകുന്നുള്ളു. ഇവയുടെ പ്രാധാന്യവും പ്രസക്തിയും അംഗീകരിച്ചു കൊണ്ടു തന്നെ, കൂടുതൽ

പ്രാധാന്യമുള്ള ഒരു കാര്യത്തിലേക്കു ശ്രദ്ധ തിരിക്കേണ്ടതുണ്ട്. അതാണ് അനുകരണം. മറിയത്തെ മധ്യസ്ഥയും അതോടൊപ്പം മാതൃകയും ആയി ട്ടാണ് നാഥൻ ശിഷ്യർക്കു നല്കിയിരിക്കുന്നത്.

അനുകരണമാണ് സർവ്വ പ്രധാനം. മറിയത്തെക്കുറിച്ചെന്നല്ല, സകല വിശുദ്ധരെകുറിച്ചും പ്രസക്തമാണ് അനുകരണം. സഭ ഒരാളെ വിശുദ്ധ നായി പ്രഖ്യാപിക്കുന്നതിന്റെ മുഖ്യലക്ഷ്യം ആ വ്യക്തിയുടെ ജീവിതത്തെ ഒരു മാതൃകയായി അവതരിപ്പിക്കുക എന്നതത്രെ. അയാൾ ജീവി ച്ചതുപോലെ ജീവിച്ചാൽ സ്വർഗ്ഗം നിശ്ചയമായും ലഭിക്കും എന്ന് ഉറപ്പു നൽകുന്നു. ഓരോ വിശുദ്ധനും വിശുദ്ധയും ശിഷ്യത്വത്തിന്റെ ഏതെ ങ്കിലും ഒരു വശത്തിന് ഊന്നൽ നല്കിയവരാകും, ആതുര സേവനത്തിനു മദർ തെരേസായും രക്ഷാകരമായ സഹനത്തിന് അൽഫോൻസാമ്മയും സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ചാവറപ്പിതാവും ദലിതരുടെ ഇടയിലെ സേവനത്തിന് കുഞ്ഞച്ചനും മാതൃകയാകുന്നതുപോലെ. മറിയത്തെ സംബന്ധിച്ചും ഭക്തരുടെ ഭാഗത്തു നിന്ന് ആദ്യമേ ഉണ്ടാകേണ്ടത് ഈ അനുകരണമാണ്. അമ്മ ജീവിച്ചതു പോലെ ജീവിക്കാൻ ശ്രമിക്കുക. അതിന് അമ്മയുടെ മാതൃക സ്വീകരിക്കുകയും സഹായം തേടുകയും ചെയ്യുക.

അമ്മയെ അനുകരിക്കാൻ അവശ്യം വേണ്ട കാര്യങ്ങളാണ് കഴിഞ്ഞ എട്ട് അധ്യായങ്ങളിലായി വിവരിച്ചത്. ഇനി മരിയ ഭക്തി പ്രകടമാകുന്ന മറ്റു കാര്യങ്ങളിലേക്കു ശ്രദ്ധ തിരിക്കാം. ഭക്തിയുടെ ബാഹ്യമായ പ്രകട നങ്ങളെ പ്രാർത്ഥന, ആചാരാനുഷ്ഠാനങ്ങൾ എന്ന രണ്ടു ശീർഷകങ്ങ ളിൽ ഒതുക്കാനാവും. പ്രാർത്ഥന തന്നെ പല വിധത്തിൽ ഉണ്ട്; അതുപോലെ തന്നെ അനുഷ്ഠാനങ്ങളും. ഓരോന്നിനെയും കുറിച്ച് ചുരു ക്കമായി പ്രതിപാദിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്.

### പ്രാർത്ഥന – ജപമാല

മാതാവിനെ അനുസ്മരിച്ചും മാതൃക അനുകരിച്ചു മാധ്യസ്ഥ്യം തേടിയും ചെയ്യുന്ന അനേകം പ്രാർത്ഥനകൾ സഭയിൽ നിലവിലുണ്ട്. അവയിൽ ഏറ്റം അധികം അറിയപ്പെടുന്നതും പ്രചാരത്തിലുള്ളതും ജപ മാല പ്രാർത്ഥനയാണ്. ജപമാല, "കൊന്ത" എന്നാണ് പച്ച മലയാളം. എണ്ണുക എന്നർത്ഥമുള്ള "*കൊന്താരെ*" എന്ന പോർച്ചുഗീസു വാക്കിൽ നിന്നാണ് "കൊന്ത" എന്ന വാക്കിന്റെ ഉത്ഭവം.

റോസറി (Rosary) എന്ന് ഇംഗ്ലീഷ് വാക്ക് റൊസാരിയും *(Rosarium)* എന്ന ലത്തീൻ വാക്കിൽ നിന്നു വരുന്നു. റോസാപ്പൂക്കൾ

നിറഞ്ഞ പൂന്തോട്ടം എന്നാണ് ഈ ലത്തീൻ വാക്കിന്റെ വാച്യാർത്ഥം. തുടർന്ന് റോസാപ്പൂക്കൾ കൊണ്ടു തീർത്ത മാല എന്ന അർത്ഥവും ഈ വാക്കിനുണ്ടായി. മാതാവിന്റെ ബഹുമാനാർത്ഥം, മാതാവിന്റെ മാധ്യസ്ഥ്യം യാചിച്ചു കൊണ്ടുള്ള ഒരു പ്രാർത്ഥന എന്ന അർത്ഥത്തിൽ പതിനാറാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് "റോസറി" എന്ന പേര് യൂറോപ്യൻ ഭാഷകളിൽ പ്രചാരത്തിൽ വന്നത്. പ്രാർത്ഥനയുടെ പൂന്തോട്ടം അഥവാ പ്രാർത്ഥനാരാമം എന്നു വാക്കിനെ വിശേഷിപ്പിക്കാം.

ഏതാണ്ട് നാലാം നൂറ്റാണ്ടോടെയാണ് ജപമാല പ്രാർത്ഥനയുടെ തുടക്കം എന്നു കരുതപ്പെടുന്നു. സന്യാസികൾ യാമപ്രാർത്ഥനയുടെ ഭാഗമായി ദിവസന്തോറും 150 സങ്കീർത്തനങ്ങൾ ചൊല്ലുമായിരുന്നു. എഴുത്തും വായനയും അറിയാത്ത സാധാരണ ജനങ്ങൾ സങ്കീർത്തനങ്ങൾക്കു പകരം യേശു പഠിപ്പിച്ച കർതൃപ്രാർത്ഥന 150 തവണ ചൊല്ലുന്ന ഒരു പതിവ് നിലവിൽ വന്നു. അത് എണ്ണാനായി 150 കെട്ടുകളുള്ള ചരട് ഉപയോഗിച്ചിരുന്നു.

431 ൽ എഫേസൂസ് സൂനഹദോസ് കന്യാമറിയത്തെ ദൈവമാതാവായി പ്രഖ്യാപിച്ചതോടെ മരിയ ഭക്തിക്ക് സഭയിൽ പ്രാധാന്യം കൂടി; അതുപോലെ തന്നെ മാതാവിനോടുള്ള പ്രാർത്ഥനയ്ക്കും. കാലക്രമത്തിൽ 150 തവണ കർതൃപ്രാർത്ഥന ആവർത്തിക്കുന്നതിനു പകരം ഈ പ്രാർത്ഥനയെ മൂന്നു ഗണങ്ങളായി തിരിച്ച് ഓരോ ഗണത്തിലും അഞ്ചു തവണ കർതൃപ്രാർത്ഥനയും ഓരോ കർതൃപ്രാർത്ഥനയ്ക്കു ശേഷം പത്തു തവണ മാതാവിനോടുള്ള പ്രാർത്ഥനയും ചൊല്ലുന്ന പതിവ് നിലവിൽ വന്നു.

അന്തിയോക്കിയായിലെ പാത്രിയർക്കീസായ സെവേരൂസ് ആണ് 513 ൽ "നന്മ നിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന ചിട്ടപ്പെടുത്തിയത് എന്നു കരുതപ്പെടുന്നു. സുവിശേഷത്തിൽ നിന്നെടുത്ത രണ്ടു വാക്കുകൾ, ദൂതന്റെ ആശംസയും എലിസബത്തിന്റെ ഉദ്ഘോഷണവും (ലൂക്കാ 1, 30–42) സമന്വയിപ്പിച്ചതാണ് ഈ പ്രാർത്ഥന. പ്രാർത്ഥനയുടെ രണ്ടാം ഭാഗമാകട്ടെ (പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോടു പ്രാർത്ഥിക്കണമേ) സുപ്രസിദ്ധ ഈശോ സഭാ വൈദികനായ പീറ്റർ കനീഷ്യസ് (1521 – 1597) കൂട്ടിച്ചേർത്തതാണെന്നും കരുതപ്പെടുന്നു. ആദ്യഭാഗം ദൈവവചനം തന്നെ. രണ്ടാം ഭാഗം കത്തോലിക്കാ സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞ് സഹായം യാചിക്കുന്നു.

1241 ൽ വി. ഡൊമിനിക്കിന് അമ്മ തന്നെ പ്രത്യക്ഷപ്പെട്ട് ജപമാല നല്കിയെന്നും ജപമാല പ്രാർത്ഥന ചൊല്ലാൻ നിർദ്ദേശിച്ചു എന്നും ഒരു പാരമ്പര്യമുണ്ട്. 14 -ാം നൂറ്റാണ്ടിന്റെ പകുതിയോടെ പാറയുടെ അലൻ (Alan of the Rock) എന്ന ഡൊമിനിക്കൻ സന്യാസിക്ക് യേശു തന്നെ പ്രത്യക്ഷപ്പെട്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ നിർദ്ദേശം നല്കിയ തായും പറയപ്പെടുന്നു.

ജപമാല പ്രാർത്ഥനയോടൊപ്പം രക്ഷാകര രഹസ്യങ്ങളെ കുറിച്ചുള്ള ധ്യാനങ്ങൾ കൂട്ടിച്ചേർത്തത് 1458 ൽ പോളണ്ടിലെ ഒരു കർത്തൂസിയൻ സന്യാസിയായ പ്രഷ്യയിലെ ഡൊമിനിക് (Dominic of Prussia) ആയി രുന്നു. ജപമാലയുടെ ഒരു യൂണിറ്റ് അഞ്ചു കർതൃപ്രാർത്ഥനയും അമ്പതു നന്മ നിറഞ്ഞ മറിയവും ഉൾക്കൊള്ളുന്നതായിരുന്നു. ഓരോ തവണയും “നന്മ നിറഞ്ഞ മറിയമേ” എന്ന പ്രാർത്ഥന ചൊല്ലുന്നതിനു മുമ്പേ യേശു വിന്റെ ജീവിതത്തിൽ നിന്ന് ഒരു സംഭവം ധ്യാനവിഷയമാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. പിന്നീട് അമ്പതു രഹസ്യങ്ങൾക്കു പകരം ഓരോ യൂണി റ്റിലും അഞ്ചു വീതം സന്തോഷം, ദുഃഖം, മഹത്വം എന്നിങ്ങനെ 15 രഹ സ്യങ്ങൾ ധ്യാനവിഷയമാക്കപ്പെട്ടു.

പതിനാറാം നൂറ്റാണ്ടോടെയാണ് ജപമാല പ്രാർത്ഥനയ്ക്ക് ഇന്നു നിലവിലുള്ള രൂപവും ഭാവവും കൈവന്നത്. 1569 ൽ പീയൂസ് 5 -ാമൻ മാർപാപ്പ ജപമാല പ്രാർത്ഥന സഭയുടെ പൊതുവായ പ്രാർത്ഥനയായി നിർദ്ദേശിച്ചു. വലിയൊരു മരിയഭക്തനായിരുന്നു ഡൊമിനിക്കൻ സന്യാ സിയായിരുന്ന പീയൂസ് V. അദ്ദേഹമാണ് ഒക്ടോബർ മാസം ജപമാല മാസമായും ഒക്ടോബർ 7 ജപമാലയുടെ തിരുനാൾ ദിവസമായും പ്രഖ്യാ പിച്ചത്. അതിനു തക്കതായ ഒരു കാരണവും ഉണ്ടായിരുന്നു.

പാശ്ചാത്യലോകത്തെ ഒന്നടങ്കം കീഴടക്കി ഇസ്ലാം ആധിപത്യത്തിനു കീഴിലാക്കാൻ ദൃഢപ്രതിജ്ഞ ചെയ്ത തുർക്കിയിലെ ഓട്ടോമാൻ ചക്ര വർത്തിയുടെ നാവികസേന ഗ്രീസിലെ പത്രാസ് ഉൾക്കടലിന്റെ തീര ത്തുള്ള ലെപാന്റോ (Lepanto) തുറമുഖത്തു നിന്ന് നാനൂറോളം പടക്ക പ്പലുകളുമായി പടിഞ്ഞാട്ടു നീങ്ങി. അവരെ നേരിട്ടത് ആസ്ത്രീയാക്കാ രൻ ജോൺ (John of Austria) എന്ന നേതാവിന്റെ കീഴിൽ അണിനിരന്ന സ്പെയിൻ, വെനീസ് രാജ്യങ്ങളുടെ നാവികസേനയാണ്. വിശുദ്ധ സഖ്യം (Holy League) എന്നറിയപ്പെട്ടിരുന്ന ഈ സഖ്യശക്തികളെ വിളിച്ചു കൂട്ടി യതും നേതൃത്വം നൽകിയതും പീയൂസ് 5 -ാമൻ മാർപാപ്പ ആയിരുന്നു. ഓട്ടോമാൻ സൈന്യത്തെക്കാൾ വളരെ ചെറുതായിരുന്നു വിശുദ്ധ സഖ്യ

ത്തിന്റെ നാവികസേന. മാർപാപ്പ ആശീർവ്വദിച്ചു നല്കിയ പതാകയുമേന്തിയാണ് അവർ യുദ്ധത്തിന് ഇറങ്ങിയത്. പാശ്ചാത്യ സഖ്യത്തെ സംബന്ധിച്ച് ഇതൊരു ജീവൻമരണ പോരാട്ടമായിരുന്നു.

അവർ മാതാവിനോടു പ്രാർത്ഥിച്ചു; ജപമാല അവരുടെ ആയുധമായിരുന്നു. ഒക്ടോബർ 7 -ാം തീയതി നാവിക സേനകൾ ഏറ്റുമുട്ടി. തികച്ചും അപ്രതീക്ഷിതവും അത്ഭുതകരവുമാം വിധം പാശ്ചാത്യ സൈന്യം വിജയിച്ചു. തുർക്കികൾ തുരത്തപ്പെട്ടു. ഈ വിജയത്തിന്റെ ഓർമ്മ ആചരിക്കാനും അമ്മയ്ക്കു നന്ദി പറയാനുമായി ഒക്ടോബർ മാസം ജപമാല മാസമായും ഒക്ടോബർ 7 ജപമാലയുടെ തിരുനാൾ ദിവസമായും പീയൂസ് V പ്രഖ്യാപിച്ചു.

തുടർന്നു വന്ന പല മാർപാപ്പമാരും ജപമാല പ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കുകയും അനേകം ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. വി. ജോൺ പോൾ രണ്ടാമനായിരുന്നു ജപമാല ഭക്തിയുടെ ഏറ്റം വലിയ പ്രചാരകൻ. പ്രകാശത്തിന്റെ രഹസ്യങ്ങൾ എന്ന പേരിൽ യേശുവിന്റെ പരസ്യ ജീവിതത്തെ ധ്യാനവിഷയമാക്കുന്ന അഞ്ചു രഹസ്യങ്ങൾ അദ്ദേഹം കൂട്ടിച്ചേർത്തു. 2002 ഒക്ടോബർ 16 ന് പ്രസിദ്ധീകരിച്ച കന്യകാ മറിയത്തിന്റെ ജപമാല (Rosarium Virginis Mariae) എന്ന അപ്പസ്തോലിക ലേഖനം വഴി ഒക്ടോബർ 2002 മുതൽ ഒക്ടോബർ 2003 വരെയുള്ള ഒരു വർഷം ജപമാല വർഷമായി പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ മരിയഭക്തിയുടെ ഏറ്റം വലിയ അടയാളമായി ജപമാല ഇന്ന് കരുതപ്പെടുന്നു. ഏറ്റം പ്രചാരമുള്ള പ്രാർത്ഥനയാണ് ജപമാല.

മാതാവിനോടു ചേർന്ന് രക്ഷാകര രഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയാണ് ജപമാലയുടെ മുഖ്യ ലക്ഷ്യം. ഒരേ പ്രാർത്ഥന തന്നെ അനേകം തവണ ആവർത്തിക്കുന്നത് ചിലപ്പോൾ വിരസമായി തോന്നാം. തന്നെയുമല്ല, പ്രാർത്ഥന ചൊല്ലൽ വെറും യാന്ത്രികമായൊരു പ്രവൃത്തി മാത്രമായി പരിണമിക്കാനും സാധ്യതയുണ്ട്. അതിനാൽ യേശുവിന്റെ ജനനത്തെ കുറിച്ചുള്ള മുന്നറിയിപ്പു മുതൽ വിശ്വസ്തരായ സകലർക്കുമായി സജ്ജീകരിച്ചിരിക്കുന്നതും മറിയത്തിനു മുൻകൂറായി ലഭിച്ചതുമായ മഹത്വീകരണം (കിരീടധാരണം) വരെയുള്ള രഹസ്യങ്ങളെ കുറിച്ചുള്ള ഗാഢമായ ധ്യാനമായിരിക്കണം ജപമാലയുടെ ആത്മാവ്. പ്രാർത്ഥനയുടെ അർത്ഥം ഗ്രഹിച്ചും ധ്യാനവിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചും പ്രാർത്ഥിക്കുമ്പോൾ വിരസതയെക്കാൾ ഏകാഗ്രതയും ആന്തരിക ശാന്തതയും ലഭ്യമാകും.

## നൊവേന – നിത്യസഹായ മാതാവിന്റെ

ജപമാല കഴിഞ്ഞാൽ പിന്നെ നൊവേനകളാണ് മരിയൻ പ്രാർത്ഥനകളിൽ പ്രമുഖ സ്ഥാനത്തു നിൽക്കുന്നത്. ഇവയിൽ ഏറ്റം അധികം പ്രചാരത്തിലുള്ളതാണ് നിത്യസഹായമാതാവിന്റെ നൊവേന. ഒമ്പതു ദിവസം തുടർച്ചയായോ ഒമ്പത് ആഴ്ചകളിൽ ഏതെങ്കിലും ഒരേ ദിവസമോ ചൊല്ലുന്ന പ്രാർത്ഥനയാണ് നൊവേന എന്ന പേരിൽ അറിയപ്പെടുന്നത്. ഒമ്പത് എന്നർത്ഥമുള്ള ‘‘*നൊവെം*” (Novem) എന്ന ലത്തീൻ വാക്കിൽ നിന്നാണ് നൊവേന എന്ന വാക്കിന്റെ ഉത്ഭവം. നവനാൾ എന്നു മലയാളത്തിൽ. എന്നാൽ കാലക്രമത്തിൽ ഒമ്പത് എന്നതിന്റെ പ്രാധാന്യം കുറയുകയും എല്ലാ ദിവസവും അല്ലെങ്കിൽ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ചൊല്ലുന്ന പ്രാർത്ഥന എന്ന് നൊവേന പൊതുവേ കരുതപ്പെടുകയും ചെയ്തു. ഈ അർത്ഥത്തിലാണ് ഇന്നു നിത്യസഹായ മാതാവിന്റെ നൊവേനയും മറ്റു പല നൊവേനകളും അനുഷ്ഠിക്കപ്പെടുന്നത്.

നിത്യസഹായ മാതാവിന്റെ നൊവേനയ്ക്ക് തനതായ ഒരു ചരിത്രമുണ്ട്. മാതാവിന്റെ സവിശേഷമായ ഒരു ചിത്രമാണ് ഈ നൊവേനയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത്. പതിനാലാം നൂറ്റാണ്ടിൽ ഗ്രീസിന്റെ ഭാഗമായ ക്രേത്തേ ദീപിലെ ഒരു ഓർത്തഡോക്സ് സന്യാസ ഭവനത്തിൽ സൂക്ഷിച്ചിരുന്നതാണ് ഈ ചിത്രം. വരച്ചതാരെന്ന് ആർക്കും അറിയില്ല. വി. ലൂക്കാ വരച്ചതാണ് ഈ ചിത്രം എന്നത് ചരിത്രത്തിന്റെ പിന്തുണയില്ലാത്ത ഒരു ഐതിഹ്യമാണ്. ഒരു സമുദ്ര വ്യാപാരി ഈ ചിത്രം മോഷ്ടിച്ച് 1490 ൽ റോമിൽ എത്തിച്ചു. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ചിത്രം സഭയെ ഏൽപിച്ചു. 1867 ജൂൺ 23 –ാം തീയതി പീയൂസ് ഒമ്പതാമൻ മാർപാപ്പ ഈ ചിത്രത്തിന് ഔദ്യോഗിക അംഗീകാരം നല്കുകയും സൂക്ഷിക്കാനായി ദിവ്യ രക്ഷകന്റെ സന്യാസസമൂഹം എന്നറിയപ്പെടുന്ന റിഡംപ്റ്ററിസ്റ്റ് (CSsR) വൈദികരെ ഏല്പിക്കുകയും ചെയ്തു.

1749 ൽ വി. അൽഫോൻസ് ലിഗോരി ബെനഡിക്ട് 14 –ാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ സ്ഥാപിച്ചതാണ് റെഡംപ്റ്ററിസ്റ്റ് സന്യാസ സഭ. പാവങ്ങളുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുക എന്നതാണ് ഈ സന്യാസ സമൂഹത്തിന്റെ മുഖ്യലക്ഷ്യം. അവരെയാണ് മാർപാപ്പ നിത്യസഹായമാതാവിന്റെ ചിത്രം ഏല്പ്പിച്ചത്. റോമിലെ വി. അൽഫോൻസ് ലിഗോരിയുടെ ദേവാലയത്തിൽ ഈ ചിത്രം സൂക്ഷിച്ചിരിക്കുന്നു. എല്ലാ ബുധനാഴ്ചകളിലും നിത്യ സഹായമാതാവിന്റെ നൊവേന ഈ പള്ളിയിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ സന്യാസ സമൂഹമാണ് നമ്മുടെ നാട്ടിലും ഈ നൊവേനയുടെ പ്രാർത്ഥനകളും

പാട്ടുകളും എഴുതി പ്രചരിപ്പിക്കുന്നത്. മിക്കവാറും എല്ലാ കത്തോലിക്കാ പള്ളികളിലും ഈ നൊവേന ശനിയാഴ്ച ദിവസങ്ങളിൽ പ്രാർത്ഥിക്കുക പതിവായിരിക്കുന്നു. വീടുകളിൽ പ്രാർത്ഥിക്കുന്നവരും ധാരാളം.

മാതാവിന്റെ ഈ ചിത്രത്തിലെ ചില അടയാളങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. മാതാവിന്റെ തലയുടെ ഇരുവശത്തുമായി എഴുതിയിരിക്കുന്ന നാല് ഗ്രീക്കക്ഷരങ്ങൾ "മറിയം ദൈവമാതാവ്" എന്നതിന്റെ ചുരുക്കെഴുത്താണ്. "പീഡാനുഭവത്തിന്റെ ദൈവമാതാവ്" എന്നാണ് ഈ ചിത്രം ഗ്രീക്കുകാരുടെ ഇടയിൽ അറിയപ്പെടുന്നത്. മാതാവിന്റെ ഇടത്ത് കുന്തവും ഞാങ്ങണയിൽ വച്ച നീർപ്പഞ്ഞിയുമായി നില്ക്കുന്നത് മിഖായേൽ മാലാഖാ; വലത്ത് കുരിശു പിടിച്ച് നില്ക്കുന്നത് ഗബ്രിയേൽ മാലാഖ. അവരുടെ പേരുകളുടെ ചുരുക്കെഴുത്താണ് പിന്നിൽ കാണുന്ന അക്ഷരങ്ങൾ. "യേശുക്രിസ്തു" എന്നതിന്റെ ഹ്രസ്വരൂപമായ നാലക്ഷരങ്ങൾ യേശുവിന്റെ മുമ്പിൽ എഴുതിയിരിക്കുന്നു.

പീഡനോപകരണങ്ങളായ കുരിശും കുന്തവും കണ്ട് ഭയന്ന് ഓടി മാതാവിന്റെ മടിയിൽ അഭയം പ്രാപിച്ചതു പോലൊരു അവസ്ഥയാണ് യേശുവിന്റേത്. ഒരു കാലിൽ നിന്ന് ചെരുപ്പു താഴെ വീഴാൻ തുടങ്ങുന്നു; എന്തോ കണ്ട് ഭയന്നതു പോലുള്ള മുഖഭാവം. അതേ സമയം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതാണ് മാതാവിന്റെ ചിത്രം. ഇടതു കയ്യിൽ മകനെ താങ്ങി ചേർത്തുപിടിച്ചിരിക്കുന്നു. വലതു കയ്യിൽ മകന്റെ കൈകളും. അമ്മ നല്കുന്ന സുരക്ഷിതത്വ ബോധമാണ് ഈ ചേഷ്ടകളിലൂടെ ചിത്രീകരിക്കുന്നത്.

മറിയത്തിന്റെ ചുവന്ന കുപ്പായം കന്യകാത്വത്തെയും നീല മേലങ്കി മാതൃത്വത്തെയും സൂചിപ്പിക്കുന്നു. നെറ്റിയിലുള്ള നക്ഷത്രം മറിയത്തെ സമുദ്രതാരമായി ചിത്രീകരിക്കുന്നു. ജീവിത സാഗരത്തിൽ കര കാണാതെ, വഴി അറിയാതെ, ഉഴലുന്നവർക്ക് വഴികാട്ടിയാണ് മറിയം എന്ന് ഈ നക്ഷത്രം ഓർമ്മിപ്പിക്കുന്നു. നിത്യസഹായ മാതാവിനെ വിളിച്ചപേക്ഷിച്ചതിലൂടെ സംഭവിച്ചിട്ടുള്ള നിരവധി അത്ഭുതങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് തലയിലെ സ്വർണ്ണ കിരീടം. ഒപ്പം മറിയത്തെ സ്വർഗ്ഗീയ റാണിയായി ചിത്രീകരിക്കുകയും ചെയ്യുന്നു. ചിത്രത്തിന്റെ പശ്ചാത്തലം മുഴുവൻ സ്വർണ്ണമയമാക്കിയിരിക്കുന്നത് സ്വർഗ്ഗീയതയെ ചിത്രീകരിക്കുന്നു.

കാലക്രമത്തിൽ അഴുക്കു പുരണ്ടു മങ്ങിയ ചിത്രം 1990 ൽ തുടച്ചു വൃത്തിയാക്കി ആദ്യം ഉണ്ടായിരുന്ന അവസ്ഥയിലെ നിറത്തിൽ വീണ്ടും

പുനസ്ഥാപിച്ചു. അന്നു നടത്തിയ റേഡിയോ കാർബൺ ടെസ്റ്റനുസരിച്ച് ചിത്രം 1325 നും 1480 നും മധ്യേ വരച്ചതാണെന്നു കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ലൂക്കാ വരച്ചതാണ് ഈ ചിത്രം എന്നത് ഭക്തിനിർഭരമായ ഒരു ഐതിഹ്യമായി കരുതിയാൽ മതി. എന്നും സഹായമരുളാൻ കഴിവും സന്നദ്ധതയും ഉള്ള അമ്മയായി പരിശുദ്ധ കന്യാമറിയത്തെ യേശു തന്നെ നമുക്കു നല്കിയിരിക്കുന്നു. യേശുവിനെ പരിപാലിച്ച അതേ ശ്രദ്ധയോടെ അമ്മ നമ്മെയും പരിപാലിക്കും എന്ന സത്യം അനുസ്മരിപ്പിക്കുന്നതിലാണ് ചിത്രത്തെ കുറിച്ച് ഇത്രയും വിശദമായി പ്രതിപാദിച്ചത്.

നിത്യസഹായ മാതാവിന്റെ നൊവേന ഏറെ ഹൃദ്യവും മനോഹരവും ആണ്. എന്നാൽ അതിലെ ചില വാക്കുകൾ തെറ്റിദ്ധാരണയ്ക്കു വഴി തെളിക്കാം. “ചിത്രത്തിൽ നിന്നാ നേത്രങ്ങൾ കൊണ്ടു നോക്കണം” എന്നു പറയുമ്പോൾ ഓർമ്മയ്ക്കു സഹായിക്കുന്ന ഒരു ഉപകരണം എന്നതിലുപരി മറിയം തന്നെ ആ ചിത്രത്തിൽ സന്നിഹിതയായിരിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നു - വിശുദ്ധ കുർബ്ബാനയിലെ യേശുവിന്റെ സാന്നിധ്യം പോലെ.

അതുപോലെ തന്നെ അമ്മയുടെ പക്കലാണ് രക്ഷ, ഞങ്ങളെ രക്ഷിക്കണേ എന്ന യാചനയും തെറ്റിദ്ധാരണാജനകമാണ്. വിശുദ്ധരാരും, മറിയം അടക്കം, രക്ഷകരല്ല. രക്ഷകൻ ഒരുവൻ മാത്രം, ദൈവപുത്രനായ യേശു ക്രിസ്തു. ലുത്തിനിയായിലും മറ്റു പ്രാർത്ഥനകളിലും ഒരു വിശുദ്ധനോടും “ഞങ്ങളെ രക്ഷിക്കണേ” എന്നു സഭ പ്രാർത്ഥിക്കാറില്ല. ദൈവത്തോടു മാത്രമാണ് രക്ഷിക്കണേ എന്നു പ്രാർത്ഥിക്കുന്നത്. വിശുദ്ധരോടാകട്ടെ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണേ എന്നും. ഭക്തിയുടെ ആധിക്യത്തിൽ പറയുന്ന വാക്കുകൾ അളന്നു തൂക്കാറില്ല, ഹൃദയത്തിൽ നിറഞ്ഞു കവിയുന്നത് പ്രാർത്ഥിക്കുന്നു. ഹൃദയങ്ങൾ കാണുന്ന ദൈവം വേണ്ട വിധത്തിൽ പ്രാർത്ഥന സ്വീകരിക്കുന്നു. എന്നാലും പൊതുജനത്തിന്റെ ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുന്ന പ്രാർത്ഥനകളിൽ തെറ്റിദ്ധാരണാജനകമായ വചനങ്ങൾ ഉണ്ടാകരുത്. വേണ്ടപ്പെട്ടവർ പ്രാർത്ഥന തിരുത്തും എന്നു പ്രതീക്ഷിക്കുന്നു.

## ഉത്തരീയം (Scapular)

മാതാവിന്റെ ബഹുമാനാർത്ഥം വിശ്വാസികൾ ധരിക്കുന്ന ചെറിയ വസ്ത്രമാണ് ഉത്തരീയം. പോർച്ചുഗീസ് സ്വാധീനത്തിൽ വെന്തിങ്ങ എന്നും അറിയപ്പെടുന്നു. വസ്ത്രം എന്ന പദം ഈ വസ്തുവിനെ സൂചിപ്പിക്കാൻ അപര്യാപ്തമാണെങ്കിലും ഇതിന്റെ ഉത്ഭവം പരിഗണിക്കുമ്പോൾ

വസ്ത്രം എന്നു തന്നെ പറയണം. കഴുത്തിൽ അണിയാൻ തക്കവിധം രണ്ടു ചരടുകൾ തമ്മിൽ രണ്ടറ്റത്തും ഓരോ ചെറിയ തുണിക്കഷ്ണം ബന്ധിച്ച് ഉണ്ടാക്കുന്നതാണ് വെന്തിങ്ങാ. കൊന്തയുടെ കാര്യത്തിലെന്നതു പോലെ വെന്തീങ്ങയുടെയും ഉത്ഭവം സന്യാസികളിൽ നിന്നാണ്.

വയലിലും വീട്ടിലും ജോലികൾ ചെയ്യുമ്പോൾ വസ്ത്രം മുഷിയാതിരിക്കാൻ അതിനു മുകളിലായി ഒരു തുണി ചുറ്റുക പതിവായിരുന്നു. വീതി കുറഞ്ഞ് നീണ്ട ഒരു തുണിയുടെ നടുവിൽ വലിയൊരു ദ്വാരമുണ്ടാക്കി കഴുത്തിൽ ഇട്ടശേഷം അരയ്ക്ക് ഒരു കെട്ടും കെട്ടി വസ്ത്രത്തെ പൊതിയുന്നു. അല്ലെങ്കിൽ രണ്ടു കഷ്ണം തുണികൾ ചരടിൽ ബന്ധിച്ച് തോളിൽ ഇടുന്നു. തോൾ വസ്ത്രം എന്ന നിലയിൽ ഇത് സ്കാപ്പുലർ (Scapular) എന്നറിയപ്പെടുന്നു. തോൾ എന്നർത്ഥമുള്ള *സ്കാപ്പുകളും* (Scapulam) എന്ന ലത്തീൻ വാക്കിൽ നിന്നാണ് സ്കാപുലർ എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്ഭവം.

ഇന്ന് പൊതുവെ "ഏപ്രൺ" എന്നറിയപ്പെടുന്ന പുറം വസ്ത്രത്തിന്റെ സ്ഥാനമായിരുന്നു ഇതിനുണ്ടായിരുന്നത്. കാലക്രമത്തിൽ ഇത് സന്യാസ വസ്ത്രത്തിന്റെ ഒരു ഭാഗമായി പരിഗണിക്കപ്പെടാൻ തുടങ്ങി. യൂറോപ്പിലെ ആശ്രമ ജീവിതത്തിന്റെ പിതാവെന്നറിയപ്പെടുന്ന വി. ബെനഡിക്ട് (480 – 547) ആണ് ഈ തോൾ വസ്ത്രം സന്യാസ വേഷത്തിന്റെ ഭാഗമായി നിർദ്ദേശിച്ചത് എന്നു കരുതപ്പെടുന്നു. പിന്നീട് കർമ്മലീത്താ സഭക്കാർ, പുരുഷന്മാരും സ്ത്രീകളും ഇത് തങ്ങളുടെ ഔദ്യോഗിക വേഷത്തിന്റെ ഭാഗമായി സ്വീകരിച്ചു.

കർമ്മലീത്താ സന്യാസികളെ അനുകരിക്കാൻ ആഗ്രഹിച്ച അത്മായർക്ക് ഒരു "മൂന്നാം സഭ" സ്ഥാപിക്കപ്പെട്ടു. അവർക്കു വേണ്ടി ലഘൂകരിക്കപ്പെട്ട നിയമങ്ങളും പ്രാർത്ഥനകളും ഉണ്ടായി. കർമ്മലീത്താ മൂന്നാം സഭക്കാരുടെ ഔദ്യോഗിക വേഷമായി വെന്തീങ്ങാ നിശ്ചയിക്കപ്പെട്ടു. സന്യാസികൾ ഉപയോഗിച്ചിരുന്ന തോൾ വസ്ത്രത്തിന്റെ വലുപ്പം വെട്ടിക്കുറച്ചതാണ് അത്മായർക്കു വേണ്ടി ഉണ്ടാക്കിയ വെന്തിങ്ങാ. തവിട്ടു നിറമുള്ള രണ്ടു ചെറിയ തുണിക്കഷ്ണങ്ങളാണ് ഇതിന് ഉപയോഗിച്ചിരുന്നത്. ഈ കഷ്ണങ്ങളിൽ ഒന്നിൽ മാതാവിന്റെയും മറ്റേതിൽ കർത്താവിന്റെയും ചിത്രം പതിച്ചിരുന്നു.

കർമ്മലീത്താ സഭയുടെ പ്രിയോർ ജനറാൾ ആയിരുന്ന ഇംഗ്ലീഷുകാരൻ സന്യാസി സൈമൺ സ്റ്റോക്കിന് (Simon Stock) 1251 ൽ മാതാവ് തന്നെ നല്കിയതാണ് വെന്തീങ്ങ അഥവാ ഉത്തരീയം എന്നറിയപ്പെടുന്ന

ഈ തിരുവസ്ത്രം. ഇതു ധരിച്ചുകൊണ്ട് മരിക്കുന്നവർ നരകത്തിൽ പതിക്കാൻ അനുവദിക്കുകയില്ല എന്ന് അമ്മ വാഗ്ദാനം ചെയ്തു എന്നത് ചരിത്രപരമായ തെളിവുകളില്ലാത്ത ഒരു ഐതിഹ്യമായി പരിഗണിക്കപ്പെടുന്നു. ഏതായാലും കർമ്മലീത്താ സന്യാസികൾ ഉത്തരീയ ഭക്തി പ്രചരിപ്പിച്ചു. ഒരു കാലത്ത് മാതാവിന്റെ വെന്തീങ്ങ കഴുത്തിൽ അണിയുന്നതു ക്രിസ്ത്യാനികളുടെ അടയാളമായി നമ്മുടെ നാട്ടിൽ കരുതപ്പെട്ടിരുന്നു.

ഉത്തരീയം പോലെ തന്നെ പല വിധത്തിലുള്ള കാശുരൂപങ്ങളും മാതാവിന്റേതായി അറിയപ്പെടുന്നുണ്ട്. മാതാവിന്റെ വിവിധ ദർശനങ്ങളോട് അനുബന്ധിച്ച് രൂപപ്പെട്ടതാണ് ഈ കാശുരൂപങ്ങൾ അഥവാ മെഡലുകൾ. ഇവയിൽ ഏറ്റം കൂടുതൽ പ്രചാരമുള്ളത് അമലോത്ഭവ മാതാവിന്റെ മെഡലിനും അത്ഭുത കാശുരൂപം (miraculous medal) എന്നറിയപ്പെടുന്ന മെഡലിനും ആണ്. എല്ലാം മാതാവിനോടുള്ള ഭക്തിയും ആദരവും പ്രകടിപ്പിക്കാനും മാതാവിന്റെ സഹായം തേടാനുമുള്ള ഉപകരണങ്ങളായി കരുതപ്പെടുന്നു. ഇവയിൽ പലതിനും കാലാകാലങ്ങളിൽ മാർപാപ്പമാർ വിവിധ രീതിയിലുള്ള ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രാർത്ഥനകൾ പോലെ തന്നെ, ഇപ്രകാരമുള്ള ഉപകരണങ്ങളും യാന്ത്രികമായി ഫലം പുറപ്പെടുവിക്കുന്ന മാന്ത്രിക വസ്തുക്കളായി അധഃപതിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ദൈവപ്രമാണങ്ങൾ അനുസരിച്ചുള്ള ജീവിതത്തിനു സഹായിക്കുന്നതാവണം പ്രാർത്ഥനയും വിശുദ്ധ വസ്തുക്കളും. അമ്മയുടെ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ തിരുഹിതം അനുസരിച്ച് ജീവിക്കാൻ സന്നദ്ധരാകണം.

**നോമ്പ് – ഉപവാസം**

മാതാവിന്റെ ബഹുമാനാർത്ഥം നിശ്ചിത ദിവസങ്ങളിൽ നോമ്പും ഉപവാസവും അനുഷ്ഠിക്കുന്ന പതിവ് ഇന്നു നിലവിലുണ്ട്. മറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായി നടത്തുന്ന എട്ടുനോമ്പ്, സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായി പതിനഞ്ചു നോമ്പ്, യേശുവിന്റെ തിരുപ്പിറവിക്കൊരുക്കമായി ഇരുപത്തഞ്ചു നോമ്പ് എന്നിവയാണ് ഏറ്റം അധികം പ്രചാരമുള്ളത്. അതുപോലെ തന്നെ മാതൃഭക്തിയുടെ പ്രകടനമായി ആഴ്ചയിൽ ഒരു ദിവസം ഉപവസിക്കുകയും സാധാരണമാണ്. അത് ബുധനാഴ്ചയോ ശനിയാഴ്ചയോ ആകാം.

ഇവിടെയും ആചാരങ്ങളുടെ അർത്ഥവും ആന്തരിക ലക്ഷ്യവും മറന്നു പോകരുത്. നൊന്തു സ്നേഹിക്കുക എന്നർത്ഥമുള്ള നോവ് +

അൻപ് എന്ന രണ്ടു വാക്കുകൾ ചേർന്നതാണ് നോയമ്പ്. ചെയ്തു പോയ പാപങ്ങളെക്കുറിച്ച് അനുതപിക്കാനും കൂടുതൽ സ്നേഹത്തോടെ ജീവിക്കാനും സഹായിക്കുന്നതാവണം നോമ്പ്. അതില്ലാതെ ഏതെങ്കിലും ചില ഭക്ഷണസാധനങ്ങൾ വർജ്ജിച്ചതു കൊണ്ടു മാത്രം നോമ്പാവുകയില്ല.

ഉപവാസത്തെക്കുറിച്ചും ഇതു പ്രസക്തമാണ്. അടുത്തു വസിക്കുക എന്നാണല്ലോ ഉപവാസം എന്ന വാക്കിനർത്ഥം. ദൈവത്തോടും സഹോദരങ്ങളോടും അടുത്ത് സ്നേഹത്തിൽ വസിക്കാൻ സഹായിക്കുന്നതാവണം ഉപവാസം. ഇവിടെ പങ്കുവയ്ക്കുന്ന സ്നേഹവും നീതിനിഷ്ഠമായ പ്രവൃത്തികളും ഏറെ പ്രസക്തമാകുന്നു. ഏശ 58, 1–10 ഇവിടെ മാർഗ്ഗദർശകമാകണം.

### തിരുനാളുകൾ

മരിയഭക്തി പ്രകടമാക്കുന്ന അവസരങ്ങളാണ് തിരുനാളുകൾ. ആണ്ടുവട്ടത്തിലെ എല്ലാ മാസങ്ങളിലും തന്നെ മാതാവിന്റെ ബഹുമാനാർത്ഥം ആചരിക്കുന്ന ഏതെങ്കിലും തിരുനാൾ ഉണ്ട്. ചില മാസങ്ങളിൽ ഒന്നിലധികം തിരുനാളുകളുണ്ടാവും. എന്തെങ്കിലും ഒരു വിശ്വാസ സത്യത്തെയോ മാതാവിന്റെ ദർശനത്തെയോ അടിസ്ഥാനമാക്കിയാണ് പൊതുവേ തിരുനാളുകൾ നിശ്ചയിക്കുക. രണ്ടു മാസങ്ങൾ തന്നെ മാതൃഭക്തിക്കായി പ്രത്യേകം മാറ്റിവച്ചിട്ടുണ്ട്.

മെയ്മാസമാണ് ആദ്യത്തേത്. “വണക്കമാസം” എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു ഭക്തകൃത്യമുണ്ട്. ഈ മാസത്തിലെ ഓരോ ദിവസം ചില പ്രത്യേക ബൈബിൾ ഭാഗങ്ങളും മാതാവിന്റെ മധ്യസ്ഥതയിലൂടെ സംഭവിച്ച അത്ഭുതത്തിന്റെ വിവരണവും വീടുകളിൽ കുടുംബപ്രാർത്ഥനയോട് അനുബന്ധിച്ചു വായിക്കുക പതിവായിരുന്നു. അതിന്റെ കൂടെ സുകൃതജപം, സൽക്രിയ എന്നിവ പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും സഹായകമാം വിധം ചേർത്തിരുന്നു.

ഒക്ടോബർ മാസം കൊന്തമാസമായിട്ടാണ് പൊതുവെ അറിയപ്പെടുന്നത്. ഈ മാസത്തിലെ ഏതെങ്കിലും പത്തു ദിവസം ദേവാലയത്തിൽ ആഘോഷമായ ജപമാലയും മറ്റു പ്രാർത്ഥനാ ശുശ്രൂഷകളും നടത്തുക പതിവാണ്. അതിനും പ്രത്യേക ദണ്ഡവിമോചനങ്ങളും മറ്റു പ്രോത്സാഹനങ്ങളും നല്കുന്നുണ്ട്. ഈ രണ്ടു മാസങ്ങൾക്കും പുറമേ മാതാവിന്റെ ബഹുമാനാർത്ഥം മാറ്റി വച്ചിരിക്കുന്ന തിരുനാൾ ദിവസങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഏറ്റം പ്രധാനപ്പെട്ടവ മാത്രമേ ഇവിടെ രേഖപ്പെടുത്തുന്നുള്ളു.

| | |
|---|---|
| ജനുവരി 1 | ദൈവമാതാവായ മറിയം |
| ഫെബ്രുവരി 2 | മാതാവിന്റെ ശുദ്ധീകരണം |
| ഫെബ്രുവരി 11 | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| മാർച്ച് 25 | മംഗലവാർത്ത |
| ഏപ്രിൽ 26 | സദുപദേശത്തിന്റെ മാതാവ് |
| മെയ് 1 | മെയ് മാസ റാണി |
| മെയ് 5 | അപ്പസ്തോലന്മാരുടെ രാജ്ഞി |
| മെയ് 13 | ഫാത്തിമാ മാതാവിന്റെ തിരുനാൾ |
| മെയ് 24 | ക്രിസ്ത്യാനികളുടെ സഹായമായ മാതാവ് |
| മെയ് 31 | മാതാവിന്റെ രാജ്ഞിത്വം. |
| ജൂൺ 20 | ആശ്വാസത്തിന്റെ മാതാവ് |
| ജൂൺ 25 | മാതാവിന്റെ ദൈവമാതൃത്വം |
| ജൂൺ 27 | നിത്യസഹായ മാതാവ് |
| ജൂലായ് 2 | മാതാവിന്റെ സന്ദർശനം |
| ജൂലായ് 16 | കർമ്മല മാതാവ് |
| ജൂലായ് 20 | വരപ്രസാദത്തിന്റെ മാതാവ് |
| ജൂലായ് 29 | വിടുതലിന്റെ മാതാവ് |
| ആഗസ്റ്റ് 2 | മാലാഖമാരുടെ രാജ്ഞി |
| ആഗസ്റ്റ് 13 | മാതാവിന്റെ ഉറക്കം (മരണ തിരുനാൾ) |
| ആഗസ്റ്റ് 15 | സ്വർഗ്ഗാരോപണം |
| ആഗസ്റ്റ് 18 | മാതാവിന്റെ കിരീടധാരണം |
| ആഗസ്റ്റ് 22 | മാതാവിന്റെ വിമല ഹൃദയം |
| സെപ്തംബർ 8 | മാതാവിന്റെ ജനനത്തിരുനാൾ |
| സെപ്തംബർ 12 | മാതാവിന്റെ തിരുനാമത്തിരുനാൾ |
| സെപ്തംബർ 15 | വ്യാകുലമാതാവിന്റെ തിരുനാൾ |
| സെപ്തംബർ 19 | ലാസലെറ്റ് മാതാവിന്റെ തിരുനാൾ |
| സെപ്തംബർ 22 | നാമകരണ തിരുനാൾ |
| ഒക്ടോബർ 7 | കൊന്തമാതാവിന്റെ തിരുനാൾ |
| നവംബർ 19 | സുവിശേഷത്തിന്റെ മാതാവ് |

| | |
|---|---|
| നവംബർ 21 | മാതാവിന്റെ സമർപ്പണം |
| നവംബർ 27 | അത്ഭുത കാശുരൂപം |
| ഡിസംബർ 8 | അമലോത്ഭവം |
| ഡിസംബർ 25 | തിരുപ്പിറവി |

ആണ്ടു വട്ടത്തിലെ എല്ലാ ദിവസവും തന്നെ മാതാവിന്റെ തിരുനാളുണ്ട്. പലതും ഏതെങ്കിലും ഒരു രാജ്യത്തോ, സ്ഥലത്തോ മാത്രം ആചരിക്കുന്നവയാകും. ഏറ്റം പ്രധാനപ്പെട്ടതും പൊതുവെ അറിയപ്പെടുന്നതും ആയ തിരുനാളുകളുടെ പട്ടികയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ തിരുനാളുകൾ ആചരിക്കുമ്പോൾ അമ്മയോടു പ്രാർത്ഥിക്കുകയും മാധ്യസ്ഥ്യം തേടുകയും അമ്മയെ തിരഞ്ഞെടുത്തനുഗ്രഹിച്ച ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നതോടൊപ്പം ഈ തിരുനാളുകളുടെ അർത്ഥമെന്തെന്ന് അന്വേഷിക്കാനും ഇതിലൂടെ നല്കപ്പെടുന്ന സന്ദേശമെന്തെന്ന് ഗ്രഹിക്കാനും ശ്രമിക്കണം. ധ്യാനത്തിലേക്കും അതനുസരിച്ചുള്ള ജീവിത നവീകരണത്തിലേക്കും നയിക്കുന്നതാകണം തിരുനാളുകൾ. ബാഹ്യമായ ആഘോഷങ്ങളിൽ ഒതുങ്ങിനില്ക്കുന്ന പെരുന്നാളുകളായി അവ അധഃപതിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

### തീർത്ഥാടനങ്ങൾ

മിക്കവാറും എല്ലാ മതങ്ങളിലും ഏറെ പ്രാധാന്യമുള്ള ഒരു ഭക്താനുഷ്ഠാനമാണ് തീർത്ഥാടനം. കാശിക്കും ശബരിമലയ്ക്കും തീർത്ഥാടനം നടത്തുന്ന ഹിന്ദുക്കളും മെക്കയ്ക്ക് ഹജ്ജ് നടത്തുന്ന മുസ്ലീമുകളും തീർത്ഥാടനത്തിന്റെ ഉദാഹരണങ്ങളാണ്. ക്രിസ്ത്യാനികൾക്കുമുണ്ട് ജറുസലേം, റോം തുടങ്ങി സുപ്രസിദ്ധമായ അനേകം തീർത്ഥാടന കേന്ദ്രങ്ങൾ. ദൈവിക സാന്നിദ്ധ്യം പ്രത്യേകമാം വിധം അനുഭവവേദ്യമായ സ്ഥലങ്ങളാണ് തീർത്ഥാടന കേന്ദ്രങ്ങളായി പരിണമിക്കുന്നത്. സീനായ് മലയും ജറുസലെമും ബെത്‌ലെഹെമും എല്ലാം ഇപ്രകാരം ദൈവിക സാന്നിദ്ധ്യത്തിന്റെ അനുസ്മരണാ കേന്ദ്രങ്ങളാണ്.

ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തേക്കു തീർത്ഥാടനം നടത്തുന്നവർ മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത് ദൈവാനുഭവം തന്നെ. അവിടെ ഒരിക്കൽ പ്രത്യക്ഷപ്പെട്ട്, പ്രത്യേകമാം വിധം തന്റെ സാന്നിധ്യം വെളിപ്പെടുത്തുകയും അനുഗ്രഹം വർഷിക്കുകയും ചെയ്ത ദൈവത്തെ കണ്ടുമുട്ടണം, അനുഗ്രഹം പ്രാപിക്കണം എന്ന ലക്ഷ്യമാണ് തീർത്ഥാടനത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നത്. അതിനാൽ പ്രാർത്ഥിച്ചു നന്നായി ഒരുങ്ങി ചെയ്യേണ്ട ഒരു കർമ്മമാണ് തീർത്ഥാടനം.

അതോടൊപ്പം നാമെല്ലാം തീർത്ഥാടകരാണെന്നും ഈ ഭൂമിയിൽ നമുക്ക് സ്ഥിരമായ ഒരു വാസസ്ഥലമില്ല എന്നും തീർത്ഥാടനം നമ്മെ അനുസ്മരിപ്പിക്കുന്നു. പിതാവിന്റെ ഭവനം അഥവാ ഹൃദയം ആകുന്ന സ്വർഗ്ഗീയ വസതിയെ ലക്ഷ്യം വച്ചു യാത്ര ചെയ്യുന്നവരാണ് ഓരോരുത്തരും എന്ന സത്യം തീർത്ഥാടനം നമ്മെ അനുസ്മരിപ്പിക്കണം. യേശുവിന്റെ ഐഹിക ജീവിതം മുഴുവൻ ഒരു തീർത്ഥാടനമായി സുവിശേഷകൻ അവതരിപ്പിക്കുന്നത് നമുക്കും ഒരു മാതൃകയും പ്രചോദനവും ആകണം. "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന്.... യേശു അറിഞ്ഞു" (യോഹ 13, 1). "താൻ ദൈവത്തിൽ നിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നു എന്നും യേശു അറിഞ്ഞു," (യോഹ 13, 3). ഇപ്രകാരമുള്ള പ്രസ്താവനകൾ തീർത്ഥാടനത്തിന്റെ അർത്ഥം വ്യക്തമാക്കുന്നു.

ഏതെങ്കിലും വിധത്തിൽ മാതാവിന്റെ സാന്നിധ്യം പ്രത്യേകമായ വിധം അനുഭവപ്പെട്ട സ്ഥലങ്ങളിലേക്ക് അനേകർ തീർത്ഥാടനം നടത്താറുണ്ട്. മുഖ്യമായും മാതാവിന്റെ പ്രത്യക്ഷീകരണങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ തീർത്ഥാടന കേന്ദ്രങ്ങൾ. ഇവയിൽ ആഗോള തലത്തിൽ ഏറ്റം കൂടുതൽ അറിയപ്പെടുന്ന രണ്ടു കേന്ദ്രങ്ങളാണ് ലൂർദ്ദും ഫാത്തിമയും. എന്നാൽ ഇവയ്ക്കു പുറമെ അനേകം മരിയൻ തീർത്ഥാടന കേന്ദ്രങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് താഴെ കൊടുക്കുന്നു. പ്രത്യക്ഷപ്പെട്ട സ്ഥലത്തിന്റെ പേരിലാണ് മാതാവ് അറിയപ്പെടുന്നത്.

| | | | | |
|---|---|---|---|---|
| 1 | അൽടേറ്റിംഗ് | – | ജർമ്മനി | 660 |
| 2 | ലൊറേറ്റോ | – | ഇറ്റലി | 1291 |
| 3 | ചെസ്ത്താക്കോവാ | – | പോളണ്ട് | 1655 |
| 4 | ഗ്വാദാലൂപ്പെ | – | മെക്സിക്കോ | 1531 |
| 5 | ഉടൻസഹായത്തിന്റെ മാതാവ് | – | ന്യൂ ഓർലെയാൻസ്, യുഎസ്എ | 1788 |
| 6 | അത്ഭുത കാശുരൂപം | – | പാരീസ്, ഫ്രാൻസ് | 1830 |
| 7 | ലസലെറ്റ് | – | ഫ്രാൻസ് | 1846 |
| 8 | ലൂർദ്ദ് | – | ഫ്രാൻസ് | 1858 |
| 9 | നോക്ക് | – | ഐർലണ്ട് | 1870 |
| 10 | പോന്ത്മെയ്ൻ | – | ഫ്രാൻസ് | 1871 |

| | | | | |
|---|---|---|---|---|
| 11 | പോംപേയ് | - | ഇറ്റലി | 1871, 1884 |
| 12 | ഫാത്തിമ | - | പോർച്ചുഗൽ | 1917 |
| 13 | ബോറാങ്ങ് | - | ബെൽജിയം | 1932–33 |
| 14 | ബന്നോ | - | ബെൽജിയം | 1933 |
| 15 | എല്ലാ ജനതകളുടെയും മാതാവ് | - | ആംസ്റ്റർഡാം, ഹോളണ്ട് | 1945–1959 (207 തവണ) |
| 16 | റോസ മിസ്ത്തിക്കാ-മോന്തിക്യാരി -ഫൊന്തനെല്ലാ | - | ഇറ്റലി | 1947–73 (12 തവണ) |
| 17 | കണ്ണീരിന്റെ മാതാവ് | - | സിറാക്കൂസാ, ഇറ്റലി | 1953 |
| 18 | മെദ്ജുഗോരി | - | ബോസ്നിയ | 1981 (അനേകം തവണ) |
| 20 | ജപമാല രാജ്ഞി, ബുവെനോസ് ഐറെസ് | - | അർജന്റീന | 1983–90 |
| 21 | ടെൻസ്റ്റാ | - | സ്വീഡൻ | 2012 |

അറിയപ്പെടുന്ന അനേകായിരം മരിയൻ ദർശനങ്ങളിൽ നിന്നു തിരഞ്ഞെടുത്തതാണ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക. ഇവയിൽ പലതും സഭ ഔദ്യോഗികമായി അംഗീകരിച്ചവ ആണ്. മറ്റു പലതിന്റെയും ആധികാരികതയും വിശ്വസനീയതയും പരിശോധന വിധേയമാക്കി കൊണ്ടിരിക്കുന്നു. ഭാരതത്തിൽ ഏറ്റം അറിയപ്പെടുന്ന മാതാവിന്റെ തീർത്ഥാടന കേന്ദ്രമാണല്ലോ വേളാങ്കണ്ണി. അതിനു പുറമെ കേരളത്തിൽ കൊരട്ടിയും വല്ലാർപാടവും സുപ്രസിദ്ധമാണ്.

അടുത്ത കാലത്ത് മാതാവിന്റെ അനേകം ദർശനങ്ങൾ ലഭിച്ചതായി കേൾക്കുന്നുണ്ട്. ഇവയുടെ എല്ലാം നിജസ്ഥിതി പരിശോധിച്ചു നിർണ്ണയിക്കുക എളുപ്പമല്ല. മാതാവിന്റെ കണ്ണിൽ നിന്നു രക്തം ഒഴുകുന്ന പ്രതിമകൾ, ചിത്രങ്ങൾ, എണ്ണയും പാലും തേനും മാറി മാറി ഒഴുകുന്ന രൂപങ്ങൾ, ഇവയെക്കുറിച്ചെല്ലാം ധാരാളം കേൾക്കുന്നു. ഇപ്രകാരം "അത്ഭുതം" സംഭവിച്ച സ്ഥലങ്ങളിലേക്ക് ആളുകൾ ഓടിക്കൂടാറുണ്ട്. പലർക്കും അത്ഭുതകരമായ രോഗശാന്തിയും മനശാന്തിയും ലഭിക്കുന്നതായും അറിയുന്നു. ഇതെല്ലാം തീർത്ഥാടനങ്ങൾക്കു വഴി തെളിക്കുന്നുമുണ്ട്.

എന്നാൽ പലപ്പോഴും മറന്നു പോകുന്ന ഒരു ചോദ്യം: എന്തിനാണ് അമ്മ ഇങ്ങനെ അനേകസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്? രക്തക്കണ്ണീർ

ഒഴുക്കുന്നത്? ഈ ചോദ്യം ഏറെ പ്രസക്തമാണ്. അത്ഭുതകരമായ ദർശനം ലഭിച്ചു എന്നു കേൾക്കുന്ന സ്ഥലത്തേക്ക് ഓടുന്നതിനേക്കാൾ പ്രധാനം അമ്മ നല്കുന്ന സന്ദേശമാണ്. അതിൽ മുഖ്യമായതു മാന സാന്തരം തന്നെ. യഥാർത്ഥമായ ഹൃദയ പരിവർത്തനമാണ് ആവശ്യം.

അതു ചിന്താഗതിയിലും മൂല്യതലത്തിലും ജീവിതത്തിലും പ്രകട മാകണം. സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിതം ക്രമപ്പെടു ത്താനാണ് എല്ലായിടത്തും അമ്മ ആവശ്യപ്പെടുന്നത്. ഇവിടെ സ്നാപക യോഹന്നാന്റെ ദൗത്യമാണ് അമ്മ നിർവ്വഹിക്കുന്നതെന്നു തോന്നും. ആസ ന്നമായിരിക്കുന്ന ശിക്ഷാവിധിയിൽ നിന്ന് ഓടിയകലാൻ തീർത്ഥാടനമ ല്ല, മാനസാന്തരമാണ് ആവശ്യം. അതിനു സഹായിക്കുന്നതെങ്കിൽ തീർത്ഥാടനം നല്ലതു തന്നെ. അല്ലെങ്കിൽ തിരുനാളുകൾ പെരുന്നാളുക ളാകുന്നതു പോലെ തീർത്ഥാടനങ്ങൾ വിനോദയാത്രകൾ ആയിത്തീരും.

അതു സംഭവിക്കാതിരിക്കാൻ തിരുവചനം ഹൃദയത്തിൽ സൂക്ഷി ക്കണം. എവിടെയാണ് ആരാധന നടത്തേണ്ടത് എന്ന സമറിയാക്കാരി യുടെ ചോദ്യത്തിന് യേശു നല്കിയ മറുപടി ഇവിടെ വഴികാട്ടിയാകണം. "സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലെമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു.... യഥാർത്ഥ ആരാ ധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു, അല്ല വന്നു കഴിഞ്ഞു" (യോഹ 4, 21-24). പരിശുദ്ധാത്മാവി നാൽ നിറഞ്ഞ് യേശുക്രിസ്തുവിലൂടെ പിതാവിന് അർപ്പിക്കുന്നതാണ് യഥാർത്ഥ ആരാധന. അതിന് പ്രത്യേക സ്ഥലങ്ങൾ നോക്കി പോകേ ണ്ടതില്ല. ഇപ്രകാരം ഒരാരാധനയ്ക്കായിരിക്കണം യഥാർത്ഥ മരിയ ഭക്തി പ്രേരിപ്പിക്കുന്നത്.

# ഭാഗം III

## ചോദ്യം ചെയ്യപ്പെടുന്ന മരിയഭക്തി

# 1.
# കത്തോലിക്കർ വിഗ്രഹാരാധകരോ?

*“മുകളിൽ ആകാശത്തിലോ, താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്. അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്” (പുറ 20:5). പത്തുപ്രമാണങ്ങളുടെ ഭാഗമായ ഈ കല്പന യുടെ നഗ്നമായ ലംഘനമല്ലേ കത്തോലിക്കാ സഭയിൽ നടക്കുന്നത്? സർവ്വത്ര പ്രതിമകളും ചിത്രങ്ങളും നിറഞ്ഞിരിക്കുന്നു. പ്രതിമകൾക്കു മുമ്പിൽ കുമ്പിടുന്നു, ധൂപമർപ്പിക്കുന്നു;തൊട്ടുമുത്തുന്നു. ഇതെല്ലാം വിഗ്രഹാരാധ നയല്ലേ? വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയല്ലേ ഈ പ്രമാണം കത്തോലിക്കാവേദപാഠക്ലാസ്സിൽ പഠിപ്പിക്കുന്ന പത്തുപ്രമാണങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിരിക്കു ന്നത്?*

ഈ ചോദ്യത്തിനു പല മുനകളുണ്ട്. ഓരോന്നും വേറിട്ടു കാണണം.

**1. പ്രമാണപ്പട്ടിക.** എളുപ്പം ഓർത്തിരിക്കാൻ പറ്റുന്നരൂപത്തിൽ ക്രമീകരിച്ചതാണ് വേദപാഠക്ലാസ്സിലെ പ്രമാണപ്പട്ടിക. വിശദീകരണ ങ്ങളും വിശദാംശങ്ങളും വിട്ടുകളഞ്ഞ് കേന്ദ്രവത്തായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഈ പട്ടികയിൽ ചെയ്തിരിക്കുന്നത്. ഒന്ന്, രണ്ട്, മൂന്ന് എന്ന് അക്കമിട്ടു നിരത്തിയല്ല ബൈബിളിൽ പ്രമാണങ്ങൾ അവതരിപ്പിക്കുന്നത്. തന്നെയുമല്ല, പുറപ്പാടു പുസ്തകത്തിലും (20:1–17) നിയമാ വർത്തന പുസ്തകത്തിലും (5:6–21) അവതരിപ്പിക്കുന്ന പട്ടികകൾ തമ്മിൽ ചില വ്യത്യാസങ്ങളുമുണ്ട്. ഇതിന്റെ ചുവടുപിടിച്ച്

കത്തോലിക്കരും ഇതരക്രൈസ്തവ വിഭാഗങ്ങളും അവതരിപ്പിക്കുന്ന ക്രമത്തിലും വ്യത്യാസമുണ്ട്.

ദൈവത്തെ ആരാധിക്കണം എന്നത് ഒന്നാംപ്രമാണമായും പ്രതിമകൾ ഉണ്ടാക്കരുത്, കുമ്പിടരുത് എന്നതു രണ്ടാം പ്രമാണമായും അകത്തോലിക്കാസഭകൾ പഠിപ്പിക്കുന്നു. അപ്പോൾ മോഹിക്കരുത് എന്ന അവസാനത്തെ പ്രമാണം (പുറ. 20:17;നിയ. 5:20-21) ഒറ്റ പ്രമാണമായി എണ്ണുന്നു. ഇവിടെ പുറപ്പാടിലെ അവതരണക്രമമാണ് സ്വീകരിക്കുന്നത്. ഫലമോ, ഭാര്യയ്ക്കും വസതിക്കും കഴുതക്കും ദാസിക്കും എല്ലാം ഒരേ പദവി ലഭിക്കുന്നു. എന്നാൽ കത്തോലിക്കാ സഭയുടെ അവതരണത്തിൽ ദൈവത്തെ ആരാധിക്കണം, വിഗ്രഹാരാ ധനയരുത് എന്നത് ഒറ്റപ്രമാണമായി കരുതുന്നു. കാരണം ഒരേ പ്രമാണ ത്തിന്റെ ഇരുവശങ്ങളാണ് ഈ കല്പനയിലുള്ളത്. ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന കല്പനയുടെ വിശദീകരണമാണ് വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, ആരാധിക്കരുത് എന്ന കല്പന. അതിനു പുറമേ, ഈ അവതരണത്തിൽ അന്യന്റെ ഭാര്യയ്ക്കും കഴുതയ്ക്കും ഒരേ സ്ഥാനമല്ല നല്കുന്നത്. ഭാര്യയെ മോഹിക്കരുത്; വസ്തുക്കൾ മോഹിക്കരുത് എന്നു രണ്ടായി അവതരിപ്പിക്കുന്നതുവഴി സ്ത്രീയുടടെ അഥവാ മനുഷ്യന്റെ, മഹത്വവും ഇതരസൃഷ്ടികളിൽ നിന്നുള്ള വ്യതിരിക്തതയും എടുത്തു കാട്ടുകയും ചെയ്യുന്നു. അതിനാൽ കത്തോലിക്കാസഭ പ്രമാണം വെട്ടിക്കുറച്ചിട്ടില്ല.

**2. വിഗ്രഹാരാധനയും പ്രതിമാവണക്കവും.** ദൈവത്തിന്റെ സ്ഥാനത്തു മനുഷ്യൻ നിർമ്മിച്ചുപ്രതിഷ്ഠിക്കുന്നതെന്തോ അതാണ്, അതു മാത്രമാണ് വിഗ്രഹം. ആരാധന എന്നാൽ സമ്പൂർണ്ണ സമർപ്പണം എന്നാണ് അടിസ്ഥാനപരമായ അർത്ഥം. നീയാണ് എന്റെ ജീവന്റെ ഉറവിടവും ലക്ഷ്യവും; ഞാനും എനിക്കുള്ളതും നിന്നിൽ നിന്നുമാത്രം വരുന്നു. നീയാണ് എന്റെ ഉടയവനും നാഥനും. എന്നെ നിന്റെ മുമ്പിൽ പൂർണ്ണമായി സമർപ്പിക്കുന്നു. ഇതു പരസ്യമായി ഏറ്റുപറയുന്നതാണ് ആരാധന. ഇപ്രകാരം ഒരരാധന ദൈവത്തിനു മാത്രമേ നല്കാവൂ. ഇതു കത്തോലിക്കാസഭയുടെ കാതലായ പ്രബോധനമാണ്. എന്നാൽ പ്രതിമകൾ ഇതിൽനിന്നും വ്യത്യസ്തമാണ്; അതുപോലെതന്നെ വണക്കവും. ആരെയെങ്കിലുമോ എന്തിനെയെങ്കിലുമോ അനുസ്മരി ക്കാനായിട്ടാണ് പ്രതിമകളും ചിത്രങ്ങളും ഉണ്ടാക്കുക. ഇപ്രകാരം അനുസ്മരണത്തിനായി പ്രതിമകളും ചിത്രങ്ങളും ഉണ്ടാക്കരുത് എന്നു ദൈവം കല്പിക്കുന്നില്ല. ആരാധിക്കാനായി പ്രതിമകൾ ഉണ്ടാക്കരുത്

എന്നാണ് പ്രമാണം. മറിച്ചായിരുന്നെങ്കിൽ ഫോട്ടോ എടുക്കുന്നതു പോലും നിഷിദ്ധമാകുമായിരുന്നില്ലേ?

തന്നെയുമല്ല, പ്രതിമകൾ ഉണ്ടാക്കുന്നത് അതിൽത്തന്നെ വിലക്കിയിട്ടില്ല എന്നു പഠിപ്പിക്കുന്നതല്ലേ ഉടമ്പടിയുടെ പേടകത്തിന്റെ ഇരുവശത്തുമായി ചിറകുവിരിച്ചുനില്ക്കുന്ന കെരൂബുകളും (പുറ. 25:17-20) ജറുസലേം ദൈവാലയത്തിൽ സോളമൻ സ്ഥാപിച്ച നിരവധി പ്രതിമകളും ചിത്രങ്ങളും (1രാജാ.7:25-39)? ഇതിനെല്ലാം ഉപരി, മരുഭൂമിയിൽ വച്ച് പിത്തള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്താൻ ദൈവംതന്നെ കല്പിച്ചതും (സംഖ്യ 21,8) പ്രതിമാനിർമ്മാണം അതിൽ ത്തന്നെ നിഷിദ്ധമല്ല എന്നു വ്യക്തമാക്കുന്നു.

**3. വിഗ്രഹാരാധന തെറ്റാണ്;** ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ്. അതിനാൽത്തന്നെ കഠിനമായ പാപവുമാണ്. കാരണം അതു ദൈവത്തെ നിഷേധിക്കുന്നതിനു തുല്യം തന്നെ. എന്നാൽ പ്രതിമാവണക്കം പാപമാകുന്നില്ല. കാരണം വണക്കവും ആരാധനയും ഒന്നല്ല എന്നതുതന്നെ. നാം മാതാപിതാക്കളെയും ഗുരുഭൂതരെയും വണങ്ങുന്നു;നമിക്കുന്നു;പാദംതൊട്ടു വന്ദിക്കുന്നു. അതുപോലെതന്നെ പ്രതിമകളുടെയും ചിത്രങ്ങളുടെയും മുമ്പിൽ ദീപം തെളിക്കുന്നു; പുഷ്പം അർപ്പിക്കുന്നു; ചന്ദനത്തിരി കത്തിക്കുന്നു. ഇതുപോലെ ഒരാചാരം മാത്രമാണ് കത്തോലിക്കർ പ്രതിമകളുടെയും ചിത്രങ്ങളുടെയും മുമ്പിൽ ചെയ്യുന്നത്. ഇതിനെ ആരാധനയായി തെറ്റിദ്ധരിക്കരുത്.

**4. പ്രതിമകളും ചിത്രങ്ങളും** വിശുദ്ധരെ അനുസ്മരിക്കാൻ സഹായിക്കുന്ന ഉപകരണങ്ങളാണ്. അവരുടെ ജീവിതങ്ങളെ അനുസ്മരിക്കുക, അതു മാതൃകയാക്കുക, അവരുടെ മാധ്യസ്ഥ്യം തേടുക, അതോടൊപ്പം അവർ നയിച്ച വിശുദ്ധജീവിതത്തിന്റെയും അവർക്കു ദൈവം നല്കിയ സ്വർഗ്ഗഭാഗ്യത്തിന്റെയും പേരിൽ അവരെ ആദരിക്കുക. ഇതെല്ലാമാണ് തിരുസ്വരൂപവണക്കത്തിന്റെ ലക്ഷ്യം.

**5. വണക്കം** ആരാധനയായി മാറാതിരിക്കാൻ ശ്രദ്ധിക്കണം എന്ന് കത്തോലിക്കാസഭ വിശ്വാസികളെ നിരന്തരം ഉദ്ബോധി പ്പിക്കുന്നുണ്ട്. അനുഗ്രഹത്തിന്റെയും കൃപയുടെയും അത്ഭുത പ്രവൃത്തികളുടെയുമെല്ലാം ഉടമയും ഉറവിടവും ദൈവം മാത്രമാണ്. അതിനാലാണല്ലോ "കർത്താവേ അനുഗ്രഹിക്കണമേ" എന്നു ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ വിശുദ്ധരോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു പ്രാർത്ഥിക്കുന്നത്. പുറമേ നിന്നു നോക്കുന്നവർക്ക് ഒരു പക്ഷേ വണക്കവും ആരാധനയും വേർതിരിച്ചു കാണാൻ കഴിഞ്ഞില്ലെന്നു വരും.

വിശുദ്ധരുടെ പ്രതിമകളെ വണങ്ങുകയും അവരുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യുന്നവർ ആത്യന്തികമായി ദൈവത്തോടാണ് യാചിക്കുന്നത്; അവരെ വിശുദ്ധരാക്കിയ ദൈവത്തെയാണ് വണങ്ങുന്നത്. അതിനാൽ വിശുദ്ധരോടുള്ള ഭക്തിയും പ്രതിമാവണക്കവും നിഷിദ്ധമല്ല; മരിച്ചവരും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരും ഉൾപ്പെടുന്ന, യേശുവിന്റെ മൗതീകശരീരമാകുന്ന സഭയുടെ ഗാഢമായ ഐക്യം പ്രകടമാക്കുന്നതാണ്. അതിനാൽത്തന്നെ അതിശയോക്തികൾ ഒഴിവാക്കുകയും ശരിയായ പ്രബോധനം വിശ്വാസികൾക്കു നല്കുകയും ചെയ്യാൻ ബന്ധപ്പെട്ടവർക്കു കടമയുണ്ട്.

# 2.
# ക്രിസ്തുവിനുപുറമേ വേറെ മധ്യസ്ഥരോ?

*"ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ-മനുഷ്യനായ യേശുക്രിസ്തു" (1 തിമോ.2:5). ബൈബിൾ നല്കുന്ന വ്യക്തമായ ഈ നിർദ്ദേശത്തിനു വിരുദ്ധമല്ലേ കത്തോലിക്കർ മാതാവിനോടും മറ്റു വിശുദ്ധരോടും നടത്തുന്ന മധ്യസ്ഥപ്രാർത്ഥന? ഇത് ഏക രക്ഷകനായ യേശുക്രിസ്തുവിനെ തള്ളിപ്പറയുന്നതിനു തുല്യമല്ലേ?*

തികച്ചും പ്രസക്തമായ ചോദ്യം. പാപിയായ മനുഷ്യനെ ദൈവത്തോടു രമ്യതപ്പെടുത്താൻ, പാപമോചനവും രക്ഷയും നല്കാൻ, ദൈവം തന്നെ മനുഷ്യനായി അവതരിച്ചതാണ് ദൈവപുത്രനായ യേശുക്രിസ്തു. അവനാണ് പിതാവിലേക്കു നയിക്കുന്ന വഴി (യോഹ.14:6); ദൈവസന്നിധിയിലേക്കു തുറക്കുന്ന വാതിൽ (യോഹ. 10:7). അവനിലൂടെയല്ലാതെ ആർക്കും ദൈവസന്നിധിയിൽ വരാൻ കഴിയില്ല. ഈ അർത്ഥത്തിൽ യേശുവാണ് ഏകമധ്യസ്ഥൻ.

എന്നാൽ യേശു ഈ ലോകത്തിലേക്കു വന്നത് ഒറ്റപ്പെട്ട വ്യക്തികളെ രക്ഷിച്ച് ഒറ്റയാന്മാരാക്കി നിലനിർത്താൻ വേണ്ടിയല്ല, മറിച്ച് ദൈവമക്കളുടെ, അഥവാ ദൈവജനത്തിന്റെ ഒരുസമൂഹത്തെ രൂപപ്പെടുത്താൻ വേണ്ടിയാണ്. അതിനുവേണ്ടിയാണ് ശിഷ്യന്മാരെ തിരഞ്ഞെടുത്തതും സുവിശേഷം പ്രഘോഷിക്കാനും സഭാസമൂഹ ങ്ങൾക്കു രൂപം കൊടുക്കാനുമായി പറഞ്ഞയച്ചതും. ദൈവരാജ്യത്തെ ക്കുറിച്ച് യേശു നല്കിയ പ്രബോധനങ്ങളിലെല്ലാം ഈ കൂട്ടായ്മ

നിലനില്ക്കുന്നുണ്ട്. അതുതന്നെയാണ് പന്തക്കുസ്താമുതൽ അപ്പസ്തോലന്മാർ ചെയ്തതും രൂപപ്പെടുത്തിയതും. “വിശ്വസിച്ചവർ ഒറ്റസമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു'' (അപ്പ.2:44). ഈ സമൂഹത്തെയാണ് ''സഭ'' എന്നു വിളിക്കുന്നത്. സഭ യേശുവിന്റെ ശരീരവും യേശു സഭയുടെ ശിരസ്സും ആണെന്ന് പ്രതീകത്തിലൂടെ വി. പൗലോസ് പഠിപ്പിക്കു മ്പോൾ (റോമ. 12:5; 1 കോറി. 12:27; എഫേ. 4: 12–15; 5:30) ഈ കൂട്ടായ് മയുടെ ആഴവും വ്യാപ്തിയും കെട്ടുറപ്പും ചൈതന്യവും വ്യക്തമാക്കുന്നു. സഭയാകുന്ന ഈ ശരീരത്തിന്റെ ചൈതന്യമാണ് പരിശുദ്ധാത്മാവ്; ഓരോ വ്യക്തിയും ശരീരത്തിലെ അവയവവും. അതിനാൽ ആരും ഒറ്റയ്ക്കല്ല; അന്യരുമല്ല.

ഈ കാഴ്ചപ്പാടിൽനിന്നാണ് കത്തോലിക്കാസഭ മധ്യസ്ഥ പ്രാർത്ഥനയെ വീക്ഷിക്കുന്നത്. സഭാംഗങ്ങൾ പരസ്പരം സ്നേഹി ക്കുന്നു; എല്ലാവിധത്തിലും പരസ്പരം സഹായിക്കുന്നു. അതിന്റെ ഭാഗമാണ് മധ്യസ്ഥപ്രാർത്ഥന. ഈ മധ്യസ്ഥപ്രാർത്ഥന യേശുവാകുന്ന ഏകമധ്യസ്ഥനെ ഒഴിവാക്കുകയല്ല, മറിച്ച് എല്ലാവരും ഒരുമിച്ച് യേശുവിനോടും, യേശുവഴി പിതാവിനോടും പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്. യേശുവാണ് ഏക മധ്യസ്ഥൻ എന്നു പഠിപ്പിക്കുന്ന പൗലോസ് തന്നെ എല്ലാ ലേഖനങ്ങളിലും തനിക്കുവേണ്ടി പ്രാർത്ഥി ക്കണം എന്ന് വിശ്വാസികളോട് യാചിക്കുന്നതും ശ്രദ്ധേയമത്രെ. അതിനാൽ വിശുദ്ധരോടുള്ള മധ്യസ്ഥപ്രാർത്ഥന ക്രൈസ്തവ കൂട്ടായ്മയുടെ വ്യക്തമായ പ്രകടനമായി കാണണം.

ക്രിസ്തുവിന്റെ സഭയ്ക്ക് മൂന്നു ഘടകങ്ങളുണ്ട് എന്ന് കത്തോ ലിക്കാ സഭ പഠിപ്പിക്കുന്നു. **1. സമരസഭ** ഈ ഭൂമിയിൽ വിശ്വാസം കാത്തുസൂക്ഷിക്കാനും പങ്കുവയ്ക്കാനും ശ്രമിക്കുന്നതാണ് ഈ സഭ. **2. സഹനസഭ** പൂർണ്ണ വിശുദ്ധിയിലെത്താതെ മരിച്ചതിനാൽ മരണശേഷം ശുദ്ധീകരിക്കപ്പെടുന്നവരാണ് ഈ ഗണത്തിലുള്ളത്. തങ്ങളുടെ ഏകലക്ഷ്യവും പരമമായ സന്തോഷത്തിന്റെ ഉറവിടവുമായ ദൈവത്തിൽനിന്ന് അകറ്റപ്പെട്ടിരിക്കുന്നു എന്നും അതു തങ്ങളുടെ തന്നെ കുറ്റങ്ങളും കുറവുകളും കാരണമാണെന്നുമുള്ള അവബോധമാണ് സഹനത്തിന്റെ മുഖ്യകാരണം. ഇവരും പ്രാർത്ഥിക്കുന്നു; പ്രതീക്ഷയുള്ളവരുമാണ്. എന്നാൽ തങ്ങൾക്കു വേണ്ടി ഒന്നുംചെയ്യാൻ അവർക്കു കഴിവില്ല. അതിനാൽ അവരെ സഹനസഭയെന്നു വിളിക്കുന്നു. **3. വിജയിച്ചവരുടെ സഭ** ലക്ഷ്യം പ്രാപിച്ച് ദൈവ ത്തോടൊന്നിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നവരുടെ ഗണമാണിത്. ഈ മൂന്നുഗണവും

ചേരുന്നതാണ് ഇന്ന് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ. ലോകാവസാനംവരെ ഈ നിലതുടരും. ലോകാവസാനത്തോടെ സമരവും സഹനവും അവസാനിക്കും. പിന്നെയങ്ങോട്ട്, ദൈവത്തോടൊന്നിച്ചുള്ള നിത്യാനന്ദംമാത്രം. അതുവരെ ജീവിച്ചിരിക്കുന്നവർക്കും മരിച്ച് ശുദ്ധീകരിക്കപ്പെടുന്നവർക്കും വേണ്ടി മധ്യസ്ഥപ്രാർത്ഥന നടത്തണം. എന്നാൽ മറക്കരുത്– എല്ലാ പ്രാർത്ഥനകളും കർത്താവായ യേശുക്രിസ്തുവഴി പിതാവിനാണ് സമർപ്പിക്കേണ്ടത്; അതിനു നമ്മെ സഹായിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്നതാകട്ടെ പരിശുദ്ധാത്മാവും.

# 3.
# മറിയം അമലോത്ഭവയോ?

*"ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു.......... ഒരു മനുഷ്യന്റെ പാപം എല്ലാവർക്കും ശിക്ഷാവിധിക്കു കാരണമായി ........ ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നു" (റോമ. 5:12,18,19). ഉത്ഭവ പാപത്തെക്കുറിച്ച് ബൈബിൾ നല്കുന്ന വ്യക്തവും സംശയരഹിതവുമായ പ്രബോധനമാണിത്. "അനേകർ" എന്ന സെമിറ്റിക്ക് പ്രയോഗത്തിന് "എല്ലാവരും" എന്നർത്ഥമുണ്ട്. ഈ പശ്ചാത്തലത്തിൽ മറിയം അമലോത്ഭവയാണെന്നു പറയുന്നത് ബൈബിളിന്റെ പ്രബോധനത്തിനെതിരല്ലേ? മറിയത്തിന്റെ മഹത്വം വർദ്ധിപ്പിക്കാൻ വേണ്ടി കത്തോലിക്കാ സഭ കണ്ടുപിടിച്ചതല്ലേ "അമലോത്ഭവം" എന്ന സത്യം?*

പരിശുദ്ധകന്യകാമറിയത്തെ സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങളിൽ ആദ്യത്തേതാണിത്. അമലോത്ഭവ എന്ന പ്രയോഗം ബൈബിളിലില്ല. പിന്നെ എങ്ങനെയാണ് കത്തോലിക്കാസഭ ഈ വിശ്വാസത്തിലേക്കു വന്നത്? എന്താണിതിന്റെ അർത്ഥം? ഈ വിശ്വാസത്തിന് ക്രൈസ്തവജീവിതത്തിൽ എന്തു പ്രസക്തിയുണ്ട് എന്ന് അന്വേഷിക്കണം.

ആമുഖമായി ഒരു കാര്യം ഓർത്തിരിക്കണം. കത്തോലിക്കാ സഭയുടെ വിശ്വാസം എഴുതപ്പെട്ട ദൈവവചനമായ ബൈബിളിൽ മാത്രമല്ല അടിസ്ഥാനമാക്കിയിരിക്കുന്നത്. കാരണം വിശ്വാസത്തെ

സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും സമഗ്രമായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല എന്നു ബൈബിൾ തന്നെ സാക്ഷ്യപ്പെടുത്തു ന്നുണ്ട് (യോഹ. 20:30-31;21,25). യേശു തന്നെ എല്ലാ കാര്യങ്ങളും ശിഷ്യന്മാരെ പഠിപ്പിച്ചില്ല എന്നും സഹായകനായ പരിശുദ്ധാത്മാവുവരുമ്പോൾ സത്യത്തിന്റെ പൂർണ്ണതയിലേക്ക് അവരെ നയിക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. (യോഹ.16:12-14). പരിശുദ്ധാത്മാവിന്റെ നിവേശനത്താലാണ് തിരഞ്ഞെടുക്കപ്പെട്ട ചില വ്യക്തികൾ ബൈബിൾ രചിച്ചത്. ബൈബിൾ ഉണ്ടാകുന്നതിനു മുമ്പേ ദൈവജനമായ സഭയുണ്ടായി. സഭയക്കു ലഭിച്ച വെളിപ്പെടുത്തലുകളാണ് ഗ്രന്ഥങ്ങളായി രചിക്കപ്പെട്ടത്. അങ്ങനെ രചിക്കപ്പെട്ട ഏതെല്ലാം ഗ്രന്ഥങ്ങളാണ് ദൈവിക വെളിപാടുകൾ ക്കൊള്ളുന്നത് എന്നു നിശ്ചയിക്കുന്നതും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭയുടെ പ്രബോധനാധികാരമാണ്. അതിനാൽ ലിഖിത വചനമായ ബൈബിളും അലിഖിത വചനമായ സഭയുടെ ഔദ്യോഗിക പാരമ്പര്യങ്ങളും വെളിപാടിന്റെ കൈവഴികളായി സഭ കരുതുന്നു.

സഭയുടെ ഔദ്യോഗിക പാരമ്പര്യങ്ങൾ എന്നതുകൊണ്ട് പരമ്പരാഗതമായ കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധന ങ്ങളെയാണ് സൂചിപ്പിക്കുന്നത്. ആദ്യകാലസഭാപിതാക്കന്മാരുടെ പ്രബോധനം, പുരാതനമായ ആരാധനക്രമ പ്രാർത്ഥനകൾ, സാർവ്വത്രിക സൂനഹദോസുകളുടെ വിശ്വാസപ്രഖ്യാപനങ്ങൾ, കർത്താവു പത്രോസിനു നല്കിയ അപ്രമാദിത്വവും പരമാധികാരവും (മത്താ. 16:17-19) ഉപയോഗിച്ച് റോമാ മാർപാപ്പമാർ നടത്തുന്ന വിശ്വാസസത്യ പ്രഖ്യാപനങ്ങൾ (ex cathedra proclamation) എന്നീ നാലു കാര്യങ്ങ ളാണ് സഭയുടെ പാരമ്പര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഈ പ്രബോധനങ്ങൾ അതേപോലെ ബൈബിളിൽ കണ്ടെന്നുവരില്ല; എന്നാൽ സൂചനകൾ കാണും. ബൈബിളിന്റെ വ്യക്തമായ പ്രബോധനങ്ങൾക്കു വിരുദ്ധമായ വിശ്വാസസത്യപ്രഖ്യാ പനങ്ങൾ കത്തോലിക്കാസഭയുടെ ഭാഗത്തുനിന്നുണ്ടാവുകയില്ല. കാരണം ബൈബിളിലൂടെ സത്യം വെളിപ്പെടുത്തുന്ന ദൈവാത്മാവു തന്നെയാണ് സഭയിലൂടെയും പ്രവർത്തിക്കുന്നത്. ബൈബിളിൽ സൂചിപ്പിക്കുക മാത്രം ചെയ്തിട്ടുള്ള സത്യത്തിന്റെ പൂർണ്ണതയിലേക്കു സഭയെ പരിശുദ്ധാത്മാവ് നയിക്കുന്നതിന്റെ ഫലമാണ് പാരമ്പര്യ ങ്ങളിൽ വ്യക്തത പ്രാപിക്കുന്ന വിശ്വാസസത്യങ്ങൾ. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, യേശു ക്രിസ്തുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും മുതലായവ

ഉദാഹരണങ്ങളാണ്. ഏഴു നൂറ്റാണ്ടു കാലത്തെ പ്രാർത്ഥനയുടെയും പരിചിന്തനങ്ങളുടെയും വെളിച്ചത്തിൽ, അനേകം സാർവ്വത്രിക സൂനഹദോസുകളിലൂടെ പരിശുദ്ധാത്മാവ് പടിപടിയായി വ്യക്തത നല്കിയതാണ് ഈ വിശ്വാസസത്യങ്ങൾ. ഇതുപോലെതന്നെയാണ് പരിശുദ്ധകന്യകാമറിയത്തെ സംബന്ധിച്ച വിശ്വാസത്തിലും സംഭവിച്ചത്.

അമലോത്ഭവം (Immaculate conception) എന്ന പ്രയോഗം തന്നെ വ്യക്തത ആവശ്യപ്പെടുന്നുണ്ട്; ഇതിനെ സംബന്ധിച്ച പല തെറ്റിധാരണകളും തിരുത്തേണ്ടതായിട്ടുണ്ട്. 1. പരിശുദ്ധാത്മാവിന്റെ പ്രത്യേകപ്രവർത്തനത്താൽ, പുരുഷസംസർഗ്ഗംകൂടാതെ മറിയം ദൈപുത്രനെ ഗർഭം ധരിച്ചു എന്ന വിശ്വാസം പോലെയല്ല മറിയത്തിന്റെ ഉത്ഭവം. മറിയം എല്ലാ തരത്തിലും ഒരു മനുഷ്യവ്യക്തിയായിരുന്നു. മറ്റെല്ലാ മനുഷ്യരുടെയും ജനനം പോലെ തന്നെ ആയിരുന്നു മറിയത്തിന്റെയും ജനനം.

2. അനാദിയായ ദൈവവചനമാണ് ഒരു പ്രത്യേക ദശാസന്ധിയിൽ മറിയത്തിൽ ഉത്ഭവിച്ചത്. എന്നാൽ മറിയം അങ്ങനെ ആയിരുന്നില്ല. ദൈവത്തിന്റെ ആദ്യസൃഷ്ടിയായ ജ്ഞാനം (Sophia) മനുഷ്യരൂപം പ്രാപിച്ച് യൊവാക്കിം-അന്ന ദമ്പതികളുടെ മകളായി ജനിച്ചു എന്ന പ്രബോധനം കത്തോലിക്കാസഭയുടെതല്ല. ഇന്ന് പലരും പ്രചരിപ്പിക്കുന്നുണ്ടെങ്കിലും ബൈബിളിന്റെയോ കത്തോലിക്കാസഭയുടെയോ ഔദ്യോഗികപ്രബോധനമല്ല ഇത്. ദൈവത്തിന്റെ ജ്ഞാനം (Sophia) എന്നും വചനം (Logos) എന്നും പറയുന്നത് ഏതെങ്കിലും ഒരു സൃഷ്ടിയെക്കുറിച്ചല്ല. ദൈവത്തിന്റെ തന്നെ ചൈതന്യത്തെക്കുറിച്ചാണ്. പില്ക്കാലത്ത് വ്യക്തത നേടേണ്ടിയിരുന്നതാണ് ഈ പ്രയോഗങ്ങൾ. ദൈവവചന (Logos) ത്തിന് മനുഷ്യനായി അവതരിക്കാൻ വാസസ്ഥലമൊരുക്കാനായി ജ്ഞാനത്തെ (Sophia) ദൈവം മറിയമായി അവതരിപ്പിച്ചു എന്ന പ്രബോധനം സഭയുടേതല്ല.

3.ആദിമാതാപിതാക്കന്മാരിൽ നിന്ന്, അവരുടെ മനുഷ്യപ്രകൃതിയോടൊപ്പം പ്രജനനംവഴി സകല മനുഷ്യരിലേക്കും വ്യാപിക്കുന്ന ദൈവികജീവന്റെ കൃപയുടെ (grace), അഭാവവും തന്മൂലം തിന്മയിലേക്കുള്ള ചായ്‌വും, ആണ് ഉത്ഭവപാപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വപൂർണ്ണമായ തിരഞ്ഞെടുപ്പിന്റെ ഫലമല്ല, സ്വഭാവേന ലഭിക്കുന്നതാണ്. അതിനാൽ സ്വന്തശ്രമം കൊണ്ടുമാത്രം ഇതിൽ നിന്നു മോചനം നേടാനും സാധ്യമല്ല. എല്ലാ മനുഷ്യരും ഇപ്രകാരം ഉത്ഭവപാപത്തോടെയാണ് ജനിക്കുന്നത്.

4. ഈ ഉത്ഭവപാപത്തിൽനിന്ന് ദൈവം മറിയത്തെ പ്രത്യേകമായി കാത്തുപാലിച്ചു, അഥവാ മുൻകൂറായി രക്ഷിച്ചു. ഇത് മറിയത്തിന്റെ എന്തെങ്കിലും വ്യക്തിപരമായ മഹത്വത്തിന്റെയോ പ്രവൃത്തിയുടെയോ ഫലമല്ല, മറിച്ച് ദൈവത്തിന്റെ പ്രത്യേക കൃപയാണ്. 1854 ഡിസംബർ 8-ാം തീയതി ഒമ്പതാം പീയൂസ് മാർപാപ്പ ഈ വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചു. "മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിർത്തി, സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേകകൃപയാലും അനുഗ്രഹത്താലും, പരിശുദ്ധ കന്യകാമറിയം തന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ ജന്മപാപ ത്തിന്റെ യാതൊരുമാലിന്യവും ഏശാതെ കാത്തു സൂക്ഷിക്കപ്പെട്ടു എന്നത് വെളിപ്പെടുത്തപ്പെട്ട സത്യമാണെന്നും ആകയാൽ എല്ലാ വിശ്വാസികളും എന്നും ഉറപ്പായി വിശ്വസിക്കണമെന്നും.......... നാം പ്രഖ്യാപിക്കുന്നു" (അവാച്യനായ ദൈവം ineffabilis Deus എന്ന ചാക്രികലേഖനം).

അമലോത്ഭവത്തെ സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനമാണിത്. നാലുവർഷങ്ങൾക്കുശേഷം 1858-ൽ പരിശുദ്ധഅമ്മ ലൂർദ്ദിൽ ബെർണർദിത്താ എന്ന ഇടയ കന്യകയ്ക്കു പ്രത്യക്ഷപ്പെട്ട് "ഞാൻ അമലോത്ഭവയാകുന്നു" എന്നു പ്രഖ്യാപിച്ചു കൊണ്ട് ഈ സത്യത്തിന് അംഗീകാരമുദ്ര വച്ചു. എന്നാൽ പത്തൊൻ മ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പൊടുന്നനേ പ്രത്യക്ഷപ്പെട്ട ഒരു വിശ്വാസമല്ല ഇത്.

ഏഴാം നൂറ്റാണ്ടുമുതൽ ഡിസംബർ 8 മറിയത്തിന്റെ അമലോത്ഭ വതിരുനാളായി പലസ്തീനായിലെ ചില സന്യാസസഭകളിൽ ആചരിച്ചു പോന്നു. 1439-ൽ സ്വിറ്റ്സർലണ്ടിലെ ബാസലിൽ സമ്മേളിച്ച മെത്രാന്മാരുടെ സൂനഹദോസ് അമലോത്ഭവം കത്തോലിക്കാ വിശ്വാസ ത്തിന് വിരുദ്ധമല്ല, അനുയോജ്യമാണെന്നു പഠിപ്പിച്ചു. 1476-ൽ സിക്സ്റ്റസ് നാലാമൻ (Sixtus IV) മാർപാപ്പ അമലോത്ഭവതിരുനാൾ, ലത്തീൻ സഭയ്ക്ക് കുർബാനയ്ക്കും കാനോന നമസ്ക്കാരത്തിനും പ്രത്യേക പ്രാർത്ഥനകളോടുകൂടിയ, ഒരു തിരുനാളായി പ്രഖ്യാപിച്ചു. 1708-ൽ ക്ലെമന്റ് ഒമ്പതാമൻ മാർപാപ്പ ഈ തിരുനാൾ പാശ്ചാത്യ സഭയ്ക്കു മുഴുവൻ നിർബന്ധമാക്കി. പതിനാലാം നൂറ്റാണ്ടുമുതൽ ഫ്രാൻസിസ്ക്കൻ, കർമ്മലീത്താ സന്യാസികളും പിന്നീട് ഈശോസഭ വൈദികരും ഈ തിരുനാളിന്റെ ശക്തരായ പ്രചാരകരായിരുന്നു.

എന്നാൽ കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാർ എല്ലാവരും എക്കാലത്തും ഈ വിശ്വാസത്തെ അംഗീകരിച്ചിരുന്നു എന്നു പറയാനാവില്ല. എതിർത്തവരും ഉണ്ടായിരുന്നു. മുഖ്യമായും രണ്ടു കാരണങ്ങളണ് എതിർത്തവർ ഉന്നയിച്ചത്. 1. ബൈബിളിൽ ഇങ്ങനെ ഒരു പ്രബോധനം വ്യക്തമായിട്ടില്ല. 2. മറിയം അമലോത്ഭവയെങ്കിൽ പിന്നെ അവൾക്കു രക്ഷയുടെയും രക്ഷകന്റെയും ആവശ്യമില്ലല്ലോ. ഈ വാദഗതികൾക്കു ഒമ്പതാംപിയൂസ് മാർപാപ്പയുടെ ഔദ്യോഗിക പ്രഖ്യാപനത്തിൽ മറുപടിയുണ്ട്.

അതിനുമുമ്പുതന്നെ, പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രാൻസിസ്കൻ സന്യാസിയായ ഡൺ സ്കോട്ടസ് (Dunscottus -1266-1308) അമലോത്ഭവത്തിലുള്ള വിശ്വാസത്തിന് ശക്തമായ ഒരു പിന്തുണ നല്കി. അദ്ദേഹത്തിന്റെവാദം, അന്നത്തെ സ്കൊളാസ്റ്റിക് രീതീയിലുള്ളതായിരുന്നു. മൂന്നു ഘടകങ്ങളാണ് വാദത്തിലുള്ളത്. മൂന്നു ലത്തീൻ വാക്കുകളിൽ അതു സമഗ്രമായി അവതരിപ്പിച്ചു. *decuit, potuit, ergo fecit.* **1. ഉചിതമായിരുന്നു.** ദൈവപുത്രന്റെ അമ്മയാകാനുള്ള മറിയം തീർത്തും പാപരഹിതയായി ജനിക്കുക എന്നത് തികച്ചും ഉചിതമായിരുന്നു. **2. സാധ്യമായിരുന്നു** സർവ്വശക്തനായ ദൈവത്തിന് അതു സാധ്യമായിരുന്നു. **3 ചെയ്തു.** അതിനാൽ ദൈവം മറിയത്തെ ജന്മപാപത്തിൽപെടാതെ കാത്തുസൂക്ഷിച്ചു, അമലോത്ഭവയായി ജനിപ്പിച്ചു.

മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ച് ബൈബിളിൽ ഒന്നും പറയുന്നില്ല എന്ന നിലപാട് പൂർണ്ണമായും ശരിയല്ല. ഈ പദം അതേപടി കാണുന്നില്ല, ആശയവും വ്യക്തമായി പ്രത്യക്ഷപ്പെടുന്നില്ല എന്നു അംഗീകരിക്കാമെങ്കിലും ഈ സത്യത്തിലേക്കു വിരൽചൂണ്ടുന്ന ചില ബൈബിൾ വചനങ്ങളുണ്ട് എന്നതു നിഷേധിക്കാനാവില്ല. അതിൽ ഏറ്റം പ്രധാനം ഗബ്രിയേൽ ദൂതന്റെ അഭിസംബോധനയാണ്. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി"(ലൂക്ക 1:28) "കൃപ നിറഞ്ഞവൾ" എന്ന വിശേഷണത്തെ പാപത്തിന്റെ മാലിന്യം ഏശാത്തവൾ എന്നു വിശദീകരിക്കാവുന്നതാണ്. ദൈവകൃപയാൽ പൂരിതയാണെങ്കിൽ അവളിൽ കർമ്മപാപത്തിന്റെയല്ല, ജന്മപാപത്തിന്റെയും കറ ഇല്ലെന്ന് അനുമാനിക്കാം. ഏല്പിക്കാൻ പോകുന്ന അനന്യവും മഹോന്നത വുമായ ദൗത്യം നിർവ്വഹിക്കാനായി മറിയത്തെ ദൈവം മുൻകൂറായി ഒരുക്കിയിട്ടുണ്ട് എന്ന് ഈ അഭിസംബോധന സൂചിപ്പിക്കുന്നു.

മറിയത്തിന്റെ സന്ദർശനവേളയിൽ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞതും ഗർഭസ്ഥ ശിശു സന്തോഷത്താൽ കുതിച്ചു

ചാടിയതും മറിയത്തിന്റെ പാപരഹിതാവസ്ഥയക്കു തെളിവായി കാണാവുന്നതാണ്. (ലൂക്ക 1:41). മറിയത്തിന്റെ സ്തോത്രഗീതത്തിലും ഇതിനെക്കുറിച്ചുള്ള സൂചനകൾ കാണാം. 'ദാസിയുടെ താഴ്മയെ കടാക്ഷിച്ചു, ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും' (ലൂക്ക 1:48-49) എന്നിങ്ങനെയുള്ള പ്രസ്താവനകളും മറിയത്തിന്റെ പാപരാഹിത്യത്തിലേക്കു വിരൽചൂണ്ടുന്നുണ്ട്.

"ആദ്യസുവിശേഷം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഉൽപ്പ. 3:15 ഈ വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീയും സർപ്പവും തമ്മിൽ ശത്രുത ഉളവാക്കും എന്നും സ്ത്രീയിൽ നിന്നു ജനിക്കുന്നവൻ സർപ്പത്തിന്റെ തല തകർക്കും എന്നുമുള്ള പ്രഖ്യാപനം മറിയത്തെയും ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യനെ പാപത്തിലേക്കു നയിച്ച തിന്മയുടെ ശക്തിയായ സർപ്പത്തിന്റെ തല തകർത്ത രക്ഷകനായ യേശു ജനിച്ചത് സ്ത്രീയായ മറിയത്തിൽ നിന്നാണ്. ഇവിടെ ഉത്ഭവപാപത്തിനു കാരണമായ ഹവ്വായുടെ ബദലായി രക്ഷകന്റെ അമ്മയായ പുതിയ ഹവ്വാ നില്ക്കുന്നു. അതാണ് മറിയം. സർപ്പത്തിന്റെ പ്രലോഭനത്തിൽ വീണ ആദ്യഹവ്വായുടെ തെറ്റ് പുതിയ ഹവ്വായായ മറിയം തിരുത്തി; അതിനു ദൈവംതന്നെ അവൾക്കു കൃപ നല്കി. അങ്ങനെ മറിയം അമലോത്ഭവയായി കാത്തുസൂക്ഷിക്കപ്പെട്ടു.

പാപത്തിൽ വീണവനെ രക്ഷിച്ച ദൈവത്തിന് തന്റെ പദ്ധതി പ്രകാരം ഒരാളെ പാപത്തിൽ വീഴാതെ കാത്തുസൂക്ഷിക്കാനും കഴിയും എന്ന വാദം നിഷേധിക്കാനാവില്ല. മറിയത്തിന്, അതും ദൈവപുത്രന്റെ അമ്മയാകുന്നതിനുവേണ്ടി, പ്രത്യേകം നല്കപ്പെട്ട കൃപയാണ് അമലോത്ഭവം. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യമായ രക്ഷ മറിയത്തിനു മുൻകൂറായി നല്കപ്പെട്ടു എന്നു പഠിപ്പിക്കുന്നതിനാൽ മറിയവും രക്ഷിക്കപ്പെട്ടവൾ ആണെന്ന് വ്യക്തം. അതിനാൽ മറിയം രക്ഷാകരപദ്ധതിക്കുപുറത്തല്ല; അതിന്റെ തന്നെ ഭാഗമാണ്.

നമ്മൾ ആരും അമലോത്ഭവരല്ല; എന്നാൽ യേശുക്രിസ്തുവഴി നാം എല്ലാവരും ഉത്ഭവപാപത്തിൽനിന്നു മോചനം നേടാൻ കൃപലഭിച്ചവരാണ്. വിശ്വാസവും മാമ്മോദീസായും വഴി ലഭിക്കു ന്നതാണ് ഈ മോചനം. അതിനാൽ നിരാശരാകേണ്ടതില്ല; കൃപയാൽ നമുക്കെല്ലാം മോചനം ലഭ്യമാണ്; സ്വീകരിക്കുക. വിശ്വാസവും അനുസരണവും വഴി കൃപയാൽ ജീവിക്കുക, മറിയത്തെപ്പോലെ. അതാണ് അമലോത്ഭവം എന്ന വിശ്വാസ സത്യം നല്കുന്ന പ്രബോധനവും ആഹ്വാനവും.

# 4.
# ദൈവത്തിനു മാതാവോ?

*യേശുവിന്റെ അമ്മയായ മറിയത്തെ ദൈവമാതാവ് എന്നാണ് കത്തോലിക്കർ പൊതുവേ വിളിക്കുന്നത്. ഇത് ദൈവദൂഷണമല്ലേ? ദൈവത്തിന് അമ്മയുണ്ട് എന്നുപറയുന്നത് ഏകദൈവ വിശ്വാസികൾക്കു എങ്ങനെ അംഗീകരിക്കാനാവും? എല്ലാറ്റിന്റെയും സ്രഷ്ടാവും ആദികാരണവുമായ ദൈവത്തിന് ഒരമ്മയുണ്ടെങ്കിൽ ആ ദൈവം എങ്ങിനെ ദൈവമാകും? ദൈവമാതാവ് ദൈവത്തിനും മുമ്പേ ഉണ്ടായിരിക്കണമല്ലോ? അപ്പോൾ ആരാണീ അമ്മ? സൃഷ്ടിയോ സ്രഷ്ടാവോ? ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾക്ക് വഴി തെളിക്കുന്നതല്ലേ " ദൈവമാതാവ്" എന്ന വിശേഷണം?*

തികച്ചും ന്യായവും യുക്തവുമാണ് ചോദ്യം. അതിനാൽത്തന്നെ വ്യക്തമായ മറുപടിയും അർഹിക്കുന്നു. കത്തോലിക്കർ വിട്ടുവീഴ്ച യില്ലാത്ത ഏകദൈവവിശ്വാസികളാണെന്ന കാര്യം അടിവരയി ട്ടുറപ്പിച്ചുകൊണ്ടാവണം ഉത്തരം തേടുന്നത്. എന്നാൽ ഈ ഏക ദൈവവിശ്വാസത്തിന് ഒരു സവിശേഷതയുണ്ട്". ഏകത്തിൽത്തന്നെ ഒരു ത്രിത്വവും ഉൾചേർന്നിരിക്കുന്നു എന്നതാണ് ആ സവിശേഷത. ഇത് ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ ആരെങ്കിലും കണ്ടുപിടിച്ച ഒരു പുതിയ വിശ്വാസമല്ല. ഏതാണ്ട് നാലു നൂറ്റാണ്ടുകൾ ദീർഘിച്ച പരിചിന്തനങ്ങളും പഠനങ്ങളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട സൂനഹദോസുകളുടെ വിശദീകരണങ്ങളും പ്രഖ്യാപന ങ്ങളുമാണ് ഈ ഒരു വിശ്വാസത്തിലേക്ക് നയിച്ചത്.

ബൈബിളിൽ അധിഷ്ഠിതമായ ത്രിയേകദൈവവിശ്വാസം ഏറ്റം സംക്ഷിപ്തമായി ഇപ്രകാരം അവതരിപ്പിക്കാം. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന മൂന്ന് ആളുകളുടെ അഥവാ വ്യക്തികളുടെ (Persons ) കൂട്ടായ്മയാണ് ദൈവം. മറ്റു വാക്കുകളിൽ പറഞ്ഞാൽ സത്തയിൽ ഏകത്വവും വ്യക്തിത്വത്തിൽ ത്രിത്വവും. മൂവർക്കും ഒരേ സ്വഭാവം; അതേസമയം തുല്യതയുള്ള മൂന്നു വ്യക്തികൾ. എന്നാൽ മൂന്നു ദൈവങ്ങളില്ല, ഒരു ദൈവം മാത്രം. ബുദ്ധികൊണ്ട്ഗ്രഹിക്കാനോ യുക്തിക്കൊണ്ടു വിശദീകരിക്കാനോ കഴിയാത്ത ഒരു രഹസ്യമായി ഈ സത്യം സഭ അംഗീകരിക്കുന്നു.

ഇത് സഭയുടെ കണ്ടുപിടുത്തമല്ല, യേശുവിലൂടെ ലഭിച്ച ദൈവികവെളിപാടിന്റെ വിശദീകരണമാണ്. യേശു ആര് എന്ന ചോദ്യമാണ് ത്രിയേക ദൈവത്തിലുള്ള വിശ്വാസത്തിലേക്കു നയിച്ചത്. ബെദ്ലഹമിൽ ജനിച്ച്, നസ്രത്തിൽ ജീവിച്ച്, പലസ്തീനായിൽ ഉടനീളം സുവിശേഷം പ്രസംഗിച്ച്, ഗാഗുൽത്തായിലെ കുരിശിൽ മരിച്ചവൻ സത്യമായും മനുഷ്യനായിരുന്നു. അതേസമയം പാപങ്ങൾ മോചിക്കുകയും കുരുടനു കാഴ്ചയും ചെകിടനു കേൾവിയും തളർന്നവർക്കു നടക്കാൻ ശക്തിയും നല്കുക മാത്രമല്ല, മരിച്ചവരെ ഉയിർപ്പിക്കുകയും അവസാനം സ്വന്തം മരണത്തിൽനിന്നു ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തവൻ മനുഷ്യൻ മാത്രമല്ല, അവൻ ദൈവം തന്നെയാണ് എന്നു  വിശ്വസിക്കാൻ ശിഷ്യർ നിർബന്ധിതരായി.

ആ വിശ്വാസം യഹൂദർക്ക് മനസിലാക്കാനോ അംഗീകരിക്കാനോ കഴിയുമായിരുന്നില്ല. അതുകൊണ്ടാണല്ലോ താൻ ദൈവപുത്രനായ ക്രിസ്തുവാണെന്ന് സാൻഹദ്രന്റെ മുമ്പിൽ ഏറ്റുപറഞ്ഞപ്പോൾ ദൈവദൂഷണം പറഞ്ഞു എന്ന കുറ്റം ആരോപിച്ച് പ്രധാനപുരോഹിതൻ യേശുവിനു വധശിക്ഷ വിധിച്ചത്. യേശു ആര് എന്ന ചോദ്യമാണ് ആദിമസഭ നിരന്തരമായി നേരിട്ടതും വിശദീകരിക്കാൻ ശ്രമിച്ചതുമായ ഒരു ചോദ്യം. ഒരേ സമയം പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവുമാണവൻ. ദൈവത്വവും മനുഷ്യത്വവും എപ്രകാരമാണ് യേശുവിൽ സംയോജിച്ചിരിക്കുന്നത് എന്ന ചോദ്യത്തിനു പല ഉത്തരങ്ങൾ നല്കപ്പെട്ടു. പലതും തെറ്റായി, പാഷണ്ഡതയായി സഭ ശപിച്ചുതള്ളി. ഇപ്രകാരം ഒരു പാഷണ്ഡതയുമായി ബന്ധപ്പെട്ടതാണ് ചോദ്യവിഷയമായ ദൈവമാതൃത്വം.

428ൽ കോൺസ്റ്റാന്റിനേപ്പിൾസിലെ പാത്രീയാർക്കിസായി നിയമിക്കപ്പെട്ട നെസ്തോറിയൂസിന്റെ  ഒരു നിലപാടാണ് ഇപ്രകാരം ഒരു

വിശ്വാസപ്രഖ്യാപനത്തിലേക്കു നയിച്ചത്. ദൈവം ജനിക്കുന്നില്ല, മരിക്കുന്നുമില്ല. മനുഷ്യനാണ് ജനിക്കുന്നതും മരിക്കുന്നതും. അതിനാൽ നസ്രത്തിലെ യേശു എന്ന മനുഷ്യനിൽ ദൈവപുത്രൻ വസിച്ചു; ജനിച്ചില്ല, മരിച്ചുമില്ല. മരിച്ചത് മനുഷ്യനായ യേശുവാണ്. ഇതായിരുന്നു നെസ്തോറിയൂസിന്റെ നിലപാടിന്റെ രത്നചുരുക്കം. ഈ നിലപാടനുസരിച്ച് മറിയത്തെ യേശുവിന്റെ അമ്മയെന്നോ, ക്രിസ്തുവിന്റെ അമ്മയെന്നോ വിളിക്കാം, പക്ഷേ ദൈവത്തിന്റെ അമ്മ എന്നു വിളിക്കാൻ പാടില്ല എന്ന് നെസ്തോറിയൂസ് പഠിപ്പിച്ചു.

ഈ നിലപാട് സ്വീകാര്യമല്ല എന്ന് അലക്സാണ്ട്രിയായിലെ മെത്രനായ സിറിൽ ശക്തമായി എതിർത്തു. സഭാപിതാക്കന്മാരുടെ ഇടയിൽ ഭിന്നിപ്പുണ്ടായി. ഇത് സാമ്രാജ്യത്തിന്റെ ഐക്യത്തെ ബാധിക്കുമെന്നു ഭയന്ന തെയൊഡോഷ്യസ് II ചക്രവർത്തി 431-ൽ എഫേസൂസിൽ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടി. അവിടെ വച്ച് നെസ്തോറിയൂസിന്റെ നിലപാട് പാഷണ്ഡതയായി പ്രഖ്യാപിക്കപ്പെട്ടു. യേശുക്രിസ്തുവിൽ ദൈവപുത്രന്റെ ഒരേ ഒരു വ്യക്തിത്വമേ ഉള്ളൂ. തീരുമാനങ്ങളുടെയും പ്രവൃത്തികളുടെയും ഉറവിടവും കേന്ദ്രവും വ്യക്തിയാണ്. എന്നാൽ യേശുവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും, ഒരു കുറവും കൂടാതെ, പരസ്പരം കലരാതെ, പൂർണ്ണമായി നിലനില്ക്കുന്നു. അങ്ങനെ യേശുവിൽ ഒരു വ്യക്തിത്വവും രണ്ടു സ്വഭാവവും എന്ന വിശ്വാസം പ്രഖ്യാപിക്കപ്പെട്ടു.

ഈ വിശ്വാസപ്രഖ്യാപനമനുസരിച്ച് ജനിച്ചതും ജീവിച്ചതും പ്രവർത്തിച്ചതും മരിച്ച് ഉയിർത്തെഴുന്നേറ്റതും ദൈവപുത്രനാണ്. ദൈവപുത്രനാകട്ടെ, പിതാവിനോടും തുല്യനും, പിതാവിൽ നിന്നു നിത്യതയിൽ, അനാദിയിലേ ജനിച്ചവനും, ദൈവം തന്നെയുമാണ്. അതിനാൽ യേശുവിന്റെ അമ്മയായ മറിയത്തെ ദൈവമാതാവ് (തെയോത്തോക്കോസ് - Theothokos) എന്നു വിളിക്കണം. നെസ്തോറിയൂസ് പഠിപ്പിച്ചതുപോലെ ക്രിസ്തുവിന്റെ മാതാവെന്നു വിളിച്ചാൽ പോരാ. ഇതാണ് ദൈവമാതാവ് എന്ന അഭിസംബോധനയുടെ ചരിത്ര പശ്ചാത്തലം.

വാസ്തവത്തിൽ മറിയത്തിന്റെ ദൈവമാതൃത്വമല്ല, യേശുവിന്റെ ദൈവത്വമാണ് വിശ്വാസപ്രഖ്യാപനത്തിന്റെ വിഷയം. ആ വിശ്വാസത്തെ സ്ഥിരീകരിക്കാനും വിശദീകരിക്കാനും ഉതകുന്ന ഒരു അഭിസംബോധനാരൂപമാണ് "ദൈവമാതാവ്". അതിനാൽ മറിയം സ്രഷ്ടാവായ ദൈവത്തിന്റെ മാതാവാണെന്ന് അർത്ഥമില്ല; ദൈവത്തിനുമുമ്പേ മറിയം

ഉണ്ടായിരുന്നെന്നോ, മറിയം തന്നെ ദൈവമാണെന്നോ, ദൈവത്തെ ക്കാൾ വലിയവളാണെന്നോ, ഒന്നും അർത്ഥമില്ല; സഭ അങ്ങനെയൊന്നും പഠിപ്പിക്കുന്നുമില്ല. അതേ സമയം ഈ പ്രബോധനം ബൈബിളിനു തീർത്തും അന്യമാണെന്നും പറയാനാവില്ല.

യേശുവിനെ ദൈവമായി അംഗീകരിക്കുന്നവർ മറിയത്തെ ദൈവമാതാവായി അംഗീകരിച്ചേ മതിയാവൂ. അവൾ ഗർഭം ധരിച്ചതും പ്രസവിച്ചതും മുലയൂട്ടി വളർത്തിയതും പുത്രനായ ദൈവത്തെയാണ്. അതിനാൽ ദൈവമാതാവ് എന്ന അഭിസംബോധനാരൂപം ബൈബി ളിന്റെ തന്നെ പ്രബോധനത്തിൽ വേരൂന്നിനില്ക്കുന്നു. മാത്രമല്ല, "എന്റെ കർത്താവിന്റെ അമ്മ" (ലൂക്ക 1:34) എന്ന എലിസബത്തിന്റെ അഭി സംബോധനയിൽ തെളിയുന്നതും ഇതേ വിശ്വാസം തന്നെയാണ്.

"യാഹ്‌വേ" എന്ന ദൈവനാമം ഭയാദരവുകൾ മൂലം ഉച്ചരിക്കാൻ മടിച്ച യഹൂദർ ആ പേരിനുപകരം ഉപയോഗിച്ചിരുന്നതാണ് "കർത്താവ്" എന്ന അഭിസംബോധനാരൂപം *"അദൊനായ്"* എന്ന ഹീബ്രൂവിൽ; *ക്യൂരിയോസ്* എന്ന് ഗ്രീക്കിൽ. അതിനാൽ യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുന്നവർ അവന്റെ ദൈവത്വവും പിതാവായ ദൈവത്തോടുള്ള തുല്യതയുമാണ് അംഗീകരിക്കുന്നതും ഏറ്റു പറയുന്നതും. മറിയത്തെ ദൈവമാതാവ് എന്നു വിളിക്കുന്നതിൽ പാഷണ്ഡതയില്ല; മറിച്ച് യേശുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള വിശ്വാസപ്രഖ്യാപനമാണുള്ളത്. അതിനാൽ ദൈവമാതാവ് എന്ന വിശേഷണം സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി തുടരുന്നു; തുടരുകയും ചെയ്യും. തെറ്റിധാരണകൾ ഒഴിവാക്കി, സത്യവിശ്വാസം ഗ്രഹിക്കാൻ ശ്രമിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

# 5.
# മറിയം നിത്യകന്യകയോ?

*ഗർഭം ധരിച്ച് പ്രസവിച്ച ഒരു സ്ത്രീയെ കന്യകയെന്നു വിളിക്കാനാകുമോ? മറിയം യേശുവിന്റെ അമ്മയാണെന്നതിൽ ആർക്കും ഒരു സംശയവുമില്ല. അമ്മയെങ്കിൽ എങ്ങനെ കന്യകയായിരിക്കും? തന്നെയുമല്ല, യേശുവിന്റെ നാലു സഹോദരന്മാരുടെ പേരുകൾ സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. അതിനുംപുറമേ സഹോദരിമാരെക്കുറിച്ചും പരാമർശമുണ്ട്. അപ്പോൾ ചുരുങ്ങിയത് രണ്ടു സഹോദരിമാരെങ്കിലും ഉണ്ടാകുമല്ലോ. അങ്ങനെ യേശു ഉൾപ്പടെ ഏഴുമക്കളുടെ അമ്മയായ മറിയത്തെ കന്യക എന്നും നിത്യകന്യക എന്നുമൊക്കെ വിശേഷിപ്പിക്കുന്നത് വിരോധാഭാസമല്ലേ?*

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള കത്തോലിക്കാ വിശ്വാസത്തിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരു പ്രധാനചോദ്യമാണിത്. പ്രത്യക്ഷത്തിൽ തികച്ചും ന്യായവും യുക്തിഭദ്രവുമായ ചോദ്യം. ഉത്തരം പറഞ്ഞേ മതിയാവൂ; എന്നാൽ എങ്ങനെയാണീ ചോദ്യത്തിന് ഉത്തരംകണ്ടെത്തുക? ചോദ്യവും സുവിശേഷങ്ങൾ നല്കുന്ന വിവരങ്ങളും അടുത്തു പരിശോധിക്കണം. ചോദ്യത്തിന് വ്യക്തമായും രണ്ടുഭാഗങ്ങളുണ്ട്. 1. യേശുവിന്റെ ജനനത്തിൽ മറിയം കന്യകയായിരുന്നോ? 2. യേശുവിനു പുറമേ മറിയത്തിന് ശാരീരികമായ രീതിയിൽ പ്രസവംവഴി, വേറെ മക്കളുണ്ടായിരുന്നോ? ഈ രണ്ടു ചോദ്യങ്ങളും വേർതിരിച്ച് അപഗ്രഥിക്കേണ്ടിയിരിക്കുന്നു.

## 1. യേശുവിന്റെ കന്യകാജനനം

സുവിശേഷങ്ങളുടെ വ്യക്തമായ സാക്ഷ്യത്തിൽ അടിയുറച്ച കത്തോലിക്കാസഭയുടെ വിശ്വാസമാണിത്. ഈ വിശ്വാസം സഭയുടെ ഔദ്യോഗിക വിശ്വാസപ്രമാണത്തിൽ ഏറ്റു പറയുന്നുമുണ്ട്. “പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽ നിന്ന് പിറന്നു''. ഈ അടിസ്ഥാനവിശ്വാസമാണ് ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്.

സുവിശേഷത്തിലെ വിവരണങ്ങൾ പരിശോധിക്കുമ്പോൾ ആദ്യമേ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. മർക്കോസും യോഹന്നാനും യേശുവിന്റെ ജനനത്തെക്കുറിച്ചു പരാമർശിക്കുന്നതേയില്ല; മത്തായിയും ലൂക്കായും മാത്രമേ ജനനവും സാഹചര്യങ്ങളും വിവരിക്കുന്നുള്ളൂ. രണ്ടു വിവരണങ്ങളും തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ടെങ്കിലും ഒരു കാര്യത്തിൽ ഇരുവരും യോജിക്കുന്നു. യേശുവി ന്റെ ജനനം സാധാരണ മനുഷ്യരുടേതുപോലെ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധം വഴിയല്ല സംഭവിച്ചത്, മറിച്ച് ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനം വഴിയായിരുന്നു. രണ്ടുവിവരണങ്ങളുടെയും കേന്ദ്രം മറിയത്തിന്റെ കന്യകാത്വത്തേക്കാൾ ഉപരി യേശുവിന്റെ കന്യകാജനനമാണ്. അതായത് ശ്രദ്ധാകേന്ദ്രം മറിയമല്ല, യേശുവാണ്; യേശുവിന്റെ ദൈവപുത്രത്വം തന്നെ.

മത്തായി 1:18–24 വിവരണം തുടങ്ങുന്നതു തന്നെ “യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു” എന്നു പറഞ്ഞുകൊണ്ടാണ്. വിവാഹനിശ്ചയം ചെയ്തിരുന്ന മറിയം ഗർഭണിയാണെന്നറിഞ്ഞ് ജോസഫ് അസ്വസ്ഥനാകുന്നു. നിയമപ്രകാരം വിചാരണചെയ്ത് കല്ലെറിഞ്ഞുകൊല്ലേണ്ട ഒരു സാഹചര്യമാണ് (നിയമ. 22:13–21) സംജാതമായിരിക്കുന്നത്. എന്നാൽ മറിയത്തെ സംശയിക്കാൻ കാരണമില്ലാത്തതിനാലും അവളെ വിചാരണയ്ക്കും ശിക്ഷാവിധിക്കും ഏല്പിച്ചുകൊടുക്കാൻ മനസ് അനുവദിക്കായ്കയാലും എന്തു ചെയ്യണം എന്നറിയാതെ കുഴങ്ങുന്ന ജോസഫ്. അദ്ദേഹത്തിന്റെയടുക്കലേക്കാണ് ദൈവം തന്റെ ദൂതനെ സന്ദേശവുമായി അയയ്ക്കുന്നത്: “ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും” (മത്താ. 1: 20–21). മറിയം കന്യകയാണെന്നും

അവൾ ഗർഭം ധരിച്ചിരിക്കുന്നത് പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നും ഏശ.7:14 ഉദ്ധരിച്ചുകൊണ്ട് തുടർന്നു സമർത്ഥിക്കുന്നു.

ഇവിടെ സുവിശേഷത്തിലെ വിവരണത്തിൽ സംശയത്തിനു പഴുതില്ല. യേശുവിന് ശാരീരികമായ ഒരു പിതാവില്ല. അവൻ ദൈവത്തിന്റെ പുത്രനാണ്. ശൂന്യതയിൽ നിന്നു പ്രപഞ്ച സൃഷ്ടി നടത്തിയ ദൈവത്തിന്റെ ആത്മാവുതന്നെയാണ് പുതിയ സൃഷ്ടിക്കു തുടക്കം കുറിക്കുന്ന ദൈവപുത്രന്റെ മനുഷ്യവതാരത്തിലും പ്രവർത്തിക്കുന്നത്. അത് ഒരു പുതിയ സൃഷ്ടിതന്നെ.

ജോസഫിനെ ദാവീദിന്റെ പുത്രൻ എന്നു വിശേഷിപ്പിക്കുന്നതിലൂടെ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദാവീദിന്റെ പുത്രനായ മിശിഹായാണ് ജനിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുന്നു. ശാരീരികമായിട്ടല്ലെങ്കിലും നിയമത്തിന്റെ മുമ്പിൽ ജോസഫാണ് യേശുവിന്റെ പിതാവ്. ഈ പിതൃത്വം പരസ്യമായി പ്രഖ്യാപിക്കുന്നതിന്റെ അടയാളമാണ് അയാൾതന്നെ ശിശുവിന് പേരു നല്കുന്നത്. ഈ വിവരണത്തിലുടനീളം യേശുവിന്റെ ദൈവപുത്രത്വവും കന്യകാജനനവുമാണ് ശ്രദ്ധാവിഷയം. മറിയത്തിന്റെ കന്യകാത്വം അതിനു വഴിയൊരുക്കുന്ന പശ്ചാത്തലം മാത്രം.

ലൂക്കായുടെ വിവരണത്തിൽ (1: 26-38) മറിയത്തിനാണ് പ്രധാന്യം നല്കിയിരിക്കുന്നത്. എന്നാൽ ഇവിടെയും ശ്രദ്ധാകേന്ദ്രം മറിയത്തിന്റെ കന്യകാത്വം എന്നതിനേക്കാൾ യേശുവിന്റെ ദൈവപുത്രസ്ഥാനമാണ്. അതേസമയം കന്യകാത്വത്തിനു നല്കിയിരിക്കുന്ന ഊന്നൽ കാണാതെപോകരുത്. " ജോസഫ് എന്ന പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന കന്യക" (ലൂക്ക 1:26)എന്ന വിശേഷണത്തിൽ ഈ ഊന്നൽ വ്യക്തമാണ്. തന്നെയുമല്ല, ഗർഭധാരണത്തെയും പ്രസവത്തെയുംക്കുറിച്ചു പറയുന്ന ദൈവദൂതനോടുള്ള മറിയത്തിന്റെ ചോദ്യവും അതിനു ദൂതൻ നല്കുന്ന ഉത്തരവും ഈ സത്യം വീണ്ടും ആവർത്തിച്ചുറപ്പിക്കുന്നു.

"ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന മറിയത്തിന്റെ ചോദ്യം കന്യകാത്വത്തിനു നല്കുന്ന ഊന്നൽ തന്നെയാണ് വ്യക്തമാക്കുന്നത്. ശിശുവിന്റെ ജനനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിരിക്കും എന്ന മറുപടിയിലും ഇതേ സത്യം എടുത്തു പറയുന്നു: " പരിശുദ്ധാത്മാവ് നിന്റെമേൽവരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്ക 1:35).

ഈ രണ്ടു സുവിശേഷഭാഗങ്ങൾ സംശയത്തിനിടനല്കാതെ പ്രഖ്യാപിക്കുന്ന സത്യമാണ് യേശുവിന്റെ കന്യകാജനനം. ഇതിനെ ഒരു ചരിത്ര സത്യമായി അംഗീകരിച്ചേ മതിയാകൂ. എന്നാൽ പുരുഷ സംവേശംകൂടാതെ എങ്ങനെ ഗർഭധാരണം സാധ്യമാകും എന്ന ചോദ്യം വൈദ്യ-ശരീരശാസ്ത്രങ്ങൾക്കു വിട്ടുകൊടുക്കാം.

അതോടൊപ്പം മറക്കരുതാത്ത ഒരു കാര്യമാണ് ദൂതന്റെ വാക്കുകളിലൂടെ ലൂക്കാ ഓർമ്മിപ്പിക്കുന്നത്: "ദൈവത്തിന് ഒന്നും അസാധ്യമല്ല". ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ചവന് പുരുഷ ബീജത്തിന്റെ സാന്നിദ്ധ്യം കൂടാതെ ഒരു ശിശുവിനെ ജനിപ്പിക്കാൻ കഴിയും എന്നതിൽ അതിശയോക്തിയില്ല. ദൈവം മനുഷ്യനാകുന്നതിനേക്കാൾ വലുതല്ലല്ലോ കന്യകയിൽ നിന്നു ജനിക്കുന്നത്. ഇതിനെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണുന്ന കെട്ടു കഥപോലെ പരിഗണിക്കാൻ പാടില്ല എന്നും സുവിശേഷ വിവരണങ്ങളും സഭയുടെ പ്രബോധനങ്ങളും വിശ്വാസവും നിഷ്കർഷിക്കുന്നു.

**2. മറിയത്തിന്റെ നിത്യകന്യകാത്വം**

യേശുവിനു പുറമേ മറിയത്തിനുവേറെ മക്കളുണ്ടായിരുന്നോ എന്നതാണ് അടുത്തചോദ്യം. ഉണ്ടായിരുന്നു എന്നതിനു തെളിവായി യേശുവിന്റെ സഹോദരീ സഹോദരന്മാരെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശങ്ങൾ (മർക്കോ. 3:31-34; 6:3; മത്താ. 12:46-49;13:55, ലൂക്ക 8:19-20) എടുത്തുകാണിക്കാറുണ്ട്. ഇതിനുപുറമേ, "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല" (മത്താ. 1:25) എന്ന മത്തായിയുടെ പ്രസ്താവന മറിയം നിത്യകന്യക ആയിരുന്നില്ല എന്നതിന്റെ സംശയരഹിതമായ തെളിവായി അവതരിപ്പിക്കപ്പെടുന്നു. ഈ വാദങ്ങൾക്ക് എന്തുമറുപടി പറയും?

മത്തായി സുവിശേഷകൻ മാത്രം നടത്തുന്ന പ്രസ്താവനയിൽ തുടങ്ങാം. അതാണല്ലോ നിർണ്ണായക തെളിവായി അവതരിപ്പിക്കുന്നത്. പുരുഷൻ സ്ത്രീയെ അറിയുക എന്നതിന് ബൈബിൾ ഭാഷയിൽ ലൈംഗികമായി ബന്ധപ്പെടുക എന്നു തന്നെയാണർത്ഥം. " കന്യക" എന്നാൽ സാധാരണ മനസിലാക്കാറുള്ള അർത്ഥം ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലാത്ത സ്ത്രീ എന്നതു തന്നെയാണ് ബൈബിളിലും കാണുന്ന പ്രധാന അർത്ഥം. (ഉൽപ്പ. 4:1). ഇതിനെ രൂപകാത്മകമായി കാവ്യഭാഷയിൽ അവതരിപ്പിക്കുമ്പോൾ ദൈവത്തോടു പൂർണ്ണ വിശ്വസ്തത പാലിക്കുന്നവർ എന്ന അർത്ഥമുണ്ട് എന്നതു

മറക്കുന്നില്ല. എന്നാലും മത്തായി പറയുന്നത് ലൈംഗീക ബന്ധത്തെ ക്കുറിച്ചുതന്നെയാണ്.

എന്നാൽ, പ്രത്യേക ശ്രദ്ധയർഹിക്കുന്ന ഒരുകാര്യമുണ്ട്. ജോസഫ് മറിയത്തെ അറിഞ്ഞു എന്നല്ല, അറിഞ്ഞില്ല എന്നാണ് സുവിശേഷകൻ പറയുന്നത്. ആ പ്രസ്താവന സമയബന്ധിയാണെന്നതും ശ്രദ്ധേയം. ഇതിലൂടെ സുവിശേഷകൻ പറയാൻ ആഗ്രഹിക്കുന്നതും അടിവരയിട്ടു ഉറപ്പിക്കുന്നതും യേശുവിന്റെ ഉത്ഭവം മാനുഷികമല്ല, ദൈവിക മായിരുന്നു എന്നത്രേ. ജോസഫല്ല, ദൈവമാണ് യേശുവിന്റെ പിതാവ്. “വരെ” എന്ന പ്രയോഗം ഒരേ ഒരു കാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. പരാമർശ വിഷയമായ സമയത്ത് എന്തു സംഭവിച്ചു, അല്ലെങ്കിൽ സംഭവിച്ചില്ല എന്നു മാത്രം. അതിനുശേഷം എന്തു സംഭവിച്ചു എന്നത് ഈ ക്രിയാ വിശേഷണം സൂചിപ്പിക്കുന്നില്ല. അതിനാൽ ശിശുവിന്റെ ജനനത്തിനു ശേഷം ജോസഫ് മറിയത്തെ അറിഞ്ഞു എന്ന വാദത്തിനു നിലനില്പില്ല. അറിഞ്ഞെന്നും അറിഞ്ഞില്ലെന്നും ഒരുപോലെ വാദിക്കാം. ആദ്യം സൂചിപ്പിച്ചതുപോലെ മറിയത്തിന്റെ കന്യകാത്വമല്ല, യേശുവിന്റെ കന്യകാ ജനനവും ദൈവപുത്രത്വവുമാണ് സുവിശേഷകന്റെ ശ്രദ്ധാവിഷയം.

യേശുവിന്റെ സഹോദരങ്ങളെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശമാണ് അടുത്ത വിവാദവിഷയം. ആമുഖമായി ഒരു കാര്യം പറയട്ടെ. മറിയവും ജോസഫും വിവാഹിതരായിരുന്നു. അവർ തമ്മിൽ ബന്ധപ്പെട്ട് കുഞ്ഞുങ്ങൾക്കു ജന്മം നല്കിയെങ്കിൽ അത് ഒരു അസാധാരണസംഭവമോ, ആക്ഷേപാർഹമായ കുറ്റകൃത്യമോ ആയി കരുതാനാവില്ല. പിന്നെ എന്തിനാണ് കത്തോലിക്കാസഭ ഇത്ര തീവ്രതയോടെ മറിയത്തിന്റെ നിത്യകന്യകാത്വത്തിൽ ഉറച്ചു വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും എന്നതും ചിന്താവിഷയമാണ്. ഒരു ചരിത്ര വസ്തുതയാണെങ്കിൽ അതിനെ നിഷേധിച്ചുകൊണ്ട് ഒരു വിശ്വാസം കരുപ്പിടിപ്പിക്കുന്നത് ഒട്ടും ഉചിതമല്ലതന്നെ.

സഹോദരൻ, സഹോദരി എന്ന പദങ്ങൾ സാധാരണമായി ഒരേ ഉദരത്തിൽ ജനിച്ചവരെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത് എന്നതിൽ സംശയമില്ല. എന്നാൽ അതു മാത്രമല്ലല്ലോ. മലയാള ഭാഷയിലും ഈ പ്രയോഗത്തിന് കൂടുതൽ വിശാലമായൊരർത്ഥമുണ്ട്. കൂട്ടുകുടുംബമായി കഴിയുന്ന സാഹചര്യത്തിൽ അടുത്ത ബന്ധുക്കളെയെല്ലാം സഹോദര ങ്ങൾ എന്നാണല്ലോ വിളിക്കുക. ജേഷ്ഠാനു ജന്മാരുടെ മക്കളും അവരുടെ മക്കളും എല്ലാം സഹോദരങ്ങളായി പരിഗണിക്കപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയിലെ “കസിൻ” എന്ന പദത്തിന് തത്തുല്യമായ മലയാള പദങ്ങൾ

ഉണ്ടെങ്കിലും (പിതൃവ്യപുത്രൻ), മാതുലപുത്രൻ, മച്ചുന്നൻ, മച്ചുനത്തി, ദായാദി മുതലായവ) സാധാരണമായി ഉപയോഗിക്കാറില്ല.

ഇതുതന്നെ ആയിരുന്നു യേശുവിന്റെ നാട്ടിലെ അന്നത്തെ സംസാരഭാഷയായിരുന്ന അരമായയിലും, പഴയനിയമത്തിന്റെ ഔദ്യോഗികഭാഷയായ ഹീബ്രുവിലും നിലനിന്ന അവസ്ഥ. സഹോദര പുത്രനായ ലോത്തിനെ " സഹോദരൻ" എന്ന് അബ്രാഹം വിശേഷിപ്പി ക്കുന്നതിൽ നിന്ന് ഇത് വ്യക്തമാകും. "അബ്രാം ലോത്തിനോടു പറഞ്ഞു: നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരങ്ങളാണ്" (ഉൽപ്പ.13:8). അതിനാൽ യേശു വിന്റെ സഹോദരങ്ങളെക്കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശം അവർ മറിയം പ്രവസവിച്ച മക്കളായിരുന്നു എന്നു തെളിയിക്കാൻ പര്യാപ്തമല്ല.

ഇനി പേരെടുത്തു പറയുന്ന സഹോദരന്മാരുടെ കാര്യം കൂടുതൽ സൂക്ഷ്മമായി പരിശോധിച്ചാൽ മറ്റു ചില വസ്തുതകൾ വെളിവാകും. യാക്കോബ്, യോസേ, യൂദാസ്, ശിമയോൻ എന്ന നാലു പേരുകളാണ് യേശുവിന്റെ സഹോദരന്മാരുടേതായി മർക്കോസ് (6:3) രേഖപ്പെടു ത്തിയിരിക്കുന്നത്. "യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ്" എന്ന നാലുപേരുകൾ മത്തായിയും (13:55) രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ടുപട്ടികകളും ഒരേ വ്യക്തികളെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്നതിൽ സംശയത്തിനിടയില്ല. മർക്കോസിലെ യോസേയും മത്തായിയിലെ ജോസഫും രണ്ടു പേരാകാൻ വഴിയില്ല. ഇവരെല്ലാം യേശുവിന്റെ അമ്മയായ മറിയത്തിന്റെ തന്നെ മക്കളായിരുന്നോ എന്നതാണ് പ്രസക്തമായ ചോദ്യം. അല്ല എന്നു കരുതാൻ മതിയായ തെളിവുകളുണ്ട്.

യേശുവിന്റെ കുരിശിൻ ചുവട്ടിൽനിന്ന സ്ത്രീകളുടെ പേരുവിവരം സമാന്തരസുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നു പേരുകളാണവിടെയുള്ളത്: മഗ്ദലേനാമറിയം, യോസേയുടെയും ചെറിയയാക്കോബിന്റെയും അമ്മ മറിയം, സലോമി (മർക്കോ. 15:40;മത്താ 26:56). ഇവിടെ മർക്കോസ് യോസേ എന്നും മത്തായി ജോസഫ് എന്നും വിളിക്കുന്നത് ഒരാൾ തന്നെയാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഈ മൂവരും സാബത്തു കഴിഞ്ഞപ്പോൾ കല്ലറ സന്ദർശിക്കാൻ പോയതായി മർക്കോസ് 16,1ൽ വീണ്ടും പറയുന്നു. മഗ്ദലേനാമറിയവും മറ്റേ മറിയവും എന്ന് മത്തായിയും (മത്താ. 28:1).

ഈ വിവരണത്തിൽ നിന്ന് ഒരുകാര്യം വ്യക്തമാകുന്നു. യാക്കോബ്, യോസേ അഥവാ ജോസഫ് എന്നു പേരുള്ള രണ്ടുപേർക്ക് മറിയം എന്നുപേരായ ഒരമ്മയുണ്ട്. എന്നാൽ അത് യേശുവിന്റെ അമ്മയായ മറിയം അല്ല യേശുവിന്റെ അമ്മയെക്കുറിച്ച് കുരിശുമരണവുമായി ബന്ധപ്പെടുത്തി സമാന്തര സുവിശേഷങ്ങൾ പരാമർശിക്കുന്നില്ല. എന്നാൽ യോഹന്നാൻ അവതരിപ്പിക്കുന്ന, കുരിശിൻ ചുവട്ടിലെ സ്ത്രീകളുടെ പേരുവിവരം ഇവിടെ ശ്രദ്ധേയമാകുന്നു.

"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യമറിയവും മഗ്ദലേനാമറിയവും നില്ക്കുന്നുണ്ടായിരുന്നു" (യോഹ.19:25). സമാന്തരസുവിശേഷങ്ങൾ പറയാത്ത ഒരാളാണ് യേശുവിന്റെ അമ്മ. ആ അമ്മയാണ് മർക്കോസും മത്തായിയും പരാമർശിക്കുന്ന യാക്കോബിന്റെയും യോസേയുടെയും അമ്മ എന്നു കരുതാൻ ഒരു ന്യായവുമില്ല. അതിനാൽ ഒരുകാര്യം സംശയരഹിതമായി തെളിയുന്നു. മർക്കോസ് 6,3ൽ പേരുപറയുന്ന യാക്കോബും യോസെയും യേശുവിന്റെ അമ്മയായ മറിയത്തിന്റെയല്ല മറ്റേ മറിയത്തിന്റെ മക്കളാണ്. ബാക്കി നാലുപേരുടെ കാര്യത്തിലും ഈ നിഗമനം ബാധകമാകുന്നു. ഇനി ആരാണ് ഈ മറ്റേ മറിയം?

യോഹന്നാൻ നല്കുന്ന പട്ടികയിൽ യേശുവിന്റെ അമ്മയ്ക്കുപുറമേ മൂന്നുപേരുകളാണുള്ളത്. അതിൽ മഗ്ദലേനാ എല്ലാ പട്ടികയിലും ഒരാൾ തന്നെ. അവശേഷിക്കുന്നത് രണ്ടുപേർ. യോഹന്നാന്റെ പട്ടികയിൽ ക്ലോപ്പാസിന്റെ ഭാര്യ മറിയം എന്നു മർക്കോസിന്റെയും മത്തായിയുടെയും പട്ടികകളിൽ യോസേയുടെയും യാക്കോബിന്റെയും അമ്മ മറിയം എന്നും പറയുന്നത് ഒരാൾതന്നെ യെന്ന നിഗമനത്തിലേക്കാണ് ഈ അന്വേഷണം എത്തിക്കുന്നത്. യേശുവിന്റെ അമ്മ മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ സഹോദരനാണ് ഇവിടെ മറിയത്തിന്റെ ഭർത്താവായി അവതരിപ്പിക്കുന്ന ക്ലോപ്പാസ് എന്നു പരമ്പരാഗത വിശ്വാസം സ്വീകാര്യമാണ്.

ഈ നിഗമനങ്ങളുടെ വെളിച്ചത്തിൽ ഒരു തീരുമാനം ഉരുത്തിരി യുന്നു. യേശുവിന്റെ സഹോദരന്മാർ എന്നു പേരു പറയുന്നവരിൽ രണ്ടുപേരെങ്കിലും യേശുവിന്റെ പിതാവായി കരുതപ്പെട്ടിരുന്ന ജോസഫിന്റെ സഹോദരൻ ക്ലോപ്പാസിന്റെ പുത്രന്മാരാണ്. മറ്റുള്ളവരെ ക്കുറിച്ചും ഇതുപോലൊരു നിഗമനമാണ് കൂടുതൽ സ്വീകാര്യം.

ഇത്രയും പറഞ്ഞതിന്റെ വെളിച്ചത്തിൽ നാലാമത്തെ വ്യക്തിയെക്കുറിച്ചും ഒരു വാക്ക് സംഗതമാകുന്നു. യേശുവിന്റെ

അമ്മയായ മറിയത്തിന്റെ സഹോദരി എന്ന് യോഹന്നാനും (19,25) സെബദിപുത്രന്മാരുടെ അമ്മയെന്ന് മത്തായിയും (27,56) സലോമി എന്ന് മർക്കോസും (15,46) പറയുന്നത് ഒരാൾ തന്നെ എന്ന നിഗമനത്തിനു സാധുതയുണ്ട്. ഇതിൽ നിന്നു മറ്റൊരുകാര്യം കൂടി വ്യക്തമാകുന്നു. പരസ്യജീവിതകാലത്തും കുരിശുമരണത്തിന്റെ അവസരത്തിലും യേശുവിന്റെ ബന്ധുക്കൾ എല്ലാവരും അവനെ ഉപേക്ഷിച്ചില്ല. പലരും അഴനെ അനുഗമിച്ചു. അപ്പസ്തോലന്മാരിൽ മുഖ്യരായ മൂന്നിൽ രണ്ടുപേർ യാക്കോബും യോഹന്നാനും യേശുവിന്റെ തന്നെ സഹോദരങ്ങൾ (കസിൻസ്) ആയിരുന്നു. അതിനാൽ മറിയത്തിന് യേശുവിനു പുറമേ വെറെ മക്കൾ ഉണ്ടായിരുന്നു എന്ന വാദത്തിനു നിലനില്പില്ല. കത്തോലിക്കാ വിരോധവും അതിൽ നിന്നുരുത്തിരിയുന്ന മരിയൻ വിരോധവും എന്നേ ഈ നിലപാടിനെ വിശേഷിപ്പിക്കാനാകൂ!

## 6.

## ആരാണ് എന്റെ അമ്മ?

*തന്റെ കാര്യങ്ങളിൽ അമ്മ അനാവശ്യമായി ഇടപെട്ടത് യേശുവിന് ഇഷ്ടമായില്ലെന്നും അമ്മയുടെ പ്രവൃത്തിയെ ശകാരിക്കുക മാത്രമല്ല, അമ്മയെത്തന്നെ തള്ളിപ്പറയുകയും ചെയ്തു എന്ന പ്രതീതി ജനിപ്പിക്കുന്ന സുവിശേഷഭാഗങ്ങളുണ്ട്. " നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?'' (ലൂക്കാ2:49) ഉദാഹരണമാണ്. യേശു തന്റെ അനിഷ്ടം പ്രകടമാക്കുന്നതായിതോന്നുന്ന ഒരു സംഭവം മർക്കോസ് രേഖപ്പെടുത്തുന്നുണ്ട്. "അവന്റെ സ്വന്തക്കാർ ഇതുകേട്ട് അവനെ പിടിച്ചുകൊണ്ടുപോകാൻ പുറപ്പെട്ടു.... അവന്റെ അമ്മയും സഹോദരന്മാരും വന്നു പുറത്തു നിന്നുകൊണ്ട് അവനെ വിളിക്കാൻ ആളയച്ചു....... അവൻ ചോദിച്ചു. ആരാണ് എന്റെ അമ്മയും സഹോദരങ്ങളും?" (മർക്കോ.3:21,31,33). ഇപ്രകാരം യേശുതന്നെ തള്ളിപ്പറഞ്ഞ അമ്മയെ കത്തോലിക്കർ ഇത്രമാത്രം ആദരിക്കുന്നതും വണങ്ങുന്നതും ബൈബിളിന്റെ പഠനങ്ങൾക്കു വിരുദ്ധമല്ലേ? യോഹന്നാൻ എഴുതിയ സുവിശേഷത്തിലും സമാനമായ ഒരു നിലപാടു കാണാമല്ലോ?*

ചോദ്യവിഷയമായ ബൈബിൾ വാക്യങ്ങൾ അപഗ്രഥിക്കുന്നതിനുമുമ്പേ ആമുഖമായി ഒരു കാര്യം ഓർത്തിരിക്കുന്നതു നന്ന്. മാതാവിനെയും പിതാവിനെയും ബഹുമാനിക്കണം, ആദരിക്കണം

എന്നത് പത്തുപ്രമാണങ്ങളുടെ ഭാഗമാണ്. മാതാപിതാക്കളെ ആദരിക്കാത്തവർക്കെതിരേ ശക്തമായ താക്കീതുകളും ശാപങ്ങളും ബൈബിൾതന്നെ അവതരിപ്പിക്കുന്നുണ്ട് എന്നതും മറക്കാനാവില്ല. (പ്രഭാ. 3:3,9,16; 7:27–28). "പിതാവിനെ പരിഹസിക്കുകയും അമ്മയെ അവജ്ഞയോടെ ധിക്കരി ക്കുകയും ചെയ്യുന്നവന്റെ കണ്ണ് മലങ്കാക്കകൾ കൊത്തിപ്പറിക്കുകയും കഴുകന്മാർ തിന്നുകയും ചെയ്യും" (സുഭാ. 30:17) എന്ന താക്കീത് സംശയ ത്തിനു പഴുതിടുന്നില്ല.

യേശു സ്വന്തം അമ്മയെ ആദരിക്കാതെ അവജ്ഞയോടെ, വെറുപ്പോടെ തള്ളിപ്പറഞ്ഞു, അവഹേളിച്ചു എന്നൊക്കെ ജല്പി ക്കുന്നത് ശ്രദ്ധയോടെ വേണം എന്ന് ഏതു മനുഷ്യനും നൈസർഗ്ഗികമായിത്തന്നെ അറിയേണ്ടതാണ്. യേശു നാലാം പ്രമാണം അനുസരിച്ചില്ലെങ്കിൽ പിന്നെ യേശുവിനെ എങ്ങനെ രക്ഷകനായി കാണാൻ കഴിയും? അതിനാൽ ബൈബിൾ വാക്യങ്ങളുടെ മുക്കും മൂലയും മാത്രംകണ്ട് തീരുമാന മെടുക്കുന്നത് അപകടകരമാണെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ. അടുത്ത തായി ചേദ്യവിഷയമായ വാക്യങ്ങളിലേക്കു തിരിയാം.

യേശുവിനു പന്ത്രണ്ടുവയസായപ്പോൾ പെസഹാതിരുനാളിനു ജറുസലേമിലേക്ക് മാതാപിതാക്കന്മാരോടൊപ്പം നടത്തിയ തീർത്ഥാ ടനത്തിന്റെ പശ്ചാത്തലത്തിലാണ് ചർച്ചാ വിഷയമായ ചോദ്യം ലൂക്കാ അവതരിപ്പിച്ചിരിക്കുന്നത്. 'ബാലനായ യേശു ദേവാലയത്തിൽ' എന്ന ശീർഷകത്തിനു കീഴിൽ അവതരിപ്പിക്കുന്ന സംഭവം അനേകം ധ്വനികളും സൂചനകളും ഉൾക്കൊള്ളുന്ന ഒന്നാണ്.

പന്ത്രണ്ടുവയസ്സായി എന്നതുതന്നെ ശ്രദ്ധയർഹിക്കുന്നു. യേശുവിന്റെ കാലത്ത് പലസ്തീനായിൽ നിലവിലിരുന്ന നിയമ മനുസരിച്ച് പന്ത്രണ്ടുവയസായ ആൺകുട്ടികൾ എല്ലാ അവകാശങ്ങളും കടമകളു മുള്ള ഒരു ഇസ്രായേലി പുരുഷനായി പരിഗണിക്കപ്പെട്ടിരുന്നു. അവന് സിനഗോഗിൽ വായിക്കാൻ അവകാശമുണ്ട്; നിയമങ്ങൾ എല്ലാം അനുസരിക്കാൻ കടമയുണ്ട്. അതിന്റെ ഭാഗമാണ് ആണ്ടുതോറും ജറുസലെമിലേക്കുള്ള തീർത്ഥാടനം. പന്ത്രണ്ടുവയസിൽ താഴെയുള്ള ആൺകുട്ടികൾക്ക് ദേവാലയത്തിലും സിനഗോഗിലും സ്ഥാനം സ്ത്രീകൾക്കായി നിശ്ചയിച്ചിരിക്കുന്ന ഇടങ്ങളിൽ അമ്മമാരോടു കൂടെയാണ്. പന്ത്രണ്ടുവയസുപൂർത്തിയായവർക്ക് ഇസ്രായേൽ പുരുഷ ന്മാർക്കുപ്രവേശനം അനുവദിച്ചിരിക്കുന്ന ഇടങ്ങളിലേക്കു കടന്നുവരാം.

ഈ പശ്ചാത്തലത്തിൽ യേശുവിന്റെ ആദ്യത്തെ ഔദ്യോഗിക ദേവാലയ സന്ദർശനമായിട്ടാണ് ലൂക്കാ ഈ സംഭവം അവതരിപ്പിച്ചിരിക്കുന്നത് എന്നു കാണാം. മാതാപിതാക്കൾ മടങ്ങിപ്പോയപ്പോൾ യേശുദേവാലയത്തിൽത്തന്നെ തങ്ങിയത് എന്തിന്, എന്തുകൊണ്ട് എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. എന്നാൽ ആ സമയം മുഴുവൻ അവൻ യഹൂദ റബ്ബിമാരോട് വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു എന്ന പരാമർശം ഭാവിയിൽ നടക്കാൻ പോകുന്ന സുവിശേഷ പ്രഘോഷണത്തിന്റെയും വിവാദങ്ങളുടെയും ഒരു മുൻ സൂചനയായി കാണണം.

യേശുവിനെ നഷ്ടപ്പെട്ടു എന്ന തിരിച്ചറിവിൽ കണ്ണീരൊഴുക്കിക്കൊണ്ട് മാതാപിതാക്കൾ മൂന്നു ദിനരാത്രങ്ങൾ അന്വേഷിച്ച് ഒടുവിൽ ദേവാലയത്തിൽ വച്ചുകണ്ടുമുട്ടുന്നത് വരാനിരിക്കുന്ന വലിയൊരു വേർപാടിന്റെയും മൂന്നാംദിവസം കണ്ടെത്തുന്നതിലുള്ള സന്തോഷത്തിന്റെയും മുന്നോടിയാണ്; അഥവാ യേശുവിന്റെ മരണത്തിന്റെയും തന്മൂലമുണ്ടാകുന്ന ദുഃഖത്തിന്റെയും ഉത്ഥിതനെ കണ്ടുമുട്ടുന്നതിലുള്ള സന്തോഷത്തിന്റെയും പ്രതീകവും മുന്നാസ്വാദനവുമാണിത്.

മറിയത്തിന്റെ ചോദ്യം ഏതു മതാപിതാക്കളും സ്വഭാവികമായി ചോദിക്കുന്നതാണ്-എന്തേ ഞങ്ങളോട് ഇങ്ങനെ ചെയ്തു? എന്നാൽ യേശുവിന്റെ മറുപടി അവർക്കു പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നു സുവിശേഷകൻ തന്നെ പറയുന്നുണ്ട്. അവർ തന്നെ അന്വേഷിച്ചതിൽ എന്തെങ്കിലും അതൃപ്തിയോ, നീരസമോ പ്രകടിപ്പിക്കുന്നതല്ല യേശുവിന്റെ ചോദ്യം. മറിച്ച് താൻ ആരാണെന്നും തന്റെ യാഥാർത്ഥ ദൗത്യം എന്തെന്നും അവരെ അനുസ്മരിപ്പിക്കുന്നതാണ്. ഭൗതിക മാതാപിതാക്കളോടുള്ള സ്വഭാവിക സ്നേഹത്തിനും അനുസരണത്തിനും ഉപരി തനിക്ക് വ്യക്തമായ ഒരു ദൗത്യമുണ്ട് എന്ന് യേശു അവരെ അനുസ്മരിപ്പിച്ചു.

പിതാവിന്റെ ഭവനത്തിലായിരിക്കേണ്ടതാണ് എന്നു നിങ്ങൾ അറിയുന്നില്ലേ എന്നാണ് ഗ്രീക്കുമൂലം. ഭവനത്തിൽ ആയിരിക്കുക എന്നതിന് അർത്ഥമുണ്ട്. ആദ്യത്തേത് വളരെ വ്യക്തം. നിങ്ങൾ എവിടെയാണ് എന്നെ വിട്ടത്? ഈ ദേവാലയത്തിലല്ലേ? പിന്നെ എന്തിന് മറ്റിടങ്ങളിൽ അന്വേഷിച്ചു എന്നതാവാം ഒരർത്ഥം. എന്നാൽ അതിലുപരി പിതാവേല്പിച്ച കാര്യങ്ങൾ നിർവഹിക്കുന്നതിൽ ഞാൻ ദത്തശ്രദ്ധനായിരിക്കണം അതാണ് എന്റെ മുഖ്യ കടമ. എന്നാൽ അതെന്താണെന്നോ അതിന്റെ അർത്ഥ വ്യാപ്തി എത്രയുണ്ടെന്നോ

മറിയത്തിനും ജോസഫിനും മനസിലായില്ല. പിതാവിന്റെ കാര്യങ്ങൾ യേശുവിനെ കുരിശുമരണത്തിലേക്കു നയിക്കും എന്ന് വളരെ സാവധാനമാണ് അവർ ഗ്രഹിച്ചത്. മരണം വഴിയുള്ള വേർപാട് അവർക്ക് അതീവ ദുഃഖകരമായിരിക്കും. അതിന്റെ ഒരു മുന്നാസ്വാദനമായിരുന്നു ഈ മൂന്നു ദിവസത്തെ കണ്ണീരോടുകൂടെയുള്ള തിരച്ചിൽ.

"അവർ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല" (ലൂക്ക 2:50) എന്നു സുവിശേഷകൻ എടുത്തു പറയുന്നു. യേശുവുമായി ബന്ധപ്പെട്ടകാര്യങ്ങളിൽ അവർക്കു ഗ്രഹിക്കാൻ കഴിയാത്ത ആദ്യ സംഭവമല്ല ഇത്; അവസാനത്തേതുമല്ല. മറിയവും ജോസഫും സാധാരണ മനുഷ്യനായിരുന്നു, സർവ്വജ്ഞാനികളായിരുന്നില്ല. സാവകാശമാണ് തങ്ങൾതന്നെ പങ്കുകാരാകുന്ന രക്ഷാചരിത്രത്തിന്റെ പൂർത്തീകരണ ത്തിലേക്ക് അവരുടെ ഉൾക്കണ്ണുകൾ തുറന്നത്. അതുവരെ ഒന്നേ ചെയ്യാനുള്ളൂ. "അവന്റെ അമ്മ ഇക്കാര്യമെല്ലാം ഹൃദയത്തിൽ സംഗ്ര ഹിച്ചു." ലൂക്ക 2:51 ഇതു തന്നെയാണ് മറിയം എന്നും ചെയ്തിരുന്നത്. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്ക 2:19)

ചോദ്യംകൊണ്ട് യേശു അവസാനിപ്പിച്ചില്ല. "പിന്നെ അവൻ അവ രോടൊപ്പം നസ്രത്തിൽ വന്ന് അവർക്കു വിധേയനായി ജീവിച്ചു"(ലൂക്ക 2:51) എന്ന ഉപസംഹാരവചനം യേശുവിന്റെ യഥാർത്ഥ മനോഭാവം വ്യക്തമാക്കുന്നു. അവിടെ പ്രതിഷേധമോ, നീരസമോ അവജ്ഞയോ ഒന്നുമല്ല യഥാർത്ഥമായ സ്നേഹവും അനുസരണവുമാണ് പ്രകടമാകു ന്നത്. അതിനാൽ യേശു അമ്മയെ തള്ളിപ്പറഞ്ഞു എന്ന വ്യാഖ്യാനം സ്വന്തം താല്പര്യങ്ങൾ ബൈബിൾ വാക്യങ്ങളിൽ ആരോപിക്കുന്നതിന്റെ ഉദാഹരണമായേ കാണാൻ കഴിയൂ. യേശു കൂടെയില്ല എന്നറിയുമ്പോൾ അനുതാപത്തോടെ ഒരു മടക്ക യാത്രയ്ക്കു തയ്യാറാകണമെന്നും ഈ സംഭവം പഠിപ്പിക്കുന്നു.

ആരാണ് എന്റെ അമ്മ എന്ന ചോദ്യമാണ് അടുത്തതായി പരിശോധിക്കാനുള്ളത്. പ്രത്യക്ഷത്തിൽ അമ്മയെ തള്ളിപ്പറയുന്നതായി തോന്നാവുന്നതാണ് യേശുവിന്റെ ചോദ്യം: ആരാണ് എന്റെ അമ്മ? എന്നാൽ അടുത്തു പരിശോധിച്ചാൽ മനസ്സിലാകും, തള്ളി പ്പറയുകയല്ല, അമ്മയുടെ യഥാർത്ഥ മഹത്വത്തിലേക്കു വിരൽ ചൂണ്ടുകയാണ് യേശു ചെയ്യുന്നതെന്ന്.

സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണിത് (മർക്കോ. 3:31-35; മത്താ. 12:46-50; ലൂക്ക 8:19-20). മൂന്നു

പേരും ഒരേ സംഭവമാണ് വിവരിക്കുന്നതെങ്കിലും മൂന്നുംതമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ആരാണ് എന്റെ അമ്മ എന്ന ചോദ്യം ലൂക്കായിൽ ഇല്ല. മത്തായി ചോദ്യം അവതരിപ്പിക്കുന്നുണ്ടെങ്കിലും സാഹചര്യത്തിൽ ചില വ്യത്യാസങ്ങളുണ്ട്. സമാന്തരസുവിശേഷങ്ങളിൽ മർക്കോസിന്റേതാണ് ആദ്യരചനയെന്നും മറ്റിരുവരും മർക്കോസിനെയും തങ്ങൾക്കു ലഭ്യമായിരുന്ന മറ്റുചിലരേഖകളെയും ആശ്രയിച്ചാണ് സുവിശേഷ രചന നടത്തിയത് എന്നും പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ മർക്കോസിന്റെ വിവരണമായിരിക്കാം ആദ്യത്തേത്. അതിനാൽ വിശകലനം അവിടെത്തന്നെ തുടങ്ങാം.

പടിപടിയായി യേശു തിരസ്ക്കരിക്കപ്പെടുന്നതിന്റെ ചിത്രമാണ് മർക്കോസ് സുവിശേഷത്തിൽ അവതരിപ്പിക്കുന്നത്. അധികാരികൾ യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങളെ ചോദ്യം ചെയ്തു (മർക്കോ. 2:6–7); ചുങ്കക്കാരുമായുള്ള സമ്പർക്കത്തെ വിമർശിച്ചു (2,16); ഉപവസിക്കാത്തതിന്റെ പേരിൽ കുറ്റപ്പെടുത്തി (2,18); സാബത്തിനോടുള്ള സമീപനത്തെ ചോദ്യംചെയ്തു (2,24). സാബത്തു ലംഘിച്ചതിന്റെ പേരിൽ കൊല്ലാൻ ആലോചന നടത്തി (3,6). അവനുഭ്രാന്താണെന്നും പിശാചുബാധിച്ചിരിക്കുന്നു എന്നും പറഞ്ഞുപരത്തി (3,31–32) ഇത്രയു മായപ്പോൾ ‘‘ അവന്റെ സ്വന്തക്കാർ അവനെ പിടിച്ചു കൊണ്ടുപോകാൻ പുറപ്പെട്ടു”(3,21). ഇതിന്റെ തുടർച്ചയായിട്ടാണ് യേശുവിന്റെ ചോദ്യം മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്.

യേശുവിനെ ബലമായി പിടിച്ചുകൊണ്ടുപോകാൻ പുറപ്പെട്ട സ്വന്തക്കാർ വരുമ്പോൾ യേശു ഉപമകൾ വഴി പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവനുചുറ്റുമുണ്ടായിരുന്ന ജനക്കൂട്ടം നിമിത്തം അവർക്ക് യേശുവിനെ സമീപിക്കാൻ സാധിച്ചില്ല. അതിനാൽ “അവർ പുറത്തു നിന്നു; അവനെ വിളിക്കാൻ ആളയച്ചു” (3:31). ഈ സാഹചര്യത്തിലാണ് യേശുവിന്റെ ചോദ്യം. “ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ?” നിന്നെ കാണാൻ നിന്റെ അമ്മയും സഹോദരന്മാരും പുറത്തുനില്ക്കുന്നു എന്ന് അറിയിച്ചതിനു മറുപടിയാണ് ഈ ചോദ്യം. ആരാണ് അമ്മ എന്ന് അറിയില്ലെങ്കിൽ ജനം പറഞ്ഞു പരത്തിയത് തീർത്തും ശരിയാണ്: അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു!

എന്നാൽ ഇതാണോ സുവിശേഷകൻ പറയാൻ ശ്രമിക്കുന്നത്? യേശുവിനു ഭ്രാന്താണെന്ന് വിവരമുള്ള ആരും അംഗീകരിക്കു കയില്ല. അമ്മയെയും സഹോദരങ്ങളെയും അവൻ മറന്നിട്ടുമില്ല. പിന്നെ എന്താണ് ഈ ചോദ്യത്തിന്റെ അർത്ഥം? യേശു തന്നെ മറുപടിയും പറയുന്നുണ്ട്:

"ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും സഹോദരങ്ങളും! ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നതാരോ അവരാണ് എന്റെ സഹോദരനും സഹോ ദരിയും അമ്മയും" (3,34).

വളരെ പ്രധാനപ്പെട്ട ഒരു സത്യമാണ് യേശു ഇവിടെ വെളി പ്പെടുത്തുന്നത്. രക്തബന്ധമല്ല പ്രധാനം, വിശ്വാസവും അനുസര ണവും വഴിയുള്ള ആത്മബന്ധമാണ്. അതിനാൽ ശാരീരികമായ, രക്തബന്ധ ത്തിന്റെ പേരിൽ യേശുവിനുമേൽ ആരും അവകാശവാദങ്ങൾ ഉന്നയിക്കരുത്. അതല്ല പ്രധാനം. യേശുവിലൂടെ വെളിപ്പെടുന്ന ദൈവഹിതം അനുസരിച്ചു ജീവിച്ചാൽ മാത്രമേ യേശുവിന്റെ ബന്ധുക്കളാകാൻ കഴിയൂ; ദൈവമക്കളാകാൻ കഴിയൂ. ഇതിൻ പ്രകാരം ആർക്കും യേശുവിന്റെ ബന്ധുവാകാൻ സാധിക്കും. കാരണം എല്ലാവരെയും ദൈവമക്കളാക്കാൻ വേണ്ടിയാണ് അവൻ മറിയത്തിന്റെ മകനായി അവതരിച്ചത്. തന്നെ പിടിച്ചുകൊണ്ടുപോകാൻ വന്നിരി ക്കുന്നവരും ഇത് കേൾക്കണം. തങ്ങൾ ആരുടെ പക്ഷത്താണെന്ന് വിവേചിച്ചറിയണം.

പ്രത്യക്ഷത്തിൽ അമ്മയെയും പ്രതിക്കൂട്ടിലാക്കുന്നതാണ് ഈ വചനം. എന്നാൽ ചോദിക്കേണ്ടനിർണ്ണായകമായൊരു ചോദ്യമുണ്ട്: മറിയം ദൈവഹിതം അനുസരിച്ചാണോ ജീവിച്ചത്? അല്ല എന്നു പറയാൻ ഒരു കാരണവും ബൈബിൾ അവതരിപ്പിക്കുന്നില്ല. എന്നാൽ ആരംഭം മുതൽ ദൈവഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങിയാണ് മറിയം ജീവിച്ചത് എന്നു എടുത്തു പറയുന്ന വാക്യങ്ങളുണ്ട്. "ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"(ലൂക്ക 1:38). വചനശ്രവണം, ധ്യാനം, വിശ്വാസം, അനുസരണം ഇതെല്ലാം മറിയത്തിന്റെ മുഖമുദ്രയായിരുന്നു (ലൂക്ക 1:42;2:19.51). അതിനാൽ യേശുവിന്റെ ചോദ്യവും ഉത്തരവും മറിയത്തെ തള്ളിപ്പറയുകയല്ല, അമ്മയുടെ യഥാർത്ഥ മഹത്വം എടുത്തുകാട്ടുകയാണ് ചെയ്യുന്നത്. ശാരീരികമായി ജന്മം നല്കിയ അമ്മ യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയുമാണ്. അതിനാൽ എല്ലാവിധത്തിലും ആദരവിനും അനുകരണത്തിനും അർഹ തന്നെ എന്ന് യേശു സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

മത്തായിയുടെ വിവരണത്തിൽ ഈ ആശയം കൂടുതൽ വ്യക്ത മാകുന്നു. അമ്മയും സഹോദരന്മാരും അവനെ പിടിച്ചു കൊണ്ടു പോകാൻ പുറപ്പെട്ടു എന്ന വാക്യം മത്തായിയിലില്ല. അവർ വന്നത് അവനുമായി സംസാരിക്കാൻ വേണ്ടിയാണെന്ന് എടുത്തുപറയുന്നു

(മത്താ. 12:46-50). ഇവിടെയും അമ്മയെ ദൈവഹിതം പൂർണ്ണമായി നിറവേറ്റുന്നവളായിട്ടാണ് യേശുഅവതരിപ്പിക്കുന്നത്. ലൂക്കായുടെ വിവരണത്തിൽ (ലൂക്കാ 8: 19-21) ആരാണ് എന്റെ അമ്മ എന്ന ചോദ്യം പോലുമില്ല. മറിച്ച് മാതൃത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു നിർവചനമാണ് യേശു നല്കുന്നത്: " ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്ക 8:21). ശാരീരികമായി മാത്രമല്ല, ആത്മീയമായും മറിയം തന്റെ അമ്മയാണെന്ന് ഏറ്റു പറയുകയും അമ്മയുടെ യഥാർത്ഥ മഹത്വം ജനമധ്യത്തിൽ വെളിപ്പെടുത്തുകയുമാണ് യേശു ചെയ്തത്.

അതിനാൽ യേശു അമ്മയെ ജനമധ്യത്തിൽ വച്ച് തള്ളിപ്പറഞ്ഞു എന്നത് സുവിശേഷ സാക്ഷ്യങ്ങളാൽ സ്ഥിരീകരിക്കാൻ സാധിക്കാത്ത തെറ്റിധാരണയോ നുണയോ ആയേ പരിഗണിക്കാൻ കഴിയൂ. ഇവിടെ സമാന്തര സുവിശേഷങ്ങൾ മൂന്നും നല്കുന്ന ഒരു സാക്ഷ്യവും നിർദ്ദേശവുമുണ്ട്. യേശുവിന്റെ അമ്മയായ മറിയം ദൈവവചനം ശ്രവിക്കുകയും വിശ്വസിച്ച് അനുസരിക്കുകയും ചെയ്യുകവഴി തന്റെ വിളിക്ക് അനുയോജ്യമായ ഒരു ജീവിതമാണ് നയിച്ചത് എന്നു സാക്ഷ്യപ്പെടുത്തുന്നു. അതോടൊപ്പം അമ്മയെ അനുകരിച്ച് സകലരും ദൈവവചനം ശ്രവിക്കുകയും അനുസരിക്കുകയും ചെയ്യണം; എങ്കിലേ നിത്യരക്ഷ സാധ്യമാകൂ, ദൈവമക്കളായി പരിഗണിക്കപ്പെടൂ എന്നും ഈ വചനം പഠിപ്പിക്കുകയും ചെയ്യുന്നു.

# 7.
# സ്ത്രീയേ, എനിക്കും നിനക്കും എന്ത്?

*കത്തോലിക്കരുടെ മരിയഭക്തിക്കെതിരേ എടുത്തുകാട്ടാറുള്ള സുപ്രധാനമായ ഒരു വാക്യമാണ് യോഹ. 2:4 അവതരിപ്പിക്കുന്ന യേശുവിന്റെ ചോദ്യം: "സ്ത്രീയേ എനിക്കും നിനക്കും എന്ത?" പൊതു വേദിയിൽ വച്ച്, പരസ്യമായി യേശുതന്റെ അമ്മയെ തള്ളിപ്പറയുകയും തമ്മിൽ ഒരു ബന്ധവുമില്ല എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു വചനമാണെന്നു കരുതുന്നവരും അങ്ങനെ വ്യാഖ്യാനിക്കുന്നവരും ഏറെയുണ്ട്. 'എനിക്കും നിനക്കും തമ്മിൽ എന്ത്' എന്ന് സത്യവേദ പുസ്തകം വിവർത്തനം ചെയ്തിരിക്കുന്നത് ഈ ഒരു കാഴ്ചപ്പാടിന് അനുകൂലമായി വ്യാഖ്യാനിക്കാവുന്നതാണ്.*

*"അമ്മേ" എന്നു വിളിക്കുന്നതിനുപകരം " സ്ത്രീയേ" എന്നു വിളിക്കുന്നതാണ് ഈ വ്യാഖ്യാനത്തിന് അടിസ്ഥാനമായി നില്ക്കു ന്നത്. കിണറ്റിൻ കരയിൽ വച്ചുകണ്ടുമുട്ടിയ സമരിയാക്കാരിയേയും (യോഹ.4:21) വ്യഭിചാരത്തിൽ പിടിക്കപ്പെട്ട് കല്ലെറിയാൻ കൊണ്ടുവന്ന പാപിനിയെയും (യോഹ. 8:10) സ്ത്രീയേ എന്നാണ് യേശു വിളി ക്കുന്നത്. ഇതുപോലെ തന്നെയല്ലേ മറിയത്തെയും അഭിസംബോധന ചെയ്യുന്നത്?*

*തന്റെ സമയം ഇനിയും ആയിട്ടില്ല എന്നു വിശദീകരണം ഈ വിഷയത്തെ കൂടുതൽ രൂക്ഷമാകുന്നു. പിതാവു നിശ്ചയിച്ചിരിക്കുന്ന പദ്ധതിയിൽ നിന്ന് തന്നെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതിലുള്ള രോഷവും അമർഷവും ഈ അഭിസംബോധനയിലുണ്ട് എന്നു*

*കരുതുന്നവരുണ്ട്. അപ്പോൾ മറിയത്തിന്റെ സ്ഥാനം മരുഭൂമിയിലെ പ്രലോഭകന്റെ കൂടെയാണ് എന്ന നിഗമനം ഉരുത്തിരിയുന്നു. പിന്നെ എന്തേ കത്തോലിക്കർ യേശുവിന്റെ അമ്മയ്ക്ക് ഇത്രപ്രധാന്യം കൊടുക്കുന്നു എന്നതാണ് ചോദ്യം. ഉത്തരം നല്കിയേ മതിയാവൂ!*

"വിശുദ്ധ ലിഖിതമോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതിനാലല്ലോ നിങ്ങൾക്കു തെറ്റുപറ്റുന്നത്?" (മർക്കോ. 12,24) എന്ന യേശുവിന്റെ ചോദ്യം ഇവിടെ പ്രസക്തമാകുന്നു. ദൈവവചനം വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നാണ്, ഓരോ വാക്കും വാക്യവും അതതിന്റെ പൊതുവായ സാഹചര്യത്തിൽ (text in its Context) വായിക്കണം എന്നത്. സാഹചര്യത്തിൽ നിന്ന് അടർത്തിയെടുത്ത് വാക്യശലകങ്ങൾ വ്യാഖ്യാനിക്കുമ്പോൾ വിശുദ്ധഗ്രന്ഥകാരനും ദൈവവും നല്കാൻ ഉദ്ദേശിച്ച സന്ദേശമായിരിക്കുകയില്ല ലഭിക്കുന്നത്.

"ദൈവമില്ല" എന്നു ബൈബിൾ തന്നെ പഠിപ്പിക്കുന്നു എന്ന് സങ്കീ. 14:1 ഉദ്ധരിച്ചുകൊണ്ട് വാദിക്കുന്നതുപോലെയാകും അത്. "മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" എന്നതു വിട്ടുകളഞ്ഞുകൊണ്ടാണ് ഈ നിരീശ്വരവാദം ബൈബിൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപി ക്കാൻ ശ്രമിക്കുന്നത്. അതിനാൽ ചർച്ചാവിഷയമായ ഗുരുമൊഴിയുടെ സാഹചര്യവും സുവിശേഷത്തിൽ പൊതുവായി അവതരിപ്പിക്കപ്പെടുന്ന പ്രബോധനവും കണക്കിലെടുത്താലേ അർത്ഥം ഗ്രഹിക്കാൻ കഴിയൂ.

ചർച്ചാവിഷയമായ തിരുവചനത്തിന്റെ സാഹചര്യവുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ ആദ്യമേ ശ്രദ്ധിക്കേണ്ടതുണ്ട്. സമയമായിട്ടില്ല എന്നു പറഞ്ഞെങ്കിലും അമ്മ ആഗ്രഹിച്ചതനുസരിച്ച് യേശു അത്ഭുതം പ്രവർത്തിച്ചു, വീട്ടുകാരുടെ നാണക്കേട് ഒഴിവാക്കി എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. തന്നെയുമല്ല, യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന്റെ തുടക്കമാണിത് എന്ന സുവിശേഷ വാക്യവും ശ്രദ്ധേയമാണ്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ രണ്ടുതവണ മാത്രമേ മറിയം പ്രത്യക്ഷപ്പെടുന്നുള്ളൂ, കാനായിലും കാൽവരിയിലും (യോഹ 19, 25 -27) രണ്ടുതവണയും സുവിശേഷകൻ മറിയത്തെ യേശുവിന്റെ അമ്മ എന്നാണ് വിശേഷിപ്പിക്കുന്നത്; യേശുവാകട്ടെ രണ്ടുതവണയും "സ്ത്രീയേ" എന്നു വിളിക്കുന്നു. ഈ രണ്ടു സംഭവങ്ങളും പരസ്പരം, അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്നതും ശ്രദ്ധിക്കണം.

കാനായിലാണ് മഹത്വം വെളിപ്പെടുത്തലിന്റെ തുടക്കം; കാൽവരിയിലാണ് അതിന്റെ പൂർത്തീകരണം. ദൈവസ്നേഹം അതിന്റെ പൂർണ്ണതയിൽ പ്രകടമായതും (യോഹ 3, 15–16) യേശു പിതാവിനെയും പിതാവ് പുത്രനെയും മഹത്വപ്പെടുത്തിയതും കാൽവരിയിലെ കുരിശിൽ ഉയർത്തപ്പെടുന്നതിലൂടെയാണ്. യോഹന്നാന്റെ കാഴ്ചപ്പാടിൽ കുരിശുമരണം തന്നെയാണ് ഉയർത്തൽ, അഥവാ മഹത്വപ്പെടുത്തൽ. സ്നേഹത്തിന്റെ വെളിപ്പെടുത്തലായി മഹത്വീകരണത്തെ വ്യാഖ്യാനിക്കുന്നു.

യോഹന്നാൻ രേഖപ്പെടുത്തുന്ന യേശുവിന്റെ ആദ്യത്തെ അത്ഭുതമാണ് കാനായിൽവച്ചു നടന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഏഴ് അത്ഭുതങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്; അവ ഓരോന്നും അടയാളങ്ങളായി അവതരിപ്പിക്കുന്നു. കാനായിലെ അത്ഭുതത്തിന്റെ ഉപസംഹാരമെന്ന നിലയിൽ സുവിശേഷകൻതന്നെ ഇത് എടുത്തു പറയുന്നുണ്ട് (യോഹ 2, 11). മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നുനടന്നു എന്ന മുഖവുരയോടെ തുടങ്ങുന്ന വിവരണം വെളിപ്പെടുത്തലിന്റെ അടയാളത്തെ സൂചിപ്പിച്ചും ശിഷ്യന്മാരുടെ വിശ്വാസം എടുത്തുപറഞ്ഞുംകൊണ്ട് അവസാനിപ്പിക്കുന്നു. ഈ അവതരണംതന്നെ സംഭവത്തിനു സുവിശേഷകൻ നല്കുന്ന പ്രാധാന്യം എടുത്തുകാട്ടുന്നു. മൂന്നാം ദിവസം എന്ന കാലസൂചന, മൂന്നാം ദിവസം നടക്കാനിരിക്കുന്ന മഹാത്ഭുതത്തിലേക്ക്, യേശുവിന്റെ ഉത്ഥാനത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതിനാൽ തുടർന്നു വിവരിക്കാൻ പോകുന്ന സംഭവങ്ങൾക്കെല്ലാം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ കൂടുതൽ ആഴവും അർത്ഥവുമുണ്ട് എന്നു സുവുശേഷകൻ അനുസ്മരിപ്പിക്കുന്നതായി കരുതണം.

വിവാഹവിരുന്ന് ദൈവരാജ്യത്തുന്റെ, നിത്യ ജീവന്റെ പ്രതീകമാണ്. വിവാഹ വിരുന്നിൽ വീഞ്ഞ് സന്തോഷത്തിന്റെ പ്രതീകവും ഉപകരണവുമാകുന്നു. വീഞ്ഞു നൽകുന്നത് മണവാളന്റെ കടമ. ഇവിടെ വീഞ്ഞു തീർന്നുപോയകാര്യംപോലും മണവാളൻ അറിയുന്നില്ല, എന്നാൽ സമൃദ്ധമായി വീഞ്ഞു നൽകുന്നത് യേശുവാണ്. ആറു ചാറകളിൽ നിറഞ്ഞു കവിയുന്ന വീര്യമുള്ള വീഞ്ഞ് രക്ഷകനായ മിശിഹാ നല്കുന്ന ദൈവരാജ്യത്തിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു. അങ്ങനെ ഈ വിവരണത്തിൽ ഒരു പ്രത്യേക ഊന്നൽ കാണാൻ കഴിയും. വിവാഹ വിരുന്നിൽ വീഞ്ഞു തീർന്നുപോകുന്നു; ശുദ്ധീകരണത്തിനായി വച്ചിരുന്ന ഏകദേശം 100–120 ലിറ്റർ വെള്ളം കൊള്ളുന്ന കൽഭരണികൾ കാലിയായിരിക്കുന്നു. ഇതു രണ്ടും പഴയനിയമത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു. വിരുന്നുകാരെ, വിശ്വാസികളെ, തൃപ്തരാക്കാനോ ശുദ്ധീകരിക്കാനോ പഴയനിയമത്തിനു കഴിയുന്നില്ല.

ആ സ്ഥാനത്താണ് യേശു പുതിയ വീഞ്ഞ് സമൃദ്ധമായി നല്കുന്നത്. യേശുതന്നെയാണ് യഥാർത്ഥ മണവാളൻ. ഈ സമൃദ്ധി യേശുവിലൂടെ സംജാതമായ ദൈവരാജ്യത്തിന്റെതന്നെ അടയാളമാണ്. യേശു നല്കുന്ന പുതുവീഞ്ഞിനെക്കുറിച്ച് വേറെയും പരാമർശങ്ങളുണ്ടല്ലോ (മർക്കോ 2, 22). ഇപ്രകാരം ഒരു വെളിപ്പെടുത്തലിലേക്കു നയിക്കുന്നത് മറിയത്തിന്റെ ഇടപെടലാണെന്ന കാര്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ട് വിവരണം തുടങ്ങുമ്പോൾ അമ്മയിലേക്കു ശ്രദ്ധ ക്ഷണിക്കാനുള്ള സുവിശേഷകന്റെ ശ്രമം കാണാതെ പോകരുത്.

വീഞ്ഞു തീർന്നുപോയി എന്ന കാര്യം മണവാളനും കലവറക്കാരും അറിയുന്നതിനുമുമ്പേ അമ്മ അറിഞ്ഞു. അതാണ് അമ്മയുടെ പ്രത്യേകത. ആഹാരം ഒരുക്കുന്ന അടുക്കളയിൽ അമ്മയാണ് കാര്യങ്ങൾ നടത്തുന്നത്; കല്യാണ വീടിന്റെമാത്രമല്ല, എല്ലാ വീടുകളുടെയും വ്യക്തികളുടെയും ആഹാരം ഒരുക്കുന്ന അടുക്കളയിൽ അമ്മയുണ്ട് എന്നു സുവിശേഷകൻ ആദ്യമേ അനുസ്മരിപ്പിക്കുന്നു. ആവശ്യം കണ്ടറിയുകമാത്രമല്ല അതിനുള്ള പരിഹാര മാർഗ്ഗവും അമ്മയ്ക്കറിയാം. വീട്ടുകാർ ആവശ്യപ്പെടാതെതന്നെ അമ്മ ആവശ്യം മകനെ അറിയിച്ചു, തന്റെ സ്വന്തം ആവശ്യംപോലെ. രണ്ടേ രണ്ടു വാക്ക്: "അവർക്കു വീഞ്ഞില്ല." അതിലധികം ആവശ്യമില്ല. എല്ലാം അറിയുന്ന മകൻ വേണ്ടതു ചെയ്തുകൊള്ളും എന്ന് അവൾക്കുറപ്പുണ്ട്. അതിനാൽ വാദത്തിനോ തർക്കത്തിനോ ബോധ്യപ്പെടുത്താനുള്ള ആവർത്തനത്തിനോ ഒന്നും അവൾ നില്ക്കുന്നില്ല. നിഷേധാത്മകം എന്നു തോന്നാവുന്ന മറുപടി കേട്ട് നിരാശപ്പെടുന്നുമില്ല. ഇതാണ് യോഹന്നാൻ വരച്ചുകാട്ടുന്ന അമ്മയുടെ ചിത്രത്തിന്റെ ആദ്യഭാഗം. ആവശ്യം കണ്ടറിയുന്നു; മകൻ അതുപരിഹരിക്കും എന്ന് ഉറച്ചു വിശ്വസിക്കുന്നു; ആ വിശ്വാസത്തോടെ മകന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്നു.

യേശുവിന്റെ മറുപടിയാണല്ലോ ചോദ്യവിഷയം. "സ്ത്രീയേ, എനിക്കും നിനക്കും എന്ത്?" പ്രത്യക്ഷത്തിൽ നിഷേധാത്മകമായി തോന്നാവുന്നതാണ് ഈ മറുപടി സ്ത്രീയേ എന്ന അഭിസംബോധന മാത്രമല്ല, എനിക്കും നിനക്കും എന്ത് എന്ന ചോദ്യവും പല വ്യാഖ്യാന സാധ്യതകൾ ഉൾക്കൊള്ളുന്നു. *"തി ഹെമോയ് കായ് സോയ്" (ti emoi kai soi-what to me and to you)* എന്നാണ് ഗ്രീക്കു മൂലം. ഇതേ വാക്കുകൾ തന്നെയാണ് ഗരസേനരുടെ നാട്ടിലെ പിശാചുബാധിതൻ യേശുവിനോടു ചോദിക്കാൻ ഉപയോഗിക്കുന്നത് (മർക്കോ 5, 7 "നീ എന്തിന് എന്റെ

കാര്യത്തിൽ ഇടപടുന്നു" എന്ന് പി.ഒ.സി. വിവർത്തനം). നാം തമ്മിൽ എന്തു ബന്ധം? എന്നാവാം ധ്വനി. ഈ അർത്ഥമാണ് സത്യവേദപുസ്തകം നല്കിയിരിക്കുന്നത്. ഇങ്ങനെ ഒരു സാധ്യത ഉണ്ടെന്നത് തള്ളിക്കളയാനാവില്ല. എന്നാൽ ഇതാണോ യേശു അർത്ഥമാക്കിയത്? എങ്കിൽ അതനുസരിച്ചായിരിക്കണമല്ലോ പ്രവൃത്തി. പക്ഷേ നേരെ മറിച്ചാണ് സംഭവിച്ചത്.

സ്ത്രീയേ എന്ന അഭിസംബോധനയിലുമുണ്ട് ഇതുപോലൊരു സന്ദിഗ്ദാവസ്ഥ. ആരംഭത്തിൽ കണ്ടതുപോലെ ഒരർത്ഥമാണ് യേശു ഉദ്ദേശിച്ചതെന്നു കരുതുക അസാധ്യം. തന്റെ അമ്മയെ വേശ്യയും വ്യഭിചാരിണിയുമായി യേശു കണ്ടു എന്നു പറഞ്ഞാൽ, ഏറ്റം കുറഞ്ഞത് അത് ദൈവദൂഷണമാണ്. അപ്പോൾ സ്ത്രീയേ എന്ന അഭിസംബോധനയ്ക്ക് കൂടുതൽ ആഴമേറിയ ധ്വനികളുണ്ട്. കുറ്റവാളികളായി കരുതപ്പെടുന്നവരെയും സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരെയും പ്രത്യേകം ബഹുമാനിക്കുക യേശുവിന്റെ പ്രവർത്തന ശൈലിയുടെ ഭാഗമായിരുന്നു. അതിനാൽ മറ്റു സ്ത്രീകളെ "സ്ത്രീയേ" എന്നു അഭിസംബോധന ചെയ്യുന്നത് ഈ മാന്യതയുടെയും ആദരവിന്റെയും ഭാഗമായി കരുതാനാവും. എന്നാൽ അമ്മയെ സംബന്ധിച്ച് ഇത്രമാത്രം പോരാ.

എന്തുകൊണ്ട് "അമ്മേ" എന്നു വിളിക്കുന്നില്ല എന്നതാണ് മുഖ്യ ചോദ്യവിഷയം. മറിയത്തിന്റെ മാതൃത്വം നിഷേധിക്കുകയാണെന്നു കരുതാൻ ഒരു ന്യായവുമില്ല. പിന്നെ എന്തുകൊണ്ട് ഈ അസധാരണവിളി? യേശുവിന്റെ കാലത്ത് മക്കൾ അമ്മമാരെ ആദരവു നിമിത്തം ഇങ്ങനെ വിളിച്ചിരുന്നു എന്ന വാദത്തിനു നിലനില്പില്ല. അപ്പോൾ കാരണം വേറെയാണെന്ന് നിശ്ചയം. അമ്മേ എന്നു വിളിച്ചാൽ പ്രകടമാകാത്ത എന്തോ ഒരർത്ഥം, ധ്വനി സ്ത്രീയേ എന്നു വിളിക്കുന്നതിലുണ്ട് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. എന്താണത്? കാൽവരിയിൽ കുരിശിൽ മരിക്കുമ്പോഴും അമ്മയെ "സ്ത്രീയേ" എന്നാണ് വിളിച്ചതെന്നതും കണക്കിലെടുക്കണം. കാനായും കാൽവരിയും തമ്മിലുള്ള ബന്ധവും പരിഗണിക്കണം.

അമ്മേ എന്നു വിളിക്കുകയാണെങ്കിൽ യേശുവും മറിയവും തമ്മിലുള്ള വ്യക്തിബന്ധം മാത്രമാവും പ്രകടമാകുക. എന്നാൽ അതു മാത്രമല്ല ഇവിടെ വിവക്ഷ. യേശവിന്റെ മഹത്വം ആദ്യമായി വെളിപ്പെടുത്തപ്പെടുന്ന നിർണ്ണായക മുഹൂർത്തത്തിൽ മറിയം നില്ക്കുന്നത് യേശുവിന്റെ അമ്മ എന്ന നിലയിൽ മാത്രമല്ല, മറിച്ച് സകല സ്ത്രീകളുടെയും പ്രതീകവും ആദ്യ സ്ത്രീയായ ഹവ്വായുടെ പ്രതീകത്തിന്റെ പൂർത്തീകരണ

വുമായിട്ടാണ്. ആദ്യ സ്ത്രീയായ ഹവ്വയാണ് ആദ്യമേ പ്രലോഭകനു വഴങ്ങിയതും പുരുഷനെ പാപത്തിലേക്കു നയിച്ചതും, അങ്ങനെ പാപത്തിന്റെ ചങ്ങലയ്ക്കു തുടക്കം കുറിച്ചതും. അതിനു പകരം മറ്റൊരു സ്ത്രീ ഇപ്പോൾ പാപത്തിൽ നിന്നുള്ള രക്ഷാകർമ്മത്തിലേക്ക് മറ്റൊരു പുരുഷനെ, ആദാമിന്റെ പൂർത്തീകരണമായ, പുതിയ ആദാം എന്നു വിശേഷിപ്പിക്കുന്ന യേശുവിനെ നയിക്കുന്നു. അങ്ങനെ മറിയം പുതിയ ഹവ്വാ ആയി ചിത്രീകരിക്കപ്പെടുന്നു.

"നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും" (ഉൽപ 3, 15) എന്ന ആദ്യ പ്രവചനത്തിന്റെ പൂർത്തീകരണത്തിന്റെ തുടക്കമാണ് ഇവിടെ സംഭവിക്കുന്നത് എന്ന് യോഹന്നാൻ എടുത്തു കാട്ടുന്നു. അമ്മേ എന്നു വിളിച്ചാൽ കിട്ടാത്ത ഒരു ധ്വനിയാണിത്. രക്ഷാകര പ്രവൃത്തിക്കു തുടക്കം കുറിക്കാൻ യേശുവിനു പ്രേരകമാകുന്നത് അമ്മയുടെ യാചനയാണ്. ഈ അർത്ഥത്തിൽ കാണുമ്പോൾ സ്ത്രീയേ എന്ന വിളിയുടെ ആഴം ഗ്രഹിക്കാൻ കഴിയും. എന്നാൽ ഇതുകൊണ്ടു മാത്രം ചോദ്യത്തിന് ഉത്തരം പൂർണ്ണമാകുന്നില്ല. യേശുവിന്റെ ചോദ്യം തന്നെയാണല്ലോ ശ്രദ്ധാകേന്ദ്രം.

എനിക്കും നിനക്കും എന്ത് എന്ന ചോദ്യത്തിന് മുകളിൽ കണ്ടതിൽ നിന്നും വ്യത്യസ്തമായ അർത്ഥസൂചനകളുണ്ട്. "തമ്മിൽ" എന്നത് വിവർത്തകർ കൂട്ടിച്ചേർത്തതാകയാൽ പരിഗണിക്കേണ്ടതില്ല. തമ്മിലുള്ള ബന്ധം നിഷേധിക്കലാണിതെന്ന വ്യാഖ്യാനത്തിനും സാധുതയില്ല. എന്തിനു വെറുതേ തലയിടുന്നു എന്ന ഒഴിഞ്ഞുമാറലുമല്ല. അവസാനം യേശു അത്ഭുതകരമായിത്തന്നെ വീഞ്ഞു നല്കുകയും ചെയ്തു. അപ്പോൾ ഈ ചോദ്യത്തിന് വേറെ അർത്ഥ സൂചനയാണുള്ളതെന്നതിൽ സംശയമില്ല.

മറിയം പലതും മുഴുവനായി മനസിലാക്കിയിരുന്നില്ല എന്ന സൂചനകൾ സുവിശേഷകന്മാർ നല്കുന്നത് നാം കണ്ടുകഴിഞ്ഞു. അതിനാൽ യേശുവിന്റെ ചോദ്യം ഈ ദിശയിലേക്കു തിരിച്ചാൽ ശ്രദ്ധേയവും സുപ്രധാനവുമായ ഒരർത്ഥം ലഭിക്കും. ഇപ്പോൾ അമ്മ ചോദിക്കുന്നത് എന്താണെന്നെനിക്കറിയാം. ഒരത്ഭുതം പ്രവർത്തിച്ച് അവരുടെ ആവശ്യം പരിഹരിക്കുക. എന്നാൽ എന്താണ് അത് അർത്ഥമാക്കുന്നത് എന്ന് അമ്മയ്ക്കറിയുമോ? അത്ഭുതം അടയാളമാണ്. രക്ഷാകരപ്രവൃത്തി യാഥാർത്ഥ്യമാക്കുന്ന അടയാളം. അതു പൂർത്തിയാകുന്നത് കുരിശിലായിരിക്കും. മഹത്വീകരണത്തിന്റെ വഴി കുരിശിലൂടെയാകും കടന്നുപോകുക. അവിടെ

ഞാൻ തനിച്ചല്ല, അമ്മയും കൂടെ ഉണ്ടാകും. ഇപ്പോൾ അത്ഭുതം പ്രവർത്തിക്കുക എന്നാൽ ഈ കുരിശിന്റെ വഴിയിലേക്കു പ്രവേശിക്കുക എന്നാണർത്ഥം. ഇതു മനസ്സിലാക്കിക്കൊണ്ടാണോ അമ്മ ചോദിക്കുന്നത്? യേശുവിന്റെ ചോദ്യം ഏതാണ്ട് ഇങ്ങനെ വിശദീകരിക്കാൻ സാധിക്കും.

അമ്മയും മകനും തമ്മിലുള്ള ബന്ധമല്ല ഇവിടെ ചോദ്യ വിഷയം. മറിച്ച് രക്ഷണീയകർമ്മത്തിൽ രണ്ടു പേർക്കുമുള്ള പങ്കാണ്. അത് കുരിശിലുള്ള ഭാഗഭാഗത്വമായിരിക്കും. എന്റെ ‘‘സമയം’’എന്നു പറയുന്നതും കുരിശുമരണം വഴിയുള്ള മഹത്വീകരണത്തെയാണ് സൂചിപ്പിക്കുക. ‘‘ഹോരാ’’(hora) എന്ന ഗ്രീക്കു പദമാണ് സമയം എന്ന് വിവർത്തനം ചെയ്യുന്നത്. ‘‘മണിക്കൂർ’’ എന്നപദമായിരിക്കും മൂലത്തോടു കൂടുതൽ വിശ്വസ്തത പുലർത്തുക. ഇനിയും ആയിട്ടില്ല എന്നു പറയുന്നെങ്കിലും അമ്മയുടെ യാചനപ്രകാരം യേശു മഹത്വത്തിലേക്കുള്ള പ്രയാണം ആരംഭിക്കുന്നു. അതാണ് തുടർന്നു സംഭവിക്കുന്നത്.

മറിയത്തിന്റെ പ്രതികരണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ‘‘അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ’’(യോഹ 2, 5). മറിയം വാദിക്കാൻ നില്ക്കുന്നില്ല; സംശയിക്കുന്നില്ല; മകനോടു മറുപടിയും പറയുന്നില്ല. ഇവിടെ വീണ്ടും അമ്മയുടെ മഹത്വം പ്രത്യക്ഷപ്പെടുന്നു. അവൾ വിശ്വസിച്ചു.. തന്റെ യാചന മകൻ തിരസ്കരിക്കുകയില്ല എന്ന് അവൾക്ക് ഉറപ്പായിരുന്നു.

ഇതാണ് യോഹന്നാൻ അവതരിപ്പിക്കുന്ന മറിയത്തിന്റെ ചിത്രം. അവൾ അടുക്കളയിലെ ആവശ്യങ്ങൾ കണ്ടറിയുന്നു. എല്ലാവർക്കും വേണ്ടി യേശുവിന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്നു. യേശു തന്റെ യാചന കേൾക്കും എന്ന് ഉറച്ചു വിശ്വസിക്കുന്നു. യേശു പറയുന്നത് അനുസരിക്കാൻ ആവശ്യപ്പെടുന്നു. ഈ മാധ്യസ്ഥ്യം യേശു സ്വീകരിച്ചു. വെള്ളം വീഞ്ഞായി; മഹത്വീകരണം ആരംഭിച്ചു. കുരിശിൽ അതു പൂർത്തിയാകുമ്പോൾ അവിടെയുമുണ്ട് സ്ത്രീ എന്നു വിളിക്കുന്ന അമ്മ. അവിടെ മധ്യസ്ഥയല്ല, മാതാവാണ് അവൾ. ‘‘സ്ത്രീയേ ഇതാ നിന്റെ മകൻ.....ഇതാ നിന്റെ അമ്മ’’(യോഹ 19, 26).

ഈ വിവരണങ്ങളിലൊന്നും മറിയമല്ല ശ്രദ്ധാകേന്ദ്രം; യേശുവാണ്. മറിയം ആരെയും തന്നിലേക്ക് ആകർഷിക്കുന്നില്ല. അവൻ പറയുന്നത് ചെയ്യുക. അതാണ് അമ്മ ആവശ്യപ്പെടുന്നത്. അതിനാൽ സുവിശേഷങ്ങളിലെ പ്രബോധനങ്ങൾക്കു വിരുദ്ധമായി കത്തോലിക്കാസഭ ഊതി

വീർപ്പിച്ചതാണ് മരിയൻ ചിത്രം, കണ്ടുപിടിച്ചു പ്രചരിപ്പിക്കുന്നതാണു മരിയഭക്തി എന്ന ആരോപണങ്ങൾക്കു കഴമ്പില്ല. യേശു തന്നെയാണ് തന്റെ അമ്മയെ ശിഷ്യസമൂഹത്തിന് മാതാവും മധ്യസ്ഥയുമായി നല്കിയത്. അതിനാൽ യേശുവിന്റെ അമ്മയെ നമ്മുടെ സ്വന്തം അമ്മയായി കരുതുകയും അവളുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യു ന്നതിൽ തെറ്റില്ല എന്നു മാത്രമല്ല, യേശു തന്നെയാണ് ഇതാവശ്യപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് എന്നു മറക്കാതിരിക്കാം.

# 8.
# മറിയം സ്വർഗ്ഗാരോപിത

*മറിയത്തിന്റെ മരണത്തെയോ സ്വർഗ്ഗാരോപണത്തെയോകുറിച്ച് ബൈബിളിൽ ഒരു പരാമർശവുമില്ല. തന്നെയുമല്ല, ശരീരങ്ങളുടെ പുന രുത്ഥാനം ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്നു എന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നതും വിശ്വാസപ്രമാണമായി ഏറ്റു ചൊല്ലു ന്നതും. പിന്നെ എങ്ങിനെയാണ് മറിയം എന്ന ഒരു മനുഷ്യ വ്യക്തി സ്വർഗ്ഗാ രോപണം ചെയ്തു എന്നു പറയുന്നത്? എന്തു തെളിവാണിതിനുള്ളത്? സ്വർഗ്ഗാരോപണം എന്നാൽ എന്താണ്? മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ യേശു നാല്പതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തതുപോലെയാണോ ഇത്? അതുപോലെതന്നെ, മറിയം സ്വർഗ്ഗ ത്തിന്റെയും ഭൂമിയടെയും രാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ടു എന്നു കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അതാ ണല്ലോ ജപമാല പ്രാർത്ഥനയുടെ അവസാനത്തെ രഹസ്യം, മറിയ ത്തിന്റെ കിരീട ധാരണം? അപ്പോൾ, മറിയമാണോ ഭൂസ്വർഗ്ഗങ്ങൾക്ക് അധിപ? എങ്കിൽ ദൈവത്തിന്റെ സ്ഥാനമെന്ത്? ഈ വിശ്വാസം കഠിനമാ യൊരു ദൈവദൂഷണമല്ലേ?*

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള കത്തോലിക്കാസയുടെ വിശ്വാസത്തെ സംബന്ധിച്ച ചോദ്യങ്ങളിൽ സുപ്രധാനമായ ഒന്നാണിത്. ഇവിടെ ഉന്നയിക്കുന്ന രണ്ടു വിഷയങ്ങൾക്കും നേരിട്ട് എടുത്തു കാണി ക്കാവുന്ന ബൈബിൾ വാക്യങ്ങളുടെ പിൻബലം ഇല്ല എന്നു സമ്മതി ച്ചേമതിയാവൂ. പിന്നെ എന്തുകൊണ്ട് സഭ ഇക്കാര്യങ്ങൾ വിശ്വസിക്കുന്നു,

ജപമാല പ്രാർത്ഥനയുടെ ഭാഗമായി ഏറ്റു ചൊല്ലുന്നു എന്ന ചോദ്യം ഉത്തരം അർഹിക്കുന്നു.

ആദ്യമേ ശ്രദ്ധിക്കേണ്ട കാര്യം സ്വർഗ്ഗാരോഹണവും സ്വർഗ്ഗാരോപണവും തമ്മിലുള്ള വ്യത്യാസമാണ്. ഒരക്ഷരത്തിന്റെ വ്യത്യാസമേ രണ്ടു വാക്കുകളും തമ്മിൽ ഉള്ളൂവെങ്കിലും ആ അക്ഷരം ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസമാണു വരുത്തുന്നത്. യേശു സ്വർഗ്ഗാരോഹണം ചെയ്തു (ascended into heaven) എന്നാണ് ബൈബിൾ പഠിപ്പിക്കുന്നതും സഭ വിശ്വസിക്കുന്നതും. ഇത് യേശുവിന്റെ പ്രവർത്തനവും തന്റെ ദൈവത്വത്തിന്റെ അടയാളവുമായി കരുതപ്പെടുന്നു. എന്നാൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചാണ് (assumption)സഭ പഠിപ്പിക്കുന്നത്. ദൈവം അവളെ ആത്മ ശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് സംവഹിച്ചു എന്നതാണ് വിശ്വാസവിഷയം അതിനാൽ രണ്ടും തമ്മിലുള്ള കാതലായ വ്യത്യാസം ശ്രദ്ധിച്ചേ മതിയാവൂ. മറിയം ഒരു മനുഷ്യ വ്യക്തി മാത്രമാണെന്നതും അവളിൽ സംഭവിച്ചതെല്ലാം ദൈവത്തിന്റ പ്രവൃത്തിയുടെ ഫലമാണെന്നതും കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗമാണ്.

കിരീടധാരണത്തെക്കുറിച്ചും ഇതുതന്നെയാണ് പറയാനുള്ളത്. മറിയം സ്വർഗ്ഗാധിപയായി സ്വയം പ്രഖ്യാപിക്കുകയല്ല; ഭൂസ്വർഗ്ഗങ്ങളുടെ മേൽ ദൈവത്തിനുപരി ഒരു സ്ഥാനം പിടിച്ചെടുക്കുകയല്ല, മറിച്ച് തന്റെ പുത്രനായ യേശു ക്രസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുകമാത്രമാണ് ചെയ്യുന്നത്. രാജാവിന്റെ അമ്മ രാജമാതാവാണല്ലോ? അതിമാൽ മറിയത്തെ ദൈവത്തേക്കാൾ വലിയവളായി ചിത്രീകരിക്കുന്നു എന്ന തോന്നൽ അറിവില്ലായ്മയിൽ നിന്നു വരുന്നതായി പരിഗണിച്ചാൽ മതിയാവും. എന്നാൽ എന്താണ് ഈ രണ്ടു വിശ്വാസസത്യങ്ങളിലൂടെ കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് എന്ന് അടുത്തു പരിശോധിക്കേണ്ടതുണ്ട്. മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമാണ്. സ്വർഗ്ഗീയ റാണി എന്ന വിശേഷണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഇതര വിശ്വസ സത്യങ്ങളിൽ നിന്നുരുത്തിരിയുന്ന ഒരു നിഗമനമായി പരിഗണിക്കാവുന്നതാണ്.

കത്തോലിക്കാസഭ മാർപ്പാപ്പയുടെ അപ്രമാദിത്വവും പ്രബോധനാധികാരവും ഉപയോഗിച്ച് ഏറ്റവും അവസാനമായി നിർവ്വചിച്ച വിശ്വാസ സത്യമാണ് മാതാവിന്റെ സ്വർഗ്ഗാരോപണം. 1950 നവംബർ 1–ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ അത്യുദാരനായ ദൈവം (Munficentissimus Deus) എന്ന ഔദ്യോഗിക ലിഖിതത്തിലൂടെ ഇപ്രകാരമാണ് മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി

പ്രഖ്യാപിച്ചത്. ‘‘അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഇഹലോകജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങ ളോടെ സ്വർഗ്ഗീയമഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു എന്നത് ദൈവം വെളി പ്പെടുത്തിയ വിശ്വാസ സത്യമാണെന്നു ..........നാം പ്രഖ്യാപിക്കുന്നു.’’

മാർപ്പാപ്പ സ്വന്തം ഉൾപ്രേരണയ്ക്കു വഴങ്ങി പെട്ടെന്ന് എടുത്ത ഒരു തീരുമാനമല്ല ഈ വിശ്വാസ പ്രഖ്യാപനം. ഏതാണ്ട് ആദ്യ നൂറ്റാണ്ടുക ളിൽത്തന്നെ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള വിശ്വാസം നിലവിലിരുന്നു. കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടി ല്ലാത്ത അപ്രാമാണിക (apocrypha) ഗ്രന്ഥങ്ങളിലാണ് ഈ വിശ്വാസം ആദ്യമായി പ്രകടമായിരുന്നത്. ആറാം നൂറ്റാണ്ടിൽ പൗരസ്ത്യ സഭക ളിലും തുടർന്ന് പാശ്ചാത്യസഭയിലും ഈ വിശ്വാസം പ്രചാരത്തിൽ വന്നു. മാതാവിന്റെ ഗാഢ നിദ്ര (dormitio)എന്ന പേരിൽ ഒരു തിരുനാൾ ആഘോ ഷിക്കപ്പെടാൻ തുടങ്ങി. Koimesis- എന്നാണ് ഗ്രീക്കിൽ ഈ തിരുനാൾ അറിയപ്പെട്ടിരുന്നത്. അതിനെ ലത്തീൻ dormitio; ഇംഗ്ലീഷിൽ (falling asleep). ഗാഢനിദ്രയിൽ ആണ്ടുപോവുക എന്നു വാച്യാർത്ഥം.

ഈ ലോകം വിട്ട് സ്വർഗ്ഗീയ മഹത്വത്തിലേക്ക് മറിയം കടന്നു പോയി. അവളുടെ ആത്മാവ് സ്വർഗ്ഗീയ മഹത്വമണിഞ്ഞു; ശരീരം അഴി ഞ്ഞുപോകാതെ മഹത്വീകരിക്കപ്പെട്ടു. ഇതായിരുന്നു മറിയത്തിന്റെ നിദ്ര യുടെ തിരുനാളിൽ അനുസ്മരിച്ചിരുന്നത്. പത്താം നൂറ്റാണ്ടോടെ ഉറക്കം എന്നതിനു പകരം സ്വർഗ്ഗാരോപണം (assumption) എന്ന പേരിൽ ആഗസ്റ്റ് 15–ാം തീയതി ഈ തിരുനാൾ ആഘോഷിക്കുന്ന പതിവ് നിലവിൽവന്നു. മാതാവിന്റെ ശരീരം മണ്ണിൽ അലിഞ്ഞുചേർന്നില്ല; ആത്മ ശരീരങ്ങളോടെ മറിയം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു എന്നതായിരുന്നു ഈ തിരുനാ ളാഘോഷത്തിലൂടെ ഏറ്റുപറഞ്ഞ വിശ്വാസം. ഒരു ഭക്തിപൂർണ്ണമായ പാര മ്പര്യം (pious tradition) എന്ന നിലയിലാണ് ഈ വിശ്വാസം കരുതപ്പെട്ടി രുന്നതും ആഘോഷിച്ചിരുന്നതും.

മറിയം മരിച്ചോ ഇല്ലയോ, മരണത്തിനുശേഷമാണോ അതോ മരണം കൂടാതെയാണോ സ്വർഗ്ഗാരോപണം നടന്നത് എന്നതിനെ ക്കുറിച്ച് തർക്കമുണ്ടായിരുന്നു. മറിയത്തിന്റെ മരണത്തിനും സ്വർഗ്ഗാരോപണ ത്തിനും ദൃക്സാക്ഷി വിവരണം ലഭ്യമല്ലതാനും. മറിയം പാപ രഹിത യായി ജനിക്കുകയും ജീവിക്കുകയും ചെയ്തതിനാൽ പാപത്തിന്റെ ഫല മായ മരണത്തിന് (റോമ 6, 23) മറിയത്തിന്റെമേൽ ആധിപത്യമുണ്ടായി രുന്നില്ല. അതിനാൽ മരിക്കാതെതന്നെ ശരീരം മഹത്വീകരിക്കപ്പെട്ടു എന്ന് ഒരുകൂട്ടർ വാദിച്ചു. എന്നാൽ എല്ലാകാര്യങ്ങളിലും യേശുക്രിസ്തുവിനോടു

താദാത്മ്യപ്പെടുക ആവശ്യമായിരുന്നതിനാൽ മറിയവും മരിച്ച് അടക്കപ്പെട്ടതിനുശേഷമാണ് ശരീരം മഹത്വീകരിക്കപ്പെട്ടത് എന്നു മറുഭാഗം.

"മറിയത്തിന്റെ ഉറക്കത്തിന്റെ പള്ളി" (church of dormition) എന്ന പേരിൽ ജറുസലെമിൽ ഒരു ദേവാലയമുണ്ട്. യേശുവിന്റെ മരണത്തിനു ശേഷം മറിയം ജറുസലെമിൽത്തന്നെ വസിച്ചുവെന്നും എല്ലാ ദിവസവും മകൻ നടന്ന കുരിശിന്റെ വഴിയേ ധ്യാനനിമഗ്നയായി നടന്നുവെന്നും അവസാനം മരിച്ച് ജറുസലെം നഗരത്തിനു പുറത്ത്, ഒലിവുമലയുടെ താഴ്വരയിൽ സംസ്കരിക്കപ്പെട്ടു എന്നുമാണ് പരമ്പരാഗത വിശ്വാസം. അതിനു തെളിവാണ് ഇന്നു നിലനില്ക്കുന്ന ഉറക്കത്തിന്റെ ദേവാലയം.

ഇതുമായി ബന്ധപ്പെടുത്തി പരമ്പരാഗതമായ ഒരു ഐതിഹ്യമുണ്ട്. മാതാവിന്റെ മരണസമയം അടുത്തപ്പോൾ അപ്പസ്തോന്മാരെല്ലാം പരിശുദ്ധാത്മാവു നൽകിയ ഉൾപ്രരണയനുസരിച്ച് ജറുസലെമിൽ വന്നു. മാതാവിന്റെ മരണം ദർശിച്ചു. അവരെല്ലാം ചേർന്നു മാതാവിനെ സംസ്കരിച്ചു. എന്നാൽ പണ്ടത്തേതുപോലെ, തോമ്മാശ്ലീഹ ആ കൂട്ടത്തിലുണ്ടായിരുന്നില്ല. വിദൂരസ്ഥമായ ഭാരതത്തിൽനിന്ന് എത്തിയപ്പോഴേക്കും മൂന്നു ദിവസം കഴിഞ്ഞിരുന്നു. അമ്മയെ കാണണം എന്നു തോമ്മാ ശാഠ്യം പിടിച്ചു. അവസാനം തോമ്മായുടെ നിർബ്ബന്ധത്തിനു വഴങ്ങി അവർ കല്ലറ തുറന്നു. അവിടെ ശരീരം ഉണ്ടായിരുന്നില്ല, പകരം കല്ലറ നിറയെ റോസാപുഷ്പങ്ങൾ! കല്ലറ തുറന്ന സമയം ആകാശത്തിൽനിന്നു പൂമഴ പെയ്തു. അങ്ങനെ സ്വർഗ്ഗംതന്നെ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിനു സാക്ഷ്യം വഹിച്ചു. ഒരു ഐതിഹ്യമെന്നതിലുപരി ഇതിന് ചരിത്ര സാധുത കല്പിക്കാറില്ല. എന്നാലും കബറിടവും ദേവാലയവും മറിയത്തിന്റെ മരണത്തിനു സാക്ഷികളായി നില്കുന്നു.

എന്നാൽ ജറുസലെമിൽമാത്രമല്ല, ഇന്നത്തെ ടർക്കിയിൽ, പുരാതനമായ എഫേസൂസ് പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത്, മാതാവിന്റെ കല്ലറയും അതിനുമുകളിൽ ഒരു ദേവാലയവും ഉണ്ട് എന്നതും ശ്രദ്ധേയമാണ്. മറ്റൊരു പാരമ്പര്യം അനുസരിച്ച് ശിഷ്യന്മാർ എല്ലാവരും ജറുസലെം വിട്ട് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സുവിശേഷ പ്രഘോഷണത്തിനായി  പോയപ്പോൾ യോഹന്നാൻ എഫേസൂസിലേക്കാണ് പോയത്. കുരിശിൽ കിടന്ന് നാഥൻ തനിക്ക് മകനായി തന്ന യോഹന്നാന്റെ കൂടെ മറിയവും പോയി. അവിടെ മരിച്ചു സംസ്കരിക്കപ്പെട്ടു എന്നതിന്റെ സാക്ഷ്യമായി ഈ കല്ലറയും ദേവാലയവും നിലകൊള്ളുന്നു. അനേകം തീർത്ഥാടകർ അവിടേക്കു വരുന്നുണ്ട്. ഈ രണ്ടു കബറിടങ്ങളും സന്ദർശിക്കാൻ എനിക്കു ഭാഗ്യം ലഭിച്ചു എന്നത് നന്ദിയോടെ അനുസ്മരിക്കുന്നു.

ഏതായാലും ഒരേ ശരീരം രണ്ടു കല്ലറകളിൽ, അതും ഏകദേശം ആയിരത്തഞ്ഞൂറു കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന കല്ലറകളിൽ സംസ്കരിച്ചു എന്നു വിശ്വസിക്കാനാവില്ല. തന്നെയുമല്ല, മറിയത്തിന്റെ മരണംതന്നെ സംശയാതീതമായി, ചരിത്രപരമായും ദൈവശാസ്ത്രപരമായും തെളിയിക്കപ്പെട്ടിട്ടുമില്ല. ഈ സാഹചര്യത്തിൽ മാർപ്പാപ്പയുടെ വിശ്വാസപ്രഖ്യാപനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

മറിയത്തിന്റെ മരണത്തെക്കുറിച്ചു മാർപ്പാപ്പയുടെ രേഖ നിശ്ബ്ദത പാലിക്കുന്നു എന്നതാണ് ഏറ്റം ശ്രദ്ധേയം. ''തന്റെ ഐഹിക ജീവിതത്തിന്റെ അവസാനം'' എന്ന പ്രയോഗം ചർച്ചാവിഷയത്തിൽ തീർപ്പുകല്പിക്കാതെ തുടർന്നുള്ള പഠനത്തിനും വിചിന്തനങ്ങൾക്കുമായി തുറന്നിട്ടിരിക്കുന്നു. ജീവിതാവസാനം മരണം വഴിയോ മരണം കൂടാതെയോ എന്നു പറയുന്നില്ല. എന്നാലും മറിയം മരിച്ചു എന്ന വിശ്വാസത്തിനാണ് മുൻതൂക്കം.

മരിച്ചോ ഇല്ലയോ എന്നതല്ല വിശ്വാസപ്രഖ്യാപനത്തിന്റെ ശ്രദ്ധാകേന്ദ്രം. മറിച്ച്, മറിയം സ്വർഗ്ഗീയ മഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു എന്നതാണ്. പത്താം നൂറ്റാണ്ടുമുതൽ ഈ തിരുനാൾ സഭയിൽ ആഘോഷിച്ചിരുന്നെങ്കിലും ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല. 1854ൽ മാതാവിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞപ്പോൾ അതുപോലെതന്നെ സ്വർഗ്ഗാരോപണത്തെക്കുറിച്ചും മാർപ്പാപ്പയുടെ ഒരു പ്രഖ്യാപനം ഉണ്ടാകണം എന്ന അഭ്യർത്ഥന സഭയുടെ പല ഭാഗങ്ങളിൽ നിന്നുമുണ്ടായി. 1870ൽ ഒന്നാം വത്തിക്കാൻ സൂനഹദോസിലും ഈ ആവശ്യം ഉന്നയിക്കപ്പെട്ടു. തുടർന്ന് കൂടുതൽ വ്യാപകമായി ഈ ആവശ്യം ഉയർന്നു വന്നു.

1946ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ "കന്യകയായ ദൈവമാതാവിന്റെ" (Deiparac Virginis) എന്ന ചാക്രിക ലേഖനത്തിലൂടെ ആഗോള സഭയിലെ മെത്രാന്മാരുടെ മുമ്പിൽ രണ്ടു ചോദ്യങ്ങൾ വച്ചു. ''1. മാതാവിന്റെ ശരീരത്തോടുകൂടിയ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി നിർവ്വചിക്കാനും പ്രഖ്യാപിക്കാനും കഴിയുമോ? 2. ഇപ്രകാരം ഒരു വിശ്വാസ പ്രഖ്യാപനം നടത്തണമെന്ന് നിങ്ങളും വൈദികരും വിശ്വാസികളുടെ സമൂഹവും ആഗ്രഹിക്കുന്നുണ്ടോ?''മറുപടി നിർണ്ണായകമായിരുന്നു. ആകെ 1169 മെത്രാന്മാർ മറുപടി നൽകി. അതിൽ ആറുപേർ ഈ വിശ്വാസത്തെ ചോദ്യം ചെയ്തു. പതിനാറ് പേർ ഇപ്രകാരം ഒരു വിശ്വാസ സത്യപ്രഖ്യാപനത്തിന്റെ സാംഗത്യത്തെയും ബാക്കി എല്ലാവരും രണ്ടു ചോദ്യങ്ങൾക്കും വേണം എന്ന ഉത്തരം തന്നെ നൽകി. അങ്ങനെ

ആഗോള സഭയുടെ വിശ്വാസം എന്ന നിലയിൽത്തന്നെയാണ് മാർപ്പാപ്പ മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്.

എന്താണ് ഈ വിശ്വാസ സത്യത്തിന്റെ അടിസ്ഥാനം? അർത്ഥം? എന്തു പ്രസക്തിയാണ് ഈ വിശ്വാസത്തിന് രക്ഷാചരിത്രത്തിലും ക്രൈസ്തവ ജീവിതത്തിലും ഉള്ളത്? ബൈബിളിൽ നേരിട്ടു പരാമർശിക്കുന്നില്ല എങ്കിലും സ്വർഗ്ഗാരോപണത്തിന് ഉപോദ്ബലകമായി സഭ എടുത്തു കാട്ടുന്ന കാര്യങ്ങൾക്ക് ബൈബിളിന്റെ പിൻബലമുണ്ട്. മൂന്നു വിശേഷണങ്ങളാണ് സ്വർഗ്ഗാരോപണവുമായി ബന്ധപ്പെടുത്തി മാർപ്പാപ്പ എടുത്തു പറയുന്നത്. 1. ദൈവമാതാവ് 2. അമലോത്ഭവ 3. നിത്യകന്യക. ഈ മൂന്നു സത്യങ്ങളും നാം കണ്ടുകഴിഞ്ഞതാണ്; അവയുടെ ബൈബിൾ പശ്ചാത്തലവും വിശദീകരിച്ചു കഴിഞ്ഞു. ഈ മൂന്നു വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങളും വിശദീകരണങ്ങളുമാണ് സ്വർഗ്ഗാരോപണ പ്രഖ്യാപനത്തിനു നിദാനമായി നില്ക്കുന്നത്.

അമലോത്ഭവയാകയാൽ മറിയത്തിൽ പാപത്തിന്റെ അംശം പോലുമില്ല. യേശുക്രിസ്തുവിന്റെ യോഗ്യതകളെപ്രതി മറിയം ജന്മപാപത്തിൽനിന്നു കാത്തു സൂക്ഷിക്കപ്പെട്ടു. അവളുടെ ജീവിതം പൂർണ്ണമായും പാപരഹിതമായിരുന്നു. ദൈവമാതാവാകയാൽ അവളുടെ ശരീരം ദൈവിക സ്വഭാവത്തിൽ പങ്കുചേർക്കപ്പെട്ടു. അവളിൽനിന്നാണല്ലോ ദൈവപുത്രൻ മനുഷ്യ ശരീരം സ്വീകരിച്ചത്. നിത്യകന്യകാത്വവും ഈ നിഗമനത്തിനു പിൻതുണയായി നില്ക്കുന്നു. അതിനാൽ ദൈവപുത്രനായ യേശുവിനു ശരീരം നൽകിയ അമ്മയുടെ ശരീരവും യേശുവിന്റേതുപോലെ മഹത്വീകരിക്കപ്പെടുക യുക്തമായിരുന്നു എന്നതാണ് സഭയുടെ നിഗമനവും പ്രബോധനവും.

എന്താണ് സ്വർഗ്ഗാരോപണം? മനുഷ്യശരീരം അതേപടി സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്ന് അർത്ഥമാക്കുന്നില്ല. സ്വർഗ്ഗം എന്നതു തന്നെ ദൈവത്തിന്റെ പര്യായമായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. അന്നു നിലവിലിരുന്ന ആകാശം, ഭൂമി, പാതാളം എന്ന ത്രീമാന ദർശനമനുസരിച്ച് സ്വർഗ്ഗം ഭൂമിക്കു മുകളിൽ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശത്തിനും മുകളിലുള്ള ഏതോ ഒരു സ്ഥലമായി പരിഗണിക്കാൻ സാധ്യതയുണ്ട്. പക്ഷേ പ്രതീകാത്മകമായ ഭാഷാപ്രയോഗം അക്ഷരാർത്ഥത്തിൽ എടുക്കുന്നതു കൊണ്ടാണ് ഇപ്രകാരം സംഭവിക്കുക. ആധുനിക ശാസ്ത്രം പ്രപഞ്ചത്തെക്കുറിച്ചു നല്കുന്ന കാഴ്ചപ്പാടിൽ മുകളിൽ, താഴെ എന്ന സങ്കല്പം തന്നെ അർത്ഥശൂന്യമാകുന്നു. നിരന്തരം ചലിച്ചുകൊ

ണ്ടിരിക്കുന്ന കോടാനുകോടി ഗോളങ്ങളിൽ താരതമ്യേന തീരെ ചെറുതായ ഈ ഭൂമിയുടെ എവിടെയാണ് മേലും കീഴും?

ഈ ഭൗതിക യാഥാർത്ഥ്യങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമാണ് ബൈബിൾ നല്കുന്ന ദൈവത്തെയും സ്വർഗ്ഗത്തെയും കുറിച്ചുള്ള കാഴ്ചപ്പാട്. സ്വർഗ്ഗം എന്നത് ഒരു സ്ഥലം എന്നതിൽ ഉപരി ഒരു അവസ്ഥ എന്ന രീതിയിലാണ് കാണേണ്ടത്. അപ്പോൾ സ്വർഗ്ഗാരോപണം എന്നാൽ മുകളിലെവിടെയോ അദൃശ്യമായ ഒരു സ്ഥലത്തേക്കു കയറിപ്പോയി എന്നല്ല, ദൈവിക മഹത്വത്തിൽ പങ്കുചേർക്കപ്പെട്ടു; ശരീരത്തിനു രൂപാന്തരീകരണം സംഭവിച്ചു എന്നാണ് അർത്ഥമാക്കുക. യേശുവിന്റെ ഉത്ഥാനത്തിൽ സംഭവിച്ചതിനു സമാനമായൊരു രൂപാന്തരീകരണം. വി. പൗലോസ് കോറിന്തോസിലെ സഭക്കുള്ള ലേഖനത്തിൽ പറയുന്നതുപോലെ ഭൗതികശരീരം ആത്മീയ ശരീരമായി രൂപാന്തരപ്പെട്ടു(1 കോറി 15, 35-57). ഈ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ മറിയം മരിച്ചോ ഇല്ലയോ എന്ന ചോദ്യംതന്നെ അപ്രസക്തമാകുന്നു. ഈ ഭൂമിയിൽ ജീവിച്ച ഭൗതികശരീരം അതേപടി സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുകയല്ല ചെയ്തത്. മറിയത്തിന്റെ ശരീരം മാലാഖമാർ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നത് ഒരു ആത്മീയ സത്യം പ്രകടമാക്കാൻ കലാകാരന്മാർ രചിച്ച ഒരു ഭൗതിക ചിത്രമായിമാത്രം പരിഗണിച്ചാൽ മതി.

മറിയത്തിനു ലഭിച്ച ഈ മഹത്വീകരണത്തിന്റെ ഭാഗം തന്നെയാണ് ''കിരീടധാരണം'' എന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്. ദൈവരാജ്യത്തിൽ അവൾ പൂർണ്ണ പങ്കാളിയായി; ക്രിസ്തു രാജാവിന്റെ അമ്മയെന്ന നിലയിൽ അവൾ അമ്മ റാണിയാണ്. എന്നാൽ അതുകൊണ്ട് മറിയത്തിന് ദൈവത്തിന്റെമേൽ ആധിപത്യം ഉണ്ട് എന്നൊന്നും അർത്ഥമാക്കുന്നില്ല. തന്നെയുമല്ല ഈ കിരീടധാരണവും രാജത്വവും വിജയം വരിക്കുന്ന എല്ലാക്രിസ്തു വിശ്വാസികൾക്കുമായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണെന്നും ഓർക്കണം. ''സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും''(ലൂക്കാ 22, 30). സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കി നക്ഷത്ര കിരീടമണിഞ്ഞ സ്ത്രീ(വെളി 12, 1) ഒരേസമയം ദൈവജനത്തിന്റെയും അമ്മയായ മറിയത്തിന്റെയും പ്രതീകമാണ്.

മനുഷ്യൻ എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആത്യന്തികമായ ആ ലക്ഷ്യത്തിൽ മറിയം എത്തിക്കഴിഞ്ഞു എന്നതാണ് സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യംവഴി സഭവിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. മറിയത്തിനു മുൻകൂറായി ലഭിച്ച ഈ കൃപാവരം വിശ്വസ്തരാ

യിരിക്കുന്ന എല്ലാവരെയും കാത്തിരിക്കുന്നു. ലോകാവസാനത്തോടെ ആയിരിക്കും അതു സംഭവിക്കുക. ''അപ്പോൾ കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും'' (1കോറി 15, 52). ഈ രൂപാന്തരീകരണം മറിയത്തിൽ സംഭവിച്ചു കഴിഞ്ഞു. നാമെല്ലാം അതിനുവേണ്ടി കാത്തിരിക്കുന്നു.

അതിനാൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിൽ വിശ്വസിക്കുന്നതും ഏറ്റുപറയുന്നതും ശരീരങ്ങളുടെ പുനരുത്ഥാനത്തിലും നിത്യജീവനിലുമുള്ള വിശ്വാസം ഏറ്റുപറയുന്നതിന്റെ ഒരു വിശദീകരണമായി കാണാവുന്നതാണ്. മരിച്ചവരിൽനിന്നുള്ള ഉയിർപ്പിൽ ആദ്യഫലം യേശുവാണ്; അവന്റെ രണ്ടാം വരവിൽ അവനുള്ളവരും (1കോറി 15, 23). ഈ പുനരുത്ഥാനം മറിയത്തിനുമുൻകൂറായി ലഭിച്ചത് നമ്മുടെ പുനരുത്ഥാനത്തിന് ഒരു അച്ചാരമായി നില്ക്കുന്നു.

അതേസമയം മറിയം ജീവിച്ചതുപോലെ കർത്താവിനോടു പൂർണ്ണമായ വിശ്വസ്തതയും വിധേയത്വവും പുലർത്തി ജീവിക്കാനും ഈ വിശ്വാസസത്യം നമ്മെ ഉദ്ബോധിപ്പിക്കുന്നു. പുനരുത്ഥാനത്തോടെയാണ് മനുഷ്യൻ പൂർണ്ണതയിലെത്തുക; ദൈവികജീവനിലും സ്വഭാവത്തിലും പൂർണ്ണമായി പങ്കുചേരുക. അത് ഒരു ദിവാസ്വപ്നമല്ല, ചരിത്രവസ്തുതയിൽ അടിയുറച്ച സത്യമാണെന്ന് യേശുവിന്റെ മഹത്വീകരണവും മാതാവിന്റെ സ്വർഗ്ഗാരോപണവും ഉറപ്പുനല്കുന്നു. അതിനാൽ മാതാവിന്റെ സ്വർഗ്ഗാരോപണവും കിരീടധാരണവും കെട്ടുകഥയല്ല, കിസ്തു വിശ്വാസികൾ ഏറ്റുപറയുന്ന പ്രത്യാശയുടെ ഭാഗമാണ്.

# ഭാഗം IV

## അനുബന്ധം

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ "ലൂമെൻ ജെൻസിയും" എന്ന സഭയെ സംബന്ധിച്ച പ്രമാണരേഖയുടെ എട്ടാം അധ്യായം പരി. കന്യകാമറിയത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ഈ രേഖയുടെ അവസാനത്തെ അധ്യായമാണ് അത്.

# ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന് മനുഷ്യാവതാരത്തിന്റെയും സഭയുടെയും രഹസ്യങ്ങളിൽ ഉള്ള സ്ഥാനം[a]

## I. പ്രാരംഭം

52. അതുല്യനന്മയും അനന്തജ്ഞാനവുമായ ദൈവം ലോകരക്ഷ സാധിക്കാൻ തിരുമനസ്സായിക്കൊണ്ട് സമയത്തിന്റെ പൂർണ്ണതയിൽ തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നും ഭൂജാതനായി... അത് നാം പുത്രസ്വീകാരം പ്രാപിക്കാൻവേണ്ടിയായിരുന്നു (ഗലാ. 4:45). മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്നു സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാരൂപിയാൽ പ. മറിയത്തിൽനിന്ന് മനുഷ്യനായി അവതരിച്ച് രക്ഷയുടെ ദൈവികരഹസ്യം നമുക്കായി ആവിഷ്ക്കരിക്കുകയും, കർത്താവ് തന്റെ ശരീരമായി സ്ഥാപിച്ച തിരുസ്സഭയിലൂടെ അതു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ശിരസ്സായ ക്രിസ്തുവിനോടു ചേർന്ന് അവിടത്തെ വിശുദ്ധന്മാരോടു സമ്പർക്കം പുലർത്തി വിരാജിക്കുന്ന ഈ സഭയിൽ വിശ്വാസികൾ മഹത്ത്വപൂർണ്ണയും നിത്യകന്യകയും നമ്മുടെ ദൈവവും കർത്താവുമായ ഈശോമിശിഹായുടെ മാതാവുമായ മറിയത്തിന്റെ സ്മരണ ആചരിക്കേണ്ടതാണ്.

53. *(പ. കന്യകയും തിരുസഭയും)* മാലാഖയുടെ മംഗളവാർത്തയനുസരിച്ച് ദൈവവചനത്തെ സ്വഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും അങ്ങനെ ലോകത്തിനു ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത കന്യകാമറിയത്തെ ദൈവത്തിന്റെയും രക്ഷകന്റെയും യഥാർത്ഥ മാതാവായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. തന്റെ

പുത്രന്റെ യോഗ്യതയാൽ പ്രത്യേകവും അത്യുൽകൃഷ്ടവുമായ രീതിയിൽ അവൾ വീണ്ടെടുക്കപ്പെട്ടു. അവിഭക്തമാംവിധം ഗാഢൈക്യത്തിൽ അവിടുത്തോടു ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ദൈവപുത്രന്റെ മാതാവെന്ന[b] മഹനീയ സ്ഥാനത്താലും പരമമായ ഔന്നത്യത്താലും അവൾ അലംകൃതയത്രെ. തൽഫലമായി മറിയം പിതാവിന്റെ പ്രിയ പുത്രിയും പരിശുദ്ധാരൂപിയുടെ സംപൂജ്യാലയവുമായിത്തീർന്നു. അതുല്യമായ ഈ ദാനം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളേക്കാളും ഉപരിയായി അവളെ ഉയർത്തി. എന്നാൽ അതേ സമയം ആദത്തിന്റെ സന്തതിയെന്ന നിലയിൽ രക്ഷിക്കപ്പെടേണ്ടവരിൽ ഒരുവളാണ് മറിയവും. മാത്രമല്ല ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായി വിശ്വാസികൾ സഭയിൽ ജനിക്കാൻ സ്നേഹം നിമിത്തം സഹകരിച്ചതിനാൽ അവൾ സകല അംഗങ്ങളുടെയും മാതാവത്രേ. തന്മൂലം സഭയിലെ അതിശ്രേഷ്ഠവും അതുല്യവുമായ പ്രതിരൂപവും മഹനീയമാതൃകയുമാണവൾ. പരിശുദ്ധാത്മാവിന്റെ പ്രബോധനത്താൽ പ്രേരിതയായ സഭ പുത്രസഹജമായ സ്നേഹത്തോടെ പ്രിയ മാതാവായി മറിയത്തെ ബഹുമാനിക്കുന്നു.[c]

54. *(സൂനഹദോസിന്റെ നിർണ്ണയം)* ദിവ്യരക്ഷകന്റെ രക്ഷാകര കർമ്മം നിർവ്വഹിക്കുന്ന സഭയെപ്പറ്റിയുള്ള കത്തോലിക്കാ പ്രബോധനം വ്യക്തമാക്കുന്നതോടെ പരിശുദ്ധ സൂനഹദോസ് പരിശുദ്ധ കന്യകാമറിയത്തിനു മനുഷ്യാവതാര രഹസ്യത്തിലും മൗതിക ശരീരത്തിലും എന്തു സ്ഥാനമാണുള്ളതെന്നു വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, രക്ഷിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന് ക്രിസ്തുവിന്റെയും മനുഷ്യരുടെയും, സർവ്വോപരി വിശ്വാസികളുടെയും മാതാവായ മറിയത്തോടുള്ള കടമകളെന്തൊക്കെയാണെന്നു വ്യക്തമാക്കേണ്ടതുണ്ട്. പക്ഷേ ഇതൊരു സങ്കീർണ്ണമായ മരിയശാസ്ത്ര പ്രതിപാദനമാണെന്ന് വിചാരിക്കേണ്ടതില്ല. ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഇനിയും തർക്കവിഷയങ്ങളായി അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കൊടുക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമല്ല. അതുകൊണ്ടു ക്രിസ്തു കഴിഞ്ഞാൽ സഭയിലെ ഏറ്റം ഉന്നതവും നമ്മോടേറ്റം ബന്ധപ്പെട്ടിരിക്കുന്നതുമായ സ്ഥാനം അലങ്കരിക്കുന്ന മാതാവിനെപ്പറ്റി കത്തോലിക്കാ പണ്ഡിതന്മാർ അവതരിപ്പിക്കുന്ന അഭിപ്രായങ്ങൾ ന്യായമായി ആദരിക്കാവുന്നതാണ്.

## II. പരിത്രാണത്തിൽ മറിയത്തിന്റെ സ്ഥാനം

55. *(അഭിഷിക്തന്റെ മാതാവ് പഴയ ഉടമ്പടിയിൽ)* പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും ഉൾപ്പെടെയുള്ള വേദപുസ്തകവും പൂജ്യമായ പാരമ്പര്യവും രക്ഷകന്റെ മാതാവിനു മനുഷ്യരക്ഷാപദ്ധതിയിലുള്ള സ്ഥാനം

സുവ്യക്തമായും സുപ്രധാനമായും പ്രകാശിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. പഴയഉടമ്പടിയിൽ നാം കാണുന്നതു രക്ഷയുടെ ചരിത്രമാണ്. ക്രിസ്തുവിന്റെ ആഗമനത്തിനുള്ള ക്രമാനുഗതമായ ഒരുക്കമാണ് ഇതിൽ വിവരിച്ചിരിക്കുന്നത്. പുരാതനമായ ഈ പ്രമാണരേഖകൾ സഭാതത്ത്വങ്ങളുടെ വെളിച്ചത്തിൽ വായിച്ച് പിന്നീടു സംഭവിച്ച പൂർണ്ണമായ ദൈവാവിഷ്കാരത്തിന്റെ പ്രകാശത്തിൽ മനസ്സിലാക്കുമ്പോൾ രക്ഷകന്റെ മാതാവായി മറിയത്തിന്റെ ചിത്രം കൂടുതൽ തെളിവാകുന്നുണ്ട്. ഈ വെളിച്ചത്തിന്റെ സഹായത്തോടെ നോക്കുമ്പോൾ ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തെ തുടർന്നു സർപ്പത്തിന്റെമേൽ വിജയം വരിക്കുമെന്നുള്ള വാഗ്ദാനത്തിൽ അവൾ പ്രവചനാത്മകമായരീതിയിൽ നിഴലിച്ചിരിക്കുന്നതായിക്കാണാം (ഉത്പ. 3:15). അതുപോലെതന്നെ എമ്മാനുവേലെന്നു പേർ വിളിക്കപ്പെടാനിരിക്കുന്ന പുത്രനെ ഗർഭം ധരിച്ച് പ്രസവിക്കുന്നവളും ഈ കന്യകതന്നെ (ഏശ. 7:14; മിഖ. 5:2; മത്താ. 1:22–33). കർത്താവിൽനിന്നു ശരണത്തോടെ രക്ഷ പ്രതീക്ഷിക്കുകയും അതു സ്വീകരിക്കുകയും ചെയ്യുന്ന കർത്താവിന്റെ ദരിദ്രരുടെയും എളിയവരുടെയും മുൻപന്തിയിലുണ്ട് മറിയം. അവസാനമായി ചിരകാല പ്രതീക്ഷിതമായ ആ വാഗ്ദാനം കാലത്തിന്റെ തികവിൽ പൂർത്തിയായതും രക്ഷാകരപദ്ധതി സ്ഥാപിതമായതും മഹോന്നതമായ ഈ സെഹിയോൻ പുത്രിയിൽ കൂടിയാണ്. ഇവളിലാണ് കാലങ്ങളുടെ പൂർത്തി സംഭവിച്ചത്. ഇവയെല്ലാം തന്റെ മാംസത്തിന്റെ രഹസ്യത്തിൽക്കൂടി മനുഷ്യരെ പാപത്തിൽനിന്നു മോചിക്കാൻവേണ്ടി ദൈവപുത്രൻ അവളിൽനിന്നു മനുഷ്യസ്വഭാവം സ്വീകരിച്ചതോടുകൂടിയാണ് സംഭവിച്ചത്.

56 *(മംഗളവാർത്ത)* മരണം ഒരു സ്ത്രീയുടെ സഹകരണത്താൽ ലോകത്തിൽ ആവിർഭവിച്ചതുപോലെ ജീവന്റെ പുനഃപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുക ഉചിതമായിരുന്നു. അതുകൊണ്ട് മനുഷ്യാവതാരത്തിനു മുമ്പുതന്നെ മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഈ മാതാവിന്റെ സമ്മതം നേടാൻ കാരുണ്യവാനായ പിതാവ് തിരുമനസ്സായി. ക്രിസ്തുവിന്റെ മാതാവിന്റെ ഭാഗത്തുനിന്ന് ഈ സഹകരണം പ്രസ്പഷ്ടമായ രീതിയിൽത്തന്നെ സാക്ഷാത്കൃതമായി. എല്ലാറ്റിനേയും നവീകരിക്കുന്ന നിത്യജീവനെ അവൾ ലോകത്തിനു പ്രദാനം ചെയ്തു. ദൈവം ഈ മഹനീയ ദൗത്യത്തിന് ആവശ്യമായ ദാനങ്ങൾ നല്കി അവളെ സമ്പന്നയുമാക്കി. അതുകൊണ്ട് പൂർണ്ണ വിശുദ്ധ, സകല പാപക്കറകളിൽനിന്നും വിമുക്ത, പരിശുദ്ധാത്മാവ് രൂപം നൽകിയ ഒരു പുതിയ സൃഷ്ടി എന്നിങ്ങനെയുള്ള സംബോധനകളാൽ ദൈവജനനിയെ പ്രകീർത്തിക്കുന്ന പതിവു സഭാപിതാക്കന്മാരുടെ ഇടയിൽ പ്രബലപ്പെട്ടു കാണുന്നതിൽ

അത്ഭുതപ്പെടാനില്ല. ജനനത്തിന്റെ ആദ്യനിമിഷത്തിൽത്തന്നെ അതുല്യമായ വിശുദ്ധിയുടെ ശോഭയാൽ അലംകൃതയായ നസ്രത്തിലെ ഈ കന്യകയെ ദൈവത്തിന്റെ കല്പനയാൽ മാലാഖ പ്രസാദവര പൂരിതേ എന്നാണ് അഭിസംബോധന ചെയ്തത് (ലൂക്കാ. 1:28). അവൾ ദൈവദൂതനു പ്രത്യുത്തരം നല്കി: ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ (ലൂക്കാ. 1:38). അങ്ങനെ ദൈവവചനത്തിനു വിധേയയായിക്കൊണ്ട് ആദത്തിന്റെ പുത്രിയായ മറിയം ക്രിസ്തുവിന്റെ മാതാവായിത്തീർന്നു. ദൈവത്തിന്റെ രക്ഷാകരമായ തിരുവുള്ളം പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചും, പാപത്താൽ ബന്ധിതയാകാതെയും, അവൾ കർത്താവിന്റെ ദാസിയായി തന്റെ പുത്രനുവേണ്ടിയും അവിടുത്തെ ദൗത്യത്തിനുവേണ്ടിയും സ്വയം പൂർണ്ണമായി പ്രതിഷ്ഠിക്കുന്നു. അവിടുത്തേയ്ക്കു വിധേയയായും, അവിടത്തോടുകൂടിയും സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്താൽ രക്ഷാകരരഹസ്യത്തിൽ അവൾ പങ്കുവഹിച്ചു. സഭാപിതാക്കന്മാർ മറിയത്തെ ദൈവതൃക്കരങ്ങളിലെ നിശ്ചേഷ്ടോപകരണമായിട്ടല്ല, പ്രത്യുത തന്റെ വിശ്വാസവും അനുസരണവുംവഴി സ്വതന്ത്രമായി രക്ഷാകർമ്മത്തിൽ സഹകരിക്കുന്നവളായി പരിഗണിക്കുന്നത് അതിനാലാണ്. വി. ഇരണേവൂസ് പറയുന്നതുപോലെ, അവൾ അനുസരണത്താൽ തന്റെയും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കു കാരണക്കാരിയായി. അദ്ദേഹത്തോടൊപ്പം മറ്റു പല സഭാപിതാക്കന്മാരും സമർത്ഥിക്കുന്നു: ഹവ്വാ അനുസരണക്കേടുവഴി ബന്ധിച്ചത് മറിയം അനുസരണത്താൽ അഴിച്ചു. ഹവ്വായുമായി താരതമ്യപ്പെടുത്തിക്കൊണ്ട് അവർ മറിയത്തെ ജീവിക്കുന്നവരുടെ മാതാവേ എന്നു സംബോധന ചെയ്യുന്നു. മരണം ഹവ്വാവഴിയും ജീവൻ മറിയംവഴിയും എന്നവർ ആവർത്തിച്ചു പറയുന്നുണ്ട്.

57. *(മറിയവും ഉണ്ണിയീശോയും)* രക്ഷാകർമ്മത്തിൽ സ്വസുതനുമായുള്ള ഈ മാതാവിന്റെ ഐക്യം ക്രിസ്തുവിന്റെ കന്യകോത്ഭവം മുതൽ മരണംവരെ വെളിപ്പെടുന്നുണ്ട്. ആദ്യമായി ഇതു പ്രത്യക്ഷമാകുന്നത് എലിസബത്തിനെ സന്ദർശിക്കാൻ തിടുക്കത്തിൽ എഴുന്നേറ്റു പോകുമ്പോഴാണ്. അവിടെവച്ചു രക്ഷയുടെ വാഗ്ദാനത്തിലുള്ള വിശ്വാസംമൂലം ഭാഗ്യവതിയായിരിക്കുന്നവൾ എന്ന് എലിസബത്ത് അവളെ അഭിസംബോധന ചെയ്തു. അതേസമയം കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ തന്റെ മാതാവിന്റെ ഉദരത്തിൽ സന്തോഷംകൊണ്ടു കുതിച്ചുചാടുകയുണ്ടായി (ലൂക്കാ. 1:41–45). ഈ ബന്ധം പിറവിയിൽ പ്രകടമാകുന്നത് ആദ്യജാതനായ സ്വസുതനെ ഇടയന്മാർക്കും വിജ്ഞാനികൾക്കും ദൈവമാതാവ് കാണിച്ചുകൊടുത്തപ്പോഴാണ്. ആ ആദ്യജാതൻ

അവളുടെ കന്യാത്വപൂർണ്ണത കുറയ്ക്കുകയല്ല. പവിത്രീകരിക്കുകയാണു ചെയ്തത്.[181] ദരിദ്രർക്കു ചേർന്ന നേർച്ചകളോടെ ദിവ്യശിശുവിനെ ദൈവാലയത്തിൽ കർത്താവിനു കാഴ്ചവച്ചു. തദവസരത്തിൽ ശിമയോൻ പ്രവചനരൂപത്തിൽ പറഞ്ഞത് അവൾ കേട്ടു: തന്റെ പുത്രൻ വൈരുദ്ധ്യത്തിന്റെ അടയാളമായിരിക്കുമെന്നും അമ്മയുടെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കുമെന്നും, അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുമെന്നും (ലൂക്കാ. 2:34-35). ബാലനായ ഈശോയെ കാണാതായപ്പോൾ മാതാപിതാക്കന്മാർ വ്യസനത്തോടെ അന്വേഷിച്ചു. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നവനായിട്ടാണ് അവിടുത്തെ അവർ ദൈവാലയത്തിൽവച്ചു കണ്ടുമുട്ടിയത്. പുത്രന്റെ മറുപടി അവർക്കു മനസ്സിലായില്ല. എന്നാൽ അവിടുത്തെ മാതാവ് ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചിരുന്നു (ലൂക്കാ. 2:41-45).

58. *(പരിശുദ്ധ മറിയവും ക്രിസ്തുവിന്റെ പരസ്യജീവിതവും)* ക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് ശ്രദ്ധേയമായ വിധത്തിൽ മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. ആദ്യമായി നാം അവളെ കാണുന്നത് കാനായിലെ വിവാഹവിരുന്നിൽ അഭിഷിക്തനായ ക്രിസ്തുവിന്റെ ആദ്യത്തെ അത്ഭുതം നടക്കുമ്പോഴാണ് (യോഹ. 2:1-110). ദൈവരാജ്യത്തെ മാംസരക്തങ്ങളുടെ പരിഗണനകൾക്കും ബന്ധങ്ങൾക്കും ഉപരിയായി പുകഴ്ത്തുകയും മറിയം വിശ്വസ്തതാപൂർവ്വം ചെയ്തിരുന്നതുപോലെ (ലൂക്കാ. 2:19-51) ദൈവവചനം കേൾക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാണെന്നു പ്രസ്താവിക്കുകയും ചെയ്ത സ്വപുത്രന്റെ പ്രസംഗവേളയിൽ അവളും സ്തുതിക്കർഹയായി (മർക്കോ. 3:35; ലൂക്കാ. 11:27-280).

അങ്ങനെ പരിശുദ്ധ കന്യക തന്റെ വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ മുന്നേറുകയും പുത്രനുമായുള്ള ഐക്യം കുരിശുവരെ വിശ്വസ്തതാപൂർവ്വം തുടരുകയും ചെയ്തു. തന്റെ ഏകജാതനോടുകൂടി ദൈവിക പദ്ധതിക്കനുസൃതമായി നിഷ്ഠൂരവേദനകൾ സഹിച്ചുകൊണ്ട് കുരിശിന്റെ ചുവട്ടിൽ അവൾ നിലകൊണ്ടു. അവിടെ അവൾ മാതൃസഹജമായ വകാരങ്ങളോടെ അവിടുത്തെ ബലിയോടു സ്വയം യോജിപ്പിക്കുകയും തന്നിൽനിന്ന് ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപുരസ്സരം സമ്മതിക്കുകയും ചെയ്തു. അവസാനമായി സ്ത്രീ ഇതാ നിന്റെ മകൻ  (യോഹ. 19:26-27) എന്നരുൾചെയ്തുകൊണ്ട് കുരിശിൽ മരണാസന്നനായി തൂങ്ങിക്കിടന്നിരുന്ന ക്രിസ്തു അവളെ മാതാവായി തന്റെ ശിഷ്യനു നല്കി.

59. *(പരിശുദ്ധ മറിയം കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം)* മനുഷ്യരക്ഷയുടെ ആ മഹാരഹസ്യം, ക്രിസ്തു വാഗ്ദനം ചെയ്തിരുന്ന പരിശുദ്ധാത്മാവിനെ നൽകുന്നതുവരെ ആഘോഷമായി വെളിപ്പെടരുതെന്ന് ദൈവം നിശ്ചയിച്ചിരുന്നതുകൊണ്ട് പന്തക്കുസ്താ തിരുനാളിനുമുമ്പ് ശ്ലീഹന്മാർ ഭക്തസ്ത്രീകളോടും ക്രിസ്തുവിന്റെ മാതാവായ മറിയത്തോടും അവിടത്തെ സഹോദരന്മാരോടും ഏകമനസ്സായി പ്രാർത്ഥനയിൽ നിലനിന്നിരുന്നതായും (അപ്പ. 1:14) മംഗളവാർത്തയുടെ അവസരത്തിൽ തന്റെമേൽ ആവസിച്ച പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിക്കാൻ മറിയം പ്രാർത്ഥിച്ചിരുന്നതായും നാം കാണുന്നു. ജന്മപാപത്തിന്റെ എല്ലാ കറകളിൽനിന്നും സ്വതന്ത്രയായിരുന്ന നിർമ്മലകന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്ത്വത്തിലേയ്ക്ക് ആരോപിതയായി. ഇതിനുപുറമേ നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ മുഴുവൻ രാജ്ഞിയായി വാഴിച്ചു. ഇതു കർത്താക്കളുടെ കർത്താവും പാപത്തേയും മരണത്തേയും ജയിച്ചവനുമായ എന്റെ തിരുസുതനോട് അവൾ കൂടുതൽ അനുരൂപപ്പെടാൻവേണ്ടിയായിരുന്നു (വെളി. 19:16).

## III. പരിശുദ്ധ കന്യകയും സഭയും

60. *(പരിശുദ്ധ മറിയവും പരിത്രാണകർമ്മവും)* അപ്പസ്തോലന്റെ വാക്കുകളിൽനിന്ന് നാം അറിയുന്നതുപോലെ നമുക്കൊരു മദ്ധ്യസ്ഥനേയുള്ളു. ദൈവം ഒരുവനേയുള്ളു. ദൈവത്തിനും നമുക്കുമിടയ്ക്കുള്ള മദ്ധ്യസ്ഥനും ഒന്ന്; നമുക്കെല്ലാവർക്കുംവേണ്ടി വീണ്ടെടുപ്പിന്റെ വിലയായി സ്വയം നല്കിയ മനുഷ്യനായ യേശുക്രിസ്തു (1 തിമോ. 2:5-6). ക്രിസ്തുവിന്റെ അതുല്യമായ ഈ മാദ്ധ്യസ്ഥ്യത്തെ മാതാവെന്നനിലയിൽ മറിയത്തിനു മനുഷ്യരുടെ നേർക്കുള്ള കടമ അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച് അതിന്റെ ശക്തി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. മനുഷ്യരക്ഷയിൽ മറിയത്തിനുള്ള സ്വാധീനം ഏതെങ്കിലും വസ്തുനിഷ്ഠമായ ആവശ്യകതയിൽനിന്നും ഉണ്ടായതല്ല. ദൈവം തിരുമനസ്സായതുകൊണ്ടുമാത്രം അവൾ പങ്കുകാരിയായതാണ്. ക്രിസ്തുവിന്റെ യോഗ്യതകളാണു മറിയത്തിന്റെ സ്വാധീനതയുടെ ഉത്ഭവസ്ഥാനം. ക്രിസ്തുവിന്റെ മാദ്ധ്യസ്ഥ്യമാണ് അതിനുള്ള അടിസ്ഥാനം. പ്രസ്തുത മാദ്ധ്യസ്ഥസ്ഥ്യത്തിൽ അതു പൂർണ്ണമായി ആശ്രയിച്ചുനില്ക്കുന്നു. അതിന്റെ എല്ലാ ശക്തിയും ക്രിസ്തുവിന്റെ മാദ്ധ്യസ്ഥ്യത്തിൽനിന്ന് പ്രാപിക്കുന്നു. വിശ്വാസികൾക്കു നേരിട്ടു ക്രിസ്തുവുമായി ഉണ്ടായിരിക്കേണ്ട ഐക്യത്തിനു മറിയത്തിന്റെ സ്വാധീനം പ്രതിബന്ധമാകുന്നില്ല, മറിച്ച് അതിനെ പരിപോഷിപ്പിക്കുകയത്രേ ചെയ്യുന്നത്.

61. *(മറിയം പ്രസാദവരത്തിന്റെ മാതാവ്)* ദൈവവചനം മനുഷ്യനായി അവതരിക്കണമെന്നു ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പരി. ക. മറിയത്തെ ദൈവമാതാവായി തിരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീകരണം വഴി അവൾ ലോകത്തിൽ ദിവ്യരക്ഷകന്റെ വത്സലമാതാവായും അതുല്യമാംവിധം ഉൽകൃഷ്ടയായ സഹപ്രവർത്തകയായും, കർത്താവിന്റെ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു. അവൾ ക്രിസ്തുവിനെ ഗർഭംധരിച്ചു പ്രസവിക്കുകയും വളർത്തിക്കൊണ്ടു വരികയും ചെയ്തു. ദൈവാലയത്തിൽവച്ചു പിതാവിന് അവിടുത്തെ കാഴ്ച വയ്ക്കുകയും ക്രിസ്തു കുരിശിൽ കിടന്നു മരിച്ചപ്പോൾ അവിടുത്തെ പീഡകളോടു സ്വയം യോജിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആത്മാക്കൾക്ക് അതിസ്വാഭാവികജീവൻ പ്രാപിച്ചുകൊടുക്കാനുള്ള രക്ഷകന്റെ ദൗത്യത്തിൽ അവൾ തന്റെ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവവഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണ് പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നത്.

62. പ്രസാദവരക്രമത്തിലുള്ളതും മംഗളവാർത്തയുടെ അവസരത്തിൽ വിശ്വസ്തതാപൂർവ്വം നല്കിയതും കുരിശിൻകീഴിൽ അചഞ്ചലമായി കാത്തുസൂക്ഷിച്ചതുമായ മറിയത്തിന്റെ മാതൃത്വം അവൾ മംഗളവാർത്താ വേളയിൽ സമ്മതം നല്കിയ നിമിഷംമുതൽ എല്ലാ തിരഞ്ഞെടുക്കപ്പെട്ടവരുടെയും മകുടം ചാർത്തൽവരെ ഇടമുറിയാതെ നിലനില്ക്കുന്നു. സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങൾ സമ്പാദിച്ചുതരുന്നതിൽ അവൾ വിവിധതരത്തിൽ മാദ്ധ്യസ്ഥ്യം വഹിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രന്റെ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവൾ മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രേ തിരുസ്സഭ പ. കന്യകയെ അഭിഭാഷിക, സഹായക, ഉപകാരിണി, മദ്ധ്യസ്ഥ എന്നീ അഭിവാദനങ്ങളാൽ വിളിച്ചപേക്ഷിക്കുന്നത്. അതേസമയം ഇവയൊന്നും ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ മഹത്ത്വത്തേയോ ഫലദായകശക്തിയേയോ ഏതെങ്കിലും തരത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നുണ്ടെന്നു മനസ്സിലാക്കേണ്ടതില്ല.

സൃഷ്ടിക്കപ്പെട്ടിട്ടുള്ള യാതൊന്നിനേയും മനുഷ്യാവതാരം ചെയ്തവനും രക്ഷകനുമായ ദൈവവചനത്തോട് ഒരിക്കലും തുലനംചെയ്യാൻ

സാദ്ധ്യമല്ല. ക്രിസ്തുവിന്റെ ഒരേ ഒരു പൗരോഹിത്യത്തിൽ വൈദികരും വിശ്വാസികളും വിവിധതരത്തിൽ പങ്കുകൊള്ളുന്നുണ്ട്; യഥാർത്ഥത്തിൽ ഒരേ ദൈവികനന്മയാണ് വ്യത്യസ്തമായ രീതിയിൽ അവിടന്നു സൃഷ്ടികളിൽ വിതരണം ചെയ്യുന്നത്. ഇതുപോലെതന്നെ ദിവ്യരക്ഷകന്റെ ഏക മാദ്ധ്യസ്ഥ്യം സൃഷ്ടികളുടെ പക്കൽനിന്നുള്ള സഹകരണത്തെ തീർത്തും നിഷേധിക്കുന്നില്ല. പ്രത്യുത, ഒരു ഉറവയിൽനിന്നു പങ്കുപറ്റിക്കൊണ്ടുള്ള സഹകരണം സൃഷ്ടികളുടെ ഇടയിൽ വിവിധ തരത്തിൽ സംരക്ഷിക്കുകയാണ്.

ഇപ്രകാരം മറിയത്തിനു പരിത്രാണ പദ്ധതിയിലുള്ള വിധേയാത്മകമായ മദ്ധ്യസ്ഥ്യം ഏറ്റുപറയാൻ സഭ മടിക്കുന്നില്ല. സഭ ഇത് അനുഭവിച്ചറിയുന്നതിനും പുറമേ ഈ മാതാവിന്റെ സഹായത്താൽ ഉത്തേജിതരായി മദ്ധ്യസ്ഥനും രക്ഷകനുമായ ക്രിസ്തുവിനോട് കൂടുതൽ കൂടുതൽ അടുക്കാൻ വിശ്വാസികളെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

63. *(കന്യകയും മാതാവുമായ മറിയം: സഭയുടെ പ്രതിരൂപം[e])* ദിവ്യമാതൃത്വത്തിന്റെ ദാനവും ദൗത്യവുംവഴി രക്ഷകനായ തന്റെ പുത്രനോടു ബന്ധപ്പെട്ടിരിക്കുന്ന പ. ക. മറിയം തന്റെ സവിശേഷമായ വരങ്ങളാലും ഉദ്യോഗങ്ങളാലും സഭയോടു സഗാഢം ബന്ധപ്പെട്ടാണിരിക്കുന്നത്. വി. അംബ്രോസ് പഠിപ്പിക്കുന്നതുപോലെ വിശ്വാസത്തിലും ഉപവിയിലും ക്രിസ്തുവിനോടുള്ള പൂർണ്ണമായ യോജിപ്പിലും ദൈവജനനി സഭയുടെ മാതൃകയാണ്. മാതാവെന്നും കന്യകയെന്നും ന്യായമായി വിളിക്കപ്പെടുന്നവളാണ് തിരുസ്സഭ. പ.ക. മറിയം കന്യകാത്വത്തിന്റെയും മാതൃത്വത്തിന്റെയും അത്യുൽകൃഷ്ടവും അതിവിശിഷ്ടവുമായ മാതൃക സഭയുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അവളുടെ മുന്നോടിയായി വർത്തിച്ചു. പഴയ ഹവ്വായെപ്പോലെ സർപ്പത്തെ വിശ്വസിക്കാതെയും നേരേമറിച്ച് ദൈവത്തിന്റെ ദൂതനിൽ കലർപ്പില്ലാതെ വിശ്വാസമർപ്പിച്ചുകൊണ്ടും പുതിയ ഹവ്വാ പുരുഷനെ അറിയാതെ പരിശുദ്ധാത്മാവിന്റെ ആവാസം മൂലം വിശ്വാസവും അനുസരണവുംവഴി നിത്യപിതാവിന്റെ സുതനു ലോകത്തിൽ ജന്മം നൽകി. അവൾ പ്രസവിച്ച പുത്രനെ അനേകസഹോദരങ്ങളുടെ അതായത്, ആരുടെ ജന്മത്തിലും പരിശീലനത്തിലും അവൾ സഹകരിച്ചുവോ ആ വിശ്വാസികളുടെ ഇടയിൽ ആദ്യജാതനായി ദൈവം സ്ഥാപിച്ചു (റോമാ. 8:29).

64. മാത്രവുമല്ല, മറിയത്തിന്റെ നിഗൂഢവിശ്വാസത്തെപ്പറ്റി ധ്യാനിക്കുകയും അവളുടെ ദൈവസ്നേഹം അനുകരിക്കുകയും പിതാവിന്റെ

തിരുമനസ്സ് വിശ്വസ്തതയോടെ നിറവേറ്റുകയും ചെയ്യുമ്പോൾ ദൈവവചനത്തെ വിശ്വാസത്തിൽ സ്വീകരിച്ചുകൊണ്ട് സഭ ഒരു മാതാവായിത്തീരുകയാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവിനാൽ ഗർഭവതിയായി ദൈവത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങൾക്ക് സുവിശേഷപ്രസംഗവും ജ്ഞാനസ്നാനവുംവഴി സഭ നവീനവും അമർത്യവുമായ ജീവൻ പ്രദാനം ചെയ്യുന്നു. തന്റെ ദിവ്യമണവാളനോടുള്ള വിവാഹവാഗ്ദാനം പരിശുദ്ധമായും അഭംഗുരമായും കാത്തുസൂക്ഷിക്കുന്ന സഭ ഒരു കന്യകയത്രെ. സ്വനാഥന്റെ മാതാവിനെ അനുകരിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അഖണ്ഡമായ വിശ്വാസവും, ഉറച്ച പ്രതീക്ഷയും, ആത്മാർത്ഥമായ ഉപവിയും കന്യാത്വപരിശുദ്ധിയോടെ അവൾ കാത്തുസൂക്ഷിക്കുന്നു.

65 *(പരിശുദ്ധ മറിയത്തിന്റെ സുകൃതങ്ങൾ സഭയ്ക്കൊരു മാതൃക)* ഏറ്റവും പരിശുദ്ധയായ ഈ കന്യകയിൽ സഭ കറയും മുഖച്ചുളിവുമില്ലാത്ത (എഫേ. 5:27) പൂർണ്ണത നേടിക്കഴിഞ്ഞു. എങ്കിലും വിശ്വാസികൾ പാപത്തെ ജയിച്ചു വിശുദ്ധിയിൽ മുന്നേറാൻ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. തന്മൂലം, തിരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം എല്ലാ സുകൃതങ്ങളുടെയും മാതൃകയായി പ്രകാശിക്കുന്ന മറിയത്തിനുനേരേ അവൾ കണ്ണുകളുയർത്തുന്നു. ഭക്തിപൂർവ്വം മറിയത്തെക്കുറിച്ചു ധ്യാനിക്കുകയും, മനുഷ്യാവതാരം ചെയ്ത ദൈവവചനത്തോടു ബന്ധപ്പെടുത്തി അവളെക്കുറിച്ച് പരിചിന്തിക്കുകയും ചെയ്യുമ്പോൾ സഭ ബഹുമാനപുരസ്സരം മനുഷ്യാവതാരമെന്ന മഹാരഹസ്യത്തിലേയ്ക്കു കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുകയും തന്റെ ദിവ്യവരനോട് ഉത്തരോത്തരം അനുരൂപപ്പെടുകയുമത്രേ ചെയ്യുന്നത്. രക്ഷണീയ ചരിത്രവുമായി സഗാഢം ബന്ധപ്പെട്ടിട്ടുള്ള മറിയം ഒരുതരത്തിൽ വിശ്വാസത്തിന്റെ കേന്ദ്രസത്യങ്ങളെല്ലാം തന്നിൽ സംയോജിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുണ്ട്. തന്മൂലം വിശ്വാസികൾ മറിയത്തെ കീർത്തിക്കുകയും വണങ്ങുകയും ചെയ്യുമ്പോൾ അവൾ അവരെ സ്വസുതനിലേയ്ക്കും അവിടുത്തെ ബലിയിലേയ്ക്കും ദൈവപിതാവിന്റെ സ്നേഹത്തിലേയ്ക്കും ആനയിക്കുന്നു. ക്രിസ്തുവിന്റെ മഹത്ത്വംമാത്രം അന്വേഷിച്ചുകൊണ്ടു സഭ മറിയത്തിന്റെ മഹനീയമാതൃകയോടു കൂടുതൽ അനുരൂപപ്പെടുകയും വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയിൽ നിരന്തരം പുരോഗമിച്ച് എല്ലാറ്റിലും ദൈവതിരുമസ്സ് അന്വേഷിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുന്നു. തന്മൂലം തന്റെ പ്രേഷിതപ്രവർത്തനങ്ങളിലും സഭ മറിയത്തിലേയ്ക്ക് തിരിയുന്നത് യുക്തമായിരിക്കുന്നു. സഭ വഴിയായി വിശ്വാസികളുടെ ഹൃദയങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്യാൻ വേണ്ടിയാണല്ലോ ക്രിസ്തു പരിശുദ്ധാരൂപിയാൽ ഗർഭസ്ഥനായി

കന്യകാമറിയത്തിൽനിന്നു ജനിച്ചത്. മനുഷ്യരുടെ പുനർജനനത്തിനു വേണ്ടിയുള്ള സഭയുടെ പ്രേഷിതവേലയിൽ സഹകരിക്കുന്നവർക്കുണ്ടാകേണ്ട മാതൃസ്നേഹത്തിന്റെ മാതൃക പ. ക. മറിയത്തിന്റെ ജീവിതത്തിൽ കാണാം.

## IV. സഭയിൽ പ.കന്യകയോടുള്ള ഭക്തി

66. *(മരിയഭക്തിയുടെ സ്വഭാവവും അടിസ്ഥാനവും)* ദൈവം കാരുണ്യപൂർവ്വം തന്റെ പുത്രൻ കഴിഞ്ഞാൽ എല്ലാ മാലാഖമാരിലും മനുഷ്യരിലും ഉപരിയായി ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പ.മാതാവും ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളിൽ പങ്കുകാരിയും ആയി സഭ പ്രത്യേകവിധം ബഹുമാനിക്കുന്നത് യുക്തമാണ്.[f] യഥാർത്ഥത്തിൽ അതിപുരാതനകാലം മുതൽ മറിയം ദൈവമാതാവ് എന്ന അഭിധാനത്താൽ ബഹുമാനിക്കപ്പെട്ടിരുന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് എഫേസൂസ് സൂനഹദോസിനുശേഷം വണക്കം, സ്നേഹം, മാദ്ധ്യസ്ഥാപേക്ഷ, അനുകരണം എന്നിവയിൽ മറിയത്തോടുള്ള ഭക്തി അത്ഭുതകരമായി വർദ്ധിച്ചുവന്നു. എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും; കാരണം ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു (ലൂക്ക. 1:48) എന്ന് അവൾ തന്നെ പ്രവചിച്ചിട്ടുണ്ടല്ലോ. സഭയിൽ എക്കാലവും നിലനിന്നുപോരുന്ന ഈ വണക്കത്തിന് ഒരു സവിശേഷതയുണ്ട്. എങ്കിലും മനുഷ്യാവതാരം ചെയ്ത വചനത്തിനും പിതാവിനും പരിശുദ്ധാത്മാവിനും നൽകുന്ന ആരാധനയിൽനിന്ന് ഇതു വ്യത്യസ്തമാണ്. പക്ഷേ മരിയവണക്കം ഈ ആരാധനയ്ക്കു സഹായകമാണെന്നതും ഒരു പരമാർത്ഥമത്രേ. ആരോഗ്യപ്രദവും പ്രമാദരഹിതവുമായ പഠനത്തിന്റെ പരിധിക്കുള്ളിൽ സ്ഥലകാല സാഹചര്യങ്ങളും വിശ്വാസികളുടെ വികാരഭേദങ്ങളും കണക്കിലെടുത്തുകൊണ്ട് ദൈവമാതാവിന്റെ ബഹുമാനാർത്ഥം നിരവധി ഭക്തിമുറകൾ തിരുസ്സഭ അംഗീകരിച്ചിട്ടുണ്ട്. അവയുടെയെല്ലാം ലക്ഷ്യം മാതാവു വണങ്ങപ്പെടുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുകയെന്നതാണ്. അങ്ങിൽനിന്നാണ് സകലതും അസ്തിത്വം സ്വീകരിക്കുന്നത് (കൊളോ. 1:15–15). സർവ്വപൂർണ്ണതയും നിക്ഷേപിക്കാൻ നിത്യപിതാവു തിരുമനസ്സായതും ഈ പുത്രനിൽത്തന്നെ (കൊളോ. 1:19).

67. *(ഈ ഭക്തിയുടെ ചൈതന്യം)* ഈ കത്തോലിക്കാവിശ്വാസം പരിശുദ്ധ സൂനഹദോസ് അവധാനപൂർവ്വം പഠിപ്പിക്കുകയും പ. കന്യകയോ

ടുള്ള വണക്കം പ്രത്യേകിച്ച് തിരുക്കർമ്മവിധികളിലൂടെ ഔദാര്യപൂർവ്വം വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്നു സഭാസന്താനങ്ങളെല്ലാവരേയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അതിനായി നൂറ്റാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തിമുറകൾ വിലമതിക്കുകയും ക്രിസ്തുവിന്റെയും പ. കന്യകയുടെയും പുണ്യവാന്മാരുടെയും സ്വരൂപങ്ങൾ വണങ്ങുന്നതിനെപ്പറ്റി മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള തീരുമാനങ്ങൾ ആദരപൂർവ്വം പിൻചെല്ലുകയും ചെയ്യേണ്ടിയിരിക്കുന്നു. ദൈവമാതാവിന്റെ അതുല്യമാഹാത്മ്യത്തെപ്പറ്റി ദൈവശാസ്ത്രജ്ഞന്മാരും, സുവിശേഷപ്രബോധകന്മാരും പ്രതിപാദിക്കുമ്പോൾ തെറ്റായ അതിവർണ്ണനയും, തീരെ ഇടുങ്ങിയ മനഃസ്ഥിതിയും ഉപേക്ഷിക്കണമെന്ന് ശക്തമായി ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. വി. ലിഖിതങ്ങൾ, സഭാപിതാക്കന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും പ്രബോധനങ്ങൾ, തിരുസ്സഭയുടെ ആരാധനക്രമങ്ങൾ എന്നിവയെപ്പറ്റി അവധാനപൂർവ്വം പഠനം നടത്തിക്കൊണ്ടു തിരുസ്സഭയുടെ പ്രബോധനാധികാരത്തിന്റെ വെളിച്ചത്തിൽ പ. കന്യകാമറിയത്തിന്റെ വിവിധോദ്യോഗങ്ങളേയും വരങ്ങളേയുംപറ്റി ശരിയായ വിശദീകരണം നല്കണം. ഇവയെല്ലാം സമ്പൂർണ്ണ സത്യത്തിന്റെയും വിശുദ്ധിയുടെയും ഭക്തിയുടെയും ഉറവിടമായ ക്രിസ്തുവിനെ ലക്ഷ്യമാക്കി ഉള്ളവയത്രെ. വേർപെട്ടുനില്ക്കുന്ന സഹോദരങ്ങൾക്കോ മറ്റാർക്കെങ്കിലുമോ സഭയുടെ പഠനങ്ങളെ സംബന്ധിച്ചു തെറ്റിദ്ധാരണ ഉളവാക്കുന്ന വാക്കോ, പ്രവൃത്തിയോ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കണം. മാത്രമല്ല, യഥാർത്ഥഭക്തി ശുഷ്കവും ക്ഷണികവുമായ വികാരത്തിലോ, മിഥ്യാവിശ്വാസത്തിലോ അല്ല അടങ്ങിയിരിക്കുന്നതെന്നു വിശ്വാസികൾ ഓർത്തിരിക്കേണ്ടതാണ്. മറിച്ച് അടിയുറച്ച വിശ്വാസത്തിൽനിന്നാണ് അതു പുറപ്പെടുന്നത്. ഇതുമൂലം ദൈവജനനിയുടെ മാഹാത്മ്യം അറിയിക്കാൻ ഇടവരികയും അവളെ പുത്രസഹജമായി സ്നേഹിച്ച് അവളുടെ സുകൃതങ്ങൾ അനുസരിക്കാൻ പ്രചോദനം ലഭിക്കുകയും ചെയ്യുന്നു.

## IV. പ. മറിയം തീർത്ഥാടകരായ ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമാണ്

68. ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പ. മറിയമാണ് ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിച്ഛായയും ആരംഭവും. അതുപോലെ തന്നെ കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതു വരെ (2പത്രോ. 3: 10) മറിയം ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചു കൊണ്ടിരിക്കും.

69. വേർപെട്ടു നിൽക്കുന്ന സഹോദരങ്ങളുടെ ഇടയിലും നമ്മുടെ കർത്താവായ ദിവ്യരക്ഷകന്റെ മാതാവിന് ഉചിതമായ വണക്കം നൽകുന്നവർ ഉണ്ടെന്നുള്ള വസ്തുത ഈ പ. സൂനഹദോസിനു സമാശ്വാസവും സന്തോഷവും നൽകുന്നു. പൗരസ്ത്യരുടെ കാര്യം ഇവിടെ പ്രത്യേകം സ്മരണീയമാണ്. സഹജമായ തീക്ഷ്ണതയോടും അഗാധമായ ഭക്തിയോടും കൂടി അവർ നിത്യകന്യകയായ ദൈവമാതാവിനെ വണങ്ങുന്നു. വിശുദ്ധരുടെ സഹ ഭാഗഭാഗിത്വത്തിൽ സ്വപുത്രന്റെ പക്കൽ നമുക്കു വേണ്ടി മാധ്യസ്ഥം വഹിക്കുവാൻ ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ – ആരംഭദശയിൽ തന്നെ തിരുസ്സഭയെ പ്രാർത്ഥനയാൽ സഹായിച്ചവളും ഇപ്പോൾ സകല വിശുദ്ധർക്കും ദൈവദൂതന്മാർക്കും ഉപരിയായി സ്വർഗ്ഗത്തിൽ മഹത്വീകൃതയുമായ – മറിയത്തിന്റെ മുമ്പിൽ വിശ്വാസികൾ എല്ലാവരും നിരന്തരം പ്രാർത്ഥനകൾ ചൊരിയട്ടെ. ക്രൈസ്തവ നാമത്താൽ അലംകൃതരോ അഥവാ രക്ഷകനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരോ ആയ മാനവ കുടുംബത്തിലെ എല്ലാ ജനതകളും സമാധാനത്തിലും ഐക്യത്തിലും ഒരു ദൈവജനമായി പരിശുദ്ധതമവും അവിഭക്തവും ആയ ത്രിത്വത്തിന്റെ സ്തുതിക്കു വേണ്ടി സൗഭാഗ്യത്തിൽ ഒന്നിപ്പിക്കപ്പെടുന്നതു വരെ അവൾ തന്റെ മാധ്യസ്ഥം തുടരട്ടെ.

ഈ ഡൊഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ ആവിഷ്കരിച്ചിരിക്കുന്ന സമസ്തവും ഈ പ. സൂനഹദോസ് പിതാക്കന്മാർക്ക് സമ്മതമായിരിക്കുന്നു. ക്രിസ്തു നൽകിയിരിക്കുന്ന ശ്ലൈഹിക അധികാരത്താൽ വന്ദ്യ പിതാക്കന്മാരോട് ഒന്നിച്ച് പരിശുദ്ധാത്മാവിൽ നാം അവയെ അംഗീകരിക്കുകയും ആജ്ഞാപിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം സൂനഹദോസിലൂടെ നിശ്ചയിച്ചവ ദൈവമഹത്വത്തിനായി വിളംബരം ചെയ്യണമെന്നു നാം കല്പിക്കുന്നു.

**അടിക്കുറിപ്പുകൾ**

*a.* *1963 ൽ സൂനഹദോസ് പിതാക്കന്മാർ പ. കന്യകയെ സംബന്ധിച്ച പ്രത്യേക പ്രമാണരേഖ പ്രസിദ്ധീകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചതിനെ തുടർന്നാണ് ഈ അദ്ധ്യായം സഭയെപ്പറ്റിയുള്ള പ്രമാണരേഖയിൽ കൂട്ടിച്ചേർത്തത്. ഇതിൽ മറിയത്തിനു സഭയുമായുള്ള ബന്ധത്തെ പരാമർശിക്കുന്നതോടൊപ്പം ക്രിസ്തുവിനോടുള്ള ബന്ധത്തെയും ചർച്ച ചെയ്യുന്നു. ഈ അദ്ധ്യായത്തിൽ ആധുനിക കത്തോലിക്കാ ദൈവശാസ്ത്രത്തിലെ രണ്ട് ആശയഗതികളുടെ വിവേകപൂർവ്വവും വിദഗ്ദ്ധവുമായ സംയോജനമാണു കാണുന്നത്. ഒരു കൂട്ടർ ക്രിസ്തുവിനോടുള്ള പ്രത്യേകമായ ബന്ധത്തെപ്പറ്റി ഊന്നിപ്പറയുമ്പോൾ മറ്റൊരു കൂട്ടർ സഭയും വീണ്ടെടുക്കപ്പെട്ട എല്ലാവരും തമ്മിലുള്ള ബന്ധത്തെയാണ് എടുത്തുപറയുന്നത്.*

*b.* *മറിയത്തിന്റെ പ്രത്യേക വരങ്ങളുടെയെല്ലാം അടിസ്ഥാനം അവൾ ദൈവപുത്രന്റെ മാതാവാണ് എന്നുള്ളതാണെന്നു ശില്ലെബക് തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു.*

*c.* *മറിയത്തെ സഭയുടെ മാതാവ് എന്ന് അഭിസംബോധന ചെയ്യുന്നതിൽനിന്ന് കൗൺസിൽ വിരമിച്ചെങ്കിലും 3-ാം സെഷൻ അവസാനിപ്പിച്ചുകൊണ്ടുള്ള പ്രഭാഷണത്തിൽ പോൾ 6-ാമൻ അങ്ങനെ അഭിസംബോധന ചെയ്യുകതന്നെ ചെയ്തു (നവ. 21, 1964)*

*d.* *സൂനഹദോസ് ഇവിടെ മറിയത്തെ മദ്ധ്യസ്ഥ എന്ന സ്ഥാനത്ത് അവരോധിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മാദ്ധ്യസ്ഥോദ്യോഗത്തിന്റെ പര്യാപ്തതയ്ക്കോ സ്വകീയപ്രകൃതിക്കോ കുറവുവരാതിരിക്കത്തക്കവണ്ണം എല്ലാം വിശദീകരിക്കുന്നുമുണ്ട്.*

*e.* *തുടർന്നുവരുന്ന വകുപ്പുകളിൽ മറിയം സഭയുടെ സദൃശ്യം എന്നതാണ് ചർച്ചാവിഷയം. ഈ ആശയം ഈ അദ്ധ്യായത്തിൽ മർമ്മസ്ഥാനം വഹിക്കുന്നതുകൊണ്ടാണ് സഭയെ സംബന്ധിച്ചുള്ള പ്രമാണരേഖയിൽ ഈ ഭാഗം ഉൾപ്പെടുത്തിയത്.*

*f.* *സഭ എങ്ങനെ മറിയത്തെ വണങ്ങണമെന്നാണ് പ്രസ്താവിക്കുന്നത്. അവളോടു കൂടുതൽ വണക്കം കാണിക്കണമെന്ന് സൂനഹദോസ് നിർദ്ദേശിക്കുന്നു. അതു ക്രിസ്തുവിനെ കേന്ദ്രീകരിച്ചിട്ടുള്ളതും അതിശയോക്തിരഹിതവും ആയിരിക്കണം. മറ്റെവിടെയുമെന്നപോലെ ഇവിടെയും സൂനഹദോസ് ഭാഷാരീതികൊണ്ട് അകത്തോലിക്കരുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാൻ സൂക്ഷിക്കുന്നുണ്ട്.*